KOTTAYAM PUBLIC LIBRARY

Call No M07 FUC.K Acc. No 84897

Author ഫ്യൂചിക് (ജൂലിയസ്)

Title കൊലമരത്തിൽ നിന്നുള്ള കുറിപ്പുകൾ.

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

19.56

DISTRICT PUBLIC LIBRARY
KOTTAYAM PUBLIC LIBRARY,
No. 84897
KOTTAYAM.

# കൊലമരത്തിൽ

നിന്നുള്ള

# കുറിപ്പുകൾ

1873

# കൊലമരത്തിൽ
നിന്നുള്ള
# കുറിപ്പുകൾ

84897

DISTRIBUTING LIBRARY, KOTTAYAM.
No. DM 3476

★

1593

മൂലഗ്രന്ഥകാരൻ:

ജൂലിയസ് ഫ്യൂച്ചിക്ക്

മൂലകൃതി പ്രസിദ്ധീകരിച്ചത്
1948-ൽ

വില
ഒരുരൂപ നാലണ.
(Rs. 1—4—0)

മലയാളത്തിൽ പരിഷ്കരിച്ച
രണ്ടാംപതിപ്പ്
1955-ൽ
കോപ്പി 1500

പ്രസാധകന്മാർ:
പ്രഭാതം പ്രിൻറിങ്ങ് &
പബ്ളിഷിങ്ങ് കമ്പനി (ലിമിററഡ്)

ബ്രാഞ്ചുകൾ:
പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ,
എറണാകുളം, കോഴിക്കോട്ട്, കണ്ണൂർ, മംഗലാപുരം.

അച്ചടി:
"ശ്രീജ്ഞാനപോഷിണി" പ്രസ്സ്, കൊല്ലം.

# കൊലമരത്തിൽ

# നിന്നുള്ള

# കുറിപ്പുകൾ

DISTRIBUTING LIBRARY, No. 3476 KOTTAYAM.

(ജൂലിയസ് ഫ്യൂച്ചിക്ക്)

84897

വിവർത്തകൻ:

ഇ. കെ. ദിവാകരൻപോററി

## ദിവാകരൻപോററിയുടെ മററു കൃതികൾ

പ്രഥമാഞ്ജലി

വിജയരംഗം

ബലിപീഠത്തിൽ

കഴുമരം

നാളത്തെ പ്രഭാതം

പ്രേമപഞ്ചമി

പ്രേമവേദി

വഞ്ചന

അന്നയും കാറലും

ഭ്രാന്തൻ

ഗോദാനം

വോൾഗമുതൽ ഗംഗവരെ

വരദാനം

സേവാസദനം

ആശയ.

1707
7uc.12

# ഉള്ളടക്കം


അവതാരിക : സാമുവൽ സില്ലൻ

ഒരു കുറിപ്പ് : അഗസ്റ്റീനാ ഫ്യൂച്ചിക്ക്

മുഖവുര : ജൂലിയസ് ഫ്യൂച്ചിക്ക്

1. ഇരുപത്തിനാലുമണിക്കൂറുകൾ
2. മരിച്ചുകൊണ്ടിരിക്കുന്നു
3. തടവുമുറി 267
4. നമ്പർ 400
5. വ്യക്തികളും ചിത്രങ്ങളും—1
6. 1942-ലെ പട്ടാളനിയമം.
7. വ്യക്തികളും ചിത്രങ്ങളും—2
8. ചരിത്രത്തിന്റെ ഒരു ശകലം.


---

# അവതാരിക

ജൂലിയസ് ഫ്യൂച്ചിക്ക് നാസികളുടെ കൊലക്കുടുക്കിൻെറ നിഴലിൽ നിന്നുകൊണ്ടാണ് ഈ പുസ്തകമെഴുതിയത്. കൈയെഴുത്തുപ്രതിയുടെ പ്രകൃതംതന്നെ ലേഖകൻെറ അജയ്യമായ ധീരതയ്ക്കും മനസ്സാന്നിദ്ധ്യത്തിനും തെളിവാണ്. പ്രേഗിൽ പാൻക്രാററ്സ് എന്ന സ്ഥലത്തെ പോലീസ് ജയിലിൽനിന്ന് അനുഭാവിയായ ഒരു ചെക്കുപാറാവുകാരൻെറ സഹായത്തോടുകൂടി ഓരോന്നായി കടത്തിക്കൊണ്ടുപോന്ന പെൻസിൽക്കുറിപ്പുകളാണ് ഇതിലടങ്ങിയിരിക്കുന്നത്. ആത്മവഞ്ചനയെ വെറുക്കുന്ന ഒരു മനുഷ്യനായ ഫ്യൂച്ചിക്ക് ഈ അനിശ്ചിതമായ പരമ്പര പൂർത്തീകരിക്കുവാൻ താൻ ജീവിച്ചിരിക്കുകയില്ലെന്നറിഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഭാഷയിൽ അതിൻെറ "ശുഭസമാപ്തി" കോടിക്കണക്കിലുള്ള സ്വന്തം നാട്ടുകാരും മറുനാടുകളിലുള്ള ഫാസിസ്റ്റ്‌വിരോധികളും കൂടി താമസിയാതെയെഴുതിത്തീർക്കുമെന്ന വിശ്വാസത്തിൽ അദ്ദേഹം വ്യതിചലിക്കാതെ നിന്നു.

ജനങ്ങളിലും അവരുടെ ഭാവിയിലുമുള്ള ഫ്യൂച്ചിക്കിൻെറ ഈ വിശ്വാസമാണ് പുസ്തകത്തിലെ മൂലവസ്തു. വാസ്തവമാണ്, യുദ്ധകാലത്തിലെ വളരെയധികം ജയിൽസാഹിത്യങ്ങളിലെന്നപോലെ ഫാസിസ്റ്റ് ക്രൂരതയുടെ മറയ്ക്കാനാവാത്ത ചിത്രംതന്നെയാണു നാമിതിൽ കാണുന്നത്. എന്നാൽ ഫാസിസത്തിന്നിരയാവുക മാത്രമല്ല, അതിനെ കൂട്ടിൽകയററുകയും വിധിയെഴുതുകയും ധാർമ്മികമായി വിജയിക്കുകയുംകൂടിച്ചെയ്ത ഒരാളുടെ ചിത്രമാണിത്. "ആ ഭയങ്കരമായ വിതയിൽനിന്ന് എന്തൊരു വിളയായിരിക്കും ഒരുദിവസം മുളച്ചുപൊങ്ങുക!"—അദ്ദേഹം ആവേശപൂർവ്വം ഘോഷിക്കുകയാണ്. "സ്വന്തം ഭാവി മരണത്തിലേയ്ക്കു നേരേ ചൂണ്ടിയിരിക്കുമ്പോഴും എപ്പോഴും മററുള്ളവർക്കു ഭാവിയിലേയ്ക്കുള്ള വഴി ചൂണ്ടിക്കാണിക്കുന്ന" ഒരു സഖാവിനെ വർണ്ണിക്കുവാൻ ഫ്യൂച്ചിക്ക് തെര

ഞെട്ടുന്ന വാക്കുകൾ അദ്ദേഹത്തിനുവേണ്ടിത്തന്നെ നാം പ്രയോഗിക്കേണ്ടിയിരിക്കുന്നു.

ഫ്യൂച്ചിക്കിനെ നാസിപ്പോലീസുകാർ കൊന്നു. എന്നാൽ ഈ പുസ്തകത്തിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ഭാവി അദ്ദേഹത്തിൻെറ സ്വന്തം രാജ്യമായ ചെക്കോസ്ലോവാക്യയിൽ ഒരു സജീവയാഥാത്ഥ്യമായിരിക്കുന്നു. അതെ, ആ നാട്ടിൽ യുദ്ധകാലസാഹിത്യങ്ങളെല്ലാററിലുംവെച്ചു കൂടുതൽ വിപുലമായി വായിച്ചിട്ടുള്ളതു് ഈ പുസ്തകംതന്നെയാണ്. നാട്ടിലെ മികച്ച ധീരപുരുഷന്മാരിലൊരാളായി ഫ്യൂച്ചിക്കിനെ കൊണ്ടാടുകയും ചെയ്യുന്നു. സോവിയററുയൂണിയനും യൂഗോസ്ലാവിയയും ഫ്രാൻസുമുൾപ്പെടെ ഹിററ്ലറെ തോല്പിക്കുവാൻ ഒരു പങ്കുവഹിച്ചിട്ടുള്ള സകല രാജ്യങ്ങളിലും സംസാരിക്കുന്ന ഭാഷകളിലേയ്ക്കു് ഈ പുസ്തകം തർജ്ജമ ചെയ്തിട്ടുണ്ടു്. ഫ്യൂച്ചിക്ക് സോവിയററുയൂണിയനെപ്പററി "നാളെ ഇന്നലെയായിക്കഴിഞ്ഞ നാട്ടിൽ" എന്ന പേരിൽ വിഖ്യാതമായ ഒരു പുസ്തകമെഴുതിയിട്ടുണ്ടു്. ഈ പുസ്തകത്തിൽ അദ്ദേഹം കുറിക്കുന്ന ഭാവി ചെക്കോസ്ലോവാക്യയിലും യൂറോപ്പിലെ പുതിയ ജനാധിപത്യരാജ്യങ്ങളിലും രൂപംപ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

ഒരു പത്രപ്രവത്തകനും സാഹിത്യനിരൂപകനും കമ്മ്യൂണിസ്റ്റ് നേതാവുമായ ജൂലിയസ് ഫ്യൂച്ചിക്ക് 1903 ഫെബ്രുവരി 23-ാം തീയതി പ്രേഗ്-സ്മിക്കോവിൽ ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛൻ ഒരു ഉരുക്കുതൊഴിലാളിയും അതേസമയംതന്നെ ഒരു വാസനാശാലിയായ നടനും ഗായകനുംകൂടിയായിരുന്നു. തൊഴിലാളിപ്രസ്ഥാനത്തിലും ചെക്കോസ്ലോവാക്യയിലെ സാംസ്കാരികരംഗത്തിലും ഫ്യൂച്ചിക്കിൻെറ പ്രവത്തനം നേരത്തെ, പത്തുപതിമൂന്നു വയസ്സുമുതൽക്കുതന്നെ, തുടങ്ങി. പ്രേഗ് സവ്വകലാശാലയിലെ ഒരു വിദ്യാത്ഥിയെന്ന നിലയിൽ അദ്ദേഹം സാഹിത്യവും സംഗീതവും കലാവിദ്യയുമഭ്യസിച്ചു. ഒരു തൊഴിലാളിയെന്ന നിലയിൽ നിത്യച്ചെലവിനു സമ്പാദിച്ചുകൊണ്ടു് അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. സോഷ്യലിസ്റ്റ്പത്രങ്ങൾക്കു ലേഖനങ്ങളെഴുതി-

കമ്യൂണിസ്റ്റ്വിദ്യാർത്ഥിസംഘടനയിലെ ഒരു പ്രമുഖവ്യക്തിയാവുകയും ചെയ്തു. 1929-ൽ "തോർബ" (സൃഷ്ടി) യുടെ പ്രധാനസമ്പാദകനായി. അതു് അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ഒരു സ്വാധീനശക്തിയുള്ള സാംസ്കാരിക-രാഷ്ട്രീയപത്രമായിത്തീൎന്നു. പിന്നീട് അദ്ദേഹം ചെക്കോസ്ലോവാക്യൻ കമ്യൂണിസ്റ്റ്പാർട്ടിയുടെ മുഖപത്രമായ "റുദേപ്രവോ"വിൻെറ സമ്പാദകനായി.

ഒരു പത്രലേഖകൻെറയും പ്രാസംഗികൻെറയും സമ്പാദകൻെറയും നിലയിൽ നാട്ടുകാൎക്കു വിവരിച്ചുകൊടുത്തിട്ടുള്ള രണ്ടുതവണത്തെ സോവിയററുയൂണിയൻ സന്ദർശനങ്ങളെത്തുടൎന്നു് ചെക്ക്പിൻതിരിപ്പന്മാർ ഫ്യൂച്ചിക്കിനെ ദ്രോഹിക്കുകയും തുടരെത്തുടരെ തടവിലിടുകയും ചെയ്തു. മ്യൂണിക്കിലെ ഉടമ്പടിക്കാലത്തു് കമ്യൂണിസ്റ്റ്സംഘടന നിയമവിരുദ്ധമാക്കുകയും പാർട്ടിയെ ഒളിവിലേയ്ക്കു പായിക്കുകയുമുണ്ടായി. നാസികൾ നാടുപിടിച്ചതോടെ ഫ്യൂച്ചിക്ക് ഒളിവിൽപോയി. അദ്ദേഹം സാഹിത്യത്തിൻെറയും ചരിത്രത്തിൻെറയും മാർക്സിസ്റ്റ്പഠനത്തിലും, അതേസമയം പാർട്ടിക്കു് ഒരു രഹസ്യമായ കേന്ദ്രം സംഘടിപ്പിക്കുന്നതിലും ആത്മാൎപ്പണംചെയ്തു. സഹപ്രവൎത്തകരോടുകൂടി കേന്ദ്രത്തിൻെറ രഹസ്യമുഖപത്രമായി "റുദേപ്രവോ" (അദ്ദേഹമായിരുന്നു പത്രാധിപർ)യും, "ത്സുണവെക്സ്" (കൊച്ചുവീപ്പി) എന്ന ഹാസ്യപത്രമടക്കം മററു പ്രസിദ്ധീകരണങ്ങളും പുറത്തു കൊണ്ടുവന്നു.

ചെക്കോസ്ലാവാക്യയിലെ കമ്യൂണിസ്റ്റ്പാർട്ടി—ഇന്നു് ആ രാജ്യത്തിലെ ഭൂരിപക്ഷകക്ഷിയാണതു്—യെപ്പററി അഭിമാനത്തോടും ഭക്തിയോടുംകൂടിയാണു് ഫ്യൂച്ചിക്ക് ഈ പുസ്തകത്തിലെഴുതുന്നതു്. ഈ പാർട്ടി പൈശാചികമൎദ്ദനത്തിൻെറ കീഴിലും, ചെക്കുതൊഴിലാളിവൎഗ്ഗത്തിൻെറയും മുഴുവൻരാജ്യത്തിൻെറതന്നെയും നശിപ്പിക്കാനാവാത്ത ഭാഗമാണെന്നു തെളിഞ്ഞുകഴിഞ്ഞു. അമേരിക്കയിലെ സാമ്രാജ്യപ്പിന്തിരിപ്പന്മാർ * ചെക്കോസ്ലാവാക്യയിലെ മ്യൂണിക്കുകാരെപ്പോലെ നമ്മുടെ

---

* ഇന്ത്യയിലെയുമങ്ങനെതന്നെ—ദി.

തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പാർട്ടിയെ തകർക്കുവാൻ നോക്കുന്ന ഒരു സന്ദർഭത്തിൽ ഫ്യൂച്ചിക്കിൻെറ പുസ്തകം വായിക്കുന്നതു് പ്രത്യേകിച്ച ബോധനാത്മകമാണു്. ജനങ്ങളുടെ താൽപര്യങ്ങൾ ഏററവും വ്യവസ്ഥാപിതമായി സംരക്ഷിക്കുന്നവരെന്ന നിലയിൽ കമ്യൂണിസ്റ്റുകാരെ ഇവിടെ നാം കാണുന്നു. ഏതു രാഷ്ട്രത്തെയും ഫാസിസത്തിൽനിന്നും പിന്തിരിപ്പത്തത്തിൽനിന്നും രക്ഷിക്കുവാനുള്ള പൂർവ്വോപാധിയെന്ന നിലയിൽ സോഷ്യലിസത്തിൻെറ നാടായ സോവിയററുയൂണിയനോടുള്ള വിശുദ്ധമായ സൗഹാർദ്ദത്തെ ഇവിടെ നാം കാണുന്നു. ചെക്കുകാരനായ ഒരു ദേശാഭിമാനിയെന്ന നിലയിൽ, ചെക്കുതൊഴിലാളിവർഗ്ഗത്തിൻെറ ഒരു വിശ്വസ്തനായ പുത്രനെന്ന നിലയിൽ, സോവിയററുയൂണിയനെപ്പററി സ്നേഹത്തോടും ബഹുമാനത്തോടുംകൂടിയാണു് ഫ്യൂച്ചിക്ക് സംസാരിക്കുന്നതു്.

അദ്ദേഹത്തെ നാസിപ്പോലീസ് അറസ്റ്റുചെയ്ത മർദ്ദിച്ചു് നാല്പതാമത്തെ വയസ്സിൽ കൊന്നു. എന്നാൽ ഈ പുസ്തകത്തിൻെറ വരികളിലൂടെ അത്രമാത്രം അനായാസഗംഭീരവും അത്രമാത്രം നിരീക്ഷണകുശലവും അത്രമാത്രം ജീവിതസ്നേഹധന്യവുമായ ഒരു ചിരന്തനസാഹിത്യകൃതി ഫ്യൂച്ചിക്ക് നമുക്കു സമ്മാനിച്ചുപോയിട്ടുണ്ടു്. അതോടൊപ്പം ചിരന്തനമായ ഒരു പാഠവും. നമുക്കു് അദ്ദേഹത്തിൻെറ അവസാനത്തെ വാക്കുകൾ അനുസ്മരിക്കാം: “കരുതിയിരിക്കുക!” അദ്ദേഹമെഴുതുകയാണു്, “വാസ്തവമായ ജീവിതത്തിൽ കാഴ്ച്ചക്കാരില്ല. നിങ്ങളെല്ലാവരും ജീവിതത്തിൽ പങ്കെടുക്കുന്നു.” ജീവിതത്തെയെന്നപോലെ വാസ്തവസാഹിത്യത്തെക്കുറിച്ചും ഇതു സത്യമല്ലേ? ഫാസിസത്തിൻെറ രാക്ഷസീയമായ നിഷ്ഠുരതകൾക്കെതിരായി തുടർന്നുകൊണ്ടിരിക്കുന്ന സമരത്തിൽ—ഇന്നു് അതു നമ്മുടെ സ്വന്തം വീടുകളോടെത്രയോ കൂടുതൽ അടുത്തുകഴിഞ്ഞിരിക്കുന്നു—ഈ പുസ്തകം ഒരു മഹത്തായ പങ്കുവഹിക്കുന്നുണ്ടു്.

—സാമുവൽ സില്ലൻ.

# ഒരു കുറിപ്പ്

ബർളിനിലെ ഒരു നാസിക്കോടതിയിൽ 1943 ആഗസ്റ്റ് 25-ാംതീയതി എൻെറ ഭർത്താവായ ജൂലിയസ് ഫ്യൂച്ചിക്കിനെ മരണശിക്ഷയ്ക്കു വിധിച്ചുവെന്ന് റാവൻസ്ബ്രൂക്കിലെ ഒരു കൂട്ടത്തടങ്ങലിൽ വെച്ച് കൂടെയുണ്ടായിരുന്ന ഒരു തടവുകാരിയിൽനിന്നു ഞാൻ കേട്ടു.

അദ്ദേഹത്തിൻെറ പിന്നത്തെ വിധിയെപ്പററിയുള്ള ചോദ്യങ്ങൾ പാളയത്തിനു ചുററുമുള്ള ഉയൎന്ന ഭിത്തികളിൽ ചെന്നലച്ചു മാറെറാലി ക്കൊള്ളുകമാത്രമേയുണ്ടായുള്ളു.

1945 മേയിൽ ഹിററ്ലർജമ്മനിയുടെ പരാജയത്തിനുശേഷം, ഫാസിസ്റ്റ്കാക്ക് മട്ടിച്ചുകൊല്ലുവാൻ സമയംകിട്ടാതെ ബാക്കിവന്ന തടവുകാരെ വിട്ടയച്ചു. അങ്ങനെ രക്ഷപ്പെട്ടവരിലൊരാളായിരുന്നു ഞാൻ.

സ്വതന്ത്രമാക്കിയ മാതൃഭൂമിയിൽ തിരിച്ചെത്തി ഞാൻ എൻെറ ഭർത്താവിനെ അന്വേഷിച്ചു; ജർമ്മനാക്രമികൾ എണ്ണമററ മട്ടനങ്ങളിലേയ്ക്കു വലിച്ചുതള്ളിയ തങ്ങളുടെ ഭർത്താക്കളെയും ഭാര്യമാരെയും, കുഞ്ഞുങ്ങളെയും മാതാപിതാക്കളെയുമന്വേഷിക്കുന്ന ആയിരമായിരം മററു ജനങ്ങളെപ്പോലെതന്നെ.

വിധിക്കു പതിന്നാലാമത്തെ ദിവസം, 1943 സെപ്തംബർ 8-ാം തീയതി, ബർളിനിൽവെച്ച് അദ്ദേഹത്തിനു മരണശിക്ഷ നൽകിയെന്നു ഞാൻ മനസ്സിലാക്കി.

പ്രേഗിലെ പാൻക്രാററ്സ്ജയിലിലായിരുന്നപ്പോൾ ജൂലിയസ് ഫ്യൂച്ചിക്ക് കുറെ കുറിപ്പുകളെഴുതിയിട്ടുണ്ടായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. എ. കോളിൻസ്കിയെന്ന ഒരു ചെക്കുപാറാവുകാരനാണ് കടലാസ്സും പെൻസിലും അദ്ദേഹത്തിൻെറ മുറിയിലെത്തിച്ചുകൊടുക്കുകയും എഴു

തിയ കടലാസുകൾ ഓരോരോന്നായി പുറത്തേയ്ക്കു കൊണ്ടുപോവുകയും ചെയ്തിരുന്നതു്. ഞാൻ ആ പാറാവുകാരനെക്കണ്ടു്. അവസാനം എൻെറ ഭത്താവു് പാൻക്രാററ്സിൽവെച്ചെഴുതിയ കുറിപ്പുകൾ ശേഖരിക്കുകയുംചെയ്തു. വിശ്വസ്തരായ പലരുടെ പക്കലായി സൂക്ഷിച്ചുവെച്ചിരുന്ന നമ്പരിട്ട കടലാസുകൾ ഒളിവിൽനിന്നു പുറത്തുവന്നു. അവയിതാ, വായനക്കാരുടെ മുമ്പിൽ വെയ്ക്കുന്നു—ജൂലിയസ് ഫ്യൂച്ചിക്കിൻെറ ജീവിതകൃതിയുടെ അവസാനത്തെ അദ്ധ്യായം.

—അഗസ്റ്റീനാ ഫ്യൂച്ചിക്ക്.

# മുഖവുര

മുമ്പത്തെ പെച്ചെക്ക്ബാങ്ക്മന്ദിരത്തിലെ മുറിക്കകത്തു മുഷിഞ്ഞു മഞ്ഞനിറമാൎന്ന ചുമരിൽ കണ്ണു തറച്ചു കാൽമുട്ടുകൾ കൈകളിലിറുക്കിപ്പിടിച്ചു തടി വടിപോലെയാക്കി നിവൎന്നു "ചൊവ്വി"നങ്ങനെയിരിക്കുക— ഇതൊരിക്കലും ചിന്തയ്ക്കു പററിയ ഒരവസ്ഥയല്ല. പക്ഷെ, നിങ്ങളുടെ വിചാരങ്ങളെ പിടിച്ചു ചൊവ്വിനിരുത്തുവാൻ ആൎക്കാണു കഴിയുക?

ആരാണു്, എപ്പോഴാണു് എന്നൊന്നുമറിഞ്ഞുകൂടാ. എന്നാൽ ആരോ ഒരിക്കൽ പെച്ചെക്ക്മന്ദിരത്തിലെ ഈ വിശാലമായ മുറിയെ "സിനിമ"യെന്നു വിളിക്കുകയുണ്ടായി. ജൎമ്മൻകാർ ഇതിനെ "വീട്ടുതടങ്ങ"ലെന്നാണു വിളിച്ചിരുന്നതു്. "സിനിമ" ഒരു പ്രതിഭാശാലിയുടെ മനോധൎമ്മംതന്നെയാണു്. ആ വിശാലമായ മുറിയിൽ ആറു നീണ്ട നിരകളായി ബെഞ്ചുകളിട്ടിരുന്നു. അവയിൽ വിചാരണയിലിരിക്കുന്നവരുടെ മരവിച്ച ശരീരങ്ങൾ നിറഞ്ഞിരിക്കും. മറെറാരു വിചാരണയുടെയോ മൎദ്ദനത്തിൻെറയോ മരണത്തിൻെറതന്നെയോ വിളി കാത്തുകൊണ്ടിരിക്കുമ്പോൾ അവരുടെ തുറിച്ചുനോക്കുന്ന കണ്ണുകൾക്കു മുമ്പിലുള്ള വെറുംചുമർ ഒരു തിരിശ്ശീലയായിത്തീരുകയും അതിൽ ഒരിക്കലും പടംപിടിച്ചിട്ടില്ലാത്തത്ര രംഗങ്ങൾ അവർ ചിത്രീകരിക്കുകയും ചെയ്തിരുന്നു. ഒരാളുടെ സമ്പൂൎണ്ണ ജീവിതത്തിൻെറയോ ജീവിതത്തിലെ ചില തുച്ഛനിമിഷങ്ങളുടെയോ ചിത്രങ്ങൾ; ഒരാളുടെ അമ്മയുടെയോ ഭാൎയ്യയുടെയോ കുട്ടികളുടെയോ ചിത്രങ്ങൾ; ഒരാളുടെ തകൎന്ന ഭവനത്തിൻെറയോ നശിച്ച ജീവിതത്തിൻെറയോ ചിത്രങ്ങൾ; ധീരസഖാക്കളുടെ അഥവാ ഘോരവഞ്ചനയുടെ ചിത്രങ്ങൾ; ഞാൻ ആ നാസിവിരുദ്ധലഘുലേഖ കൊടുത്തേല്പിച്ച മനുഷ്യൻെറ, വീണ്ടുമൊഴുകുന്ന ചോരയുടെ, എന്നെ വിശ്വസ്തനാക്കിനിലനിറുത്തിയ ഒരു ഉറച്ച പാണിഗ്രഹണത്തിൻെറ, ചിത്രങ്ങൾ; ഭീകരതയോ ധീരനിശ്ചയമോ, വെറുപ്പോ സ്നേഹമോ, പേടിയോ പ്രതീക്ഷയോ, നിറഞ്ഞ ചിത്രങ്ങൾ! ജീവിതത്തിൻെറ നേൎക്കു പുറംതിരിഞ്ഞുകൊണ്ടു ഇവിടെ

ഞങ്ങളിലോരോരുത്തനും അവനവൻെറ കൺമുമ്പിൽവെച്ചുതന്നെ മരണമടഞ്ഞു; എന്നാൽ എല്ലാവരും പുനർജീവിച്ചില്ല.

എൻെറ ജീവിതത്തിൻെറ ചലച്ചിത്രങ്ങൾ ഞാൻ ഒരു നൂറുതവണയിങ്ങനെ കണ്ടിട്ടുണ്ട്. ആയിരമായിരം വിശദവിവരങ്ങൾ! ഞാനിനി അതൊക്കെയൊന്നു പകത്തിവെയ്ക്കുവാൻ നോക്കട്ടെ. മുഴുമിപ്പിക്കുന്നതിനു മുമ്പുതന്നെ എൻെറ കഴുത്തിൽ കൊലക്കുടുക്കു മുറുകുകയാണെങ്കിൽ അതിൻെറ "ശുഭസമാപ്തി"യെഴുതുവാൻ കോടിക്കണക്കിനാളുകൾ അവശേഷിച്ചിരിപ്പുണ്ട്.

* 1943-ലെ വസന്തത്തിൽ          * ജൂ. ഫ്യൂ.

പ്രേഗിലെ പാൻക്രാററ്സ് പോലീസ്തടങ്ങലിൽവെച്ചെഴുതിയത്.

## അദ്ധ്യായം ഒന്നു്

# ഇരുപത്തിനാലു മണിക്കൂറുകൾ

അഞ്ചുമിനിട്ടിനുള്ളിൽ മണി പത്തടിക്കും. വസന്തത്തിലെ ഒരു സുഖദസുന്ദരമായ രാത്രി! ഏപ്രിൽ 24, 1942. നിശാനിയമം നിലവിലുള്ളതിനാൽ പത്തുമണിക്കു കതകടയ്ക്കുന്നതിനു മുമ്പ് ജെലിനെക്ക് സഖാക്കളുടെ വീട്ടിലെത്തുവാൻ ഒരു പ്രായംചെന്ന മുടന്തനായി നടിച്ചുകൊണ്ടു ഞാൻ വെമ്പിക്കുതിക്കുകയാണ്. എന്റെ കീഴുദ്യോഗസ്ഥനായ മിറെക്ക് കാത്തിരിക്കുന്നുണ്ടായിരിക്കും. അയാൾക്കെന്നോടോ എനിക്കയാളോടോ അതിപ്രധാനമായ കാര്യങ്ങളൊന്നും പറയുവാനില്ലെന്നെനിക്കറിയാം. പക്ഷെ, മുൻകൂട്ടി നിശ്ചയിച്ച ഒരു സന്ദർശനം തെററിക്കുന്നതു് അനാവശ്യമായ ആശങ്കയ്ക്കിടകൊടുക്കലാണ്. എന്നെ കാത്തിരിക്കുന്ന ആ രണ്ടു വിശിഷ്ടാത്മാക്കൾക്കു ഞാൻനിമിത്തം ഒരധികക്ലേശമുണ്ടാകുന്നതും എനിക്കിഷ്ടമല്ല.

അവർ ഒരുകോപ്പ ചായകൊണ്ട് എന്നെ സ്വാഗതം ചെയ്തു. മിറെക്ക് അവിടെയുണ്ട്—ഫ്രീഡ്ദമ്പതിമാരുമുണ്ടു കൂടെ. അതു് ഒരു അനാവശ്യമായ വിപത്തിനു വഴിവെയ്ക്കലാണ്. "സഖാക്കളേ, എനിക്കു നിങ്ങളെ കാണുവാൻ സന്തോഷമുണ്ട്. പക്ഷെ, ഇത്തരത്തിലൊന്നിച്ചല്ല. ഇത്രയധികമാളുകൾ ഒരു മുറിയിൽ ഒരേസമയമിങ്ങനെ—ഇതു തടവിൽ പോകുവാൻ, തല കളയുവാൻ, പററിയ പണിയാണ്. ഒന്നുകിൽ രഹസ്യനിയമങ്ങൾ തികച്ചും പാലിക്കണം, അല്ലെങ്കിൽ ഞങ്ങളൊന്നിച്ചുള്ള

പണി വേണ്ടെന്നു വെയ്ക്കണം. ഇതു നിങ്ങളെത്തന്നെയും മററുള്ളവരെയും കൂടി അപകടപ്പെടുത്തലാണ്. മനസ്സിലാകുന്നില്ലേ?"

"ഞങ്ങൾക്കു മനസ്സിലാകുന്നുണ്ട്."

"എനിക്കെന്താണു കൊണ്ടുവന്നിരിക്കുന്നത്?"

"രുദേപ്രാവോവിൻെറ (രക്താവകാശങ്ങൾ) മേയ് ദിനപ്പതിപ്പ്."

"ഭേഷ്! നിങ്ങളോ മിക്കോ?"

"പുതിയതായിട്ടൊന്നുമില്ല. പ്രവർത്തനം ശരിക്കു നടക്കുന്നുണ്ട്."

"അനുമതി. മേയ് ഒന്നാംതീയതിക്കു ശേഷം കാണാം. അപ്പോഴേയ്ക്കു ഞാനങ്ങോട്ടറിയിക്കാം."

"ചായ കുറച്ചുകൂടി......?"

"വേണ്ട. വേണ്ട ശ്രീമതി ജെലിനെക്ക്, ഞങ്ങളിവിടെയധികം പേരുണ്ട്."

"ഒരു കോപ്പയെങ്കിലും......?"

ചൂടുചായയിൽനിന്നു പുക പറക്കുന്നു.

ആരോ വാതില്ക്കൽ മുട്ടുന്നു.

ഈ രാത്രിയിൽ അസമയത്ത്? ആരായിരിക്കാം?

ആ വന്നവർ അക്ഷമരാണ്. അവർ വാതിൽ തല്ലിത്തകക്കുന്നു.

"തുറക്കു, പോലീസ്!"

വേഗം ജനാലയിലൂടെ ചാടിക്കോളൂ. എൻെറ കൈയിൽ തോക്കുണ്ട്. ഞാൻ അവരെ പിന്നോട്ടു മാററിനിറുത്താം. പക്ഷേ, സമയം തെററിപ്പോയി. ഗെസ്റ്റപ്പോകൾ (നാസിപ്പോലീസുകാർ) ജനാലയ്ക്കു താഴെ നിന്നു തോക്കുചൂണ്ടുന്നു. കുറേപ്പേർ വാതിൽ തട്ടിപ്പൊളിച്ച് അടുക്കളയിലൂടെ അകത്തേയ്ക്കിരമ്പിക്കയറുന്നു. ഒന്ന്, രണ്ട്, മൂന്ന്,......ഒമ്പതു പേരുണ്ട്. കടന്നുവരുന്ന വാതിലിനു പിന്നിലാകയാൽ അവർക്കെന്നെ കണ്ടുകൂടാ. എളുപ്പത്തിൽ എനിക്കവരെ പിന്നിലൂടെ വെടിവെയ്ക്കാം. പക്ഷേ, ആ ഒമ്പതു കൈത്തോക്കുകൾ നിരായുധരായ രണ്ടു സ്ത്രീകളുടെയും മൂന്നു പുരുഷന്മാരുടെയും നേക്കു ചൂണ്ടിയിരിക്കുന്നു. ഞാൻ വെടിവെയ്ക്കുകയാണെങ്കിൽ എനിക്കു മുമ്പ് എൻെറ അഞ്ചു സഖാക്കൾ നിലംപതിക്കും. ഞാനങ്ങു വെടിവെച്ചാലോ? എങ്ങനെയും അവർ തോക്കൊഴിക്കും. ഇവരഞ്ചുപേരും മരിക്കും. ഞാൻ വെടിവെയ്ക്കാതിരിക്കുകയാണെങ്കിൽ ആറു്

മാസമോ ഒരു കൊല്ലമോ ജയിലിൽ കിടക്കേണ്ടിവന്നാലും വിപ്ലവം വരുമ്പോൾ ഇവരെ വിട്ടയയ്ക്കും. ഞാനും മിറെക്കും മാത്രം ജീവനോടെ മടങ്ങിവരികയില്ല. അവർ ഞങ്ങളെ ഭയങ്കരമായി മർദ്ദിക്കും. അവരെക്കൊണ്ട് എന്നിൽനിന്നൊന്നും പുറത്തുകിട്ടുകയില്ല. എന്നാൽ മിറെക്കോ? സ്പെയിനിൽ ധീരസമരം ചെയ്ത്, രണ്ടുവർഷം ഫ്രാൻസിലെ കൂട്ടത്തടങ്ങലിൽ കിടന്ന്, യുദ്ധത്തിന്റെ മദ്ധ്യത്തിൽ പ്രേഗിലേയ്ക്കു രഹസ്യമായിത്തിരിച്ചുവന്ന ഒരു മനുഷ്യൻ! ഇല്ല, അയാളൊരിക്കലും വെളിപ്പെടുത്തുകയില്ല.

എനിക്കു നിശ്ചയിക്കുവാൻ നിമിഷം രണ്ടേയുള്ളൂ. അതോ മൂന്നോ? ഞാൻ വെടിവെയ്ക്കുകയാണെങ്കിൽ സ്വയം മർദ്ദനത്തിൽനിന്നു രക്ഷപ്പെടുമെന്നല്ലാതെ മററാരെയും രക്ഷിക്കലാവില്ല. മാത്രമല്ല, അഞ്ചു സഖാക്കളെ ബലികഴിക്കുകകൂടിയാണ്. അതല്ലേ വാസ്തവം? അതെ.

അങ്ങനെ അതു തീർച്ചപ്പെട്ടുകഴിഞ്ഞു. ഞാൻ മൂലയിൽ നിന്നു മുന്നോട്ടുവന്നു.

"എടാ, ഒരെണ്ണംകൂടി!"

ആദ്യത്തെയടി എന്റെ മുഖത്ത്. ഒരു മനുഷ്യനെ നിർബ്ബോധനാക്കുവാൻ തികച്ചും മതി.

"കയ്യു പൊക്ക്."

ഒരിടികൂടി, പിന്നെയുമൊന്ന്.

അതു ഞാൻ പ്രതീക്ഷിക്കാത്തതല്ല. ആ മുറിക്കകത്തു മുഴുവൻ ഒടിഞ്ഞുനുറുങ്ങിയ സാധനങ്ങൾ കുന്നുകൂടി.

അടിയും ചവിട്ടും പിന്നെയും.

"നടക്ക്."

അവർ എന്നെ ഒരു ലോറിയിലേയ്ക്കു വലിച്ചിഴച്ചു. എതു നേരവും എന്റെ നേരെ തോക്കു ചൂണ്ടിക്കൊണ്ടുതന്നെ. വണ്ടിയിൽവെച്ച് എന്റെ മേൽ മർദ്ദനം തുടങ്ങി.

"നീയാര്?"

"പ്രൊഫസർ ഹോറാക്ക്."

"കളവു പറയുന്നോ?"

ഞാൻ ചുമലനക്കി നിഷേധിച്ചു.

"അനങ്ങരുത്. വെടിവെയ്ക്കും."

"ഉം, വെച്ചോളൂ."

വെടിയല്ല, ഇടിയാണു കിട്ടിയതു്.

ഞങ്ങൾക്കെതിരേ ഒരു സവാരിവണ്ടി കടന്നുപോയി. അതു വെള്ളയടിച്ചലങ്കരിച്ചിരിക്കുന്നതായിത്തോന്നി. അർദ്ധരാത്രിയിൽ ഒരു കല്യാണവണ്ടി? എന്തു്, എനിക്കു പിച്ചുപിടിച്ചോ?

പോലീസ്തലസ്ഥാനമായ പെച്ചെക്ക്മന്ദിരം. ഞാൻ ജീവനോടെയിവിടെയെത്തുമെന്നു് ഒരിക്കലും വിചാരിച്ചിരുന്നില്ല. അവരെന്നെ നാലാം നിലയിലേയ്ക്കു് ഓടിച്ചുകൊണ്ടുപോയി. ആ! കമ്യൂണിസ്ററവിരുദ്ധവിചാരണയുടെ പേരുകേട്ട "2-എ" വകുപ്പു്, എനിക്കു ജിജ്ഞാസയുണ്ടാകുന്നതുപോലെ തോന്നി.

അറസ്ററുചെയ്യുവരുടെ ചുമതല വഹിക്കുന്ന ഒരു മെലിഞ്ഞുയന്ന പോലീസ്മേധാവി കൈത്തോക്കു കീസയിലിട്ടു് എന്നെ തൻെറയാപ്പീസിലേയ്ക്കു കൂടെക്കൊണ്ടുപോയി. അയാൾ എനിക്കു സിഗററു കൊള്ളത്തിത്തന്നു.

"നീ യാരു്?"

"പ്രൊഫസർ ഫോറാക്ക്."

"കളവു പറയുന്നോ?"

അയാളുടെ വാച്ചിൽ മണി പതിനൊന്നായിരിക്കുന്നു.

"ഇവനെ പരിശോധിക്കുക."

അവർ എൻെറ വസ്ത്രങ്ങളെല്ലാമഴിച്ചു പരിശോധിക്കുകയായി.

"ഇവൻെറ കൈയിൽ ഒരു പരിചയപത്രമുണ്ടു്."

"പേരു്?"

"പ്രൊഫസർ ഫോറാക്കു്."

"അതു പരിശോധിക്കുക."

അവർ ഫോൺവിളിച്ചു.

"തിച്ചയായും രജിസ്റററിൽ പെട്ടിട്ടില്ല. കാർഡു കളവാണു്."

"ഇതാരു നിനക്കു തന്നു?"

"പോലീസ്തലസ്ഥാനത്തുനിന്നു്."

വടികൊണ്ടുള്ള ആദ്യത്തെയടി. രണ്ടാമത്തും, മൂന്നാമത്തും.........
ഞാനതെണ്ണണോ? വേണ്ട. ഇത്തരം സ്ഥിതിവിവരക്കണക്കുകൾ എങ്ങോട്ടാണു റിപ്പോർട്ടുചെയ്യേണ്ടതു്?

"നിൻെറ പേരു്? മേൽവിലാസം? ആരോടൊക്കെ ബന്ധമുണ്ടു്? പറ. അവരുടെ മേൽവിലാസം? പറ, പറ, പറ. ഇല്ലെങ്കിലിനിയും കിട്ടും."

മനുഷ്യനല്ലേ, എത്ര കൊള്ളാൻ കഴിയും?

റേഡിഃയാവിലൂടെ അദ്ധരാത്രിയുടെ കൂക്കുവിളി. ഭക്ഷണശാലകൾ അടച്ചുതുടങ്ങിയിരിക്കും. അവസാനത്തെ അതിഥികൾ വീടുകളിലേയ്ക്കു തിരിച്ചുകഴിഞ്ഞിരിക്കും. അന്യോന്യം പിരിഞ്ഞുപോകുവാൻ മടിച്ചുമടിച്ചു പ്രേമികൾ വീണ്ടും വീട്ടുവാതില്ക്കൽ പററിനില്ക്കുന്നുണ്ടായിരിക്കും. ആ നീണ്ടുമെലിഞ്ഞ പോലീസ്മേധാവി ഒരാഹ്ളാദകരമായ പുഞ്ചിരിയോടുകൂടി മുറിയിലേയ്ക്കു വരുന്നു.

"എല്ലാം ശരിപ്പെട്ടില്ലേ പത്രാധിപർ?"

ആരാണതവരോടു പറഞ്ഞതു്? ജെലിനെക്ക്സഖാക്കൾ? ഫ്രീഡ് ദമ്പതിമാർ? എന്തു്? അവക്കെൻെറ പേരുപോലുമറിഞ്ഞുകൂട.

"നോക്കു്. ഞങ്ങൾക്കെല്ലാമറിയാം. ആലോചിച്ചുറച്ചു പറ."

അവരുടെ ശബ്ദകോശത്തിൽ ആലോചിക്കുകയെന്നതിനു വഞ്ചിക്കുകയെന്നത്ഥമാണു്.

ഞാൻ ആലോചിക്കുവാൻ വിചാരിക്കുന്നില്ല.

"അവനെ പിടിച്ചുകെട്ടി കുറേക്കൂടിക്കൊടുക്കൂ."

ഒരുമണി. ഒടുവിലത്തെ സവാരിവണ്ടികളും താവളത്തിലേയ്ക്കു നീങ്ങുകയാണു്. തെരുവുകൾ ശൂന്യമായിക്കഴിഞ്ഞിരിക്കും. റേഡിയോ അവസാനത്തെ വിശ്വസ്തരായ ശ്രോതാക്കളോടു യാത്രപറയുന്നു.

"ആരെല്ലാമാണു കേന്ദ്രസമിതിയിലെ മററംഗങ്ങൾ? എവിടെയാണു നിങ്ങളുടെ ട്രാൻസ്മിററുകൾ? (സന്ദേശവാഹികൾ.) എവിടെയാണു നിങ്ങളുടെ മുദ്രണശാല? പറ, പറ, പറ."

എനിക്കിപ്പോൾ വീണ്ടും അടിയെണ്ണുവാൻ കഴിവുണ്ടായിരിക്കുന്നു. കടിച്ചമത്തിയിരുന്ന ചുണ്ടിൻെറ വേദന മാത്രമേ ഞാനറിയുന്നുള്ളൂ.

"അവൻെറ ബൂട്സഴിച്ചെടുക്കൂ."

അതാണു കാര്യം. ഇതുവരെയെൻെറയുള്ളംകാലുകൾ അടികൊണ്ടു മരവിച്ചിട്ടില്ല. എനിക്കോർമ്മയുണ്ട്. അഞ്ച്, ആറ്, ഏഴ്—വടി വീഴുമ്പോഴൊക്കെ അടി എൻെറ തലച്ചോറിലലച്ചിരുന്നു.

രണ്ടുമണി. പ്രേഗ്നഗരം നിദ്രയിലാണ്ടിരിക്കയാണ്. ചിലേടത്തു കുട്ടികൾ ഞെട്ടിക്കരയുന്നുണ്ടായിരിക്കും. പ്രേമികൾ പ്രേയസിമാരുടെ ചന്തികളിൽ തലോടുന്നുണ്ടായിരിക്കും.

"പറ, പറ."

എൻെറ നാവ് ചോരയൊലിച്ചുകൊണ്ടിരുന്ന മോണകളിൽ ഒരു പരിശോധനയ്ക്കു പുറപ്പെടുകയാണ്. പല്ലെത്രയെണ്ണം തല്ലുകൊണ്ടു തെറിച്ചുപോയിട്ടുണ്ടെന്നെണ്ണിനോക്കണമല്ലോ. എനിക്കു ശരിക്കെണ്ണുവാൻ വയ്യ. പന്ത്രണ്ട്, പതിനഞ്ച്, പതിനേഴ്? അല്ല, അതെന്നെ വിസ്തരിക്കുന്ന പോലീസ്മേധാവികളുടെ സംഖ്യയാണ്. അവരിൽ ചിലർ കാഴ്ചയിൽതന്നെ ക്ഷീണിച്ചിരിക്കുന്നു. എന്നിട്ടിനിയും മരണം വന്നെത്തുന്നില്ല.

മൂന്നുമണി. പട്ടണപ്രാന്തങ്ങളിൽനിന്ന് അകത്തേയ്ക്കു സുപ്രഭാതത്തിൻെറ എത്തിനോട്ടം. പച്ചക്കറിത്തോട്ടക്കാർ ചന്തയിലേയ്ക്കു വണ്ടി തള്ളിത്തുടങ്ങിയിരിക്കുന്നു. പക്ഷേ, ഒരു പുലരികൂടിക്കാണുവാൻ ഞാൻ ജീവിച്ചിരുന്നേക്കും.

അവർ എൻെറ പത്നിയെ കൊണ്ടുവന്നിരിക്കുന്നു.

"നീ ഇവനെ അറിയുമോ?"

"ഇല്ല, ഞാനറിയില്ല."

അവൾ ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. മുഖത്തു ഭയത്തിൻെറ യാതൊരു ഭാവവും സ്ഫുരിച്ചില്ല. പരിശുദ്ധമായ തങ്കം! ഒരിക്കലും എന്നെ തിരിച്ചറിയുന്നതായി നടിക്കയില്ലെന്ന ശപഥം—ഈ സമയത്ത് അത്യാവശ്യമല്ലെങ്കിലും—അവൾ തികച്ചും നിറവേററി. ആരായിരിക്കും അവക്കെൻെറ പേരു പറഞ്ഞുകൊടുത്തത്?

അവർ അവളെ കൊണ്ടുപോയി. എനിക്കു കഴിയുന്നത്ര പ്രസന്നമായ ഒരു നോട്ടത്താൽ അവളെ ഞാൻ യാത്രയാക്കി. അഥവാ അതു പ്രസന്നമല്ലായിരിക്കാം, എനിക്കറിഞ്ഞുകൂട.

നാലുമണി. നേരം പുലച്ചയായില്ലേ? ഇരുളടഞ്ഞ ജനലുകൾ മറുപടി തരുന്നില്ല. മരണം മന്ദഗതിയിലാണു വരുന്നത്. ഞാൻ അതിനെ സ്വാഗതംചെയ്യുവാൻ അങ്ങോട്ടു ചെന്നാലോ? എങ്ങനെ?

ഞാൻ ആരെയോ തിരിച്ചടിച്ചു. നിലത്തുവീണു. അവരെന്നെ ചവിട്ടുകയാണ്. ബൂട്സുകൊണ്ടു മെതിക്കുകയാണ്. ഇനി അവസാനം വേഗമാകും. ആ കറുത്ത പോലീസ്മേധാവി എന്റെ താടിപിടിച്ചു വലിച്ചുപറിച്ചെടുത്ത ഒരുപിടി മീശ ഒരു രാക്ഷസച്ചിരിയോടുകൂടി എന്നെ കാണിച്ചുതരികയാണ്. വാസ്തവത്തിൽ ഒരു തമാശ. എനിക്കു പിന്നെയങ്ങോട്ടു വേദനയറിഞ്ഞുകൂട.

അഞ്ചുമണി. ആറ്, ഏഴ്......പത്ത്. പിന്നെ ഉച്ചയായി. തൊഴിലാളികൾ പണിസ്ഥലത്താണ്. കുട്ടികൾ വിദ്യാലയത്തിൽ. ആളുകൾ അങ്ങാടികളിൽ കൊടുത്തുവാങ്ങൽ നടത്തുന്നു. വീടുകളിൽ ഭക്ഷണം കഴിക്കുന്നു. ഒരുപക്ഷെ ഈ സമയത്ത് എന്റെയമ്മ എന്നെപ്പററി ആലോചിക്കുന്നുണ്ടായിരിക്കും. എന്റെ സഖാക്കൾ എന്നെ അറസ്ററു ചെയ്ത വിവരമറിഞ്ഞു സ്വയം പിടികൊടുക്കാതിരിക്കുവാൻ മുൻകരുതലുകൾ ചെയ്യുന്നുണ്ടായിരിക്കും. ഞാൻ എന്തെങ്കിലും പറഞ്ഞാലോ? ഇല്ല, ഒരിക്കലുമില്ല. നിങ്ങൾക്കെന്നെ വിശ്വസിക്കാം. എങ്ങനെയായാലും ഇനി അവസാനം അത്രവളരെ അകലത്തായിരിക്കയില്ല. ഇതെല്ലാം ഒരു പേക്കിനാവാണ്. ഒരു ഭയങ്കരമായ പനിയുടെ പേക്കിനാവ്. അടിമുടി എന്റെമേൽ അടിതന്നെ. എന്നിട്ടവർ എനിക്കു ബോധംവീഴുവാൻ എന്റെമേൽ വെള്ളമൊഴിക്കുകയാണ്. പിന്നെ വീണ്ടും അടിയും കൂക്കുവിളിയും.

"പറ, പറ, പറ."

എന്നിട്ടും ഞാൻ മരിക്കുന്നില്ല. അമ്മേ, അച്ഛാ, ഇതെല്ലാം സഹിച്ചുനില്ക്കുവാൻ നിങ്ങൾ എനിക്കിത്ര ശക്തിയേകിയതെന്തിന്?

ഉച്ചതിരിഞ്ഞു. അഞ്ചുമണി. അവരെല്ലാം ഈ സമയംകൊണ്ടു തളന്നിരിക്കുന്നു. അടിക്കു ശക്തികുറഞ്ഞു. അതും ഇടയ്ക്കിടയ്ക്കുമാത്രം ഒരു ബലംകുറഞ്ഞ യന്ത്രത്തിൽനിന്നെന്നപോലെ ആച്ചിലില്ലാതെ. പെട്ടെന്നു വിദൂരതയിൽനിന്ന്, അളവററ വിദൂരതയിൽനിന്ന് കാരുണ്യമാന്ന കരസ്പർശംപോലെ പ്രശാന്തമായ ഒരു നേരിയ സ്വരം കേട്ടു.

"അവനു വേണ്ടത്രയായി."

അല്പസമയത്തിനുശേഷം ഞാൻ ഒരു മേശയ്ക്കടുത്തിരിക്കുകയാണ്. ആ മേശ അകന്നു വീണുപോകുന്നതായും പിന്നെ വീണ്ടും എന്റെയടുത്തേയ്ക്കു വരുന്നതായും തോന്നിയിരുന്നു. ആരോ എനിക്കു വെള്ളം കൊണ്ടുവന്നു തന്നു. മററാരാൾ ഒരു സിഗററും. എനിക്കതു കൈയി

ലെടുക്കുവാൻപോലും കഴിഞ്ഞില്ല. ആരോ എന്നെ ചെരുപ്പിട്ടിക്കുവാൻ ശ്രമിച്ചു. പക്ഷേ, പാറുന്നില്ലെന്നു പറഞ്ഞു.

പിന്നീട് അവരെന്നെ വലിച്ചിഴച്ചു താഴോട്ടിറക്കി ഒരു വണ്ടിയിലേയ്ക്കു കൊണ്ടുപോയി. ഞങ്ങൾ ഓടിച്ചുപോകുമ്പോൾ ആരോ എൻെറ നേരേ കൈത്തോക്കുചൂണ്ടി പാറാവിരിക്കുന്നുണ്ടായിരുന്നു. എൻെറ സ്ഥിതി യോക്കുമ്പോൾ അതു കണ്ടാൽ ചിരിവരും. വെളുത്ത പൂമാലകൾകൊണ്ടലങ്കരിച്ച ഒരു സവാരിവണ്ടി, ഒരു കല്യാണവണ്ടി, ഞങ്ങൾ പിന്നിട്ടുപോയി. അഥവാ അതൊരു സ്വപ്നംമാത്രമായിരിക്കും. ഒരു സ്വപ്നമോ ഭ്രാന്തിയോ—അല്ലെങ്കിൽ മരിക്കുകയാണ്, മരണംതന്നെയാണ്. പക്ഷേ, മരിക്കുക കഠിനമാണ്, ഇതെളുപ്പവും. അല്ലെങ്കിൽ ഇതെളുപ്പവുമല്ല കഠിനവുമല്ല. ഇതു പ്രാവിൻപൂടപോലെ കനംകുറഞ്ഞതാണ്. ശ്വാസമൊന്നു വിട്ടാൽ എല്ലാം പറന്നുപോകും.

എല്ലാം പറന്നുപോകും? ഇല്ല, ഇനിയുമായിട്ടില്ല. ഇപ്പോൾ ഞാൻ വീണ്ടും എഴുന്നേററുനില്ക്കുകയാണ്. ഒന്നിൻെറയും ആലംബമില്ലാതെ തന്നെ. എൻെറ മുഖത്തിനു നേരേമുമ്പിലുള്ള മലിനമായ മഞ്ഞച്ചുവരിന്മേൽ എന്താണു പുരണ്ടിരിക്കുന്നത്?.........എന്ത്? രക്തം, അതുപോലെയിരിക്കുന്നു.........അതെ, രക്തംതന്നെ. ഞാൻ കൈനീട്ടി വിരൽകൊണ്ടു തുടച്ചുനോക്കി. അതെ, അതു ചുടുരക്തമാണ്......എൻെറ രക്തം.........

ആരോ പിന്നിൽനിന്ന് എൻെറ തലയ്ക്കിടിച്ചു. കൈപൊക്കി മുട്ടുകുത്തി കുന്തിച്ചിരിക്കുവാൻ എന്നോടു കല്പിക്കുകയാണ്.

“ഇരിക്ക്, എണീക്ക്, ഇരിക്ക്.”

ഞാൻ മുന്നോട്ടു മറിഞ്ഞുവീണു.

ഒരു പൊക്കമുള്ള എസ്സ്. എസ്സ് പട്ടാളക്കാരൻ അടുത്തു വന്നുനിന്ന് എന്നെ കാലുകൊണ്ടു തട്ടിയെഴുന്നേല്പിക്കുകയാണ്. തട്ടിയിട്ടെന്തുകാര്യം? മറെറാരുത്തൻ എൻെറ മുഖം കഴുകുന്നു. ഞാൻ ഒരു മേശയ്ക്കരികിലിരിക്കുകയാണ്. ഒരു സ്ത്രീ എനിക്ക് എന്തോ ഒരു മരുന്നുതന്ന് എവിടെയാണു വേദനയെന്നന്വേഷിക്കുകയാണ്. ഞാൻ മറുപടിപറഞ്ഞു, വേദനയെല്ലാം എൻെറ ഹൃദയത്തിലാണെന്നു തോന്നുന്നുവെന്ന്.

“നിനക്കു ഹൃദയമില്ല.” ആ പൊക്കമുള്ള പട്ടാളക്കാരൻ പറഞ്ഞു.

"തീർച്ചയായും എനിക്കുണ്ട്." ഞാൻ പറഞ്ഞു. എന്റെ ഹൃദയത്തിനുവേണ്ട നിലകൊള്ളുവാനുള്ള ശക്തി എന്നിലവശേഷിച്ചിട്ടുണ്ടെന്നതിൽ എനിക്കു പെട്ടെന്നൊരഭിമാനമുണ്ടായി.

എല്ലാം വീണ്ടും മറഞ്ഞുപോകുന്നു, മഞ്ഞച്ചമരും മരുന്നുകാരിസ്ത്രീയും പൊക്കക്കാരൻ പട്ടാളക്കാരനും എല്ലാം.

എനിക്കു ബോധംവരുമ്പോൾ എന്റെ മുമ്പിൽ ഒരു തടവുമുറിയുടെ വാതിൽ തുറക്കപ്പെടുകയാണ്. ഒരു തടിച്ച പട്ടാളക്കാരൻ എന്നെ അകത്തേയ്ക്കു വലിച്ചിഴച്ചു. കീറിപ്പറിഞ്ഞ കുപ്പായത്തിന്റെ ബാക്കിയും എന്റെ ദേഹത്തുനിന്നു വലിച്ചുമാററി. എന്നെ ഒരു വൈക്കോൽപായിൽ പിടിച്ചുകിടത്തി. അയാൾ എന്റെ വീങ്ങിയ ദേഹം തൊട്ടുനോക്കി മൂടിപ്പുതപ്പിക്കുവാൻ കല്പിച്ചു.

"ഒന്നു നോക്കു." അയാൾ രണ്ടാമനോടു പറഞ്ഞുകൊണ്ടു തലയാട്ടുകയാണ്, "നോക്കു, എന്തൊരു സമഗ്രമായ ജോലിയാണ് അവർ ചെയ്യുന്നത്!"

വീണ്ടും വിദൂരതയിൽനിന്ന്, അളവററ വിദൂരതയിൽനിന്ന് കാരുണ്യമാന്ന കരസ്പർശംപോലെ പ്രശാന്തമായ ഒരു നേരിയ സ്വരം എന്റെ ചെവിയിൽ വന്നലയ്ക്കുകയാണ്.

"രാത്രി കഴിയില്ല."

അഞ്ചുമിനിട്ടിനുള്ളിൽ മണി പത്തടിക്കും. വസന്തത്തിലെ ഒരു സുഖദസുന്ദരമായ രാത്രി! ഏപ്രിൽ 25, 1942.

അദ്ധ്യായം രണ്ട്

# മരിച്ചുകൊണ്ടിരിക്കുന്നു

"സൂര്യപ്രകാശവും താരകശോഭയും
തീരെ നമുക്കു മറഞ്ഞിടുമ്പോൾ......"

രണ്ടാളുകൾ പ്രാർത്ഥനയിൽ കീഴോട്ടു കൈക്കൂപ്പി, മുമ്പുംപിമ്പുമായി ഒരു വെള്ളയടിച്ച കല്ലറയ്ക്കുള്ളിൽ സാവധാനം വട്ടത്തിൽ ചുററിനടക്കുകയാണ്. അവരുടെ അനഭ്യസ്തമായ കണ്ഠസ്വരം ഒരു വിഷാദാത്മകമായ ചരമഗാനമായി വലിഞ്ഞുനീളുന്നു.

"ചേലിൽ ചിറകുവിരിച്ചുകൊണ്ടാത്മാവു്
മേലോട്ടുയന്നു പറന്നിടുന്നു......"

ആരോ മരിച്ചിട്ടുണ്ട്. ആര്? തലയ്ക്കൽ രണ്ടു മെഴുകുതിരി കത്തിച്ചു വെച്ചിട്ടുള്ള ശവമഞ്ചവും മൃതശരീരവുമൊന്നു കാണുവാൻവേണ്ടി ഞാൻ തല തിരിക്കാൻ ശ്രമിച്ചു.

"രാവില്ലവിടെ, പകലിന്റെ നിത്യത
മേവും പ്രകാശം പരന്നിടുന്നു......"

എങ്ങനെയോ ഒന്നു കണ്ണുമിഴിച്ചു ചുഴററുവാൻ എനിക്കു സാധിച്ചു. ഇവിടെ മററാരുമില്ല. ആ രണ്ടുപേരും ഞാനും മാത്രമല്ലാതെ മററാരും എനിക്കു കാണാനില്ല. ആർക്കുവേണ്ടിയാണ് അവർ ആ ചരമഗാനം പാടുന്നതു്?

"എന്നും നശിക്കാത്ത നക്ഷത്രമുണ്ടങ്ങു
മിന്നുന്നു—സാക്ഷാൽ ശ്രീയേശുദേവൻ......"

ഇതൊരു ശവസംസ്കാരമാണ്. തികച്ചും ഒരു ശവസംസ്കാരംപോലെ തന്നെ തോന്നുന്നു. എന്നാൽ ആരെയാണവർ കുഴിച്ചിടുന്നതു്? ആരാണ് ഇവിടെയുള്ളതെന്നു നോക്കാം—ആ രണ്ടുപേരും ഞാനും മാത്രം. പിന്നെ ഞാൻ! അപ്പോൾ ഇതെൻെറ ശവസംസ്കാരമാണ്? എന്നാൽ കേൾക്കൂ കൂട്ടരേ, ഇതിലെന്തോ തെററുപററിയിട്ടുണ്ട്. ഞാൻ മരിച്ചിട്ടില്ല. ഞാനിപ്പോഴും ജീവനോടെയിരിക്കുന്നു. ഞാൻ നിങ്ങളുടെ നേരേ മിഴിച്ചുനോക്കുന്നതു കാണുന്നില്ലേ? ഞാൻ നിങ്ങളോടു സംസാരിക്കുന്നതു കേൾക്കുന്നില്ലേ? മതി, നിറുത്തു. എന്നെയിപ്പോൾ കുഴിച്ചിടാറായിട്ടില്ല.

"ആരാനുമന്ത്യമായ് യാത്രപറയുമ്പോൾ
പാരിടം വിട്ടുപിരിഞ്ഞിടുമ്പോൾ......"

അവർ കേൾക്കുന്നില്ല. പൊട്ടന്മാരാണോ? ഞാൻ ഉറക്കെയല്ലേ പറയുന്നതു്? അഥവാ, വാസ്തവത്തിൽ ഞാൻ മരിച്ചിരിക്കുന്നുവോ? എന്നാൽ പിന്നെ അശരീരിയായിപ്പറയുന്നതു് അവരെങ്ങനെയാണു കേൾക്കുന്നതു്? ഞാൻ സ്വന്തം ശവസംസ്കാരകർമ്മം നോക്കിക്കണ്ടുകൊണ്ടിരിക്കുമ്പോൾ എൻെറ ശരീരം ഇവിടെയിങ്ങനെ മുഖംകുത്തിക്കിടക്കണമെന്നോ? തമാശ തന്നെ.

"ആ ലോകംനോക്കിക്കുതിക്കുന്നു കണ്ണുകൾ......"

ഇപ്പോൾ എനിക്കോർമ്മയുണ്ട്. ആരോ എന്നെ ബദ്ധപ്പെട്ടു പിടിച്ചു പൊക്കി മുണ്ടിട്ടുമൂടി ഒരു മഞ്ചത്തിലെടുത്തുകൊണ്ടുപോവുകയാണ്. അവരുടെ കുടയാണികൾ തറച്ച ബൂട്സിൻെറ ശബ്ദം ഇടനാഴിയിൽ കിടന്നു ലയ്ക്കുന്നതു കേട്ടു. പിന്നെ.....അത്രതന്നെ. പിന്നെയൊന്നും എനിക്കോർമ്മയില്ല.

"മേലോട്ടാ ശാശ്വതദീപം കാണ്മാൻ."

എന്നാൽ ഇതെല്ലാം അസംബന്ധമാണ്. ഞാൻ ഇപ്പോഴും ജീവനോടെയിരിക്കുന്നു. ഒരു വിദൂരമായ വേദനയും ദാഹവും മാത്രമേ എനിക്കു തോന്നുന്നുള്ളു. മരിച്ചവക്കു ദാഹമുണ്ടാവുകയില്ല. ഞാൻ സവ്വശക്തിയുമുപയോഗിച്ച് കൈയൊന്നനക്കാൻ നോക്കി. ഒരസാധാരണമായ വിചിത്ര ശബ്ദം എന്നിൽനിന്നു പുറത്തുവന്നു.

"വെള്ളം!"

അവസാനം ആ രണ്ടാളുകൾ വട്ടത്തിലുള്ള ചുററിനടപ്പു നിറുത്തി. ഇപ്പോൾ അവർ എൻെറമേൽ കുനിഞ്ഞുനോക്കുന്നു. അവരിലൊരുവൻ എൻെറ തലപിടിച്ചു പൊക്കി ഒരുപാത്രം വെള്ളം ചുണ്ടത്തു ചേർത്തുവെച്ചു തരികയാണ്.

"എടോ, എന്തെങ്കിലും തിന്നുകകൂടി വേണം. രണ്ടുദിവസമായി തനിക്കു വെള്ളംകൂടി മാത്രമേ ഉണ്ടായിട്ടുള്ളൂ."

എന്താണയാൾ പറയുന്നത്? രണ്ടുദിവസം കഴിഞ്ഞെന്നോ? ഇന്നേതാണു ദിവസം?

"തിങ്കളാഴ്ച."

തിങ്കളാഴ്ച! അപ്പോൾ വെള്ളിയാഴ്ചയാണ് എന്നെ അറസ്ററുചെയ്തത്. ഓ, തലയ്ക്കെന്തൊരു കനം! വെള്ളത്തിനാണെങ്കിൽ വല്ലാത്ത തണുപ്പ്. ഉറക്കം വരുന്നു. ഞാനുറങ്ങട്ടെ. ഒരുതുള്ളി വെള്ളം അരുവിയിലെ ജലപ്പരപ്പിനെ ഇളക്കിവിട്ടിരിക്കുന്നു. എനിക്കു പരിചയമുള്ള ആ കുന്നുകൾക്കിടയിലെ മൈതാനത്തിലൂടെ, റോക്ലൻമലയുടെ അടിവാരത്തു താമസിക്കുന്ന വനസംരക്ഷകൻെറ വീട്ടിനരികിലൂടെ, ഒഴുകിപ്പോകുന്ന കൊച്ചരുവി......ആ വൃക്ഷങ്ങളുടെ സൂചിശിഖരങ്ങളിൽ നീണ്ട സംഗീതംപോലെ നിരന്തരം തൂവിക്കൊണ്ടിരിക്കുന്ന ജലശീകരങ്ങൾ...... എന്തൊരാനന്ദമാണു കിടന്നുറങ്ങുവാൻ!......ഞാൻ വീണ്ടും ഉണന്നെഴുന്നേററപ്പോൾ ചൊവ്വാഴ്ച വൈകുന്നേരമായിരിക്കുന്നു. ഒരു നായ് എൻെറ നേക്കു കുനിഞ്ഞുനോക്കുന്നു. ചെന്നായ്പൊലെയൊരു ജന്തു. അവൻ തൻെറ സമത്ഥവും സുന്ദരവുമായ ദൃഷ്ടികളാൽ എന്നിൽ ഒരു പരീക്ഷണനിരീക്ഷണം നടത്തുകയാണ്. എന്നിട്ടു ചോദിക്കുന്നു:—

"നീ എവിടെയാണു താമസിച്ചിരുന്നത്?"

ഓ, തെററിപ്പോയി. അതു നായയല്ല ചോദിച്ചത്. ശബ്ദം മററാരുടെയോ ആണ്. അതെ, വേറെയാരോ അവിടെ നില്ക്കുന്നുണ്ട്. ഉയന്ന ബൂട്സുകൾ കാണുന്നു. അതാ, ഒരു ജോടികൂടി, മറെറാരു ജോടികൂടി; ഒരു പട്ടാളക്കാരൻെറ കാലുറയും. എനിക്കു മേലോട്ടുള്ളതു കണ്ടുകൂട. തലപൊക്കുവാൻ ശ്രമിച്ചാൽ ഉടൻ ചുററിക്കറങ്ങുന്നു. ഓ, ആരു വകവയ്ക്കുന്നു, ഞാനുറങ്ങട്ടെ......

ബുധനാഴ്ച.

ആ കീത്തനങ്ങൾ പാടിയ രണ്ടുപേർ ഒരു മൺപാത്രത്തിൽനിന്നു വാരിത്തിന്നുകൊണ്ടു മേശയ്ക്കരികിലിരിക്കുകയാണ്. ഇപ്പോൾ അവരെ

തിരിച്ചുപറയാൻ കഴിയും. ഒരുവൻ മററവനെക്കാൾ പ്രായം കുറഞ്ഞ വനാണ്. അവർ സന്യാസിമാരല്ലെന്നു തോന്നുന്നു. ഇതു സന്യാസിമാ മല്ലല്ലൊ. തടവുമുറിയാണ്. നിലത്തിട്ടിരിക്കുന്ന പലകകൾ ഒന്നിച്ച് എൻെറ കണ്ണുകളിൽനിന്നോടിയകലുന്നു. അതാ, അങ്ങേയററത്ത്, ഒരു ഭയങ്കരമായ ദുശ്ശകുനത്തിൻെറ വാതിൽ.

താഴിൽ താക്കോലിട്ടു തിരിക്കുന്ന ശബ്ദം. ആ രണ്ടാളുകളും ചാടി യെഴുന്നേററു ചൊവ്വിനു നില്ക്കുന്നു. പട്ടാളവേഷമണിഞ്ഞ വേറെ രണ്ടു പേർ അകത്തുവന്ന് എന്നെ ഉടുപ്പിടീക്കുവാൻ അവരോടു കല്പിക്കുന്നു. ആ ഉടുപ്പിടീക്കുന്നതിൻെറ ഓരോ പിടിയും വലിയിലും എത്രമാത്രം വേദ നയാണ് ഒളിഞ്ഞിരുന്നതെന്ന് എനിക്കറിഞ്ഞുകൂട. അവർ എന്നെ ഒരു സ്ട്രെച്ചറിൽ (രോഗികളെ കിടത്തിയെടുത്തുകൊണ്ടുപോകുന്ന മഞ്ചം) കിട ത്തി താഴോട്ടു കോണിയിലൂടെ എടുത്തുകൊണ്ടുപോവുകയാണ്. അവ രുടെ ഭാരിച്ച ബൂട്സുകൾ ആ നീളത്തിലുള്ള നടുവരാന്തയിൽ ഇടിമുഴക്ക മുണ്ടാക്കുന്നുണ്ട്......പിന്നെ, ഇതാണ് അവരെന്നെ ചുമന്നുകൊണ്ടുപോയ മട്ട്. അവസാനം എനിക്കു ബോധമില്ലാതായി. ഇതെവിടേയ്ക്കായിരിക്കും? ഇതേതൊരു നരകത്തിലായിരിക്കും ചെന്നവസാനിക്കുന്നത്?

പാൻക്രാററ്സിലെ ഇരുളടഞ്ഞ ഭയങ്കരമായ പോലീസ്തടങ്ങ ലിലെ സ്വീകരണമുറിയാണത്. അവർ എന്നെ നിലത്തിറക്കിവെച്ചു. ജർമ്മൻശബ്ദത്തിലുള്ള കോപകലുഷമായ ഒരു ചോദ്യത്തെ സ്നേഹഭാവ ത്തോടുകൂടിയ ഒരു ചെക്കുശബ്ദം തർജ്ജമചെയ്തു:

"നീ ഇവളെയറിയുമോ?"

ഞാൻ എൻെറ താടിയൊന്നു പിടിച്ചുപൊക്കി. ഒരു വിശാലമുഖി യായ ചെറുപ്പക്കാരി എൻെറ മഞ്ചത്തിന്നഭിമുഖമായി നില്ക്കുന്നു. അവൾ അഭിമാനപൂർവ്വം തലപൊക്കി നിവർന്നുനില്ക്കുകയാണ്. മ്ലാനതയില്ല, തികഞ്ഞ പ്രസരിപ്പ്. അവളുടെ ദൃഷ്ടികൾമാത്രം കീഴോട്ടു പായുന്നുണ്ട്. എന്നെ കാണുവാനും അഭിനന്ദിക്കുവാനും മാത്രം.

"ഞാനറിയില്ല."

എനിക്കോർമ്മവരുന്നുണ്ട്; ഞാനവളെ ഒരിക്കൽമാത്രം കണ്ടിട്ടുണ്ട്; പെച്ചെക്ക്മന്ദിരത്തിൽവെച്ച് ആ കാളരാത്രിയിൽ. അതും ഒരൊററ നിമി ഷമാണ്. ഇതു രണ്ടാമത്തെത്തവണ. എന്നാൽ കഷ്ടം, ഇനിയൊരു മൂന്നാമത്തെ തവണയില്ല, ഈ നിലയിലും അവൾ പുലർത്തിപ്പോന്ന ഉൽക്കൃഷ്ടാശയത്തെ അഭിനന്ദിച്ചുകൊണ്ട് ഒന്നു കൈപിടിച്ചമർത്തുവാൻ!

ഏൎണോസ്റ്റ് ലോറൻസിൻെറ പത്നിയാണവൾ. 1942-ലെ പട്ടാളനിയമത്തിൻെറ ആദ്യദിവസങ്ങളിൽതന്നെ പിടിക്കപ്പെട്ടവളാണ്.

"പക്ഷെ, ഇവളൊരുത്തിയെ നിനക്കു തീച്ചയായുമറിയാം."

അനിച്ക്കാ ജിറാസ്ക്കോവ! എൻെറ ദൈവമേ, അനിച്ക്ക! നിങ്ങൾ ഇവിടെയെങ്ങനെ വന്നു? ഞാൻ നിങ്ങളുടെ പേർ പറയുകയുണ്ടായില്ല. നിങ്ങൾക്ക് എന്നോടൊരു കാര്യവുമില്ല. ഞാൻ നിങ്ങളെപ്പററിയറിയില്ല. മനസ്സിലായോ? ഞാൻ നിങ്ങളെയറിയില്ല.

"ഞാനിവളെയറിയില്ല."

"ആലോചിച്ചു പറ."

"ഞാനിവളെയറിയില്ല."

"ജൂലോ, അതു സാരമില്ല." അനിച്ക്ക പറയുകയാണ്. കയ്ലേസിൽ തിരുപ്പിടിച്ചുകൊണ്ടിരിക്കുന്ന വിരലുകളുടെ ചെറുചലനം അവളുടെ മനോവികാരത്തിൻെറ വിക്ഷോഭം വെളിപ്പെടുത്തുന്നുണ്ടു്.

"അതു സാരമില്ല. ആരെങ്കിലും എന്നെ പറഞ്ഞുകൊടുത്തിരിക്കും."

"ആരു്?"

"മിണ്ടരുതു്." അവർ അവൾ മറുപടിപറയുന്നതിനെ തടുത്തു. എൻെറമേൽ എത്തിനോക്കിക്കൊണ്ടു് അവൾ കൈനീട്ടിയപ്പോൾ അവർ ബലം പ്രയോഗിച്ചു തള്ളിമാററി.

അനിച്ക്ക!

പിന്നെ അവരുടെ ചോദ്യങ്ങൾ എനിക്കു കേൾക്കുവാൻ കഴിഞ്ഞില്ല. രണ്ടു പട്ടാളക്കാർ എന്നെയെടുത്തു തടവുമുറിയിലേയ്ക്കു തിരിച്ചു കൊണ്ടുപോവുകയാണെന്നു് അകലെ നില്ക്കുന്ന ഒരു കാഴ്ചക്കാരനെന്നപോലെ വേദനയില്ലാതെ എനിക്കനുഭവപ്പെട്ടു. എത്ര നിർദ്ദയമായാണു മഞ്ചമിട്ടു കുലുക്കുന്നതു്! പൊട്ടിച്ചിരിച്ചുകൊണ്ടു് എന്നോടു ചോദിക്കുകയാണ്, ഒരു കയറിൽ കിടന്നു തൂങ്ങുവാനാണോ എനിക്കിഷ്ടമെന്നു്.

വ്യാഴാഴ്ച.

ഞാൻ വീണ്ടും സംഗതികൾ നോക്കിക്കാണുവാൻ തുടങ്ങുന്നു. എൻെറ കൂട്ടുതടവുകാരിൽ പ്രായം കുറഞ്ഞവൻ—കരേക്ക് എന്നാണു പേരു്—പ്രായംകൂടിയ കൂട്ടുകാരനെ "ഡാഡ"യെന്നാണു വിളിക്കുന്നതു്. അവർ തങ്ങളെപ്പററിയെന്തെങ്കിലും എന്നോടു പറയും. പക്ഷെ, എല്ലാം എൻെറ

തലയിൽ കിടന്നു കുഴഞ്ഞുമറിയുകയാണ്. അവരുടെ സംസാരത്തിൽ ഒരു ഖനിയുടെ കഥയുണ്ടെന്നു തോന്നുന്നു. ബെഞ്ചുകളിലിരിക്കുന്ന കുറെ കുട്ടികളുമുണ്ട്. ഒരു മണിയടികേൾക്കുന്നു. എവിടെയോ തീപിടിത്തമുണ്ടായിരിക്കണം. അവർ പറയുന്നു, ദിവസംപ്രതി എന്നെ നോക്കുവാൻ ഒരു ഡോക്ടരും പട്ടാളശുശ്രൂഷകനും മുറയ്ക്കു വരാറുണ്ടെന്ന്. ആകപ്പാടെ എൻെറ സ്ഥിതിയത്ര വഷളല്ല, ഞാൻ വേഗം വീണ്ടും സുഖം പ്രാപിക്കുമെന്നാണ് അവർ പറയുന്നത്. ദാദ അതു ബോദ്ധ്യമാകത്തക്കവിധം പറഞ്ഞു ഫലിപ്പിക്കുമ്പോൾ കരേക്ക് ആവേശപൂർവ്വം പിൻതാങ്ങുന്നുണ്ട്. എൻെറയീ ദുരവസ്ഥയിലും തെളിഞ്ഞ കള്ളമാണ് അവർ പറയുന്നതെന്നെനിക്കു മനസ്സിലാകുന്നുണ്ട്. പച്ചപ്പാവങ്ങൾ! ഞാൻ ഖേദിക്കുന്നു, എനിക്കവരെ വിശ്വസിക്കുവാൻവയ്യ.

ഉച്ച തിരിഞ്ഞു.

തടവുമുറിയുടെ വാതിൽ പതുക്കെ തുറക്കുന്നു. ആ നായ് നിശ്ശബ്ദം കടന്നുവരികയാണ്. അവൻ എൻെറ തലയ്ക്കൽനിന്നു വീണ്ടും സൂക്ഷ്മനിരീക്ഷണം നടത്തുകയാണ്. വീണ്ടും രണ്ടുജോടി കനത്ത ബൂട്ട്സുകൾ. അവയിലൊന്നു നായയുടെ ഉടമസ്ഥനായ പാൻക്രാററ്സ് ജെയിൽ സൂപ്രണ്ടിൻെറയാണെന്നെനിക്കു മനസ്സിലായി. രണ്ടാമത്തേതു ഗെസ്റ്റപ്പോവിലെ കമ്മ്യൂണിസ്ററുവിരുദ്ധവിഭാഗത്തിൻെറ പ്രധാനിയുടെയും. അയാളാണ് ആദ്യരാത്രിയിലെ എൻെറ വിചാരണയിൽ അദ്ധ്യക്ഷത വഹിച്ചത്. പിന്നെ ചില സാധാരണകാലുറകളുമുണ്ട്. എൻെറ കണ്ണുകൾ അവയ്ക്കു നേരെ മേല്പോട്ടുയൎന്നു. അതെ, എനിക്കറിയാം, ആ അക്രമിസംഘത്തിൻെറ നായകനായ മെലിഞ്ഞുയൎന്ന കമ്മിസ്സാറാണതു. അയാൾ ഒരു കസേരയിലിരുന്നു ചോദ്യം തുടങ്ങുകയാണ്.

"നിൻെറ കളി കഴിഞ്ഞു. ചുരുങ്ങിയതു സ്വന്തരക്ഷയെങ്കിലും നോക്കിക്കോ. പറഞ്ഞേയ്ക്കു."

അയാൾ എനിക്കൊരു സിഗററു നീട്ടുന്നു. എനിക്കതു വേണ്ട. എനിക്കതു പിടിക്കുവാൻപോലും വയ്യ.

"നീ എത്രകാലം ബക്സ്സാസൊന്നിച്ചു താമസിച്ചു?"

ബക്സ്സാസൊന്നിച്ചോ? ഇതു കുറെ കടന്ന കാര്യമാണ്. ഇവരോടാരു പറഞ്ഞു?

"നോക്കു്. ഞങ്ങൾക്കെല്ലാമറിയാം. പറ."

നിങ്ങൾക്കെല്ലാമറിയാമെങ്കിൽ ഞാനെന്തിനാണ് ഇനിയധികം പറയുന്നത്? ഞാനിതുവരെ എൻെറ ജീവിതം പാഴാക്കിയിട്ടില്ല; ഇനി യതിൻെറയവസാനം ദൂഷിപ്പിക്കുകയുമില്ല.

വിചാരണ ഒരു മണിക്കൂർ നീണ്ടുനിന്നു. അയാൾ ബഹളംകൂട്ടിയി രുന്നില്ല. ക്ഷമയോടുകൂടി ചോദ്യങ്ങളാവർത്തിച്ചിരുന്നു. മറുപടി കിട്ടി യില്ലെങ്കിൽ മറെറാരു ചോദ്യം. എന്നിട്ടും മൗനമെങ്കിൽ വേറൊന്ന്. അങ്ങനെയവസാനമില്ലാതെ.

"മനസ്സിലായില്ലേ? ഇതവസാനമാണ്. നിനക്കറിയാമല്ലോ, നിൻെറ കളി കഴിഞ്ഞു."

"എൻെറ മാത്രമേ കഴിഞ്ഞുള്ളു."

"നിനക്കിനിയും കമ്മ്യൂണിൻെറ വിജയത്തിൽ വിശ്വാസമുണ്ടോ?"

"സ്വാഭാവികമായും."

"അവനിനിയും വിശ്വാസമോ?" പ്രധാനി ജർമ്മൻഭാഷയിൽ ചോദിക്കുന്നു. പൊക്കക്കാരനായ കമ്മിസ്സാർ തർജ്ജമചെയ്തുകൊടുക്കുന്നു.

"അവൻ ഇനിയും റഷ്യയുടെ വിജയത്തിൽ വിശ്വസിക്കുന്നു?"

"സ്വാഭാവികമായും മറിച്ചാവാൻ സാധ്യമല്ല."

എനിക്കു ക്ഷീണമായിരിക്കുന്നു. കരുതലോടെയിരിക്കുവാൻ ഞാൻ സകല ശക്തിയുമൊന്നിച്ചുസംഭരിച്ചിരുന്നു. ആഴമുള്ള ഒരു മുറിവിൽനി ന്നു ചോര വാർന്നുപോകുന്നതുപോലെ വേഗത്തിൽ ബോധം ശൂന്യമായി ക്കൊണ്ടിരിക്കുന്നു. അവർ എൻെറ നേരേ കൈനീട്ടിയതായിത്തോന്നി. ഒരുപക്ഷേ എൻെറ നെററിയിൽ മരണത്തിൻെറ കുറികൾ വായിച്ചിട്ടാ യിരിക്കാം. ചില രാജ്യങ്ങളിൽ കഴുവിലേററുവാൻ കൊണ്ടുപോകുന്നതി നുമുമ്പ് കൊലയാളി കൊലപ്പുള്ളിയെ ചുംബിക്കുന്ന പതിവുണ്ടത്രെ!

സായാഹ്നം!

രണ്ടാളുകൾ മുമ്പുംപിമ്പുമായി കൈകൂപ്പി വട്ടത്തിൽ ചുററിനടന്നു കൊണ്ടു പൊരുത്തമില്ലാത്ത ദയനീയസ്വരത്തിൽ ഒരു ശോകസങ്കീർത്തനം പാടുകയാണ്:

"സൂര്യപ്രകാശവും താരകശോഭയും
തീരെ നമുക്കു മറഞ്ഞിടുമ്പോൾ......"

ഏ മഹാത്മാക്കളേ, നിറുത്തു. അതൊരു നല്ല പാട്ടായിരിക്കാം. പക്ഷെ ഇന്ന്, മേയ് ദിനത്തിൻെറ തലേദിവസമാണ്. മനുഷ്യന് ഏററവും സുഖദവും സുന്ദരവുമായ ഒഴിവുദിവസത്തിൻെറ തലേദിവസം. ആനന്ദകരമായിട്ടെന്തെങ്കിലും പാടുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ട്. പക്ഷെ, അതു കൂടുതൽ വ്യസനകരമായിത്തീരുന്നുണ്ടായിരിക്കാം. കാരണം, കരേക്ക് മുഖംതിരിക്കുന്നു, ദാദ കണ്ണു തുടയ്ക്കുന്നു. ആരാണിതു ശ്രദ്ധിക്കുവാൻ? ഞാൻ ഗാനം തുടരുകയാണ്. പിമ്പേ അവരും സാവധാനം എൻെറകൂടെക്കൂടി. ഞാൻ സുഖകരമായ ഒരവസ്ഥയിൽ നിദ്രയിലാണ്ടുപോയി!

മേയ് ഒന്നാംതീയതി വെളുപ്പാൻകാലം.

ജയിൽഗോപുരത്തിലെ മണി മൂന്നടിക്കുന്നു. ആദ്യമായിട്ടാണു ഞാനതു വ്യക്തമായി കേൾക്കുന്നത്. എനിക്കു വീണ്ടും നല്ല ബോധം വീണിരിക്കുന്നു. തുറന്ന ജാലകത്തിലൂടെ അകത്തു കടന്ന്, നിലത്തു കിടക്കുന്ന എൻെറ വൈക്കോൽപായിൽ പരക്കുന്ന ശുദ്ധവായു എനിക്കാസ്വദിക്കുവാൻ കഴിയുന്നു. പെട്ടെന്നു പൊങ്ങിനില്ക്കുന്ന വൈക്കോലിഴകൾ എൻെറ ദേഹത്തിൽ സ്പർശിക്കുന്നു. ശ്വാസോച്ഛ്വാസത്തിനു പ്രയാസമുണ്ട്. എൻെറ ശരീരത്തിലെവിടെനോക്കിയാലും ഒരായിരം വേദനകളുണ്ട്. ഒരു കതകു തുറന്നുനോക്കിയാലെന്നതുപോലെ ഇതു് എൻെറയവസാനമാണെന്നെനിക്കു വ്യക്തമായിക്കാണുവാൻ കഴിയുന്നുണ്ട്. ഞാൻ മരിച്ചുകൊണ്ടിരിക്കയാണ്.

മരണമേ, ഒരു നീണ്ട സമയം വേണ്ടിവന്നു നിനക്കിവിടെയെത്തുവാൻ. ഞാൻ കരുതിയിരുന്നു വളരെവളരെക്കാലം കഴിഞ്ഞേ നിന്നെ പരിചയപ്പെടുകയുള്ളുവെന്ന്. ഞാൻ ഒരു സ്വതന്ത്രമനുഷ്യനായി ജീവിക്കുവാനാശിച്ചു. വളരെയധികം പണിയെടുക്കുവാനും സ്നേഹിക്കുവാനുമാഗ്രഹിച്ചു. ലോകം മുഴുവൻ പാട്ടുപാടിക്കൊണ്ടു ചുററിനടക്കുവാൻ മോഹിച്ചു. എനിക്കു വളർച്ചയെത്തിയിട്ടേയുണ്ടായിരുന്നുള്ളു; വളരെയധികം ശക്തിയുമുണ്ടായിരുന്നു. ഇനിയതൊന്നും എനിക്കില്ല. എല്ലാം അസ്തമിക്കുകയാണ്.

ഞാൻ ജീവിതത്തെ സ്നേഹിച്ചു. അതിൻെറ സൗന്ദര്യത്തിനുവേണ്ടി പടവെട്ടുവാൻ പുറപ്പെട്ടു. നാട്ടുകാരേ, ഞാൻ നിങ്ങളെ സ്നേഹിച്ചു, നിങ്ങളെന്നെയും സ്നേഹിക്കുന്നതിൽ ഞാനത്യന്തം സന്തോഷിച്ചു. നിങ്ങളെന്നെ തെററിദ്ധരിക്കുന്നതിൽ ഞാൻ വേദനയനുഭവിച്ചു. നിങ്ങളിലാർക്കെങ്കിലും ഞാൻ തെററു ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു മാപ്പുതരിക.

ആരെയെങ്കിലും ഞാൻ ആനന്ദിപ്പിച്ചിട്ടുണ്ടെങ്കിൽ വിസ്മരിക്കുക. എൻെറ വേരിൽ വ്യസനിക്കുവാൻ വഴിവെയ്ക്കരുത് ഇതാണെൻെറ മരണസന്ദേശം; അമ്മയ്ക്കും, അച്ഛനും, സഹോദരിമാക്കും എൻെറ ഗസ്തീനയ്ക്കും, സഖാക്കൾക്കും, ഞാൻ സ്നേഹിക്കുന്ന മററെല്ലാവക്കും. കണ്ണുനീരിനു ദുഃഖത്തിൻെറ പൊടിയൊതുക്കുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിൽ സ്വല്പസമയം കരഞ്ഞേയ്ക്കുക. എന്നാൽ വ്യസനിക്കരുത്. ആനന്ദത്തിനുവേണ്ടിയാണു ഞാൻ ജീവിച്ചത്, ആനന്ദത്തിനുവേണ്ടിയാണു ഞാൻ മരിക്കുന്നതും. എൻെറ ശവകുടീരത്തിൽ ഒരു ദുഃഖത്തിൻെറ മാലാഖയെ പ്രതിഷ്ഠിക്കുന്നത് ഒരനീതിയായിരിക്കും.

മേയ് ഒന്നാംതീയതി! ഈ സുപ്രഭാതത്തിൽ ഞങ്ങൾ നാട്ടിൻപുറങ്ങളിലായിരിക്കുമ്പോൾ നേരത്തേ ഉണൎന്നെണീററു കൊടികൾ തയാറാക്കും. ഈ സമയത്തു മോസ്കോവിലെ തെരുവുകളിൽ മുൻകിടപ്പട്ടാളവിഭാഗങ്ങൾ മേയ്ദിനപ്രകടനത്തിനു നിരന്നിട്ടുണ്ടായിരിക്കും. ഇന്നാകട്ടെ, ഈ സമയത്ത് കോടിക്കണക്കിനാളുകൾ മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസാനസമരത്തിൽ പടവെട്ടുകയാണ്. ആയിരക്കണക്കിനാളുകൾ മരിച്ചുകൊണ്ടിരിക്കുകയാണ്. ഞാനും അവരിലൊരുവൻതന്നെ. അവരിലൊരുവനായിരിക്കുക—അവസാനസമരത്തിലെ പടയാളികളിലൊരുവനായിരിക്കുക—അഭിലഷണീയമായ ഒരവസ്ഥയാണത്.

എന്നാൽ മരണം മനോഹരമല്ല. എനിക്കു ശ്വാസംമുട്ടുന്നു. എൻെറ തൊണ്ടയിൽ ചില കുറുങ്ങലുകൾ കേൾക്കുന്നു. ഞാൻ കൂട്ടുതടവുകാരെയുണത്തിയേക്കുമോ? അല്പം വെള്ളം കുടിച്ചിരുന്നെങ്കിൽ!...... പക്ഷെ, പാത്രത്തിലുള്ള വെള്ളമെല്ലാം തീൎന്നിരിക്കുന്നു. ഒരാറടിയകലെ, മുറിയുടെ മൂലയിൽ, കൈകഴുകുന്നിടത്തു വെള്ളമിരിപ്പുണ്ട്. അവിടെപ്പോയി അതെടുക്കുവാൻ എനിക്കു ശക്തിയുണ്ടോ?

ഞാൻ വയറുകുത്തിയിഴയുകയാണ്, നിശ്ശബ്ദമായിട്ട്; ആരെയും ഉണത്താതിരിക്കുന്നതിലാണ് എൻെറ മരണത്തിൻെറ മാഹാത്മ്യമെന്നതുപോലെ നിശ്ശബ്ദമായിട്ട്. തൊട്ടിയിൽനിന്ന് ആത്തിയോടെ വെള്ളം കോരിക്കുടിച്ചു.

എത്ര സമയം അതിനു വേണ്ടിവന്നുവെന്നറിഞ്ഞുകൂട, എത്ര സമയംകൊണ്ടാണ് ഇഴഞ്ഞുതിരിച്ചെത്തിയതെന്നറിഞ്ഞുകൂടാ. ബോധം വീണ്ടും വിട്ടുപോകുന്നു. ഞാൻ കൈത്തണ്ടയിലെ നാഡി പിടിച്ചുനോക്കുകയാണ്. ഒന്നും തോന്നുന്നില്ല. ഹൃദയം തൊണ്ടയിലെത്തുംവണ്ണം കുതി

ച്ചുചാടുന്നു; പെട്ടെന്നു പിന്നോട്ടുലയ്ക്കുന്നു. ഞാൻ അതോടൊപ്പം വീണു പോകുന്നു, വളരെ നേരമായി അങ്ങനെ വീണുപോകുന്നു. ഇടയ്ക്കുതാ, കരേക്കിന്റെ ശബ്ദമാണ്.

"ദാദാ, ദാദാ, കേൾക്കണില്ലേ, പാവം മരണവായുവലിയ്ക്കുയാണ്."

പുലച്ചയായപ്പോൾ ഡോക്ടർ വന്നു. എന്നാൽ വളരെനേരം കഴിഞ്ഞിട്ടാണ് ഞാനതെല്ലാം മനസ്സിലാക്കിയത്.

അയാൾ വന്ന് എന്നെ പരിശോധിച്ചു തലകുലുക്കിക്കൊണ്ട് ആശുപത്രിയിലേയ്ക്കു പോയി. തലേദിവസം വൈകുന്നേരം എന്റെ പേരിൽ എഴുതിച്ചേർത്തിരുന്ന മരണറിപ്പോർട്ടെടുത്തു വലിച്ചുകീറി ഒരു വിദഗ്ദ്ധന്റെ ആത്മവിശ്വാസത്തോടുകൂടിപ്പറഞ്ഞു:

"ഒരു കുതിരയുടെ ദേഹമാണവന്റ്."

## അദ്ധ്യായം മൂന്ന്

# തടവുമുറി 267

ഏഴടി വാതില്ക്കൽനിന്നു ജനാലവരെയങ്ങോട്ടും ഏഴടി ജനാലയ്ക്കൽനിന്നു വാതില്ക്കൽവരെയിങ്ങോട്ടും.

എനിക്കതു കാണാപ്പാഠമാണ്.

പയിൻപലക വിരിച്ച പാൻക്രാററ് തടവുമുറിക്കകത്ത് ഈ ദൂരം എത്ര തവണയാണു ഞാൻ നടന്നിട്ടുള്ളത്! ഒരുപക്ഷേ ആ തടവുമുറിയിൽ ഞാനങ്ങനെയിരുന്നത് ഞങ്ങളുടെ നഗരവാസികളുടെ വിനാശകരമായ നയംമൂലം ചെക്കുരാഷ്ട്രത്തിനു നേരിട്ട ദുരന്തഫലങ്ങൾ അത്രമാത്രം വ്യക്തമായിക്കണ്ടെത്തുകൊണ്ടായിരിക്കാം. എൻെറ രാഷ്ട്രം ഇപ്പോൾ ക്രൂശിക്കപ്പെട്ടിരിക്കയാണ്. എൻെറ തടവുമുറിക്കു മുമ്പിൽ ജമ്മൻപാറാവുകാർ ചുററിനടക്കുന്നു, പുറത്തെവിടെയോ രാഷ്ട്രീഭാഗധേയത്തിൻെറ വിധികത്താക്കൾ രാജ്യദ്രോഹത്തിൻെറ കൊടുമ്പിരിക്കൂട്ടുകയാണ്. മനുഷ്യനു കണ്ണുതുറക്കുവാൻ എത്ര നൂററാണ്ടുകൾ പിടിക്കും? എത്രായിരം തുറുങ്കുകളാണു മനുഷ്യവർഗ്ഗം അതിൻെറ പുരോഗതിയിൽ പിന്നിട്ടിട്ടുള്ളത്? ഇനിയെത്രയിങ്ങനെ കടന്നുപോകുവാനിരിക്കുന്നു? ഓ, നെരൂദയുടെ ഉണ്ണി

...രക്ഷ്യൻെറ മുക്തിമാർഗ്ഗത്തിന്നവസാനമില്ല. എന്നാൽ മനുഷ്യൻ അവസാനമുണൎന്നിരിക്കുന്നു, ഉയിൎത്തെഴുന്നേററിരിക്കുന്നു!

ഏഴടിയങ്ങോട്ടും ഏഴടി പിന്നോട്ടും. ഒരു ചുമരിനോടു ചേൎന്ന് ഒരു ചാരുപടിയുണ്ട്. മറേറ ചുമരിൽ തവിട്ടുനിറത്തിലുള്ള ഒരു മകിണ്ട ചുമർപലകയും അതിൽ ഒരു മൺപാത്രവും വെച്ചിട്ടുണ്ട്. അതെ, എനിക്കതെല്ലാമറിയാം. ഇക്കാലത്തെ ജയിലുകൾ യന്ത്രീകൃതങ്ങളാണ്. പഴയ തൊട്ടിയുടെ സ്ഥാനത്ത് ഫ്ളഷ് ടോയിലററ് (സ്വയംശോധിനിയായ ഭരണിപ്പാത്രം). ജനങ്ങളുംകൂടി യന്ത്രീകൃതങ്ങളായിരിക്കുന്നു—മുഖ്യമായി മനുഷ്യർ—വെറും യന്ത്രപ്പാവകൾ. ഒരു ബട്ടൺ പിടിച്ചമത്തിയാൽ കതകിന്റെ താഴിൽ ഒരു താക്കോൽ കറങ്ങുന്ന ശബ്ദം, അഥവാ മുറിയിലേയ്ക്കുള്ള ദൎശനദ്വാരം തുറക്കുകയായി—തടവുകാർ എന്തുചെയ്യുകയായിരുന്നാലും ചാടിഎഴുന്നേററ് മുമ്പുപിമ്പായിട്ടണിനിരക്കുന്നു. വാതിൽ തുറക്കുമ്പോൾ മുറിയിലെ മൂപ്പൻ ഒററശ്വാസത്തിൽ വിളിച്ചുപറയണം:

"അററൻഷൻ! മുറിനമ്പർ ഇരുനൂററരുപത്തേഴ്. മൂന്നുപേർ—എല്ലാം ശരി."

ഇരുനൂററരുപത്തേഴാംനമ്പർ ഞങ്ങളുടെ മുറിയാണ്. എന്നാൽ ഇവിടത്തെ യന്ത്രപ്പാവകൾ ഇന്ന് അത്ര കൃത്യമായി പ്രവൎത്തിക്കുന്നില്ല. രണ്ടുപേർ മാത്രമേ ചാടിയെഴുന്നേല്ക്കുന്നുള്ളു. ഞാൻ അപ്പോഴും ജനാലയ്ക്കു താഴെ എന്റെ വൈക്കോൽക്കിടക്കയിൽ അനങ്ങാതെ കിടക്കുകയാണ്. ഒരാഴ്ച, ഒരു മാസം, ഒന്നരമാസമായി ഞാൻ ഇങ്ങനെ മുഖംപൊത്തിക്കിടക്കുന്നു. ഞാനിതാ പുനൎജ്ജന്മമെടുത്തിരിക്കയാണ്. എനിക്കു തല തിരിക്കുകയും കൈയ് പൊക്കുകയും ചെയ്യാം. ഞാൻ ഒരു കൈമുട്ടു കുത്തിപ്പൊങ്ങി ഒന്നു മലൎന്നുകിടക്കുവാനും പരിശ്രമിച്ചു. എന്നാൽ അപ്പോൾ അതു ചെയ്യാൻ കഴിഞ്ഞതിനെക്കാൾ വേഗത്തിൽ തീച്ചയായും എനിക്കതെഴുതുവാൻ കഴിയും.

തടവുമുറിയിൽ മാററങ്ങൾ വന്നിട്ടുണ്ട്. വാതിൽപ്പലകമേൽ എഴുതിവെച്ചിരുന്ന മൂന്നുപേരുടെ സ്ഥാനത്ത് രണ്ടു പേരുകളേയുള്ളു. കാരണം, എന്റെ ശവസംസ്കാരത്തിനു വിലാപഗാനം പാടിയ രണ്ടുപേരിൽ ഇളയവനായ കരേക്കിനെ കാണാനില്ല. അയാൾ വിട്ടുപോയിട്ടുള്ളതാകെ ദയാമസൃണമായ ഒരു ഹൃദയത്തിന്റെ സ്മരണകൾ മാത്രമാണ്. എനിക്കയാളെ ഒരു സ്വപ്നച്ഛായപോലെ മാത്രമേ ഓൎക്കുവാൻ കഴിയുന്നുള്ളു. അയാൾ വീണ്ടും തന്റെ കേസിന്റെ വിവരങ്ങൾ ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞിരുന്നു. ഞാനാകട്ടെ, എല്ലായ്പോഴും അയാളുടെ കഥകൾക്കിടയിൽ കിടന്നുറങ്ങിപ്പോകും.

അയാളുടെ പേരു് കരേക്ക് മലേററ്സെന്നാണു്. ഹഡ്ലിററ്സിനാട്ടത്തു് ഏതോ ഒരിരുമ്പുഖനിയിൽ പണിയെടുത്തിരുന്ന ഒരു യന്ത്രവേലക്കാരൻ. അയാൾ ഒളിപ്പോരിനാവശ്യസ്ഫോടകസാധനങ്ങൾ എത്തിച്ചുകൊടുത്തിരുന്നു. ഏതാണ്ടു രണ്ടുകൊല്ലംമുമ്പു് അറസ്റ്റുചെയ്യപ്പെട്ടു. ഇപ്പോൾ, ഒരുപക്ഷേ ബർളിനിലേയ്ക്കായിരിക്കാം, വിചാരണയ്ക്കു കൊണ്ടുപോയിരിക്കയാണു്. ഒരു സംഘം മുഴുവനുണ്ടു്. എന്തായിരിക്കും ശിക്ഷയെന്നു് ആർക്കറിയാം? അയാൾ സ്നേഹിക്കുന്ന, ആത്മാർത്ഥമായി സ്നേഹിക്കുന്ന, ഭാര്യയും രണ്ടു കുട്ടികളുമുണ്ടു്. എന്നാൽ.....ഇതെൻെറ കടമയായിരുന്നു. നിങ്ങൾ കാണുന്നില്ലേ, വേറെയൊന്നും എനിക്കു ചെയ്യുവാൻ കഴിവില്ല.

അയാൾ എൻെറ വിരിയിലിരുന്നു് എന്നെക്കൊണ്ടു ഭക്ഷണം കഴിപ്പിക്കുവാൻ പാടുപെടാറുണ്ടു്. എനിക്കൊന്നും കഴിക്കുവാൻ കഴിയില്ല. ശനിയാഴ്ച—എട്ടുദിവസമായോ ഞാനിവിടെയെത്തിയിട്ടു്?—അയാൾ നിരാശനായി അവസാനത്തെയടവുതന്നെയെടുത്തു. ഞാനിവിടെ വന്നതിൽപിന്നെ യാതൊന്നും കഴിച്ചിട്ടില്ലെന്നു പോലീസ്മേധാവിയെ അറിയിച്ചു. ആ പോലീസ്മേധാവി—പാൻക്രാററ്സ് തടവുകാക്കു് ഒരു നിത്യശാപമായിരുന്ന എസ്സെസ്സ് പട്ടാളവേഷക്കാരൻ—(അയാളുടെ അനുമതികൂടാതെ അവിടത്തെ ചെക്കുഡോക്റ്റർക്കു് ഒരു തലവേദനയ്ക്കു കുറിക്കുവാൻപോലുമധികാരമുണ്ടായിരുന്നില്ല!) ഒരുപിഞ്ഞാണം ‘ആശുപത്രിവെള്ളം’ കൊണ്ടുവന്നു് ഞാനതു കഴിക്കുന്നതുവരെ എൻെറയടുത്തു നിന്നു. അധികാരസ്ഥാനത്തറിയിച്ചതിനാലുണ്ടായ സാഫല്യത്തിൽ കരേക്കിനു വളരെ സംതൃപ്തിയായി. അടുത്തദിവസം അയാൾതന്നെ ഒരുപാത്രം ‘ഞായറാഴ്ചസ്സൂപ്പു്’ എനിക്കൊഴിച്ചുതന്നു.

എന്നാൽ എനിക്കിനിയും കഴിക്കുവാൻ വയ്യ. ഞങ്ങളുടെ ഞായറാഴ്ചത്തീററയിലുള്ള വെന്തളിഞ്ഞ ഉരുളക്കിഴങ്ങുപോലും എൻെറ ചതഞ്ഞുപൊട്ടിയ മോണകൾക്കു ചവയ്ക്കുവാൻ വയ്യ. ഒരു ചെറിയ ശകലം പോലും എൻെറ വിങ്ങിവീർത്ത തൊണ്ടയിലൂടെ ഇറക്കുവാൻ വയ്യ.

“ഇയാൾക്കു് ഇറച്ചിക്കറിപോലും വേണ്ട” കരേക്ക് ആവലാതിപ്പെട്ടു വ്യസനപൂർവ്വം എൻെറ നേരെ തലയാട്ടി.

പിന്നീടയാൾ എനിക്കുവേണ്ടി കൊണ്ടുവന്ന ഭക്ഷണം സമം വങ്കുവെച്ചു് വൃദ്ധനു കൊടുത്തു. പാതിയെടുത്തു കോരിക്കോരി വിഴുങ്ങുവാൻ തുടങ്ങി.

1942 കാലത്തു് പാൻക്രാററ് സ്ജയിലിൽ കിടന്നിട്ടില്ലാത്ത നിങ്ങൾക്കു് ആ ഇറച്ചിക്കറിയുടെ രുചിയെന്തെന്നറിഞ്ഞുകൂടാ. നിങ്ങൾ ക്കൊരിക്കലും അതറിയുവാൻ കഴിയുകയില്ല. ആ നശിച്ച ദിവസങ്ങളിൽ വയറുവിശന്നു മുരളുവാൻ തുടങ്ങുമ്പോൾ, ആഴ്ച്ചയിലൊരിക്കൽ മാത്രം കുളിക്കാൻ പുറത്തിറക്കുന്ന കോലങ്ങൾ മനുഷ്യത്തൊലിയിൽ പൊതിഞ്ഞ അസ്ഥികൂടങ്ങളായിരിക്കുമ്പോൾ, നിങ്ങളുടെ ഉററചങ്ങാതി നിങ്ങൾക്കുവേണ്ടി കൊണ്ടുവന്ന ഭക്ഷണം കണ്ണുകൊണ്ടെങ്കിലും കവൎന്നു തിന്നുകൊണ്ടിരിക്കുമ്പോൾ, വരണ്ടുകരിഞ്ഞു് പുകഞ്ഞ പച്ചക്കറികളും വെള്ളംകൂട്ടി നീട്ടിയ തക്കാളിരസവുംചേൎന്നു കണ്ടാലറയ്ക്കുന്ന കഞ്ഞിയായാലും അതു് ഒരു രുചിയേറിയ പദാൎത്ഥംതന്നെയാണു്. ആ നശിച്ച ദിവസങ്ങളിൽ ആഴ്ച്ചയിൽ രണ്ടുതവണ—വ്യാഴാഴ്ച്ചയും ഞായറാഴ്ച്ചയും—കലവറക്കാരൻ ഞങ്ങളുടെ പിഞ്ഞാണങ്ങളിൽ ഒരു കയിൽ ഉരുളക്കിഴങ്ങു വേവിച്ചതു കോരിയിട്ടു് അതിൻെറ മീതേ അല്പം കഷണവും അധികം വെള്ളവുമായി ഒരു സ്പൂൺ ഇറച്ചിക്കറിയൊഴിച്ചുതരും. എന്നാൽ അത്ഭുതകരമായ രുചിയായിരുന്നു അതിനു്. രുചിയെക്കാളധികം, അതു മനുഷ്യജീവിതത്തിൻെറ സാകാരമായ ഒരനുസ്മരണമായിരുന്നു, നാസിത്തടവിലെ ക്രൂരമായ വൈപരീത്യത്തിൻെറ നടുവിലുള്ള സാധാരണജീവിതത്തിൻെറ ഏതോ ഒന്നായിരുന്നു; പരിഷ്കൃതമായ ഏതോ ഒന്നായിരുന്നു. ഞങ്ങൾ അതിനെപ്പററി സരസമായി സംസാരിച്ചിരുന്നു. അനുദിനം മരണഭീതി വളൎന്നുകൊണ്ടിരിക്കുമ്പോൾ ഒരു സ്പൂൺ ഇറച്ചിക്കറിയുടെ വെള്ളത്തിനു നേടാൻ കഴിയുന്ന മാനുഷികമൂല്യത്തിൻെറ മാഹാത്മ്യം ആൎക്കാണു മനസ്സിലാക്കുവാൻ കഴിയുക?

ഞാൻ ഇറച്ചിക്കറി വേണ്ടെന്നു പറഞ്ഞപ്പോൾ കരേക്കു് എത്രമാത്രം പരിഭ്രമിച്ചുവെന്നും രണ്ടു മാസത്തിനുശേഷം എനിക്കു മനസ്സിലായി. ഇറച്ചിക്കറി കഴിക്കുവാൻപോലും നിഷേധിച്ചുവെന്ന ഒരൊററ സംഗതിയിൽ ക്കവിഞ്ഞു വ്യക്തമായ യാതൊരു തെളിവും എൻെറ മരണമടുത്തിരിക്കുന്നുവെന്നതിന്നാവശ്യമുണ്ടായിരുന്നില്ല!

അതിനടുത്ത രാത്രി രണ്ടുമണിക്കു് അവർ കരേക്കിനെ ഉണൎത്തി. അഞ്ചുമിനിട്ടിനുള്ളിൽ അയാൾക്കു യാത്രയൊരുങ്ങണം. ജീവിതത്തിൻെറ അവസാനത്തിലേയ്ക്കുള്ള യാത്രയല്ല, നിമിഷനേരത്തേയ്ക്കു പുറത്തുപോകുന്നതുമാതിരി. മറെറാരു തുറുങ്കിലേയ്ക്കോ, കൂട്ടത്തടവിലേയ്ക്കോ, തൂക്കുമരത്തിലേയ്ക്കോ—ആൎക്കറിയാം എവിടേയ്ക്കാണെന്നു്? അയാൾ വളരെനേരം കൊണ്ടു് ഞാൻ കിടക്കുന്നതിന്നരികിൽവന്നു മുട്ടുകുത്തി എൻെറ തല

വട്ടംപിടിച്ചു ചുംബിച്ചു. അപ്പോഴേയ്ക്കും പാൻക്രാററ്സിൽ മുദുലവികാരങ്ങൾക്കു സ്ഥാനമില്ലെന്ന് ഉടുപ്പിട്ട ശിപായി വിളിച്ചുപറഞ്ഞ പരുപരുത്ത ശബ്ദം നടുവരാന്തയിൽ മുഴങ്ങി. കരേക്ക് പുറത്തേയ്ക്കോടിപ്പോയി. കതകിൽ താഴവീണു......തുറുങ്കിനകത്തു ഞങ്ങൾ രണ്ടുപേർ മാത്രമായി.

ഞങ്ങൾ ഇനിയെന്നെങ്കിലും കണ്ടുമുട്ടുമോ? ആരായിരിക്കും ഇനി ആദ്യം പോകുന്നതു്? ശേഷിച്ച ഞങ്ങളിരുവരിലായിരിക്കും ഇനിയാദ്യം പോകുന്നതു്? എങ്ങോട്ടു്? ആരായിരിക്കും കൊണ്ടുപോകുവാൻ വരുന്നതു്? ഉടുപ്പിട്ട പട്ടാളക്കാരനോ ഉടുപ്പിടാത്ത മരണമോ?

തടവുമുറിയിൽവെച്ചുണ്ടായ ആദ്യത്തെ വേർപാടിനെത്തുടർന്നു ഞെരുക്കിപ്പിടിച്ച ചിന്തകളുടെ പ്രതിദ്ധ്വനികളാണു ഞാനിപ്പോൾ പകുത്തുന്നതു്. അതിനുശേഷം ഒരുകൊല്ലം കഴിഞ്ഞു. ഞങ്ങളെപ്പിരിഞ്ഞുപോയ ചങ്ങാതിയുടെ പിന്നാലെ പുറത്തേയ്ക്കു പടന്ന ചിന്തകൾ ചിലപ്പോൾ മൂച്ചുകൂട്ടിയും ചിലപ്പോൾ കുറഃഞ്ഞും ആവർത്തിക്കാറുണ്ടു്. ഞങ്ങളുടെ മുറിയുടെ വാതിൽപലകമേൽ കുറിച്ചുവെച്ചിരുന്ന പേരുകൾ രണ്ടിൽനിന്നു മൂന്നായി വദ്ധിച്ചു—വീണ്ടും രണ്ടുമാത്രം, പിന്നെ മൂന്നു്, രണ്ടു്, മൂന്നു്, രണ്ടു്—പുതിയ തടവുകാർ ഞങ്ങളോടു ചേരുകയും പിരിഞ്ഞുപോവുകയുംചെയ്യുന്ന തോതനുസരിച്ചു്. ഇരുനൂററുപത്തേഴാംനമ്പർ മുറിയിൽ രണ്ടുപേർ മാത്രമേ വീണ്ടും സ്ഥിരമായിട്ടവശേഷിക്കുന്നുള്ളു.

"ദാദ"യും ഞാനും.

ദാദ അറുപതുവയസ്സായ ഒരദ്ധ്യാപകനാണു്. ജോസഫ്പ്പെഷേക്ക് എന്നാണു പേരു്. അറസ്ററുചെയ്യപ്പെട്ട അദ്ധ്യാപകന്മാരിൽ ഏററവും പ്രായംചെന്നയാൾ. എന്നെക്കാൾ എൺപത്തഞ്ചുദിവസം മുമ്പു പിടിക്കപ്പെട്ടു. വിമോചനത്തിനുശേഷം ചെക്കുവിദ്യാലയങ്ങൾ പുനരുദ്ധരിക്കുവാനുള്ള ഒരു പദ്ധതിയുണ്ടാക്കിയതുകൊണ്ടു് ജമ്മൻഭരണത്തിനെതിരായി ഗൂഢാലോചന നടത്തിയെന്നാണു കുററാരോപണം.

"ദാദ".........!

എന്നാൽ അതെല്ലാം എപ്പോഴാണു്, എങ്ങനെയാണു്, എഴുതുവാൻ കഴിയുക? ഒരുകൊല്ലം ഒരേമുറിയിൽ കഴിച്ചുകൂട്ടിയ രണ്ടുപേരെ വണ്ണിക്കുക! അതൊരു പ്രയാസമുള്ള പണിയാണു്. അക്കാലത്തു് അദ്ദേഹത്തിൻെറ "ദാദ"യെന്ന പേരിനോടുകൂടിച്ചേർത്തിരുന്ന ഉദ്ധരണചിഹ്നങ്ങൾ തേഞ്ഞുമാഞ്ഞുപോയി. അക്കാലത്തു് വിഭിന്നവയസ്കരായ

DISTRIBUTING LIBRARY KOTTAYAM No. 3476

രണ്ടു തടവുകാർ വാസ്തവത്തിൽ പിതൃപുത്രബന്ധത്തിലേർപ്പെട്ടു. അക്കാലത്തു് ഞങ്ങൾ ഓരോരുത്തന്റെയും പ്രത്യേകമായ സംസാരശൈലികളും സ്വാഭാവികമായ അംഗവിക്ഷേപരീതികളും സ്വ[illegible]ത്തിന്റെ സമ്പ്രദായങ്ങൾപോലും അന്യോന്യം സ്വീകരിച്ചു. ആ തടവുമുറിയിലുള്ള സ്വകാര്യവസ്തുക്കളിൽ ഏതാണെന്റെ, ഏതാണദ്ദേഹത്തിന്റെ, എന്താണു ഞാൻ കൊണ്ടുവന്നതു്, എന്താണദ്ദേഹം കൊണ്ടുവന്നതു് എന്നു പറയുവാൻ പ്രയാസമായി.

KOTTAYAM PUBLIC LIBRARY KOTTAYAM 84847

അദ്ദേഹം രാത്രിതോറും എന്നോടൊപ്പം ഉറക്കമൊഴിച്ചിരുന്നു മരണംവന്നു മുട്ടിവിളിക്കുമ്പോഴെല്ലാം വെള്ളത്തിൽമുക്കിയ കെട്ടുതുണികളാൽ അതിനെ ആട്ടിയോടിച്ചുകളഞ്ഞിട്ടുണ്ടു്. അദ്ദേഹം എന്റെ മുറിവുകളിലെ ചലം കളഞ്ഞു കഴുകി വൃത്തിയാക്കും. എന്റെ കിടപ്പിടത്തിന്റെ പരിസരത്തിൽ പററിനിന്നിരുന്ന ദുസ്സഹമായ ദുർഗ്ഗന്ധം അദ്ദേഹത്തെ ഒരിക്കലും അസുഖപ്പെടുത്തുന്നതായി കണ്ടിട്ടില്ല. അദ്ദേഹം എന്റെ കീറക്കുപ്പായമലക്കുകയും തുന്നിക്കുത്തുകയും ചെയ്തിരുന്നു. തുന്നിച്ചേർക്കുവാൻ കഴിയാതെവന്നപ്പോൾ അദ്ദേഹത്തിന്റെ സ്വന്തമായ ഒരുടുപ്പെടുത്തു് എന്നെയിടുവിച്ചു. ഒരുദിവസം ജയിൽമുററത്തു പതിവായിട്ടുള്ള അരമണിക്കൂർക്കവാത്തിനു പോയപ്പോൾ അദ്ദേഹം ജീവൻ പണയപ്പെടുത്തി പറിച്ചെടുത്ത ഒരു ചെറിയ ദേശിപ്പൂവും ഒരുപിടി പച്ചപ്പുല്ലും എനിക്കു കൊണ്ടുവന്നുതന്നു. ഓരോ തവണയും എന്നെ മറെറാരു വിചാരണയ്ക്കു പുറത്തിറക്കിക്കൊണ്ടുപോകുമ്പോൾ അദ്ദേഹത്തിന്റെ ദയാമസൃണങ്ങളായ നയനങ്ങൾ എന്നെ പിൻതുടരുകയും ഞാൻ മടങ്ങിവരുമ്പോൾ കാണുന്ന പുതിയ മുറിവുകളിൽ അദ്ദേഹം സ്നേഹപൂർവ്വം വെള്ളത്തുണികൾ വെച്ചുകെട്ടുകയും ചെയ്തിരുന്നു. രാത്രിയാണു് എന്നെ കൊണ്ടുപോകുന്നതെങ്കിൽ അവരെന്നെ തിരിച്ചുകൊണ്ടുവന്നു ചാരുപടിയിൽ കിടത്തി കമ്പിളിയെടുത്തു നല്ലപോലെ മൂടിപ്പുതപ്പിച്ചുകഴിയുന്നതുവരെ അദ്ദേഹം ഉറങ്ങാറില്ല.

അങ്ങനെയാണു് ആദ്യരാത്രിയിലെ മർദ്ദനംമുതല്ക്കുതന്നെ ഞങ്ങളുടെ ബന്ധം തുടങ്ങിയതു്. എനിക്കു വീണ്ടും തനിച്ചെഴുനേററുനില്ക്കാറാവുകയും ഞാൻ ആ പിതാവിനോടുള്ള കടമകൾ നിർവ്വഹിക്കുവാൻ തുടങ്ങുകയുംചെയ്തതിനുശേഷം യാതൊന്നും ആ ബന്ധത്തെ നശിപ്പിച്ചിട്ടില്ല.

അതെല്ലാം അങ്ങനെ ഒററയിരുപ്പിലെഴുതിയവസാനിപ്പിക്കുവാൻ ഒരിക്കലും സാധ്യമല്ല. ഇരുനൂററുപത്തേഴാംനമ്പർ മുറിയ്ക്കു് അക്കൊല്ലം ഒരു ധന്യമായ ജീവിതമായിരുന്നു. ദാദ അതിന്റെയോരോ ശകലവും

വേണ്ടമാതിരിയുപയോഗിച്ചു. പക്ഷേ, കഥ ഇവിടെയവസാനിക്കയായില്ല. അതിനു പ്രതീക്ഷയുടെ ഒരു ധ്വനികൂടിയുണ്ട്.

ഇരുനൂററിരുപത്തേഴിന് ഒരു ധന്യമായ ജീവിതമായിരുന്നു. ഇടയ്ക്കിടയ്ക്കു വാതിൽ തുറക്കും. മണിക്കൂറിൽ മണിക്കൂറിൽ ഞങ്ങളെ പരിശോധിക്കും. കമ്യൂണിസ്ററുപുള്ളികളെ കൂടുതൽ സൂക്ഷിച്ചുകൊള്ളണമെന്നു കല്പനയുള്ളതുകൊണ്ടാണ്. എന്നാൽ വെറും ജിജ്ഞാസയും കാരണമാകാറുണ്ട്. ഇവിടെ പലപ്പോഴും അവിചാരിതമായി മരണങ്ങൾ സംഭവിക്കാറുണ്ട്. എന്നാൽ മരിക്കുമെന്നു കരുതപ്പെട്ടവൻ ജീവനോടെയിരിക്കുക സംഭവിക്കാറില്ല. അടുത്ത വരാന്തകളിൽനിന്നു കാവല്ക്കാർ കടന്നുവരും. ചിലരൊക്കെയും ചിലർ പതുക്കെയും സംസാരിക്കും. കമ്പിളി പൊക്കി എൻെറ മുറിവുകൾ വിദഗ്ദ്ധഭാവത്തിൽ പരിശോധിക്കും. അവരിലൊരുവൻ—ഞങ്ങൾ സ്മാർട്ടിയെന്നാണു വിളിച്ചിരുന്നത്—മററുള്ളവരെക്കാൾ കൂടുതൽതവണ വന്നിരുന്നു. അയാൾ ഒരു പരന്ന പുഞ്ചിരിയോടെ ചോദിക്കും "ആ ചെമന്ന ചെകുത്താന്" എന്താണു വേണ്ടതെന്ന്. വേണ്ട, നന്ദിയുണ്ട്. ഒന്നും വേണ്ട.

അല്പദിവസങ്ങൾക്കുശേഷം സ്മാർട്ടി കണ്ടുപിടിച്ചു ചെമന്ന ചെകുത്താന് എന്താണു വേണ്ടതെന്ന്—ഒരു മുഖക്ഷൗരം. അങ്ങനെ അയാൾ ക്ഷുരകനെ കൊണ്ടുവന്നു.

ഈ ക്ഷുരകൻ ഞങ്ങളുടെ മുറിക്കു പുറത്തുനിന്ന് ഒന്നാമതായി ഞങ്ങൾക്കു പരിചയപ്പെടാൻ സാധിച്ച തടവുകാരനാണ്—സഖാവു ബൊച്ചെക്ക്. സ്മാർട്ടിയുടെ സദുദ്ദേശപരമായ സഹാനുഭൂതി ഒരുതരം ക്രൂരതയായിക്കലാശിക്കുന്നു. ദാദ എൻെറ തലപിടിച്ചുപൊക്കി. ബൊച്ചെക്ക് ചാരുപടിയുക്കരികിൽ മുട്ടുകുത്തിനിന്ന് ഒരു വായില്ലാത്ത കത്തികൊണ്ട് എൻെറ വളർന്നു കാടുപിടിച്ച താടിയിലൂടെ വഴിവെട്ടിത്തുടങ്ങി. അയാളുടെ കൈകൾ വിറയ്ക്കുന്നു, കണ്ണുകൾ നിറഞ്ഞുകവിയുന്നു! താൻ ഒരു ശവത്തെയാണു ക്ഷൗരംചെയ്യുന്നതെന്ന് അയാൾക്കു തോന്നിയിരിക്കണം. ഞാൻ അയാൾക്കു പിന്നെയുമുറപ്പുകൊടുക്കുകയാണ്:

"ധൈര്യപ്പെട്ടുകൊള്ളൂ. പെച്ചെക്ക്മന്ദിരത്തിലെ ആ മർദ്ദനത്തെയതിജീവിക്കുവാൻ എനിക്കു കഴിഞ്ഞുവെങ്കിൽ നിങ്ങൾ ക്ഷൗരംചെയ്യുന്നതു സഹിക്കുവാനും എനിക്കു കഴിയും."

പക്ഷേ, ഞങ്ങൾ രണ്ടുപേരും പണിനിറുത്തി വിശ്രമിക്കേണ്ടിയിരിക്കുന്നു. എനിക്കും അയാൾക്കും അത്രമാത്രം ക്ഷീണമുണ്ട്.

രണ്ടുദിവസത്തിനുശേഷം വേറെ രണ്ടു തടവുകാരോടു പരിചയപ്പെടുവാനിടയായി. പെച്ചെക്കിലെ വിചാരണാധിപതിമാർക്കു ക്ഷമയററു. ദിവസംപ്രതി ആളയയ്ക്കുകയാണു്. പോലീസ്മേധാവി 'കൊണ്ടുപോകാൻപററിയ സ്ഥിതിയല്ല' എന്നു കുറിച്ചയയ്ക്കും. പിന്നെ ഒന്നും നോക്കാതെ കൊണ്ടുപോകാൻതന്നെ കല്പനയിട്ടു. കലവറക്കാരുടെയോ വീട്ടുവേലക്കാരുടെയോ വേഷത്തിലുള്ള രണ്ടു തടവുകാർ ഒരു മഞ്ചവുമായി ഞങ്ങളുടെ മുറിക്കുമുമ്പിലെത്തി. ദാദ എങ്ങനെയോ എന്നെയൊന്നു മൂടിപ്പുതപ്പിക്കുവാൻ പാടുപെട്ടു. വേലക്കാർ എന്നെ മഞ്ചത്തിൽ കിടത്തി യെടുത്തുകൊണ്ടുപോയി. അവരിലൊരാൾ ഞങ്ങളെ തുഷ്ണയോടുകൂടി വീക്ഷിച്ചിരുന്ന സഖാവു സ്കോറിപ്പയാണു്. രണ്ടാമൻ—, കോണിയിറങ്ങുന്ന സമയത്തു ഞാൻ മഞ്ചത്തിൽ കിടന്നു കീഴോട്ടു വഴുതുമ്പോൾ മേൽ വശത്തൂടെയെത്തിനോക്കിപ്പറയുന്നു: "മുറുക്കിപ്പിടിക്കണം!"

പിന്നെ പതിഞ്ഞ സ്വരത്തിൽ പറയുകയാണു്, "ശബ്ദത്തിലും മുറുക്കിപ്പിടിക്കണം!"

ഇത്തവണ ഞങ്ങൾ സ്വീകരണമുറിയിൽ നിന്നില്ല. അവരെന്നെ ആളുകൾ തിങ്ങിനിറഞ്ഞ ഒരു നീണ്ട ഹാളിലൂടെയെടുത്തുകൊണ്ടുപോയി. വ്യാഴാഴ്ച്ചയാണു്. തടവുകാരുടെ ബന്ധുക്കൾ അലക്കുവസ്ത്രങ്ങൾ കൊണ്ടുവന്നു . മുഷിഞ്ഞവ തിരിച്ചുവാങ്ങിക്കൊണ്ടുപോകുന്നു. അവർ ഞങ്ങളുടെയീ ശ്മശാനഘോഷയാത്രയുടെനേരെ സഹാനുഭൂതി നിറഞ്ഞ നയനങ്ങളാൽ തുറിച്ചുനോക്കുകയാണു്. എനിക്കതു തീരെയിഷ്ടമായില്ല. ഞാൻ തലയ്ക്കുമീതേ കൈപൊക്കി മുഷ്ടിചുരുട്ടിക്കാണിച്ചു. ഒരുപക്ഷേ അവർ അതൊരഭിവാദ്യമായിക്കണക്കാക്കിയിരിക്കാം. അഥവാ ഒരു നിരർത്ഥമായ കൈയാംഗ്യമായിട്ടു്. കൂടുതലൊന്നിനും എനിക്കു ശക്തിയില്ല; ഒരുവാക്കു മിണ്ടുവാൻപോലും!

എന്റെ മഞ്ചം ജയിൽമുററത്തു് ഒരു വണ്ടിയിൽ കൊണ്ടുവെച്ചു. രണ്ടു പട്ടാളക്കാർ ഡ്രൈവരുടെകൂടെയിരിക്കുന്നു. രണ്ടുപേർ കൈത്തോക്കിന്റെ തുറന്ന സഞ്ചിയിൽ കൈയിട്ടുകൊണ്ടു് എന്റെ തലയ്ക്കലും. അങ്ങനെ ഞങ്ങൾ ഓടിച്ചുപോവുകയാണു്. വഴി വളരെ മോശം. ചക്രങ്ങൾ ഒരു കുഴിയിൽനിന്നു മററൊരു കുണ്ടിലേയ്ക്കു ചാടുന്നു. ഒരിരുനൂറു വാര പോയപ്പോഴേയ്ക്കും എന്റെ ബോധം നശിച്ചു. പ്രേഗിലെ തെരുവുകളിലൂടെ അതൊരു ഹാസ്യയാത്രയാണു്—മുപ്പതു തടവുകാരെ കയററാവുന്ന ഒരഞ്ചുടൺ ട്രക്കു് ഒരാൾക്കുവേണ്ടി എണ്ണകത്തിയോടുന്നു! മുമ്പിലും പിമ്പിലും ഈരണ്ടു പട്ടാളക്കാർ കൈത്തോക്കുകളും കഴുകന്റെ

കണ്ണുകളുമായി ഒരു ശവത്തിനു കാവലിരിക്കുന്നു! അതെങ്ങാനും പിടിവിട്ടോടിയാലോ?

ബോധംകെട്ടിരിക്കുമ്പോൾ എന്നെയെങ്ങനെ വിസ്തരിക്കാനാണ്? അങ്ങനെ അവരെന്നെ പാൻക്രാററ്സിലേയ്ക്കു തിരിച്ചുകൊണ്ടുപോയി.

ഇതേ പ്രഹസനം അടുത്തദിവസവും ആവർത്തിച്ചു. ഇത്തവണ പെച്ചെക്കിലെത്തുമ്പോൾ എനിക്കു ബോധമുണ്ടായിരുന്നുവെന്നുമാത്രം. എന്നാൽ വിചാരണ വളരെ നീണ്ടുനിന്നില്ല. കമ്മിസ്സാർ ഫ്രീഡ്രിച്ച് എൻെറ ശരീരം തൊട്ടു തലോടിയതു് അല്പം അശ്രദ്ധമായിട്ടായിരുന്നതിനാൽ അവരെന്നെ വീണ്ടും അബോധാവസ്ഥയിലാണു തിരിച്ചുകൊണ്ടുവന്നതു്.

അടുത്ത ദിവസങ്ങളിൽ ഞാൻ പിന്നെയും ജീവിച്ചിരിക്കുകതന്നെയാണോ എന്നു സംശയിക്കുവാൻ സംഗതിയുണ്ടായില്ല. വേദന—ജീവിതത്തിൻെറ ആ ഇരട്ടപെററ സഹോദരി—എന്നെ നിരന്തരമായും സസൂക്ഷ്മമായും അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. പാൻക്രാററ്സിലുള്ളവർ എന്തോ നോട്ടപ്പിഴകൊണ്ടു ഞാൻ ജീവിക്കുന്നുവെന്നറിഞ്ഞു് എനിക്കു് അഭിനന്ദനസന്ദേശങ്ങളയച്ചു; തടിച്ച ഭിത്തികളിൽ മുട്ടുന്ന അടയാളശബ്ദങ്ങൾകൊണ്ടും ഭക്ഷണം കൊണ്ടുവരുന്ന കലവറക്കാരുടെ നേത്രഭാവങ്ങൾകൊണ്ടും.

എൻെറ പത്നിക്കുമാത്രം എന്നെക്കുറിച്ചൊന്നുമറിയുവാൻ കഴിഞ്ഞില്ല. ഞാൻ കിടന്നിരുന്നതിനു തൊട്ടുതാഴത്തെ നിലയിൽ കുറച്ചു നമ്പരുകൾക്കപ്പുറത്തു് ഒരു മുറിയിൽ അവൾ ഒററയ്ക്കിരുന്നു് ആശയിലും പ്രതീക്ഷയിലും കഴിഞ്ഞുകൂടുകയായിരുന്നു. ഒടുവിലൊരുദിവസം അടുത്ത മുറിയിലെ ഒരു സ്ത്രീ കവാത്തുസമയത്തു മന്ത്രിച്ചു, ആദ്യത്തെ മർദ്ദനത്തിലേററ മുറിവുകൾകൊണ്ടുതന്നെ ഞാൻ തടവുമുറിയിൽവെച്ചു മൃതിയടഞ്ഞുവെന്നു്. അതു വല്ലാത്തൊരടിയായിരുന്നു. അവൾ അന്ധയായി മുററത്തു വട്ടംചുററി നടന്നു. ജയിൽജീവിതത്തിൻെറ ചലച്ചിത്രങ്ങളായിരുന്ന തടവുകാരികളുടെ നിരയിലേയ്ക്കു തള്ളിമാററുവാൻ പാറാവുകാരി മുഷ്ടിചുരുട്ടി മുഖത്തടിച്ചതുപോലും അവളറിഞ്ഞില്ല. കരയുവാൻകൂടി കഴിവില്ലാതെ അന്നു മുഴുവൻ തടവുമുറിയുടെ ചുമരിലേയ്ക്കു മിഴിച്ചുനോക്കിക്കൊണ്ടിരുന്നപ്പോൾ അവളുടെ അസാമാന്യമായ കനിവാർന്ന കണ്ണുകൾക്കു മുമ്പിലൂടെ എന്തെല്ലാം രംഗങ്ങളാണു കടന്നുപോയിരിക്കുക? അടുത്തദിവസം മറെറാരു കിംവദന്തിയാണവൾ കേട്ടതു്. എന്നെ അടി

ച്ചുകൊന്നതല്ല, ഞാൻ വേദന സഹിക്കവെയ്യാതെ തുറുങ്കിനകത്തു കെട്ടിത്തൂങ്ങി ആത്മഹത്യചെയ്യുകയാണുണ്ടായതെന്ന്.

അപ്പോഴൊക്കെ മനം മടുത്തു് ഞാൻ എൻെറ ചാരുപടിയിൽ കിടന്നു പുളയുകയായിരുന്നു. ഓരോ ദിവസവും രാത്രിയിൽ ആ ചുമരിന്നഭിമുഖമായിക്കിടന്ന് ഞാൻ എൻെറ ഗസ്റ്റീനയ്ക്കുവേണ്ടി അവൾക്കേററവും പ്രിയപ്പെട്ട പാട്ടുപാടും. ഞാൻ അത്രമാത്രം വികാരങ്ങൾ അതിൽ ചെലുത്തിയിട്ടും അവൾക്കതു കേൾക്കാൻ കഴിയാത്തതെന്തു്?

അവൾക്കിന്നറിയാം; അവൾക്കിന്നാ പാട്ടു കേൾക്കാൻ കഴിയും— അന്നത്തെക്കാൾ അധികമകലത്താണെങ്കിലും!

ഇക്കാലത്തു് ഇരുനൂററുപത്തേഴാംനമ്പർ മുറിയിൽ സംഗീതം നടക്കുന്നുണ്ടെന്ന സംഗതി പാറാവുകാൎക്കു പരിചിതമായിക്കഴിഞ്ഞു. അതോടുകൂടി നിശ്ശബ്ദമായിരിക്കുവാൻവേണ്ടി വാതില്ക്കൽ മുട്ടുന്ന പതിവു നിന്നു.

ഇരുനൂററുപത്തേഴാംനമ്പർ മുറിയിൽ സംഗീതം! ഞാൻ ജീവിതം മുഴുവൻ പാടിയിട്ടുണ്ട്. ഇപ്പോൾ ജീവിതത്തിൻെറയവസാനത്തിൽ, വളരെയധികം ബലംപിടിച്ചു ജീവിക്കുമ്പോൾ, അതു് ഇനി നിറുത്തുവാൻ കാരണം കാണുന്നില്ല. പെഷേക്ക് ദാദയെപ്പററിയാണെങ്കിൽ? അദ്ദേഹം ഒരസാധാരണമട്ടാണ്. സംഗീതത്തിൽ വലിയ താല്പൎയ്യമുണ്ട്. അദ്ദേഹത്തിനു സ്വരമില്ല, ശ്രുതിയില്ല, സ്മരണശക്തിയില്ല. പക്ഷെ, സംഗീതത്തിൽ ആകൎഷകവും ആത്മാൎത്ഥവുമായ ആസക്തിയാണ്. അദ്ദേഹം അതിൽ അത്രമാത്രം ആനന്ദമനുഭവിക്കുന്നുണ്ട്. തന്മൂലം ഒരു സ്വരത്തിൽനിന്നു മറെറാന്നിലേയ്ക്കു വഴുതിവീണാലും, നിങ്ങളുടെ കാതുകൾ സായെന്നു കേൾക്കുവാനാഗ്രഹിക്കുമ്പോൾ ഗായെന്നു ശരിച്ചു പാടിയാലും, ഞാനതിൽ ചെവികൊടുക്കാറില്ല. അങ്ങനെ ആഹ്ളാദിക്കുവാനൊരവസരം കിട്ടുമ്പോഴൊക്കെ അഥവാ അടക്കാനാവാത്ത അഭിനിവേശം വരുമ്പോഴൊക്കെ ഞങ്ങൾ പാടിയിരുന്നു. പിന്നീടൊരിക്കലും കാണാൻ കഴിയാത്തവണ്ണം പിരിഞ്ഞുപോകുന്ന സഖാവിനെ പിൻതുടൎന്നു ഞങ്ങൾ പാടിയിരുന്നു. കിഴക്കൻസമരമുഖത്തിലെ സന്തോഷവാൎത്തകളെ സ്വാഗതംചെയ്തുകൊണ്ടു ഞങ്ങൾ പാടിയിരുന്നു. സ്വയം ആനന്ദിക്കുവാനും ആശ്വസിക്കുവാനുംവേണ്ടി ഞങ്ങൾ പാടിയിരുന്നു. യുഗങ്ങൾക്കു മുമ്പുമുതൽക്കുതന്നെ ജനങ്ങൾ പാടിയിട്ടുള്ളതുമാതിരി, അവർ ജനങ്ങളായിരിക്കുന്നിടത്തോളം കാലം ഇനിയും പാടിക്കൊണ്ടിരിക്കുന്നതുമാതിരി.

സംഗീതമില്ലാതെ ജീവിതമില്ല, സൂര്യനില്ലാതെ ജീവനില്ലെന്നതു പോലെതന്നെ. ഞങ്ങൾക്കിവിടെ ഇരുട്ടിന്മേൽ സംഗീതമാവശ്യമുണ്ട്. കാരണം, സൂര്യന് ഇങ്ങോട്ടെത്തുക സാദ്ധ്യമല്ല. ഇരുനൂററുപത്തേഴാംനമ്പർ മുറിയുടെ മുഖം വടക്കോട്ടാണ്. അതുകൊണ്ടു വേനല്ക്കാലത്തുമാത്രം ചിലപ്പോൾ അസ്തമനസൂര്യൻെറ കിരണങ്ങൾ അല്പനേരത്തേയ്ക്കു ജനാലയഴികൾക്കിടയിലൂടെ കിഴക്കേച്ചുമരിൽ പതിയുന്നതു കാണാം. ആ ദുർലഭനിമിഷങ്ങളിൽ ദാദ ചാരുപടി മടക്കിവെച്ച് അതിന്നരികിൽ കുമ്പിട്ടുനിന്നുകൊണ്ട് സൂര്യൻെറയാ തിടുക്കത്തിലുള്ള സന്ദർശനത്തെ ഉററുനോക്കുകയായിരിക്കും......ജീവിതത്തിലെ ഏററവും വ്യസനകരമായ കാഴ്ച!

സൂര്യൻ എത്രമാത്രം ഔദാര്യത്തോടെയാണ് തൻെറ മാന്ത്രികരശ്മികൾ നമ്മുടെ നേക്കു വിതറുന്നത്! മനുഷ്യരുടെ കൺമുമ്പിൽ എന്തെല്ലാം അത്ഭുതവിദ്യകളാണു കാണിക്കുന്നത്! എന്നാൽ എത്രയോ കുറച്ചുപേർ മാത്രമേ സൂര്യപ്രകാശത്തിൽ ജീവിക്കുന്നുള്ളു. എങ്കിലും സൂര്യൻ പ്രകാശിക്കും; അതെ, സൂര്യൻ നമുക്കെല്ലാവർക്കുംവേണ്ടി ഒരു ദിവസം പ്രകാശിക്കും. നാമെല്ലാവരും അതിൻെറ ചൂടുള്ള രശ്മികളേററു ജീവിക്കുകയും ചെയ്യും; അതറിയുവാൻ കൗതുകമുണ്ട്. പക്ഷെ, താരതമ്യപ്പെടുത്തുമ്പോൾ എത്രയോ പ്രാധാന്യംകുറഞ്ഞ മറെറാരു സംഗതിയാണെനിക്കറിയേണ്ടതു്—സൂര്യൻ ഞങ്ങൾക്കു രണ്ടുപേർക്കുംവേണ്ടി വീണ്ടും പ്രകാശിക്കുമോ?

ഞങ്ങളുടെ മുറി വടക്കോട്ടു മുഖമായിട്ടാണ്. വല്ലപ്പോഴും അസാധാരണമായി ഒരു സൗഭാഗ്യകരമായ വേനൽക്കാലം വരുമ്പോഴാണ് ഞങ്ങൾ സൂര്യാസ്തമനം കാണുന്നത്. ഓ ദാദാ, സൂര്യനുദിക്കുന്നത് ഒരിക്കൽക്കൂടികാണുവാൻ എനിക്കെത്രമാത്രം കൊതിയുണ്ടെന്നോ!

## അദ്ധ്യായം നാലു്

# നമ്പർ 400

പുനരുത്ഥാനം ഏറെക്കുറെ ഒരു പ്രത്യേകമായ സംഭവമാണു്; അതസാധാരണമാണു്, അവർണ്ണനീയമാണു്. ഒരു സുന്ദരമായ സുപ്രഭാതത്തിൽ നല്ലപോലെ ഉറങ്ങിയെണീററു നോക്കുമ്പോൾ ലോകം മനോഹരമായിക്കാണും. നിങ്ങൾ മുമ്പെന്നത്തെക്കാളുമധികം നന്നായിട്ടുറങ്ങിയിരിക്കുന്നതിനാൽ ഉയിർത്തെഴുന്നേല്പിൻെറ ദിവസം മറെറന്നത്തെക്കാളുമധികം മനോമോഹനമായിരിക്കും. നിങ്ങൾ ജീവിതത്തിൻെറ രംഗവേദി കണ്ടുകഴിഞ്ഞുവെന്നു കരുതിയിരിക്കുകയായിരുന്നു. അപ്പോഴാണു പുനരുത്ഥാനം, പ്രതിഫലിനികളെല്ലാം തെളിഞ്ഞ കണ്ണാടിയിലൂടെ തിരിച്ചുവെച്ചു് പെട്ടെന്നു് ആ രംഗവേദിയെ നിറവെളിച്ചത്തിൽ നിങ്ങൾക്കു കാണിച്ചുതരുന്നതു്. ജീവിതം മുഴുവൻ ഭംഗിയായും വ്യക്തമായും കണ്ടിരിക്കുന്നുവെന്നാണു നിങ്ങൾ കരുതിയതു്. എന്നാൽ പുനരുത്ഥാനം നിങ്ങളുടെ കണ്ണുകൾക്കു് ഒരു ദൂരദർശിനി പിടിച്ചുതരുന്നു. അതേസമയത്തു് ഒരു ഭൂതക്കണ്ണാടിയും. അതു തികച്ചും വസന്തംപോലെയുള്ള ഒരു സംഭവമാണു്. വസന്തകാലത്തിൽ സുപരിചിതമായ പരിസരങ്ങളിൽ പോലും സംശയിക്കപ്പെടാത്ത ചെപ്പടിവിദ്യകളാണല്ലോ കാണപ്പെടുന്നതു്.

ഇവിടെയും അതൊരു നിമിഷനേരത്തേയ്ക്കു മാത്രമാണെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നു; നിങ്ങളുടെ പരിസരങ്ങൾ പാൻക്രാററ്സിലെ ഒരു തടവുമുറിയുടേതുപോലെതന്നെ സമ്പന്നവും സമാകർഷകവുമായിരുന്നാൽതന്നെയും.

ഒടുവിലൊരുദിവസം അവർ നിങ്ങളെ ലോകത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോകും. ഒരുദിവസം അവർ നിങ്ങളെ മഞ്ചം കൂടാതെതന്നെ ഒരു വിചാരണയ്ക്കു വിളിക്കും. നിങ്ങൾക്കതസാദ്ധ്യമായിത്തോന്നുമെങ്കിലും അവിടെയെത്തുന്നതു സുസാദ്ധ്യമാണ്. ഇടനാഴിയിലും കോണിവഴിയിലും ഇരുമ്പഴികളുണ്ട്. നിങ്ങൾ നടക്കുകയല്ല, ഇഴയുകയായിരിക്കും. താഴെയെത്തുമ്പോൾ കൂട്ടുതടവുകാർ നിങ്ങളെ താങ്ങിയെടുത്തു ജയിൽവണ്ടിയിൽ വെയ്ക്കുന്നു. അവിടെ നിങ്ങൾ പത്തുപന്ത്രണ്ടുപേർ ഓടിക്കൊണ്ടിരിക്കുന്ന ഒരിരുട്ടുതുറുങ്കിലിരിക്കുകയാണ്. പുതിയ മുഖങ്ങൾ നിങ്ങളുടെ നേക്കു പുഞ്ചിരിതൂകുന്നു, നിങ്ങളുടേതോട്ടും. ആരോ എന്തോ മന്ത്രിക്കുന്നു. ആരാണെന്നു നിങ്ങൾക്കറിഞ്ഞുകൂട. നിങ്ങൾ ആരുടെയോ കൈ മുറുക്കിപ്പിടിക്കുന്നു. ആരുടെയാണെന്നറിഞ്ഞുകൂട. വണ്ടി പെട്ടന്നനെ പെച്ചെക്ക്മന്ദിരത്തിൻെറ മുററത്തേയ്ക്കു തിരിയുന്നു. പുതിയ സഖാക്കൾ നിങ്ങളെ താങ്ങിയെടുത്തു താഴെയിറക്കുന്നു, നിങ്ങളെല്ലാവരും ഒരു വിശാലമായ മുറിയിലേയ്ക്കു നടക്കുന്നു. നഗ്നമായ ചുമരുകൾ, അഞ്ചുനിര ബെഞ്ചുകൾ. അവയിൽ ചില സചത്രുപങ്ങൾ അനങ്ങാതെയിരിപ്പുണ്ട്. അവരുടെ കൈകൾ കാൽമുട്ടുകളിൽ കുത്തി, മരവിച്ചപോയിരിക്കുന്നു. അവർ നേരെയുള്ള ശൂന്യമായ ചുമരിലേയ്ക്കു മരംപ്പോലെ മിഴിച്ചുനോക്കുന്നു. അതാണു നിങ്ങളുടെ പുതിയ ജീവിതത്തിൻെറ ഒരംശം—"സിനിമ"യെന്നാണു പറയുന്നത്. അതിൻെറ വെള്ളിത്തിരയിൽ നിങ്ങളുടെ ജീവിതത്തിലെ വിവിധ രംഗങ്ങൾ മുഴുവൻ ഒരു നൂറു തവണ നിങ്ങൾ ആവർത്തിച്ചു നിരീക്ഷണംചെയ്യുന്നു.

## 1943-ലെ മേയ്ദിനാഘോഷം

1943 മേയ് ഒന്നാംതീയതിയാണിന്ന്. എനിക്കെഴുതുവാൻ സന്ദർഭംകിട്ടിയ ഒരൊഴിവുസമയം. എന്തൊരു ഭാഗ്യം!—വീണ്ടും ഒരു നിമിഷനേരത്തേയ്ക്ക് ഒരു കമ്യൂണിസ്ററുപത്രാധിപരാവുക! പുതിയ ലോകത്തിൻെറ സമരശക്തി കുറിക്കുന്ന മേയ്ദിനപ്രകടനത്തെപ്പററി ഒരു കഥയെഴുതുക!

പാറിപ്പറക്കുന്ന കൊടികളെക്കുറിച്ചു കേൾക്കാമെന്നു കരുതിയിരിക്കേണ്ട; ആവകയൊന്നുമില്ല. ജനങ്ങൾ അങ്ങനെ കേൾക്കുവാനാശിക്കുന്ന ആവേശകരമായ ഒരു പ്രവൎത്തനത്തെപ്പററിയും എനിക്കു പറയുവാനില്ല. ഇന്നു മുമ്പത്തെക്കാൾ എത്രയോ നിരാഡംബരമാണ്. മററു കൊല്ലങ്ങളിലെ മേയ്ദിനത്തിൽ പ്രേഗിലെ തെരുവുകളിലൂടെ ആയിരക്കണക്കിൽ ആൎത്തിരമ്പിയലച്ചുകയറുന്ന ഘോഷയാത്രകളുടെ തിരമാലകളില്ല. മോസ്കോവിലെ റെഡ്സ്ക്വയറിൽ തിങ്ങിനിറഞ്ഞുവഴിയുന്നതായി ഞാൻ കണ്ടിട്ടുള്ള മനോഹരമായ മനുഷ്യകോടികളുടെ മഹാസമുദ്രമില്ല. കോടിക്കണക്കിൽ വേണ്ട, നൂറുകണക്കിൽപോലും നിങ്ങളിവിടെക്കാണുകയില്ല. ഒരുപിടി സഖാക്കൾ മാത്രമാണുള്ളത്. എങ്കിലും ഇതൊട്ടും തന്നെയപ്രധാനമല്ലെന്നു നിങ്ങൾക്കു തോന്നും. കാരണം, ഒരു പുതിയ ശക്തിയുടെ പരിശോധനയാണിതു്. ഭയങ്കരമായ തീക്കുണ്ഡത്തിലൂടെ കടന്നുപോകുമ്പോൾ അതു കത്തിക്കരിഞ്ഞു ചാമ്പലാവുകയല്ല, ഉരുക്കുപോലെ ഉരുകിയുറയ്ക്കുകയാണു ചെയ്യുന്നതു്. സമരപരിഖയിലെ, നാം പടച്ചട്ടയണിഞ്ഞുനില്ക്കുന്ന സമരപരിഖയിലെ, ഒരു പരിശോധനയാണിതു്.

നിസ്സാരസംഭവങ്ങളിലൂടെ നടക്കുന്ന ഈ പരീക്ഷണം സമരത്തിന്റെ തീച്ചൂളയിൽ ജീവിച്ചിട്ടില്ലാത്ത നിങ്ങൾക്കു വായിക്കുമ്പോൾ മനസ്സിലാകുമോ എന്നു ഞാൻ സംശയിക്കുന്നു. ഒരുപക്ഷേ നിങ്ങൾക്കു മനസ്സിലായേക്കും. ഞാൻ പറയുന്നതു വിശ്വസിക്കുക. ഇവിടെ ശക്തി ജന്മമെടുത്തുകൊണ്ടിരിക്കുകയാണ്.

ഞങ്ങളുടെ അടുത്ത മുറിയിൽനിന്നുള്ള പ്രഭാതവന്ദനം ബീഥോവന്റെ രണ്ടു ഗാനശകലങ്ങളായിരുന്നു. ഇന്ന് അതു കൂടുതൽ ആവേശകരമാണ്; ആനന്ദദായകമാണ്. ഭിത്തികൾ ഉച്ചസ്വരത്തിൽ അതു പ്രതിദ്ധ്വാനിപ്പിക്കുന്നു.

ഞങ്ങൾ ഉള്ളതിൽവെച്ചേററവും നല്ല വസ്ത്രങ്ങൾ ധരിച്ചു. എല്ലാ മുറികളിലും അങ്ങനെതന്നെയാണ്.

ഉല്ലാസകരമായ ഒരു പ്രാതലാണു ഞങ്ങൾക്ക്. തുറന്നുകിടക്കുന്ന തുറുങ്കുവാതിലുകൾക്കുമുമ്പിൽ കലവറക്കാർ കട്ടൻകാപ്പിയും പലഹാരവും പച്ചവെള്ളവുമായി വന്നു നിരന്നിരിക്കുന്നു. സഖാവു സ്റ്റോറിച്ച രണ്ടിനു പകരം മൂന്നു റൊട്ടി തന്നു. അയാളുടെ മേയ്ദിനാഭിവാദ്യം—വികാരങ്ങൾ പ്രകടിപ്പിക്കുന്നതിന് എന്തെങ്കിലും ഒരു പ്രയാസംകുറഞ്ഞ പ്രവൃത്തി കണ്ടുപിടിക്കുവാൻ വെമ്പുന്ന ഒരു ശ്രദ്ധാലുവായ ശുദ്ധാത്മാവിന്റെ

അഭിവാദ്യമാണതു്. ഞങ്ങളുടെ വിരലുകൾ റൊട്ടിയ്ക്കൂടിയിലൂടെ പരസ്പരം സ്പർശിച്ചു. വളരെ ലഘുവായ ഒരമർത്തൽ കൈമാറി. സംസാരിക്കുവാൻ ധൈര്യമില്ല. അവർ ഞങ്ങളുടെ ദൃഷ്ടിഭാവങ്ങൾപോലും സൂക്ഷിച്ചു നോക്കുന്നുണ്ടു്. പക്ഷേ, മൂകന്മാർക്കു വിരലുകൾകൊണ്ടും വ്യക്തമായി സംസാരിക്കുവാൻ കഴിയും.

ഞങ്ങളുടെ ജാലകത്തിനു താഴെക്കൂടി സ്ത്രീത്തടവുകാരെ വ്യായാമത്തിനോടിക്കുകയാണു്. ഞാൻ ഇരുമ്പഴികൾക്കിടയിലൂടെ കീഴോട്ടു നോക്കുവാൻ മേശപ്പുറത്തു കയറി. ഒരുപക്ഷേ അവർ മേലോട്ടു നോക്കും. അതാ, അവരെന്നെക്കണ്ടു മുഷ്ടിചുരുട്ടിപ്പൊക്കിയഭിവാദ്യംചെയ്യുന്നു! അതാ വീണ്ടും! താഴെമുററത്തു് ഉഷാറാണു്. വാസ്തവത്തിൽ മററുദിവസങ്ങളെയപേക്ഷിച്ചു് ആഹ്ലാദമയമാണു്. പാറാവുകാരൻ ഇതൊന്നും കാണുന്നില്ല. അഥവാ അവൻ കാണുവാനാഗ്രഹിക്കുന്നില്ല. അതും മെയ്ദിനപ്രകടനത്തിൻെറ ഒരു വിഭാഗമാണു്.

പിന്നെ ഞങ്ങളുടെ സമയമായി. ഞാനാണു കസത്തു നയിക്കുവാൻ. ഇന്നു മെയ് ഒന്നാംതീയതിയാണു്. പുതിയ രീതിയിലെന്തെങ്കിലും നമുക്കു തുടങ്ങണം. പാറാവുകാരൻ നോക്കിയാലുമില്ലെങ്കിലും കൊള്ളാം. ഒന്നാമത്തെ കസത്തു കനത്ത ചുററിക ചുഴററലാണു്—ഒന്നു്, രണ്ടു്, ഒന്നു്, രണ്ടു്. രണ്ടാമത്തേതു വിളവരിച്ചിൽ. അരിവാളും ചുററികയും—ആളുകൾക്കു മനസ്സിലാകുവാൻ തുടങ്ങി. തടവുകാരുടെയണികളിൽ ഒരു പുഞ്ചിരിപരക്കുന്നു. അവർ ആവേശപൂർവ്വം കസത്തിനു കുനിയുന്നു. ഇതാണു ഞങ്ങളുടെ മെയ്ദിനപ്രകടനം. ഞങ്ങൾ അടിയ്യറച്ചുനില്ക്കും, അണിനിരന്നു മരണത്തിലേയ്ക്കുണയുന്ന ഞങ്ങളും അടിയുറച്ചു നില്ക്കുമെന്നു പ്രതിജ്ഞചെയ്യുന്ന മെയ്ദിനപ്രകടനമാണു് ഈ മൂകനാട്യം.

വീണ്ടും തടവുമുറികളിലേയ്ക്കു്. ഒൻപതുമണി. ക്രെംലിൻനഗരത്തിലെ മണിമാളിക പത്തടിക്കുന്നു. റെഡ്സ്ക്വയറിലൂടെയുള്ള പട്ടാളപ്രകടനം തുടങ്ങുകയായി. വരു ദാദാ, അവരതാ സർവ്വരാഷ്ട്രഗാനം പാടുന്നു. ലോകം മുഴുവൻ സർവ്വരാഷ്ട്രഗാനം മുഴങ്ങുന്നു. നമ്മുടെ തടവുമുറിയിലും മുഴങ്ങട്ടെ.

ഞങ്ങൾ അതു പാടുവാൻതുടങ്ങി, ഒന്നിനുപുറകേ മറെറാന്നായി ഒട്ടുവളരെ വിപ്ലവഗാനങ്ങളും. ഞങ്ങൾക്കു് ഒററപ്പെട്ടിരിക്കാനിഷ്ടമില്ല—ഞങ്ങൾ ഒററപ്പെട്ടവരുമല്ല. പുറത്തു ലോകത്തിൽ സ്വതന്ത്രമായിപ്പാടു

വാൻ ധൈര്യപ്പെടുന്നവരുടെ കൂട്ടത്തിൽതന്നെയാണു ഞങ്ങളും. അവർ സമരത്തിലാണ്, ഞങ്ങളെപ്പോലെതന്നെ........

"സഖാക്കളേ, കൽത്തുറുങ്കിൽ, മരവിച്ച മതില്ക്കുള്ളിൽ
സമയമാകുവാൻ കാത്തുകഴിയുവോരേ,
നിങ്ങളുണ്ടു ഞങ്ങൾക്കൊപ്പം, നിങ്ങളുണ്ടു ഞങ്ങൾക്കൊപ്പം
ഞങ്ങളൊത്തണിനിരക്കാനരുതെന്നാലും!"

അതെ, ഞങ്ങൾ നിങ്ങൾക്കൊപ്പമുണ്ട്!

ഇരുനൂററമ്പത്തേഴാംനമ്പർ മുറിയിൽ ഞങ്ങളുടെ മേയ്ദിനാഘോഷങ്ങൾക്ക് ഉചിതമായ ഒരു സമാപ്തിയായെന്നു ഞങ്ങൾ കരുതി. എന്നാൽ അതവസാനമായിരുന്നില്ല. സ്ത്രീവാർഡിലെ കലവറക്കാരി ചെമപ്പുസേനയുടെ മുന്നേററത്തിനു താളംമൂളിക്കൊണ്ടു മുററത്തു ചുററിത്തിരിയുകയാണ്. പിന്നീടവൾ പുരുഷന്മാരുടെ മുറികളെക്കൂടി ആവേശംകൊള്ളിച്ചുകൊണ്ട് "പാർട്ടിസാങ്ക"യും മററു സോവിയററുഗാനങ്ങളും മൂളിപ്പാടി. ഇനി എനിക്കു കടലാസ്സും പെൻസിലും കൊണ്ടുതരികയും ഞാനെഴുതുമ്പോൾ പെട്ടെന്നാക്കും വന്നുകാണാൻ കഴിയാത്തവിധം വാതില്ക്കൽ പുറത്തു കാവൽനില്ക്കുകയും ചെയ്തിരുന്ന ചെക്കുപോലീസ്വേഷത്തിലുള്ള ആ മനുഷ്യൻ. പിന്നെ ഈ എഴുത്തു തുടങ്ങുവാൻ എന്നെ പ്രേരിപ്പിക്കുകയും ഞാനെഴുതുന്ന കടലാസുകൾ അച്ചടിയിൽ പ്രത്യക്ഷപ്പെടുവാൻ പററിയ സമയംവരെ ഒളിച്ചുവെയ്ക്കുവാൻവേണ്ടി പുറത്തു കൊണ്ടുപോവുകയും ചെയ്തിരുന്ന മറേറ ചെക്കുപാറാവുകാരൻ. അയാൾ ഈ കടലാസുകഷണങ്ങൾക്കുവേണ്ടി തൻെറ തലതന്നെ വിലയായി കൊടുക്കുകയായിരുന്നു. അങ്ങനെ ഇരുമ്പഴികൾക്കു പിന്നിലുള്ള ഇന്നിനും സ്വാതന്ത്ര്യത്തിനുമുന്നിലുള്ള നാളെയ്ക്കുമിടയിൽ ഒരു കടലാസുപാലം പണിയുവാൻ അയാൾ തൻെറ ജീവനെ പണയപ്പെടുത്തുകയായിരുന്നു. എവിടെക്കൊണ്ടാക്കിയാലും കൊള്ളാം, അവരെല്ലാവരും കൈയിൽകിട്ടിയതായുധമാക്കി ഒരേയൊരു ലക്ഷ്യംവെച്ചു സമരംചെയ്യുകയാണ്. അവരതിൽ അത്രമാത്രം ആത്മാർത്ഥതയുള്ളവരാണ്. അവരുടെ പെരുമാററത്തിൽ ബാഹ്യപ്രകടനമില്ല, വ്യാജാനുകമ്പയുടെ ലേശംപോലുമില്ല. ജീവൻ രക്ഷപ്പെടുമോ നഷ്ടപ്പെടുമോ എന്ന കാര്യം കിണ്ണത്തിൻെറ വക്കത്തെ കടുകുപോലെ സംശയാസ്പദമായ ഒരു മരണപ്പോരാട്ടമാണിതെന്നു നിങ്ങൾക്കൊരിക്കലും ബോദ്ധ്യപ്പെടുകയില്ല.

പത്തോ ഇരുപതോ തവണ മേയ്ദിനത്തിൽ വിപ്ലവപ്പടയാളികൾ പ്രകടനം നടത്തുന്നതു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. അതത്ര മഹ

നീയമാണ്. എന്നാൽ യുദ്ധക്കളത്തിൽ മാത്രമാണ് ഈ സൈന്യത്തിൻെറ യഥാൎത്ഥശക്തി നിങ്ങൾക്കു കാണുവാൻ കഴിയുക. അവിടെവെച്ചാണ് അതെത്രമാത്രം അജയ്യമാണെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെടുവാൻ കഴിയുക. മരണം നിങ്ങൾ വിചാരിച്ചതിനെക്കാൾ സരളമാണ്. പൌരുഷത്തിൻെറ ശിരസ്സിനുചുററും പരിവേഷമുണ്ടായിരിക്കയില്ല. എന്നാൽ സമരം നിങ്ങളുദ്ദേശിച്ചതിനെക്കാൾ ക്രൂരമായിരിക്കും. അതിനു പിടിച്ചുനില്ക്കുവാനും വിജയംവരിക്കുവാനും അമേയമായ ശക്തിയുടെയാവശ്യമുണ്ട്. ആ സൈന്യം മുന്നോട്ടു നീങ്ങുന്നതു നിങ്ങൾ കാണാറുണ്ടായിരിക്കാം. എന്നാൽ അതിനെത്രമാത്രം ശക്തിയുണ്ടെന്നു നിങ്ങൾ എപ്പോഴും മനസ്സിലാക്കാറില്ല. അതിൻെറയടികൾ അത്ര ലളിതവും യുക്തിപൂൎവ്വകവുമാണ്.

ഇനു നിങ്ങൾക്കതു ബോദ്ധ്യപ്പെടുന്നു; 1943-ലെ മേയ്ദിനപ്രകടനത്തിൽ.

എന്നാൽ പെച്ചെക്ക് മന്ദിരത്തിലെ "സിനിമ" ലവലേശം രസപ്രദമല്ല. ആ മൎദ്ദനശാലയുടെ പ്രവേശനദ്വാരത്തിൽനിന്നു നിങ്ങൾ കേൾക്കുന്നതു മററുള്ളവരുടെ ഞെരക്കവും മൂളക്കവുമാണ്. നിങ്ങൾക്കും എന്താണു നേരിടേണ്ടിവരികയെന്നാണൽക്കണ്ഠ. അരോഗരും സുശക്തരുമായ ആളുകൾ അകത്തുപോകുന്നതു നിങ്ങൾ കാണുന്നു. രണ്ടുമൂന്നു മണിക്കൂറുകൾക്കു ശേഷം മൎദ്ദനത്താൽ ഒടിഞ്ഞുതകൎന്നും വലിഞ്ഞിഴഞ്ഞുമാണ് അവർ പുറത്തുവരുന്നതു്. അകത്തുപോകുമ്പോൾ സുദൃഢവും സുധീരവുമായി നിങ്ങളോടു യാത്രപറയുന്ന ശബ്ദം പുറത്തുകടക്കുമ്പോൾ വേദനാവ്യഗ്രമായ വിങ്ങിപ്പൊട്ടലായിരിക്കും. ചിലപ്പോൾ ഇതിലധികം വഷളായിട്ടാണു നിങ്ങൾ കാണുക. തെളിഞ്ഞ കണ്ണുകളാൽ നേരേനോക്കിക്കൊണ്ടാണ് ഒരാൾ അകത്തു കടക്കുന്നതു്. എന്നാൽ മടങ്ങിവരുമ്പോൾ നിങ്ങളുടെ മുഖത്തു നോക്കുവാൻ ധൈൎയ്യപ്പെടുന്നില്ല. വിചാരണമുറിയിൽവെച്ചു് അയാൾക്കൊരു ദുൎബ്ബലമായ നിമിഷത്തോടു മല്ലിടേണ്ടിവന്നു. അനിശ്ചിതവും ആശങ്കാകുലവും ആത്മരക്ഷോത്സുകവുമായ ഒരു പരിതഃസ്ഥിതിയിൽ. അതിൻെറയൎത്ഥം അവർ നാളെ ചില പുത്തനിരകൾ തേടിപ്പിടിച്ചുകൊണ്ടുവരുമെന്നാണ്, ആ സഖാവ് ശത്രുക്കൾക്കൊററിക്കൊടുത്ത സഹപ്രവൎത്തകന്മാരെ. ഈ ഭീകരപരിതഃസ്ഥിതികളെല്ലാം ഇനിയാദ്യം മുതൽ അവൎക്കു തരണംചെയ്യേണ്ടിയിരിക്കുന്നു.

ധൈൎയ്യവും വിവേകവും വെടിഞ്ഞവനെക്കാണുന്നതു് അംഗഭംഗം സംഭവിച്ചവനെക്കാണുന്നതിനെക്കാൾ കഷ്ടതരമാണ്. ഇവിടെ പാഞ്ഞു

നടക്കുന്ന മരണം നിങ്ങളുടെ കണ്ണുകളെ തുറപ്പിച്ചിട്ടുണ്ടെങ്കിൽ, പുനരു ത്ഥാനത്തിൽ നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾക്കുത്തേജനം ലഭിച്ചിട്ടുണ്ടെങ്കിൽ, ആരും പറയാതെതന്നെ നിങ്ങൾക്കറിയുവാൻ കഴിയും ആരാണ് ആടിക്കളിച്ചിട്ടുള്ളതെന്ന്, ആരാണ് അന്യനെ ഒററിക്കൊടുത്തിട്ടുള്ളതെന്ന്, കീഴടങ്ങിനിന്നു തൻെറ സഹപ്രവത്തകന്മാരിൽ ഏററവും പ്രാധാന്യം കുറഞ്ഞവനെപ്പററിയെങ്കിലും പറഞ്ഞുകൊടുക്കുകയെന്ന ചിന്തയിൽ നിമിഷനേരത്തേയ്ക്കു തടിതപ്പിയിട്ടുള്ളതെന്ന്. അത്തരം ദുർബ്ബലന്മാർ അനുകമ്പാർഹരാണ്. മറെറാരു സഖാവിൻെറ ജീവൻ വില കൊടുത്തു നേടുന്ന അവരുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും?

ആദ്യമായി ഞാൻ സിനിമയ്ക്കിരുന്നപ്പോൾ അതായിരുന്നിരിക്കയില്ല എൻെറ മനസ്സിലൂടെ കടന്നുപോയ ചിന്ത. എന്നാൽ പിന്നീട പലപ്പോഴും അതെന്നിൽ തിരിച്ചുവന്നിട്ടുണ്ട്. വിവിധങ്ങളായ സാഹചര്യങ്ങളിലെ ഒരു പുലർവേളയിൽ ഞങ്ങളുടെയറിവിൻെറ കിണറായ നാന്നൂറാംനമ്പരിൽ അതു പ്രത്യക്ഷമായി.

ഞാൻ സിനിമയ്ക്കിരുന്നിട്ടധികനേരമായിരുന്നില്ല. ഒരുപക്ഷേ ഒന്നോ ഒന്നരയോ മണിക്കൂർ. ആരോ എന്നെ പിന്നിൽനിന്നു പേർപറഞ്ഞു വിളിക്കുന്ന ശബ്ദം. ചെക്കുഭാഷ സംസാരിക്കുന്ന രണ്ടു സാധാരണക്കാർ എന്നെ ഏററുവാങ്ങി കയററുതൊട്ടിയിലിരുത്തി നാലാംനിലയിലിറക്കി വാതിലിൽ 400 എന്നെഴുതിയിരുന്ന മറെറാരു വിശാലമായ മുറിയിലേയ്ക്കാനയിച്ചു.

ആദ്യമായി ഞാൻ പിൻവശത്തു ചുമരിന്നടുത്ത് ഒരൊഴിഞ്ഞ കസേരയിൽ തന്നെത്താൻ ചെന്നിരുന്നു. തികച്ചും ഏകാകിയായിട്ട്. ഇപ്പോൾ ഈ കഴിഞ്ഞുകൊണ്ടിരിക്കുന്ന നിമിഷത്തിലൂടെ മുമ്പൊരിക്കൽ ജീവിച്ചിട്ടുള്ളതായി വിഭാവനംചെയ്യുന്ന ഒരാളുടെ വിചിത്രവികാരങ്ങളോടുകൂടി ചുററുമൊന്നു കണ്ണോടിച്ചു. ഞാൻ മുമ്പെങ്ങാനുമിവിടെ വന്നിട്ടുണ്ടോ? ഇല്ല, ഒരിക്കലുമില്ല. എന്നാൽ എല്ലാം പരിചിതമായിരിക്കുന്നു. എനിക്കീ മുറിയെപ്പററിയറിയാം. ഇതിനെപ്പററി ഭയാനകമായ ഒരു പേക്കിനാവു ഞാൻ കണ്ടിട്ടുണ്ട്. അറപ്പും വെറുപ്പും തോന്നിക്കുന്ന ഒരു പേക്കിനാവ്. അതു തിരിച്ചറിയാൻ വയ്യാത്തതായിരുന്നില്ല. ഇപ്പോഴാകട്ടെ ഇതാകർഷകമായിരിക്കുന്നു, സൂര്യപ്രകാശം നിറഞ്ഞു തെളിഞ്ഞു് നിറപ്പകിട്ടുള്ളതായിരിക്കുന്നു. നേരിയ കമ്പിവലയിട്ട വലിയ ജാലകങ്ങളിലൂടെ തൈൻപള്ളിയും ലീററ്നയിലെ പച്ചപിടിച്ച പൂന്തോട്ടവും കൊട്ടാരവും കാണപ്പെടുന്നു. എൻെറ സ്വപ്നത്തിലാകട്ടെ, അതു് ഇരുളടഞ്ഞതും

ജനാലകളില്ലാത്തതും പൊടിപുരണ്ട മഞ്ഞനിറംപൂണ്ട ഒരു കതകുമാത്രമുള്ളതുമായിരുന്നു. ആളുകളെ നിഴലുകൾപോലെ മാത്രമേ കാണാമായിരുന്നുള്ളൂ. അതെ, അന്നിവിടെ ആളുകളുണ്ടായിരുന്നു. ഇന്നതു ശൂന്യമാണ്. ഡാൻഡലിയൻപൂക്കളും ബട്ടർക്കപ്പുകളും നിറഞ്ഞ ഒരു തെളിഞ്ഞ മൈതാനത്തിൽ ഒന്നിനുപുറകിലൊന്നായി നിരത്തിയ ആറു ബെഞ്ചുകളും ഒഴിഞ്ഞുകിടക്കുന്നു. സ്വപ്നത്തിലാകട്ടെ, ഇവിടെ നിറച്ചാളുകളുണ്ടായിരുന്നു. ചോരവൂരണ്ട വിളറിയ മുഖങ്ങളോടെ അവർ അടുത്തടുത്ത് ബെഞ്ചുകളിലിരുന്നിരുന്നു. അതാ, വാതിലിന്നു തൊട്ടടുത്ത് വേലസമയത്തെ നീലവസ്ത്രങ്ങൾ ധരിച്ച് കണ്ണുകുത്തിയെടുത്ത നിലയിൽ ദാഹപരവശനായി ഒരാൾ നില്ക്കുന്നുണ്ട്. പിന്നെയൊടുവിൽ ഒരു യവനികയെന്നപോലെ അയാൾ നിലംപതിക്കുന്നു......

അതെ, അതങ്ങനെയായിരുന്നു. ഇപ്പോൾ അതൊരു കിനാവായിരുന്നില്ലെന്നെനിക്കു ബോദ്ധ്യപ്പെടുന്നുണ്ട്. ആ പേക്കിനാവു തികച്ചും യഥാർത്ഥമായിരിക്കുന്നു.

എന്റെ അറസ്റ്റും ആദ്യവിചാരണയും നടന്ന രാത്രി. അവർ മൂന്നുതവണ എന്നെ ഇവിടെ കൊണ്ടുവന്നു—അഥവാ പത്തുതവണ കൊണ്ടുവന്നിരിക്കാം, എങ്ങനെയറിയും?—അവർക്കു വിശ്രമിക്കുവാനോ മറ്റാരെയെങ്കിലും മട്ടിക്കുവാനോ തോന്നുമ്പോഴൊക്കെ. ഞാൻ നഗ്നപാദനായിരുന്നു. ആ ഇഷ്ടികവിരിച്ച വെറുംനിലത്തു ചിവിട്ടിയപ്പോൾ കിട്ടിയ കുളുർമ്മ ചതഞ്ഞുവീങ്ങിയ പാദങ്ങൾക്കു് എത്രമാത്രം ആശ്വാസമരുളിയെന്നു ഞാനോർക്കുന്നു.

അന്നുരാത്രി ജങ്കേഴ്സ് യന്ത്രശാലയിൽനിന്നു നാസിപ്പോലീസു പിടിച്ചുകൊണ്ടുവന്ന തൊഴിലാളികളാൽ ബെഞ്ചുകൾ നിറഞ്ഞിരുന്നു. വാതിൽക്കൽ നീലനിറത്തിലുള്ള പണിയുടുപ്പുകളിട്ടു നിന്നിരുന്നയാൾ ജങ്കേഴ്സ് പാർട്ടിസെല്ലിലെ സഖാവ് ബാർട്ടനായിരുന്നു—എന്റെ അറസ്റ്റിനു പരോക്ഷമായ കാരണക്കാരൻ. പക്ഷെ, എന്റെ ആപത്തിൽ മറ്റാരെയും ഉത്തരവാദിയാക്കാതിരിക്കുവാൻവേണ്ടി അതു് ഒരു സഖാവിന്റെ ഭീരുതയോ വഞ്ചനയോ കാരണമല്ലെന്നു ഞാൻ പറയണം. വെറും ശ്രദ്ധക്കുറവും ദുർഭാഗ്യവുംമൂലമാണ്. സഖാവു ബാർട്ടൻ രക്ഷാപ്രസ്ഥാനത്തിലെ ഉയർന്ന ഘടകത്തിലുള്ളവരോടു് തന്റെ സെല്ലിനു ബന്ധം സ്ഥാപിക്കുവാൻ ശ്രമിക്കുകയായിരുന്നു. അയാളുടെ സ്നേഹിതനായ ജെലിനെക്കു് ആദ്യം എന്നോടു നേരിട്ടാവശ്യപ്പെടാതെ രഹസ്യപ്രവർത്തനത്തിന്റെ നിയമങ്ങൾക്കു വിരുദ്ധമായി മുകളിൽനിന്നു താഴോട്ടു്

അയാൾക്കു ബന്ധംവെച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. അതായിരുന്നു ഒരു തെററ്. രണ്ടാമതായി ദോറക്ക് എന്നു പേരായ ഒരു ചാരൻ സഖാവ് ബാർട്ടൻെറകൂടെക്കൂടി ജെലിനെക്കിൻെറ പേരു മനസ്സിലാക്കി. അങ്ങനെയാണ് ജെലിനെക്ക്കുടുംബം നാസിപ്പോലീസിൻെറ പിടിയിൽപെട്ടതു്. ഏതെങ്കിലും സുപ്രധാനമായ കർത്തവ്യത്തിൽ വീഴ്ചവരുത്തിയിട്ടല്ല, രണ്ടുകൊല്ലമായി അവരതു വിശ്വസ്തമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു, രഹസ്യപ്രവർത്തനത്തിൻെറ പരിധിയിൽപെടാത്ത ഒരു ചെറിയ സേവനമനുഷ്ഠിക്കുവാൻ മുതിർന്നിട്ടു്. ഞാൻ ജെലിനെക്ക്സഖാക്കളെ കാണുവാൻ ചെല്ലുന്ന ദിവസം വൈകുന്നേരംതന്നെ അവരെ അറസ്ററുചെയ്യുവാൻ പെച്ചെക്ക്മന്ദിരത്തിൽ തീരുമാനമെടുത്തു. അവർ അത്രമാത്രം സന്നാഹത്തോടുകൂടി അവിടെയെത്തിയതും വെറും യാദൃച്ഛികമായിട്ടാണ്. അങ്ങനെയായിരുന്നില്ല പ്ലാനിട്ടതു്. അടുത്ത ദിവസമേ അവരെ അറസ്റ്റ്ചെയ്യുവാൻ നിശ്ചയിച്ചിരുന്നുള്ളു. . എന്നാൽ ജങ്കേഴ്സിലെ പാർട്ടിഅംഗങ്ങളെ വളഞ്ഞുപിടിക്കുന്നതിൽ കിട്ടിയ വിജയംമൂലം മദോന്മത്തമായ പോലീസ്സംഘം ഒരു തമാശയ്ക്കുവേണ്ടി ജെലിനെക്ക്സഖാക്കളുടെ വീട്ടിലേയ്ക്കു കയറിയതാണ്. അവർ അവിടെ വന്നെത്തിയതിൽ ഞങ്ങൾക്കും, എന്നെ കണ്ടുമുട്ടിയതിൽ അവർക്കും ഒരേമാതിരി വിസ്മയമുണ്ടായി. ആരെയാണു പിടികൂടിയതെന്നുപോലും അവർക്കറിഞ്ഞുകൂടായിരുന്നു. ഒരുപക്ഷേ അവർ അതൊരിക്കലും കണ്ടുപിടിക്കുമായിരുന്നില്ല. എന്നാൽ അതേസമയത്തു് അവർ......

എൻെറ ഈ ആദ്യത്തെ വിചിന്തനം നാനൂറാംനമ്പരിൽ തുടരുവാൻ സന്ദർഭം കിട്ടിയതു് ഒരു ദീർഘകാലത്തിനുശേഷമാണ്. അക്കാലത്തു് ഞാനൊററയ്ക്കായിരുന്നില്ല. ബെഞ്ചുകൾ നിറഞ്ഞിരുന്നു. മതിലോടുചേർന്ന് ഒരു വരിയായി ജനങ്ങൾ തിങ്ങിനിന്നിരുന്നു. അപ്രതീക്ഷിതസംഭവങ്ങൾ നിറഞ്ഞ മണിക്കൂറുകൾ അങ്ങനെ പാഞ്ഞുപോയിക്കൊണ്ടിരുന്നു. ചില സംഭവങ്ങൾ എനിക്കു മനസ്സിലാകാൻ കഴിയാത്തത്ര വിചിത്രങ്ങളായിരുന്നു. മററുചിലവ വഷളത്തത്തിൻെറ വിക്രിയകളായിരുന്നു. അവയൊക്കെ എനിക്കു നല്ലപോലെ മനസ്സിലായി.

ആദ്യത്തെ സംഭവം അത്ര വഷളോ വിചിത്രമോ ആയിരുന്നില്ല. അതു ദയാമയവും എന്നാൽ അപ്രധാനവും നിസ്സാരവുമായിരുന്നു. എങ്കിലും ഒരിക്കലും ഞാനതു വിസ്മരിക്കുകയില്ല. എന്നെ നിരീക്ഷിച്ചുകൊണ്ടിരുന്ന പോലീസ്ദല്ലാളി—എനിക്കതോർമ്മയുണ്ടു്; എന്നെ അറസ്റ്റ്ചെയ്തതിനുശേഷം എൻെറ കീസകളെല്ലാം തിരിച്ചും മറിച്ചും

പരിശോധിച്ചത് അയാളൊരുവനാണ്—ഒരു പകുതിയെരിഞ്ഞ സിഗററ് എന്റെ നേരേ വലിച്ചെറിഞ്ഞു. മൂന്നാഴ്ചയ്ക്കുശേഷം കിട്ടുന്ന ആദ്യത്തെ സിഗററ്, രണ്ടാമത്തു ഭൂമിയിലേയ്ക്കു മടങ്ങിവന്ന ഒരു മനുഷ്യനു ലഭിക്കുന്ന ആദ്യത്തെ സിഗററ്! ഞാനതു പെറുക്കിയെടുക്കണോ? അഥവാ അയാൾ ഒരു സിഗററുകുററികൊണ്ട് എന്നെ വിലയ്ക്കുവാങ്ങിയതായിക്കരുതുമോ? എന്നാൽ അതിനെയനുഗമിക്കുന്ന അയാളുടെ നോട്ടം അകൃത്രിമമാണ്. അയാൾക്കാരെയും വിലയ്ക്കു വാങ്ങുവാൻ താല്പര്യമില്ല. എന്നാലും അതു മുഴുവൻ വലിച്ചുതീക്കുവാൻ എനിക്കു സാധിക്കില്ല. പുതിയതായിപ്പിറന്ന പൈതങ്ങൾ എത്രമാത്രം പുകവലിക്കും?

രണ്ടാമത്തെ സംഭവം—നാലുപേർ പട്ടാളമുറയിൽ ചുവടൊപ്പിച്ച് മുറിയിലേയ്ക്കു നടന്നുവന്നു ഞാനടക്കം അവിടെയുള്ളവരെ ചെക്കുഭാഷയിൽ അഭിവാദ്യംചെയ്യുന്നു. അവർ മേശയ്ക്കരികിലിരിക്കുന്നു, കടലാസുകൾ നിരത്തിവെയ്ക്കുന്നു, സിഗററു കത്തിക്കുന്നു—വെറും ഉദ്യോഗമട്ടിൽ തികച്ചും സമാധാനപൂർവ്വം. എന്നാൽ എനിക്കവരെ അറിയാം. അവരിൽ മൂന്നുപേരെയെങ്കിലുമറിയാം—ഇവരും നാസിപ്പോലീസിൽ ചേൎന്നുവെന്നു വരുമോ? ഒരുപക്ഷേ ആയിരിക്കാം—എന്നാൽ ഇവർ മൂന്നുപേരുംപോലും?........എന്ത്, അതു 'ടെറിങ്കൽ' ആണ്. ഞങ്ങൾ വിളിക്കുന്ന പേരാണെങ്കിൽ രണേക്ക്. വളരെക്കാലം യൂണിയന്റെയും പാർട്ടിയുടെയും കാര്യദർശിയായിരുന്നിട്ടുണ്ട്. സ്വഭാവത്തിൽ തെല്ലു മെരുക്കം പോരെങ്കിലും കാര്യത്തിൽ വിശ്വസ്തനാണ്. അങ്ങനെ വരുവാൻ പാടില്ല. ആ ഒരാൾ, അങ്കാവിക്കോവാ, തലമുടി മുഴുവൻ നരച്ചുവെങ്കിലും ഇന്നും നിവൎന്നുനില്ക്കുന്ന ഒരു സുന്ദരി, ഉറച്ച മനക്കരുത്തുള്ള ഒരു പടയാളി! ഇല്ല, ഇതു സംഭവ്യമല്ല. ഇനി ആ ഒരാൾ വഷേക്ക്റദേസക്ക്, വടക്കേ ബൊഹീമിയൻഖനികളിൽനിന്നു വന്ന ഒരിഷ്ടികമട്ടുകാരൻ; പിന്നെ ജില്ലാപാർട്ടിയുടെ കാര്യദർശിയും. തീച്ച, ഞാൻ അയാളെ അറിയും. വടക്കൻരംഗങ്ങളിൽ ഞങ്ങളൊന്നിച്ചു നടത്തിയ ആ സമരങ്ങൾക്കെല്ലാററിനുംശേഷം എങ്ങനെയാണ്, എന്തൊന്നിനാണ്, അയാളെ പിൻതിരിപ്പിക്കുവാൻ കഴിഞ്ഞത്? അല്ല, അതു സംഭവ്യമല്ല. എന്നാൽ എന്താണ് അവരിവിടെ ചെയ്യുന്നത്? എന്താണ് അവൎക്കു വേണ്ടത്?

ഞാൻ ഈ ചോദ്യങ്ങൾക്കു മറുപടി കണ്ടുപിടിക്കുന്നതിനുമുമ്പ് വേറെ ചിലർ പ്രത്യക്ഷപ്പെട്ടു. മിറെക്കിനെയും ജെലിനെക്ക്—ഫ്രീഡ് ദമ്പതിമാരെയും കൊണ്ടുവന്നിട്ടുണ്ട്. അതെ, അവരെയും എന്നോടൊപ്പം

അറസ്ററുചെയ്യിട്ടുണ്ടായിരുന്നുവെന്നെനിക്കറിയാം. എന്നാൽ ബുദ്ധിജീവികൾക്കിടയിലുള്ള പ്രവർത്തനത്തിൽ മിറെക്കിനെ സഹായിച്ചിരുന്ന ആ കലാചരിത്രകാരൻ പവെൽക്രോപചെക്ക് എന്താണിവിടെ വരുവാൻ? എനിക്കും മിറെക്കിനുമല്ലാതെയാക്കാണ് അയാളെപ്പററി അറിയാമായിരുന്നത്? ഇനി മുഖം ചതഞ്ഞുപരന്ന ആ പൊക്കമുള്ള ചെരുപ്പുക്കാരൻ ഞങ്ങൾ അന്യോന്യമറിയില്ലെന്നു നടിക്കുവാൻ ശ്രമിക്കുന്നതെന്ത്? എനിക്കു വാസ്തവത്തിൽ അയാളെ അറിഞ്ഞുകൂടാ. എന്നാൽ അയാൾ ആരായിരിക്കും? അല്ല, എന്ത്, സ്ററിച്ചാണ് സ്ററിച്ച്? ഡോക്ടർ ദെനെക്ക് സ്ററിച്ച്! ദൈവമേ, ഇതിൻെറ അർത്ഥം? അവർ വൈദ്യസംഘത്തിലും തകർത്തുകടന്നിരിക്കുന്നു. എന്നാൽ എനിക്കും മിറെക്കിനുമല്ലാതെ മററാക്കായിരുന്നു അവരെപ്പററി അറിവ്? പിന്നെ തടവുമുറിയിലെ മർദ്ദനത്തിനിടയിൽ അവർ ബുദ്ധിജീവികളുടെ ഗ്രൂപ്പിനെപ്പററി എന്നോടു ചോദിച്ചതെന്തിന്? അവരുടെയിടയിലെ പ്രവർത്തനത്തോട് എന്നെയെങ്ങനെ ബന്ധപ്പെടുത്തുവാൻ സാധിച്ചു? എനിക്കും മിറെക്കിനുമല്ലാതെ മററാക്കാണ് അതിനെപ്പററിയെന്തെങ്കിലുമറിവുള്ളത്?

മറുപടി കണ്ടുപിടിക്കുവാൻ പ്രയാസമുണ്ടായില്ല. അതൊരു ക്രൂരമായ പ്രഹരമായിരുന്നു—മിറെക്ക് പറഞ്ഞിട്ടുണ്ടായിരിക്കണം. ഞങ്ങളെ ഒററിക്കൊടുത്തിരിക്കണം. അയാൾ എല്ലാം പറഞ്ഞുകൊടുത്തിട്ടുണ്ടായിരിക്കയില്ലെന്നു ഞാൻ നിമിഷനേരത്തേയ്ക്കാശിച്ചു. എന്നാൽ അവർ ഉടൻതന്നെ മററൊരുകൂട്ടം തടവുകാരെ കൊണ്ടുവന്നപ്പോൾ എനിക്കു കാണുവാൻ കഴിഞ്ഞു എന്താണയാൾ ചെയ്തിട്ടുള്ളതെന്ന്.

ചെക്കുബുദ്ധിജീവികളുടെ ദേശീയവിപ്ലവസമിതിയിലെ അംഗങ്ങളെന്നു കരുതപ്പെട്ടിരുന്നവരെല്ലാം ഇവിടെയുണ്ട്; ഗ്രന്ഥകാരനായ വ്ളാഡ്മീർവഞ്ചുറേ, പ്രൊഫസർ ഫെൽബെറും അദ്ദേഹത്തിൻെറ പുത്രനും, തിരിച്ചറിയുവാൻ കഴിയാത്തവിധം പ്രച്ഛന്നവേഷനായ ബെഡ്രിച്ച് വാക്ലവെക്ക്, ബൊഷീനാ പുൾപനോവ, ജിന്ദ്രിച്ച് എൽബൽ, പ്രതിമാശില്പിയായ ദോരക്ക്. ബുദ്ധിജീവികളുടെയിടയിലെ പ്രവർത്തനങ്ങളെല്ലാം മിറെക്ക് പറഞ്ഞുകൊടുത്തിരിക്കണം.

പെച്ചെക്ക്മന്ദിരത്തിലെ പ്രഥമഘട്ടം എനിക്കൊട്ടുംതന്നെ സുഖപ്രദമായിരുന്നില്ല. ഇതാകട്ടെ, എനിക്കു സഹിക്കേണ്ടിവന്നതിൽ ഏററവുമധികം ഭയങ്കരമായ ഒരു പ്രഹരമായിരുന്നു. മരണം ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്; പക്ഷേ, വഞ്ചന പ്രതീക്ഷിച്ചിരുന്നതല്ല. അയാൾക്കു വിധി കല്പിക്കുന്നതിനു ഞാൻ ദാക്ഷിണ്യം കാണിക്കുകയായിരിക്കാം,

അയാളെ സാധൂകരിക്കുവാനുള്ള പരിതഃസ്ഥിതികൾ ഞാൻ ചിന്തിച്ചുണ്ടാക്കുകയായിരിക്കാം, എന്തുതന്നെയായാലും മിറെക്ക് അവരോടു പറഞ്ഞിട്ടില്ലെന്നുതന്നെ ഞാൻ വിശ്വസിച്ചു. വഞ്ചനയെന്നല്ലാതെ മറ്റൊരു വാക്കു് അതിനെനിക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. അതു ചാഞ്ചാട്ടമോ ദൗർബല്യമോ അല്ല. മാരകമായ മർദ്ദനത്തിനു വിധേയനായ ഒരു മനുഷ്യൻെറ മാപ്പുകൊടുക്കത്തക്ക പേപ്പിടച്ചിലുമല്ല. ഇപ്പോൾ എനിക്കു ബോദ്ധ്യപ്പെട്ടു, ആദ്യത്തെയാ രാത്രിതന്നെ അവരെങ്ങനെയാണ് എൻെറ പേരറിഞ്ഞതെന്ന്. ഇപ്പോൾ എനിക്കു മനസ്സിലായി ആ നീജ്ളാസ്ക്കോവ എങ്ങനെയാണിവിടെയെത്തിയതെന്ന്. കാരണം, അവളുടെ വീട്ടിൽ വെച്ചു രണ്ടുതവണ ഞാൻ മിറെക്കിനെ സന്ദർശിച്ചിട്ടുണ്ടു്. ക്രോപച്ചെക്കും ഡോക്ടർ സ്റ്റീച്ചും ഇവിടെയെത്തിയതെങ്ങനെയെന്നും ഞാനറിഞ്ഞു.

അതിനുശേഷം ഏതാണ്ടു മിക്ക ദിവസവും എന്നെ നാനൂറാംനമ്പരിലേയ്ക്കു കൊണ്ടുപോയിരുന്നു. ദിവസംപ്രതി ഞാൻ പുരിയപുതിയ വിവരങ്ങൾ കണ്ടുപിടിക്കുകയുംചെയ്തു. അവ ഭയങ്കരവും ദയനീയവുമായിരുന്നു. ഒരു ധീരനായിരുന്ന മനുഷ്യൻ: അയാൾ സ്പാനിഷ്‌രംഗത്തു പടപൊരുതിയപ്പോൾ വെടിയുണ്ടകളെ ഭയപ്പെട്ടിട്ടില്ല. ഫ്രാൻസിലെ ക്രൂരമായ കൂട്ടതടങ്ങൽജീവിതത്തിൽ തല കുനിച്ചിട്ടില്ല. പക്ഷെ ഇന്ന്, ഒരു നാസിപ്പോലീസുകാരൻെറ കുറുവടിക്കു മുമ്പിൽ അയാൾ വിളത്തുപോയി. സ്വന്തം പല്ലുകൾ രക്ഷിക്കാമെന്നു കരുതി ഞങ്ങളെയൊറ്റിക്കൊടുത്തു. അയാളുടെ ധൈര്യവും വിശ്വാസവും ഏതാനുംചില പ്രഹരങ്ങൾകൊണ്ടു തകർന്നുപോയി. അവയ്ക്കു് ത്രമാത്രമേ ആഴമുണ്ടായിരുന്നുള്ളു. ഒരു ഗ്രൂപ്പിൽ ഒരേ ആശയക്കാരായ സഖാക്കളുടെ നടുവിലായിരിക്കുമ്പോൾ അയാൾക്കു ശക്തിയുണ്ടായിരുന്നു. അവരെപ്പററിയോർക്കുമ്പോൾ അയാൾക്കു ശക്തിയുണ്ടായിരുന്നു. പക്ഷെ, തനിച്ചായപ്പോൾ, തുളച്ചുകയറുന്ന ശത്രുവിൻെറ നടുക്കായപ്പോൾ, ആ ശക്തി തീരെ നഷ്ടപ്പെട്ടു. സ്വന്തം കാര്യം ചിന്തിക്കുവാൻ തുടങ്ങിയപ്പോൾ സകലതും നഷ്ടപ്പെട്ടു. തൻെറ തൊലി രക്ഷിക്കുവാൻ സ്വന്തം സഖാക്കളെ ബലികഴിച്ചു. ഭീരുത്വത്തിനു കീഴടങ്ങി, ഭീരുത്വത്താൽ ഒററിക്കൊടുത്തു.

അയാളുടെ മുറിക്കകത്തുനിന്ന് അവർ കണ്ടെടുത്ത രേഖകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനെക്കാൾ നല്ലതു മരിക്കുകയാണെന്ന വാസ്തവം അയാൾ വിസ്മരിച്ചു. അതെല്ലാം അയാൾ അവക്കു വിവരിച്ചുകൊടുത്തു. ഒളിവിൽ പാർക്കുന്നവരുടെ പേരുകളും മേൽവിലാസങ്ങളും അയാൾ അവക്കു കൊടുത്തു. അയാൾ സ്റ്റീച്ചിൻെറയടുക്കലേയ്ക്കു ഒരു പോലീസ

ദല്ലാളിയെ കൂട്ടിക്കൊണ്ടുപോയി. ദോറക്കിൻെറ വീട്ടിൽ വാക്ലവെക്കും ക്രോപച്ചെക്കും തമ്മിൽ ഒരു സന്ദർശനം നടക്കുമ്പോൾ പോലീസിനെ പറഞ്ഞയച്ചു. ആനിയെ പിടിച്ചേല്പിച്ചു. തന്നെ സ്നേഹിച്ചിരുന്ന ലീഡയെന്ന ധീരബാലികയെ ഒററിക്കൊടുത്തു. അയാൾക്കറിവുള്ള കാര്യങ്ങളിൽ പകുതി പറയുവാൻ അല്പം ചില പ്രഹരങ്ങളേ വേണ്ടിവന്നുള്ളു. ഞാൻ മരിച്ചുവെന്നും തനിക്കിനി വേറെയാ...ടുമുത്തരവാദമില്ലെന്നും ധരിച്ചപ്പോൾ പിന്നെയൊന്നുംതന്നെ ബാക്കിവെച്ചില്ല.

അയാൾ അതിലൊന്നിലും എന്നെയുപദ്രവിച്ചില്ല. ഞാൻ പോലീസിൻെറ പിടിയിൽപെട്ടുകഴിഞ്ഞിരുന്നല്ലോ. ഇനിയെന്താണ് എന്നെ ഉപദ്രവിക്കുവാനുള്ളത്? എന്നാൽ അയാളുടെ മറുപടികൾ ഒരു വിപുലമായ അന്വേഷണപരമ്പരയ്ക്കടിസ്ഥാനമിട്ടു. അതിൻെറ തെളിവുചങ്ങല എൻെറ പുറത്തും വന്നുമുട്ടി. അവക്കറിയുവാൻ ഏററവുമധികം താല്പര്യമുള്ള സംഗതികളാണ് അയാൾ പുറത്തുവിട്ടത്. ഇതിനുവേണ്ടിയാണോ ഞാനും മറേറതുഗ്രൂപ്പിലെയും ഭൂരിപക്ഷമംഗങ്ങളും പട്ടാളനിയമകാലത്തെ അതിജീവിച്ചത്? ഞാനും അയാളും പോയിക്കഴിഞ്ഞതിനുശേഷം എൻെറ ഗ്രൂപ്പിനു നിലനില്ക്കുവാൻകഴിഞ്ഞിരിക്കയില്ല. എന്നാൽ അയാൾ നാവടക്കിവെച്ചിരുന്നെങ്കിൽ അയാളുടെ മറേറ ഗ്രൂപ്പു നിലനില്ക്കുകയും ഞാനുമയാളും മരിച്ചതിനുശേഷവും എത്രയോകാലം പ്രവൎത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു.

ഒരു ഭീരു തൻെറ ജീവിതം മാത്രമല്ല നശിപ്പിക്കുന്നത്. ആ ഒരു മനുഷ്യൻ ഒരുത്തുതകരമായ സൈന്യത്തെ വിട്ടുപേക്ഷിച്ച് ഏററവും വൃത്തികെട്ട ശത്രുവിനു കീഴടങ്ങി. ഇന്നും ജീവിച്ചിരിപ്പുണ്ടെങ്കിലും അയാൾ മരിച്ചുകഴിഞ്ഞിരിക്കുന്നു. സ്വന്തം ഗ്രൂപ്പിൽനിന്നു സ്വയം ബഹിഷ്കരിക്കപ്പെട്ടു. പിന്നീട് തെററുതിരുത്തുവാൻ നോക്കിയെങ്കിലും ഒരിക്കലും തിരിച്ചെടുക്കപ്പെട്ടില്ല. ആ സാമുദായികബഹിഷ്കരണം ജയിൽജീവിതത്തിൽ മറെറവിടത്തെക്കാളുമധികം ദുസ്സഹമാണ്. ബന്ധനവും വിജനതയും മനുഷ്യൻെറ മനസ്സിൽ സാധാരണ കെട്ടിപ്പിണഞ്ഞുകിടക്കുന്ന രണ്ടു ചിന്താഗതികളാണ്'—ഒരു വലിയ തെററിദ്ധാരണയാണിത്. ഒരു തടവുകാരൻ ഒററയ്ക്കല്ല. ജയിൽ ഒരു സമുദായമാണ്. ഏററവും കൎശനമായ കാരാവാസത്തിനും ഒരുവനെ അയാളുടെ കൂട്ടത്തിൽനിന്നൊററപ്പെടുത്തുവാൻ കഴിയുകയില്ല. അവൻ സ്വയം വേർപെടാതിരുന്നാൽമതി. അടിമയാക്കപ്പെട്ടവൻെറ സാഹോദര്യം ബലപ്പെടുത്തുകയും കേന്ദ്രീകരിക്കുകയും കൂടുതൽ ഹൃദ്യമാക്കുകയും ചെയ്യുന്ന ഒരു ശക്തിക്കു വിധേയമാ

ണ്. അതു ജീവിക്കുകയും സംസാരിക്കുകയും സങ്കേതങ്ങൾ മുട്ടിക്കേൾപ്പിക്കുകയും ചെയ്യുന്ന ഭിത്തികളെ തുളച്ചുകടക്കുന്നു. ആ സാഹോദര്യം ഓരോ നിരയിലെയും തടവുമുറികളെ ആശ്ലേഷിക്കുന്നു. അവയിലുള്ളവർ പൊതുവായ കത്തവ്യങ്ങളാലും പൊതുവായ കഷ്ടതകളാലും പരസ്പരം ബന്ധപ്പെട്ടവരാണ്. അവർക്കൊന്നിച്ചു ശുദ്ധവായുവിൽ വ്യായാമം ചെയ്യുവാൻ സന്ദർഭമുണ്ട്, അവർക്കു പുറമേ ഒരേവിധം പാറാവുകാരുണ്ട്. പുറത്തുവെച്ചു തമ്മിൽ കാണുമ്പോൾ ഒരു വാക്കോ സങ്കേതമോ മതി വാത്തകളറിയിക്കുവാൻ. അതു ചിലപ്പോൾ ഒരു മനുഷ്യന്റെ ജീവരക്ഷയ്ക്കുപോലും പ്രയോജനപ്പെടും. ആ സാഹോദര്യം കൂട്ടംകൂട്ടമായി വിചാരണയ്ക്കു പോവുകയും കൂട്ടംകൂട്ടമായി സിനിമയ്ക്കിരിക്കുകയും മടങ്ങിവരികയും ചെയ്യുന്ന തടവുകാരെ കൂട്ടിയിണക്കുന്നു. വാക്കുകളിൽ ചുരുങ്ങിയതും സേവനത്തിൽ പെരുകിയതുമായ ഒരു സാഹോദര്യമാണതു്. കാരണം, ഒന്നു കൈകൊട്ടുകയോ ഒരു സിഗററു കൈമാറുകയോ ചെയ്യുന്നതു് നിങ്ങളെയിട്ടിരിക്കുന്ന കൂട് ഞെരിക്കുവാനും നിങ്ങളെ തകക്കുവാൻവേണ്ടിയുദ്ദേശിച്ചിട്ടുള്ള വിജനത നീക്കുവാനും പര്യാപ്തമാകുന്നു. തടവുമുറികൾക്കു കൈകളുണ്ട്. ഒരു മർദ്ദനംകഴിഞ്ഞു തടിതകന്നു തിരിച്ചുചെല്ലുമ്പോൾ അവ നിങ്ങളെ എങ്ങനെ വീഴാതെ താങ്ങിപ്പിടിക്കുന്നുവെന്നു നിങ്ങൾക്കനുഭവപ്പെടുന്നു. മററുള്ളവർ പട്ടിണിമരണത്തിലേയ്ക്കോട്ടിയോടിക്കുമ്പോൾ അവ നിങ്ങളെ തീററിപ്പോററുന്നു. തടവുമുറികൾക്കു കണ്ണുകളുണ്ട്. കൊലയാളികൾ കഴുകയററുവാൻ കൊണ്ടുപോകുമ്പോൾ അവ നിങ്ങളെ സൂക്ഷിച്ചുനോക്കുന്നു. നിങ്ങൾക്കറിയാം, നിങ്ങൾ നേരേ നിവന്നു നടക്കണം, നിങ്ങൾ അവരുടെ സഹോദരനാണ്. ഒരടിപോലുമിടറിപ്പോയാൽ അവർക്കു ബലക്ഷയം വരും. പൊട്ടിയൊഴുകുന്ന ഒരു സാഹോദര്യമാണിതു്. എന്നിട്ടും അജയ്യമാണ്. ഇതിന്റെ സഹായമില്ലാതെ നിങ്ങൾക്കു വിധിച്ചിട്ടുള്ള ഭാരത്തിന്റെ പത്തിലൊരംശംപോലും താങ്ങുവാൻ സാധ്യമല്ല. നിങ്ങൾക്കു തന്നെയല്ല, ഏതൊരു മനുഷ്യനും.

എനിക്കീ കഥ തുടരുവാൻ സാധിക്കുകയാണെങ്കിൽ—കാരണം ആ ദിവസമോ മണിക്കൂറോ നമുക്കറിഞ്ഞുകൂടല്ലോ—ഈ അദ്ധ്യായത്തിന്റെ മുകളിലെന്നപോലെ നമ്പർ നാനൂറു വീണ്ടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. ഞാനാദ്യം അതിനെപ്പററി വെറുമൊരു മുറിയാണെന്നോ കരുതിയിരുന്നുള്ളൂ. അവിടെ എന്റെയാദ്യവിചാരങ്ങൾ സന്തോഷത്തിൽനിന്നു വളരെയകന്നവയായിരുന്നു. എങ്ങനെയും അതൊരു മുറിയല്ല,

ഒരു സമുദായമാണ്. ഒരു സോദ്ദേശമായ സമരസംഘം, ഒരുല്ലാസപൂർവ്വമായ സംഘമെന്നു പറയാം.

1940-ൽ നാസിപ്പോലീസിന്റെ കമ്മ്യൂണിസ്റ്റുവിരുദ്ധഘടകം വിപുലമായി പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾ തുറന്നതാണിത്, ആഭ്യന്തരത്തടങ്ങൽവകുപ്പിന്റെ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടിയുള്ള ഒരു ശാഖ. 'പോലീസുദ്യോഗസ്ഥന്മാർക്കു ചോദ്യംചെയ്യുവാൻ തോന്നുമ്പോഴൊക്കെ ഒന്നാംനിലയിൽനിന്നു നാലാംനിലയിലേയ്ക്കു കൊണ്ടുപോകുവാനുള്ള വിഷമം പരിഹരിക്കുവാൻ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടിയുള്ള ഒരു കാത്തിരുപ്പുമുറിയാണിത്. തങ്ങളുടെ പണി ഇതുകൊണ്ടു വളരെ ലഘൂകരിക്കാമെന്നു കരുതിയാണ് അവർ ഈ സിനിമാശാഖ തുടങ്ങിയത്.

രണ്ടു തടവുകാരെ ഒന്നിച്ചടച്ചിട്ടാൽ മതി, വിശേഷിച്ച് അവർ കമ്മ്യൂണിസ്റ്റുകാരാണെങ്കിൽ, നിങ്ങളുടെ പ്ലാനെല്ലാം തകിടംമറിക്കുവാനുള്ള ഒരു സംഘടന അഞ്ചു നിമിഷത്തിനകം എങ്ങനെയെങ്കിലും അവിടെയുണ്ടാകും. 1942-ൽ ഈ സിനിമാലയത്തിനു "കമ്മ്യൂണിസ്റ്റു സെൻടൽ" എന്നു പേർ കിട്ടി. പല മാററങ്ങളും വന്നു. ആയിരമായിരം സഖാക്കൾ, ആണുങ്ങളും പെണ്ണുങ്ങളും, അതിലെ ബെഞ്ചുകളിൽ മുറയനുസരിച്ചു വന്നിരുന്നു. എന്നാൽ ഒന്നുമാത്രം ഒരിക്കലും മാറിയില്ല—സമരത്തിനുവേണ്ടി സകലതും സമർപ്പിച്ചതും അവസാനവിജയത്തിൽ അടിയുറച്ച വിശ്വാസമുള്ളതുമായ ഒരു സമുദായത്തിന്റെ മനക്കരുത്ത്.

തികച്ചും ശത്രുക്കളാൽ വളയപ്പെട്ടു കത്തിയുതിരുന്ന തീയുണ്ടകൾക്കു താഴെ, എന്നിട്ടും കീഴടങ്ങുന്നതിനെപ്പററി ഒരു നിമിഷനേരത്തേയ്ക്കുള്ള കിനാവുപോലും കാണാതെ സമരഭൂമിയിൽ വളരെ മുന്നണിയിലുള്ള ഒരു കിടങ്ങായിരുന്നു നമ്പർ നാനൂറ്. ഇവിടെ ചെങ്കൊടി ഉയർന്നു പാറിപ്പറക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യുന്ന സമ്പൂർണ്ണരാഷ്ട്രത്തിന്റെ തികഞ്ഞ യോജിപ്പാണു കൂട്ടായിട്ടുള്ള സഹവർത്തിത്വത്തിൽ പ്രകടമാകുന്നത്.

താഴത്തു പ്രധാന സിനിമയ്ക്കുമുമ്പിൽ എസ്സെസ്സ് പട്ടാളത്തിലെ പാറാവുകാർ ഉയർന്ന ബൂട്സിട്ടു ചവിട്ടിക്കൊണ്ടുലാത്തുകയാണ്. നിങ്ങൾ കണ്ണുചിമ്മുമ്പോഴൊക്കെ അവർ നിങ്ങളുടെനേരേ കൂക്കിയലറുന്നു. മുകളിൽ നമ്പർ നാനൂറിൽ ചെക്കുകാരായ ഇൻസ്പെക്ടർമാരും പോലീസ്സർജണ്ടുമാരുമാണു പാറാവുനില്ക്കുന്നത്. ഒന്നുകിൽ സ്വാഭീഷ്ടമനുസരിച്ച്, അല്ലെങ്കിൽ മേലാളരുടെ കല്പനപ്രകാരം ദ്വിഭാഷികളായി നാസിപ്പോലീ

സിൽ ചേൎന്നവരാണവർ. അവർ ജന്മൻമ്ടല്ലാളികളായിട്ട്, അല്ലെങ്കിൽ ചെക്കകാരായിട്ടുതന്നെ, പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു; ചിലപ്പോൾ രണ്ടി ൻെറയും കലൎപ്പായിട്ടും. നിങ്ങൾക്കിവിടെ കൈപ്പടം കാൽമുട്ടുകളിൽ വെച്ചു നേരേ മേലോട്ടു തുറിച്ചുനോക്കിക്കൊണ്ട് അനങ്ങാതെയിരിക്കേണ്ട തില്ല. ഇഷ്ടംപോലെയിരിക്കാം. കൈകാലുകളനക്കാം. ആ മൂന്നുതരം കാവല്ക്കാരിൽ ആരാണു തത്സമയത്തു പാറാവുനില്ക്കുന്നതെന്നു നോക്കി വേണമെങ്കിൽ കുറച്ചധികവും പ്രവൎത്തിക്കാം.

നമ്പർ നാന്നൂറിൽവെച്ചു നിങ്ങൾ മനുഷ്യജന്തുവിനെപ്പററി സമഗ്ര മായി പഠനംനടത്തുന്നു. മരണസാമീപ്യം ഞങ്ങളിലോരോരുത്തനെയും പരിപൂൎണ്ണനഗ്നനാക്കിനിൎത്തുന്നു; വിചാരണയിലിരിക്കുന്ന കമ്യൂണി സ്ററുകാരെന്ന നിലയ്ക്കോ കമ്യൂണിസ്ററുകാരുമായി സഹകരിക്കുന്നവ രെന്നു സംശയിക്കുന്ന നിലയ്ക്കോ കൈകളിൽ ചെമപ്പുതുണി കെട്ടിയ വരെയും, ഞങ്ങൾക്കു കാവൽനില്ക്കുവാൻ നിയോഗിക്കപ്പെട്ടവരെയും, അടുത്ത മുറിയിൽ വിചാരണയ്ക്കു സഹായിച്ചവരെയും. ആ അടുത്ത മുറിയിൽ മറ്റുനസമയത്തു വാക്കുകളെ ഖഡ്ഗമോ കവചമോ ആക്കിയുപ യോഗിക്കാം. ഇവിടെ നാന്നൂറാംനമ്പരിൽ വാക്കുകൾക്കു പിന്നിലൊളി ക്കുക സാദ്ധ്യമല്ല. ഇവിടെ നിങ്ങളുടെ വാക്കുകളെ അവർ തൂക്കിനോക്കു ന്നില്ല. നിങ്ങളിലെന്താണ്, നിങ്ങളെന്താണ്, അതാണു നോട്ടം. ഈ സമയത്തിനിടയ്ക്കു് ജീവിതത്തിൽ പരമപ്രധാനമായതുമാത്രമേ നിങ്ങ ളിൽ ശേഷിച്ചിരിക്കയുള്ളു. ഈ സമയത്തിനിടയ്ക്കു് നിങ്ങളുടെ മൗലി കമായ വ്യക്തിത്വത്തെ പാകപ്പെടുത്തുകയോ ദുൎബ്ബലപ്പെടുത്തുകയോ മോടിപിടിപ്പിക്കുകയോ ചെയ്യുന്ന സകലതും മരണത്തിൻമുമ്പത്തെ കൊടുങ്കാററിനാൽ തുടച്ചുനീക്കപ്പെടുന്നു. കൎത്താവും കൎമ്മവും മാത്രമവ ശേഷിക്കുന്നു. വിശ്വസ്തൻ ചെറുക്കുന്നു, വഞ്ചകൻ ചതിക്കുന്നു. വീരൻ സമരംചെയ്യുന്നു, ഭീരു കീഴടങ്ങുന്നു. നമ്മളിലോരോരുത്തനിലും ശക്തിയും ദൗൎബ്ബല്യവും, ധീരതയും ഭീരുതയും, ദാൎഢ്യവും ചാഞ്ചല്യവും, പരിശു ദ്ധിയും മാലിന്യവും കുടികൊള്ളുന്നുണ്ട്. ഇവിടെ ഇവയിലേതെങ്കിലു മൊന്നേ അവശേഷിക്കുന്നുള്ളു: ഉണ്ട്—അല്ലെങ്കിൽ ഇല്ല. ഈ രണ്ടററ ങ്ങൾക്കു നടുവിൽനിന്നു സമൎത്ഥമായ ഒരു ഞാണിന്മേൽക്കളിക്കു മുതിരു ന്നതു് കോമാളിവേഷംകെട്ടി ശ്മശാനയാത്രയിൽ മണികൊട്ടിത്തുള്ളുന്നതു പോലെ കൗതുകാവഹമാണ്.

അത്തരക്കാർ തീച്ചയായും രണ്ടു വിഭാഗത്തിലുമുണ്ടായിരുന്നു: തടവു കാരിലും പോലീസുകാരിലും. അവർ വിചാരണസമയത്തു റീച്ചിലെ

തങ്ങളുടെ ദൈവത്തിന് ഒരു മെഴുകുതിരി കത്തിച്ചിരുന്നു. നാന്നൂറാംനമ്പ
രിൽ ബോൾഷെവിക്ക് ചെകുത്താനു മറെറാന്നും. അവർ ജമ്മൻകമ്മി
സ്സറുടെ മുമ്പിൽവെച്ചു സന്ദേശവാഹകൻെറ പേർ പറയിക്കുവാൻവേണ്ടി
നിങ്ങളുടെ പല്ലു തല്ലിക്കൊഴിക്കുന്നു. നാന്നൂറാംനമ്പരിൽവെച്ചു വിശപ്പു
മാറുവാൻ നിങ്ങൾക്കൊരു റൊട്ടിക്കഷണം തരുന്നു. അവർ ഒരു പരി
ശോധനയ്ക്കു വരുമ്പോൾ നിങ്ങളുടെ വീട്ടിൽ കാണുന്ന വിലപിടിച്ച സക
ലതും മോഷ്ടിക്കുന്നു. നാന്നൂറാംനമ്പരിൽ നിങ്ങളോടു സഹതപിക്കുന്നു
ണ്ടെന്നു കാണിക്കുവാൻ അങ്ങനെ സമ്പാദിച്ചതിൽനിന്നു നിങ്ങൾക്കൊരു
സിഗററുകുററിയെടുത്തു സമ്മാനിക്കുന്നു. മറെറാരു തരക്കാരുണ്ടു്—ആദ്യ
ത്തേതിൽനിന്ന് അല്പം വ്യത്യാസപ്പെട്ടവർ—അവർ സ്വയം മുൻകൈയെ
ടുത്തു നിങ്ങളെയുപദ്രവിക്കുകയില്ല; എന്നാൽ ഒരു സഹായമൊട്ടു ചെയ്യു
കയുമില്ല. അവർക്കെപ്പോഴും സ്വന്തംകാര്യമേ മനസ്സിലുള്ളു. രാഷ്ട്രീയ
കാലാവസ്ഥകളെ വളരെ കൃത്യമായിട്ടളന്നുകുറിക്കുന്ന യന്ത്രങ്ങൾ. അവർ
ഔദ്യോഗികകൃത്യങ്ങളിൽ തികച്ചും മുഴുകിയിരിക്കുമ്പോൾ ജമ്മൻകാർ
സ്റ്റാലിൻഗ്രാഡിലേയ്ക്കു ടിച്ചുകയറുകയാണെന്നു പറയും. എന്നാൽ ഒരു
തടവുകാരനോട്ട് ഒരു സംഭാഷണം തുടങ്ങത്തക്ക മയ്യാദയെങ്കിലും ദീക്ഷി
ക്കുവാൻ മുതിരുമ്പോൾ ജമ്മൻകാർ സ്റ്റാലിൻഗ്രാഡിൽനിന്നു പ്രഹരമേററു
പിൻതിരിഞ്ഞു മണ്ടുകയാണെന്നു മനസ്സിലാകും. അവർ തങ്ങളുടെ
ചെക്കുകാരായ പൂവ്വപിതാമഹന്മാരെക്കുറിച്ചോ നാസിപ്പോലീസിൽ
ചേരുവാൻ നിർബ്ബന്ധിച്ച പരിതഃസ്ഥിതിയെക്കുറിച്ചോ പറയുവാൻ തുട
ങ്ങുകയാണെങ്കിൽ—വളരെ നല്ലതു്: ചെമ്പുസൈന്യം റസ്റ്റോവിലേയ്ക്കു
കുതിച്ചുകയറുകയാണു് തീച്ച്.

നിങ്ങൾ മുങ്ങിമരിക്കുവാൻപോവുകയാണെങ്കിൽപോലും കീശക
ളിൽ കൈയിട്ടുകൊണ്ടു തെളിഞ്ഞുനില്ക്കുന്ന മറെറാരുതരം ജീവികളുണ്ടു്.
നിങ്ങൾ സ്വയം നീന്തിത്തുഴഞ്ഞു കരയടുക്കുമ്പോൾ അവർ അടുത്തുവന്നു
കൈ നീട്ടിത്തരും. ഇത്തരക്കാർ നാന്നൂറാംനമ്പരിൻെറ സമുദായശക്തി
വാസനാഗ്രഹണംകൊണ്ടു മണത്തറിഞ്ഞിരുന്നു. ആ ശക്തിയാൽ ആകൃഷ്ട
രായി അതിനോടു കൂട്ടതലടുക്കുവാൻ നോക്കിയിരുന്നു. എന്നാൽ അവ
രൊരിക്കലും അതിനോടു ചേർന്നുനിന്നില്ല. മറെറാരു തരക്കാരുണ്ടു്,
അങ്ങനെയൊരു സമുദായമുണ്ടെന്നനുമാനിക്കുവാൻകൂടി കഴിയാത്തവർ.
ഞാനവരെ കൊലയാളികളെന്നാണു വിളിക്കുക. എന്നാൽ കൊലയാ
ളികളും മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരാണു്. അവരാകട്ടെ, ചെക്കുഭാഷ
സംസാരിക്കുന്ന മൃഗങ്ങളാണു്. കൈയ്യിൽ വടിവാളുകളും കുന്തങ്ങളുമുണ്ടു്.

അവർ ഞങ്ങളെ മർദ്ദിക്കുന്നതു കണ്ടുനില്ക്കുവാൻ കഴിയാതെ ജർമ്മൻകമ്മിസ്സാർമാർപോലും മുഖംതിരിച്ചോടിപ്പോയിട്ടുണ്ട്. സ്വന്തം രാഷ്ട്രത്തെയോ ജർമ്മൻഭരണകൂടത്തെയോ വിചാരിച്ചു തങ്ങളുടെ ലാലസകളെ നിയന്ത്രിക്കുകയെന്ന നാട്യംപോലും അവക്കു വേണ്ടത്രയുണ്ടായിരുന്നില്ല. അവർ അടിക്കുന്നതും ഹനിക്കുന്നതും ആനന്ദത്തിൻവേണ്ടിയാണ്. പല്ലു തല്ലിക്കൊഴിക്കുന്നതും ചെവി കുത്തിപ്പൊട്ടിക്കുന്നതും കണ്ണു തുരന്നെടുക്കുന്നതും നാഭിയിൽ ചവിട്ടിമെതിക്കുന്നതും തലച്ചോറു തട്ടിത്തകക്കുന്നതും തങ്ങളുടെ ക്രൂരതയ്ക്കു മകുടംചാത്തുവാനല്ലാതെ മറെറാന്നിനുമല്ല. നിങ്ങൾ അവരെ നിത്യം കാണുന്നുണ്ട്. നിങ്ങളുടെ മുറവുപാടുകൾ ചോരയും കണ്ണീരുംകൊണ്ടു നിറയുന്ന അവരുടെ സാന്നിദ്ധ്യം സഹിക്കുന്നുണ്ട്. അവരുടെയപരാധങ്ങൾക്കു സാക്ഷ്യംവഹിക്കുന്ന അവസാനത്തെ വ്യക്തിയെപ്പോലും കൊന്നുകളഞ്ഞാലും, ഒടുവിലൊരിക്കൽ നീതിയുടെ പിടിയിൽനിന്നു തലവലിക്കുവാൻ കഴിയുകയില്ലെന്നുള്ള ദൃഢവിശ്വാസം മാത്രമാണ് അവക്കെതിരായ നിങ്ങളുടെ ഒരൊററ രക്ഷാകവചം.

അതേ മേശയ്ക്കരികിൽ ഇത്തരക്കാരുടെയിടയിൽത്തന്നെ നീതിയുടെമുമ്പിൽ "മനുഷ്യൻ" എന്നു വലിയക്ഷരത്തിലെഴുതപ്പെടുവാൻ യോഗ്യതയുള്ളവരിരിപ്പുണ്ട്. ജയിൽനിയമങ്ങളെ തടവുകാരുടെ രക്ഷയ്ക്കുപയോഗിക്കുന്നവരാണവർ. നമ്പർ നാനൂറിൽ തടവുകാരുടെ സമുദായം കെട്ടിപ്പടുക്കുവാൻ സഹായിക്കുകയും പൂർണ്ണഹൃദയത്തോടും തികഞ്ഞ ധൈര്യത്തോടുംകൂടി അതിലെയായിട്ടിണങ്ങിച്ചേരുകയും ചെയ്യുവരാണവർ. അവരുടെ മഹത്വത്തിനു മാററുകൂട്ടുന്നതു് അവർ കമ്മ്യൂണിസ്ററുകാരല്ലെന്നുള്ളതാണ്. മാത്രമല്ല, അവർ ചെക്കുപ്പോലീസിൻെറ ദല്ലാളികളായി കമ്മ്യൂണിസ്ററുകാക്കെതിരായി പ്രവത്തിച്ചിരുന്നവർകൂടിയായിരിക്കും. ഞങ്ങൾ അക്രമികൾക്കെതിരായി പടവെട്ടുന്നതു കണ്ടപ്പോൾ രാഷ്ട്രത്തിൻെറ മുഴുവൻ കായ്യങ്ങളിലും കമ്മ്യൂണിസ്ററുകാക്കുള്ള പ്രാധാന്യം അവക്കു മനസ്സിലായി. ആ നിമിഷംമുതൽ ആ തടവുബെഞ്ചുകളിൽ വെച്ചു വിശ്വസ്തതയും സത്യസന്ധതയും കൈവിടാതെയുറച്ചുനിന്ന ഞങ്ങളിലോരോരുത്തനെയും അവർ സഹായിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ നാസിപ്പോലീസിൻെറ പിടിയിൽപ്പെട്ടുകഴിഞ്ഞാൽ പിന്നെയെന്താണു സംഭവിക്കുകയെന്നതിനെപ്പററി വല്ല പിടിയുമുണ്ടായിരുന്നെങ്കിൽ പുറത്തുള്ള ഞങ്ങളുടെ സൈന്യത്തിൽ പലരും പതറിപ്പോകുമായിരുന്നു. അകത്തുള്ള വിശ്വസ്തസഖാക്കളാകട്ടെ, ഈ ഭയങ്കരതകളെല്ലാം ദിവസംതോറും, മണിക്കൂറുതോറും, കൺമുമ്പിൽ കണ്ടുകൊണ്ടി

രിക്കുകയാണ്. അവർ ഓരോ മണിക്കൂറും തടവുകാരുടെയിടയിലേയ്ക്കു തള്ളപ്പെടുകയും കൂടുതൽ നികൃഷ്ടമായ പരീക്ഷണത്തിനു വിധേയരാവുകയും ചെയ്യുമെന്നു പ്രതീക്ഷിച്ചുകൊണ്ടു ജീവിക്കുകയാണ്. എന്നാലും അവക്കു പതറിച്ചയില്ല. ആയിരക്കണക്കിനാളുകളുടെ ജീവനെ രക്ഷിക്കുവാൻ അവർ സഹായിച്ചിരുന്നു. ജീവൻ രക്ഷിക്കുവാൻ സാധിക്കാത്തവരുടെ യാതനകളെ ലഘൂകരിക്കുകയെങ്കിലും ചെയ്തിരുന്നു. അവരെയാണു യഥാർത്ഥമായി ധീരരെന്ന പേരുവിളിക്കേണ്ടതു്. അവരെക്കൂടാതെ നമ്പർ നാനൂറ് ആയിരക്കണക്കിനുള്ള കമ്യൂണിസ്റ്റുതടവുകാക്കനുഭവപ്പെടുന്ന നിലയിൽ ഇപ്രകാരമായിത്തീരുമായിരുന്നില്ല; ഇരുട്ടറയിലെ ഒരു ദീപ്തിരംഗം—ശത്രുവിന്റെ പിന്നിൽ ഒരഭയസ്ഥാനം—അക്രമിയുടെ ഗഹ്വരത്തിൽ സ്വാതന്ത്ര്യാവകാശത്തിന്റെ സമരകേന്ദ്രം.

## അദ്ധ്യായം അഞ്ച്

# വ്യക്തികളും ചിത്രങ്ങളും—1

ചരിത്രത്തിന്റെ ഈ കാലഘട്ടത്തിലൂടെ ജീവിച്ചിരിക്കുന്നവരോട് എനിക്കൊരു കാര്യം പറയുവാനുണ്ട്. ഈ സമരത്തിൽ പങ്കെടുക്കുന്നവരെ ഒരിക്കലും മറക്കരുത്. നന്മയും തിന്മയും അനുസ്മരിക്കുക. ഞങ്ങൾക്കും നിങ്ങൾക്കുംവേണ്ടി ജീവൻ ബലികഴിച്ചവരെപ്പററി കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കുക. വർത്തമാനം കാലാന്തരത്തിൽ കഴിഞ്ഞുപോയ ചരിത്രമായി രൂപാന്തരപ്പെടും. വരാൻപോകുന്ന തലമുറകൾ ഇതിനെ ഒരു മഹായുഗമെന്നു പറയും. പേരില്ലാത്ത വീരന്മാർ ചരിത്രം സൃഷ്ടിച്ച കാലഘട്ടമാണിത്. എന്നാൽ അവർക്കെല്ലാവർക്കും പേരുണ്ടായിരുന്നു, രൂപമുണ്ടായിരുന്നു, ആശകളും അഭിലാഷങ്ങളുമുണ്ടായിരുന്നു. അതേ കാരണത്താൽ അവരിൽ ഏററവും നിസ്സാരപ്പെട്ടവരുടെയും യാതനകൾ ചരിത്രത്തിന്റെ മുൻപന്തിയിൽ സ്ഥാനംപിടിച്ചവരുടേതിനെക്കാൾ ഒട്ടും താഴെയല്ല. ഞാൻ ഇത്രമാത്രമാണാഗ്രഹിക്കുന്നത്: നിങ്ങളുടെ പരിചയക്കാരെപ്പോലെ, നിങ്ങളുടെ കുടുംബാംഗങ്ങളെപ്പോലെ, അഥവാ നിങ്ങൾതന്നെയാണവരുടെ സ്ഥാനത്തെന്നപോലെ, അവരോടെല്ലാവരോടും നിങ്ങൾക്കടുപ്പം തോന്നണം.

വീരന്മാരുടെ കുടുംബങ്ങളെയൊന്നാകെ കൊന്നുമുടിച്ചിട്ടുണ്ട്. നിങ്ങൾ അവരിലാരെയെങ്കിലും തിരഞ്ഞുപിടിച്ച് സ്വന്തം സന്താനത്തെയെന്നപോലെ സ്നേഹിക്കുക. ഭാവിക്കുവേണ്ടി ജീവിച്ചിട്ടുള്ള മററതൊരു മഹാനെക്കുറിച്ചുമെന്നപോലെ അവരെക്കുറിച്ചും അഭിമാനംകൊള്ളുക. ഭാവിക്കുവേണ്ടി യഥാർത്ഥമായി ജീവിക്കുകയും ഭാവി ഭാസുരമാക്കുവാൻ വേണ്ടി ആത്മബലി നടത്തുകയും ചെയ്യു അവരിലോരോരുത്തനും ശാശ്വത

സ്മരണയ്ക്കായി ശിലാരൂപങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുവാൻ യോഗ്യനാണ്. എന്നാൽ ഭൂതകാലത്തിൻെറ പൊടിപടലംകൊണ്ടു വിപ്ലവത്തിൻെറ വേലിക്കെതിരായി ചിറകെട്ടുവാൻ പരിശ്രമിച്ചിട്ടുള്ളവരാകട്ടെ, അവരുടെ തോളത്ത് എത്രമാത്രം സ്ഥാനമാനചിഹ്നങ്ങൾ കിടന്നു മിന്നിത്തിളങ്ങിയാലും ശരി, വെറും പൂതലിച്ചുകൊണ്ടിരിക്കുന്ന മരപ്പാവകളാണ്. ആ കോലങ്ങളെയും അവയുടെ ദയനീയമായ നീചതയിലും ക്രൂരതയിലും പരിഹാസ്യതയിലും മാംസരൂപത്തിൽതന്നെ. കാണേണ്ടതാവശ്യമാണ്. കാരണം, അവരും ഭാവിയെപ്പററിയുള്ള നമ്മുടെ സങ്കല്പത്തിനു കരുക്കളൊരുക്കിത്തരുന്നു.

താഴെ പകർത്തുന്ന ഒരു ദൃഗ്സാക്ഷിയുടെ തെളിവുകൾ ഏതെങ്കിലും ഒരു വശത്തെപ്പററിമാത്രം വലിയ കലാകൗശലമൊന്നും കൂടാതെതന്നെ എനിക്കു കുത്തിക്കുറിക്കുവാൻ കഴിഞ്ഞിട്ടുള്ള ഏതാനുംചില സ്വരൂപചിത്രങ്ങൾ മാത്രമുൾക്കൊള്ളുന്നവയാണ്: വലിയവരുടെയും ചെറിയവരുടെയും ഛായാചിത്രങ്ങളുടെ വെറുംചില പുറംവരകൾ മാത്രം.

## ജെലിനെക്ക് ദമ്പതിമാർ

ജോസപ്പും മേരിയും! അയാൾ ഒരു ബസ്സ്കണ്ടക്ടറാണ്, അവൾ ഒരു സാധാരണവീട്ടുവേലക്കാരിയും. നിങ്ങൾ അവരുടെ വീടൊന്നു നോക്കണം. മിനുപ്പും വെട്ടപ്പുമുള്ള പുതിയതരം വീട്ടുസാമാനങ്ങൾ, ഒരു പുസ്തകപ്പെട്ടി, ഒരു കൊച്ചുവിഗ്രഹം, ചുമരിൽ ചിത്രങ്ങളും—എല്ലാം വൃത്തിയുള്ളവ, നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുന്നത്ര വൃത്തിയുള്ളവ. മേരിയുടെ സർവ്വസ്വവും ആ വീട്ടിനകത്താണെന്നും അവൾക്കു ബാക്കി ലോകത്തെപ്പററിയൊന്നുമറിഞ്ഞുകൂടെന്നും നിങ്ങൾ പറയും. എന്നാൽ അവൾ വളരെക്കാലമായി കമ്യൂണിസ്റ്റ്പാർട്ടിയിൽ പണിയെടുത്തിട്ടുണ്ട്. അവളും സാമൂഹ്യനീതിയെപ്പററി സ്വന്തമായ സ്വപ്നങ്ങൾ കണ്ടിട്ടുണ്ട്. അവരിരുവരും ആത്മാർപ്പണംചെയ്തു പണിയെടുത്തു. ശത്രുവിൻെറ ആക്രമണത്താൽ ഭരിച്ച ചുമതലകൾ നിർവ്വഹിക്കേണ്ടിവന്നപ്പോൾ അവർ ഒരിക്കലും പിൻവാങ്ങിയില്ല.

മൂന്നുകൊല്ലത്തെ രഹസ്യപ്രവർത്തനത്തിനുശേഷം ഒരുദിവസം പോലീസ് അവരുടെ പുരയ്ക്കകത്തു കടന്നു. അവർ തലയ്ക്കുമീതെ കൈകൾ പൊക്കിപ്പിടിച്ചുകൊണ്ട് വർത്തിനുവശംചേർന്നു നിന്നു—അന്യോന്യം സ്പർശിച്ചുകൊണ്ട്.

## മേയ് 19, 1943

ഇന്നു രാത്രി അവരെൻെറ ഗസ്റ്റീനയെ വേലയ്ക്കുവേണ്ടി "പോളണ്ടി" ലേയ്ക്കു കൊണ്ടുപോകും. കപ്പലിൽ പാചകവേലയ്ക്കു്, പകച്ചപ്പനിയിൽ നിന്നു മരണത്തിലേയ്ക്കു്. അവൾക്കിനി അല്പദിവസത്തെ ജീവിതമേയുള്ളു. ഒരുപക്ഷേ രണ്ടോ മൂന്നോ മാസത്തെ. എൻെറ കേസ് കോടതിയിലെത്തിയിട്ടുണ്ടു്. പാൻക്രാററ്സിൽ നാലാഴ്ചകൂടി വിചാരണനടക്കും. പിന്നെയവസാനത്തിനു രണ്ടോ മൂന്നോ മാസം. ഈ കുറിപ്പുകൾ ഒരിക്കലും എഴുതിത്തീരുകയില്ല. അടുത്ത കുറച്ചുദിവസങ്ങളിൽ അവസരം ലഭിക്കുകയാണെങ്കിൽ എനിക്കു കഴിയുന്നതെഴുതാൻ ശ്രമിക്കാം. പക്ഷേ, ഇന്നെനിക്കെഴുതാൻ വയ്യ. ഗസ്റ്റീന! ഇന്നെൻെറ മനസ്സും മസ്തിഷ്കവും അവളെക്കൊണ്ടു നിറഞ്ഞിരിക്കയാണു്. ഒരു പ്രസരിപ്പുള്ള മഹതി! ഗഹനമെങ്കിലും ഒരിക്കലും ഒരിത്തിരി സമാധാനമില്ലാത്ത ജീവിതത്തിലെ ഏററവും വിലപിടിച്ച വിശ്വസ്തയായ കൂട്ടുകാരി!

ഓരോ സായാഹ്നത്തിലും ഞാൻ അവൾക്കേററവും പ്രിയപ്പെട്ട പാട്ടുകൾ പാടിക്കേൾപ്പിക്കാറുണ്ടു്. ഗറില്ലാസമരത്തിൻെറ വിജയകഥകൾ! വിറവിറുത്തുകൊണ്ടിരിക്കുന്ന നിരന്ന (സ്റ്റെപ്പി) മൈതാനങ്ങളിലെ നീലപ്പുൽക്കൊടികളെപ്പററിയുള്ള പാട്ടുകൾ! സ്വാതന്ത്ര്യത്തിനുവേണ്ടി പതിയുടെ പാർശ്വവർത്തിനിയായി പടപൊരുതിയ ഒരു കൊസാക്ക് ബാലികയുടെ ധീരതയെപ്പററിയും ഒരോററമുട്ടലിനുശേഷം അവളെ അവക്കു നിലത്തുനിന്നൊണീപ്പിക്കാൻ കഴിയാത്തതിനെപ്പററിയുമുള്ള പാട്ടുകൾ!

എൻെറ ധീരയായ സഖാവേ, നിങ്ങളുടെ ആ കൃശമായ ശരീരത്തിലും ഭംഗിയായി കടഞ്ഞെടുത്ത വദനത്തിലും എന്തൊരു ശക്തിയാണു്! ആ ബാലസഹജമായ വലിയ കണ്ണുകളിൽ എന്തൊരു സ്നേഹമാണു്! അവസാനമില്ലാത്ത സമരവും ഇടയ്ക്കിടയ്ക്കുള്ള വിയോഗവും ഞങ്ങളെ അനശ്വരപ്രേമികളാക്കിത്തീർത്തു. ആദ്യചുംബനത്തിൻെറയും പ്രഥമസംയോഗത്തിൻെറയും ചൂടാർന്ന നിമിഷങ്ങൾ ഞങ്ങൾ ഒരു നൂറുതവണ ആവർത്തിച്ചനുഭവിച്ചിട്ടുണ്ടു്. എപ്പോഴും ഞങ്ങളുടെ രണ്ടാളുടേയും ഹൃദയത്തുടിപ്പൊന്നാണു്; ഞങ്ങളുടെ രണ്ടാളുടേയും ശ്വാസോച്ഛ്വാസമൊന്നാണു്; സുഖത്തിലും ദുഃഖത്തിലും, ആശയിലും നിരാശയിലും.

എത്രയോ കൊല്ലം ഞങ്ങളൊന്നിച്ചു വേലയെടുത്തു; അന്യോന്യം ആത്മമിത്രങ്ങളെപ്പോലെ സഹായിച്ചു. എത്രയോ കൊല്ലം അവളാണു്

ആദ്യമായി എൻെറ കൃതികൾ വായിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുള്ളതു്. അവളുടെ ദൃഷ്ടി എൻെറമേൽ പതിയാത്തപ്പോൾ എനിക്കെഴുതുവാൻ പ്രയാസമായിരുന്നു. എത്രയോ കൊല്ലം ഞങ്ങളുടെ ജീവിതത്തെ പരമധന്യമാക്കിത്തീർക്കുന്ന മഹനീയസമരങ്ങളിൽ ഞങ്ങളൊന്നിച്ചുറച്ചു നിന്നിട്ടുണ്ടു്. എത്രയോ കൊല്ലം ഈ പ്രിയപ്പെട്ട ഭൂമിയിലുടനീളം ഞങ്ങളൊന്നിച്ചു കൈകോർത്തുപിടിച്ചുകൊണ്ടു സഞ്ചരിച്ചിട്ടുണ്ടു്. ഞങ്ങളുടെ ജീവിതത്തിൽ എത്രയോ പരീക്ഷണങ്ങളും ആനന്ദോത്സവങ്ങളുമുണ്ടായിട്ടുണ്ടു്. കാരണം, ഞങ്ങൾ പാവങ്ങളുടെ സമ്പത്തുകൊണ്ടു്—ഞങ്ങളിൽ തന്നെയുള്ള സമ്പത്തുകൊണ്ടു്—ധന്യരാണു്.

ഗസ്റ്റീന? നോക്കു, ഇതാണു ഗസ്റ്റീന.

പട്ടാളനിയമം നിലവിലുള്ള കാലം. ഒരുകൊല്ലം മുമ്പു ജൂൺമാസത്തിൻെറ മദ്ധ്യത്തിലാണു്. ഞങ്ങളെ അറസ്റ്റ്ചെയ്തു് ആറാഴ്ചയ്ക്കുശേഷം അവൾ ആദ്യമായി എന്നെക്കാണുകയാണു്. ആ അപകടംപിടിച്ച ദിവസങ്ങളിൽ എൻെറ മരണത്തെപ്പററി പല കിംവദന്തികളും കേട്ടുകൊണ്ടു് അവൾ ഒററയ്ക്കൊരു മുറിയിലിരുന്നു കഴിഞ്ഞുകൂടുകയായിരുന്നു. അവർ എന്നെ മയപ്പെടുത്തുവാൻ അവളെ കൊണ്ടുവന്നിരിക്കയാണു്.

"അവനെ മനസ്സിലാക്കു." വകുപ്പദ്ധ്യക്ഷൻ ഞങ്ങളെ പരസ്പരാഭിമുഖമാക്കിനിറുത്തി അവളോടു പറഞ്ഞു, "ചിന്തിക്കുവാൻ അവനെപ്പററു മനസ്സിലാക്കു. സ്വന്തം കാര്യത്തെപ്പററി വിചാരമില്ലെങ്കിൽ നിന്നെപ്പററിയെങ്കിലും അവൻ ചിന്തിക്കട്ടെ. ആലോചിക്കുവാൻ ഒരുമണിക്കൂർ സമയം തരുന്നു. എന്നിട്ടും മക്കടമുഷ്ടിപിടിക്കുകയാണെങ്കിൽ ഇന്നു രാത്രി വെടിവെച്ചുകൊല്ലും; രണ്ടാളെയും."

അവൾ കണ്ണുകളാൽ എന്നെയൊന്നു തലോടിക്കൊണ്ടു നേരെയങ്ങു പറഞ്ഞു:

"മിസ്റ്റർ കമമിസ്സാർ, അതെനിക്കൊരു ഭീഷണിയല്ല. അതാണെൻെറ അവസാനത്തെയും ഏററവും വലുതുമായ ആഗ്രഹം. അദ്ദേഹത്തെ കൊല്ലുകയാണെങ്കിൽ എന്നെയും കൊല്ലുക."

അതാണെൻെറ ഗസ്റ്റീന. അഗാധമായ പ്രേമവും അപാരമായ ഭക്തിയും!

അവർക്കു നമ്മുടെ ജീവനെയപഹരിക്കുവാൻ കഴിഞ്ഞെയ്ക്കാം, അല്ലേ ഗസ്റ്റീനേ? പക്ഷെ, നമ്മുടെ സ്നേഹത്തെയോ മാനത്തെയോ അപഹരിക്കുവാൻ സാദ്ധ്യമല്ല.

മഹാജനങ്ങളേ, നിങ്ങൾക്കൂഹിക്കുവാൻ കഴിയുമോ, ഇതെല്ലാം കഴിഞ്ഞു് ഇനിയൊരിക്കൽ വീണ്ടും കൂടിച്ചേരുകയാണെങ്കിൽ ഞങ്ങൾ ജീവിക്കുന്നതെങ്ങനെയായിരിക്കുമെന്നു്? രചനാത്മകമായ മോചനം കൊണ്ടു സുന്ദരമായ ഒരു ജീവിതത്തിൽ വീണ്ടും കൂടിച്ചേരുക! ആ സ്വാതന്ത്ര്യത്തിനുവേണ്ടിയാണു് ഞങ്ങൾ ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്നതും ഇന്നിപ്പോൾ മരിക്കുവാൻപോകുന്നതും—അതു നേടിക്കഴിഞ്ഞതിനുശേഷം വീണ്ടും ഞങ്ങളൊത്തുചേരുകയാണെങ്കിൽ ജീവിക്കുന്നതെങ്ങനെയായിരിക്കും? മരിച്ചാലും ഞങ്ങൾ ജീവിക്കും; നിങ്ങളുടെ ആ മഹനീയസൗഖ്യത്തിൻെറ ഏതെങ്കിലുമൊരു മൂലയിൽ ഞങ്ങൾ പാറിക്കൂടും. കാരണം, അതിനുവേണ്ടിയാണു ഞങ്ങൾ ജീവൻ മുതലിറക്കിയതു്. ഇപ്പോഴത്തെ വേർപാടു കഠിനമാണെങ്കിലും അതോർക്കുമ്പോൾ ഞങ്ങൾക്കാനന്ദമുണ്ടു്.

എന്നാൽ യാത്രപറയുവാനോ ആശ്ലേഷിക്കുവാനോ ഒന്നു കൈപിടിച്ചമർത്തുവാനോ അവർ ഞങ്ങളെയനുവദിച്ചില്ല.

പാൻക്രാററ്സിനെയും കാർലോവോസ്റ്റ്വയറിനെയും ബന്ധിക്കുന്ന ജയിൽസംഘടനവഴിക്കു മാത്രമാണു് ഇടയ്ക്കിടയ്ക്കു പരസ്പരം വിവരങ്ങളറിയുവാൻ കഴിയുന്നതു്. നിങ്ങൾക്കറിയാം ഗസ്റ്റീനേ, എനിക്കുമറിയാം, മിക്കവാറും ഇനിയൊരിക്കലും നമുക്കു തമ്മിൽ കാണുവാൻ കഴിയുകയില്ലെന്നു്. എങ്കിലും വിദൂരത്തിൽനിന്നു് നിങ്ങൾ വിളിച്ചുപറയുന്ന ശബ്ദം എൻെറ ചെവിയിൽ വന്നലയ്ക്കുന്നു:

“പോകട്ടെ എൻെറ പ്രിയാ, പിന്നെക്കാണാം.”

പിന്നെക്കാണാം, എൻെറ ഗസ്റ്റീനേ!

## എൻെറ അവസാനത്തെയഭിലാഷം

എൻെറ ഗ്രന്ഥശാലയല്ലാതെ മറെറാന്നും എനിക്കുണ്ടായിരുന്നില്ല. പോലീസ് അതു നശിപ്പിച്ചു.

ഞാൻ സാംസ്കാരികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെപ്പററി നിരവധി ലേഖനങ്ങളെഴുതിയിട്ടുണ്ടു്; സാഹിത്യത്തെയും നാട്യശാസ്ത്രത്തെയും കുറിച്ചുള്ള വിമർശനങ്ങളും വിചിന്തനങ്ങളും ഒട്ടേറെ പത്രലേഖനങ്ങളും. ഇവയിലധികം അനുദിനപ്രാധാന്യമുള്ളവയാണു്. കാലം കഴിഞ്ഞാൽ കാര്യം കഴിഞ്ഞു. അവ കിടക്കട്ടെ, കാലത്തെയതിജീവിക്കുന്ന ചിലതുണ്ടു്. ഗസ്റ്റീന അവ പ്രസിദ്ധീകരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു.

എന്നാൽ ഇനിയതിനുള്ള സാദ്ധ്യതയില്ല. അതിനാൽ അവയിൽ ഏററവും നല്ലതെല്ലാം തെരഞ്ഞെടുത്ത് അഞ്ചുപുസ്തകങ്ങളായി സമാഹരിക്കുവാൻ എൻെറ സഖാവായ ലഡിയാഃസ്ററാളിനോടാവശ്യപ്പെടുന്നു:

1. രാഷ്ട്രീയലേഖനങ്ങളും ചർച്ചകളും.

2. ആഭ്യന്തരകാര്യങ്ങളെപ്പററിയുള്ള തെരഞ്ഞെടുത്ത റിപ്പോർട്ടുകൾ.

3. സോവിയററുയൂണിയനിൽനിന്നുള്ള കുറിപ്പുകൾ.

4-5. സാഹിത്യവും നാടകങ്ങളും സംബന്ധിച്ച ലേഖനങ്ങളും വിചിന്തനങ്ങളും.

അവയിൽ മിക്കതും "തോർബ" (രചനാത്മകമായ കല)യിലും "രുദേപ്രവോ" (രക്താവകാശങ്ങൾ)വിലും മററുള്ളവ "പ്രമൻ", "കമൻ", "ദോബ്", "സോഷ്യലിസ്ററ്", "പ്രോലിക്കൾട്ട്", "അവൻഗാർഡ്" മുതലായ രാഷ്ട്രീയ-സാഹിത്യപത്രങ്ങളിലും കണ്ടുകിട്ടും.

ജൂലിയസ് സോയരെപ്പററിയുള്ള എൻെറ വിചിന്തനം ഗശ്ഗലിൻെറ കൈവശമാണ്. നമ്മുടെ നാട്ട് ശത്രുക്കൾക്കു കീഴടങ്ങിയകാലത്ത് എൻെറ "ബൊഴീനാനെംകോവ" പ്രസിദ്ധീകരിക്കുവാൻ ധൈര്യപ്പെട്ടതിൽ എനിക്കദ്ദേഹത്തോടുള്ള താല്പര്യം സീമാതീതമാണ്. സാബിനെപ്പററിയുള്ള വിചിന്തനത്തിൻെറ ചില ഭാഗങ്ങളും ജാൻനെരുദയെപ്പററിയുള്ള കുറിപ്പുകളും മുമ്പ് ജെലിനെക്ക് ദമ്പതിമാരും വിസ്സൂഷിൽസഖാക്കളും സുചനെക്ക് കുടുംബവും താമസിച്ചിരുന്ന വീട്ടിലെവിടെയോ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അവരിൽ പലരും ഇപ്പോൾ മരിച്ചുമണ്ണടിഞ്ഞുകഴിഞ്ഞിരിക്കും!

•

നമ്മുടെ തലമുറയെപ്പററി ഒരാഖ്യായിക ഞാനെഴുതിത്തുടങ്ങിയിരുന്നു. രണ്ടദ്ധ്യായങ്ങൾ അച്ഛനമ്മമാരുടെ അടുത്തുകാണും. മററുള്ളവ ഒരുപക്ഷെ നശിപ്പിച്ചിട്ടുണ്ടായിരിക്കും. പല കഥകളുടെയും കൈയെഴുത്തുപ്രതികൾ എന്നെസ്സംബന്ധിച്ച പോലീസ്ഫയലിൽ ഞാൻ കാണുകയുണ്ടായി.

ജാൻനെരുദയെക്കുറിച്ചുള്ള എൻെറ താല്പര്യം ഭാവിയിൽ പിറക്കുവാൻപോകുന്ന ഏതെങ്കിലുമൊരു സാഹിത്യചരിത്രകാരനു ഞാൻ വിട്ടുകൊടുക്കുന്നു. അദ്ദേഹം ഞങ്ങളുടെ മഹാകവിയാണ്. അദ്ദേഹം ഭാവിയെപ്പററി നമ്മളെക്കാൾ വളരെ മുന്നോട്ടു കണ്ടു. അദ്ദേഹത്തെപ്പററി നല്ലപോലെ അറിയുകയും അഭിനന്ദിക്കുകയും ചെയ്യുന്ന ഒരു വിചിന്തനം

ഇതുവരെ ഉണ്ടായിട്ടില്ല. നെരൂദ ഒരു തൊഴിലാളിയായി ചിത്രീകരിക്കപ്പെട്ടിട്ടില്ല. ഒരു തൊഴിലാളിനിവാസമായ സ്മിഃക്കോവിൻെറ അതിർത്തിയിലാണ് അദ്ദേഹം ജനിച്ചതു്. റിഃങ്ങാഫർമില്ലിൻെറ പരിസരങ്ങളിൽ നിന്നാണ് തൻെറ "ചുടലപ്പൂക്കൾ" എന്ന കൃതിക്കുള്ള സാമഗ്രികൾ സമ്പാദിച്ചതു്. ആ പശ്ചാത്തലം കൂടാതെ "ചുടലപ്പൂക്കൾ" മുതൽ "1890 മേയ് 1"വരെയുള്ള കൃതികളിൽനിന്നു നെരൂദയെ നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല. ഭൂരിപക്ഷവും—ഷാൽദയെപ്പോലെ വ്യക്തമായിച്ചിന്തിക്കുന്ന വിമർശകൻപോലും—നെരൂദയുടെ പത്രപ്രവർത്തനം കവിതയെ വിഘാതപ്പെടുത്തിയിരുന്നുവെന്നനുമാനിക്കുന്നു. അതസംബന്ധമാണ്. ഒരു പത്രപ്രവർത്തകനായിരുന്നതുകൊണ്ടു മാത്രമാണ് വീരഗാഥകൾ, ഗീതകങ്ങൾ, വെള്ളിയാഴ്ച്ചപ്രാർത്ഥനയ്ക്കുള്ള കീർത്തനങ്ങൾ മുതലായ മേത്തരം കൃതികളും സരളോദ്ദേശങ്ങൾ എന്നതിലെ മിക്ക ഭാഗങ്ങളുമെഴുതുവാനുള്ള കഴിവ് നെരൂദയ്ക്കുണ്ടായതു്. പത്രപ്രവർത്തനം ഭ്രാന്തുപിടിപ്പിക്കുന്ന ഒരു ശുഷ്കവിഷയമാണ്. എന്നാൽ അതു നമുക്കു വായനക്കാരോടു നേരിട്ടു ബന്ധമുണ്ടാക്കിത്തരുന്നു, കവിത എഴുതുവാൻ തന്നെ പഠിപ്പിക്കുന്നു. നെരൂദയെപ്പോലെ സത്യസന്ധനായ ഒരു പത്രപ്രവർത്തകനാണെങ്കിൽ തീർച്ചയായും. പത്രലേഖനങ്ങൾക്കു പുറമേ ജാൻനെരൂദ നിരവധി കവിതാഗ്രന്ഥങ്ങളെഴുതുമായിരുന്നു. പക്ഷേ, അവയിലൊന്നും തന്നെ അദ്ദേഹത്തിൻെറ ഇന്നത്തെ കൃതികളെപ്പോലെ ശതാബ്ദങ്ങളെ അതിജീവിക്കുമായിരുന്നില്ല. "സാബിന" ഇനിയാരെങ്കിലും പൂർത്തീകരിച്ചേയ്ക്കാം. അമൂല്യമായ ഒരു സംരംഭമാണതു്.

എൻെറ അച്ഛനമ്മമാരുടെ സ്നേഹവും മഹനീയതയും കാരണം ഞാൻ അവരുടെ വാർദ്ധക്യദശയിൽ ഒരു ശോഭനമായ ജീവിതം സുരക്ഷിതമാക്കിക്കൊടുക്കുവാനാഗ്രഹിച്ചു. ആ ഒരുദ്ദേശമാണ് എൻെറ അധികം പ്രവൃത്തികൾക്കും അർത്ഥം കൊടുത്തതു്. എൻെറ വേർപാടു് അവരുടെ അവസാനദിവസങ്ങളിൽ അന്ധകാരം പരത്തുകയില്ലെന്നു ഞാനാശിക്കുന്നു. "തൊഴിലാളി നശിക്കുമെങ്കിലും തൊഴിൽ അനശ്വരമായിരിക്കും." അതിനാൽ ഞാനെപ്പോഴും അവരൊന്നിച്ചുണ്ടായിരിക്കും; അവരെയാവരണം ചെയ്തിരിക്കുന്ന ചൂടിലും വെളിച്ചത്തിലും.

എൻെറ വേർപാടുമൂലം വീട്ടിൽവന്നു വിടവടയ്ക്കുവാൻവേണ്ടി അച്ഛനമ്മമാരെ പാട്ടും ചിരിയുംകൊണ്ടു സഹായിക്കുവാൻ എൻെറ സഹോദരിമാരായ ലീബയോടും വീരയോടും ഞാനാവശ്യപ്പെടുന്നു. പെച്ചെക്ക്മന്ദിരത്തിൽ ഞങ്ങളെക്കാണുവാൻ വന്നപ്പോൾ അവർ വളരെയധികം കണ്ണീർ

പൊഴിച്ചു. എങ്കിലും അവരിലാനന്ദം കുടികൊള്ളുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങളുന്യോന്യം അത്രത്തോളം സ്നേഹിക്കുന്നത്. അവർ ഞങ്ങൾക്കു ചുററും ആനന്ദം വാരിവിതറുന്നുണ്ട്—ഒന്നിനും ഒരിക്കലും അവരുടെ സന്തോഷത്തെയപഹരിക്കുവാൻ കഴിയാതിരിക്കട്ടെ.

ഈ അവസാനസമരത്തിൻെറ കാലഘട്ടത്തിൽ ജീവിക്കുകയും ഞങ്ങളെ പിൻതുടരുകയും ചെയ്യുന്ന ഓരോ സഖാവിനേയും ഞാൻ അഭിവാദ്യംചെയ്യുന്നു. എനിക്കും ഗസ്റ്റീനയ്ക്കും ഒന്നു കൈതരൂ. ഞങ്ങൾ ഞങ്ങളുടെ കർത്തവ്യം നിറവേററിയിട്ടുണ്ട്.

ഞാൻ ആവർത്തിച്ചു പറയുന്നു, ഞങ്ങൾ സൗഖ്യത്തിനുവേണ്ടിയാണു ജീവിച്ചത്, അതിനുവേണ്ടിയാണു സമരം ചെയ്തത്, അതിനുവേണ്ടിത്തന്നെയാണു മരിക്കുന്നതും. ദുഃഖം ഒരിക്കലും ഞങ്ങളുടെ നാമത്തോടു ബന്ധപ്പെടുവാൻ വയ്യ.

മേയ് 19, 1943. ജൂ. ഫ്യൂ.

## മേയ് 22, 1943.

കൈയൊപ്പും കോടതിമുദ്രയും വെച്ചുകഴിഞ്ഞു. വിചാരണാധിപൻ ഇന്നലെക്കൊണ്ടു് എൻെറ കാര്യമവസാനിപ്പിച്ചു. ഞാൻ പ്രതീക്ഷിച്ചതിലധികം വേഗത്തിലാണ് കേസു നീങ്ങിയതു്. അവരെന്തോ പരിഭ്രമിച്ചതുപോലിരുന്നു. എൻെറ കൂട്ടുപ്രതികൾ ലീഡാപ്ലാച്ചയും മിറെക്കുമാണ്. അയാൾക്കു തലതിരിഞ്ഞതുകൊണ്ടു തടിയൂരുവാൻ കഴിഞ്ഞില്ല.

വിചാരണാധിപൻെറ മുമ്പിൽ എല്ലാം ശീതവും കണിശവുമായിരുന്നു. നമ്മെ വിറപ്പിക്കുന്നത്ര തണുപ്പു്. പോലീസ്തലസ്ഥാനത്തിലാകട്ടെ, സംഗതികൾ സജീവമാണ്, ഭയങ്കരമാണ്. എന്നാലും ജീവിതത്തിൻെറ ഒരു ഭാഗം. അവിടെ വികാരങ്ങളുണ്ടു്: ഒരുവശത്തു പടയാളികളുടെ വികാരങ്ങൾ, മറുവശത്തു വേട്ടക്കാരുടെ വികാരങ്ങൾ—ഇരപിടിക്കുവാനിരിക്കുന്ന ജന്തുക്കളുടെയോ സാധാരണതട്ടിപ്പറിക്കാരുടേയോ വികാരങ്ങൾ. ആ മറുവശത്തുള്ളവരിൽ പലക്കും ഏതെങ്കിലും ഒരുതരം വിശ്വാസമുണ്ടു്. വിചാരണാധിപൻെറ മുമ്പിലാകട്ടെ, ഔദ്യോഗികകമ്മമല്ലാതെ മറെറാന്നുമില്ല. കുപ്പായത്തിന്മേലുള്ള സ്വസ്തികാങ്കിതമായ ഒരു വലിയ സ്ഥാനമുദ്ര അയാളുടെ അകത്തില്ലാത്ത ഒരു വിശ്വാസത്തെയാണു സൂചിപ്പിച്ചിരുന്നതു്. ഈ കാലഘട്ടത്തിൽ എങ്ങനെയെങ്കിലും ജീവിക്കുവാൻമാത്രം നോക്കുന്ന ഒരു ദയനീയനായ ഉദ്യോഗസ്ഥനു രക്ഷ

പ്രാപിക്കുവാനുള്ള കവചമായിരുന്നു അതു്. അയാൾ പ്രതികാരക്കുപകാരിയോ അപകാരിയോ അല്ല. ചിരിക്കുകയോ മുരളുകയോ പതിവില്ല. ഔദ്യോഗികമായ ഒരു ചടങ്ങു നിർവ്വഹിക്കുകമാത്രമാണു് അയാൾ ചെയ്യുന്നതു്. അയാളുടെ സിരകളിൽ ചോരയ്ക്കുപകരം നേർത്ത നീരാണു്!

അവർ തെളിവുകൾ പകർത്തി നിയമത്തിൻെറ വകുപ്പുകളുദ്ധരിച്ചെഴുതി ഒപ്പുവെച്ചു. രാജദ്രോഹപരമായ ഏതാണ്ടൊരു കുററങ്ങളാണു് ആരോപിച്ചിരുന്നതു്. ജർമ്മൻ ഭരണകൂടത്തിനെതിരായ ഗൂഢാലോചന, ആയുധമേന്തിയ വിപ്ലവത്തിനുള്ള സന്നാഹം—എല്ലാമെനിക്കോർമ്മയില്ല. എന്തിനെല്ലാം? അവയിലേതെങ്കിലുമൊന്നുമാത്രം മതിയായിരുന്നു!

പതിമൂന്നുമാസക്കാലമായി എൻെറയും മററുള്ളവരുടെയും ജീവനുവേണ്ടി ഞാനിവിടെ ആവേശപൂർവ്വം തന്ത്രപരമായിപ്പൊരുതുകയായിരുന്നു. അവരുടെ പ്രസംഗവേദികളിൽ നോർഡിക്ക് തന്ത്രങ്ങളെപ്പററി പറയാറുണ്ടു്. അതിൽ ഞാനവരെയടിപ്പെടുത്തിയെന്നാണു് കരുതിയിരുന്നതു്. എന്നാൽ തന്ത്രത്തിനപ്പുറമേ കോടാലികൂടി അവരുടെ കൈയിലിരിക്കുന്നുവെന്നതാണു് എൻെറ വിനാശത്തിനു ഹേതു.

ആ ദ്വന്ദ്വയുദ്ധം അങ്ങനെയവസാനിച്ചു. ഇനി സമയംകാത്തിരിക്കലാണു്. കുററപത്രം തയാറാക്കുന്നതുവരെ രണ്ടുമൂന്നാഴ്ച. പിന്നീടു വീണ്ടും തലസ്ഥാനത്തേയ്ക്കുള്ള യാത്ര. വിചാരണയ്ക്കു കാത്തിരിക്കൽ, പിന്നെ വിധിക്കു്. അവസാനമായി കഴുമരത്തിൽ കയററുന്നതു കാത്തുകൊണ്ടൊരു നൂറുദിവസം. ഇതാണെൻെറ മുന്നോട്ടുള്ള വീക്ഷണഗതി. ഒരുപക്ഷെ നാലഞ്ചുമാസത്തെ ഭാവി—ആ സമയത്തിനുള്ളിൽ വളരെയധികം സംഭവങ്ങളുണ്ടായേക്കും. ആ സമയത്തിനുള്ളിൽ സകലതും മാറിമറിഞ്ഞുകഴിഞ്ഞേക്കും. ഒരുപക്ഷെ, എനിക്കിവിടെനിന്നനുമാനിക്കുവാൻ ഒരു മാർഗ്ഗവുമില്ല, പുറത്തു നടക്കുന്ന സംഭവങ്ങളുടെ പെട്ടെന്നുള്ള പരിവർത്തനങ്ങൾ ഞങ്ങളുടെ അവസാനത്തെ ത്വരിതപ്പെടുത്തിയെന്നുവരും. അങ്ങനെ അതും സഹായകമാകാതെ വന്നേക്കാം.

സമരവും പ്രതീക്ഷയും തമ്മിലുള്ള ഒരു മത്സരിച്ചോട്ടമാണിതു്. രണ്ടുതരം മരണങ്ങൾതമ്മിലുള്ള ഒരു മത്സരിച്ചോട്ടം. ഏതാണാദ്യം സംഭവിക്കുക—എൻെറ മരണമോ ഫാസിസത്തിൻെറ മരണമോ? അതു് എൻെറ മാത്രമായ ഒരു സ്വകാര്യപ്രശ്നമാണോ? ഒരിക്കലുമല്ല. ആയിരം പതിനായിരം തടവുകാരുടെ പ്രശ്നമാണതു്, കോടിക്കണക്കിൽ പടയാളികളുടെ പ്രശ്നമാണതു്. യൂറോപ്പിലെങ്ങും, ലോകത്തിൽ നാനാവശത്തും, കോടിക്കണക്കിലുള്ള ബഹുജനങ്ങൾ ചോദിക്കുന്നതും ഇതേ

ചോദ്യമാണ്. ചിലക്ക് പ്രതീക്ഷ കൂടുതലുണ്ട്, ചിലക്ക് കുറവും. എന്നാൽ അതെല്ലാം വാസ്തവത്തിൽ സാങ്കല്പികം മാത്രമാണ്. മുതലാളിത്തത്തിൻെറ ചീഞ്ഞളിച്ചലിൽ ലോകത്തെയാവരണംചെയ്തുകൊണ്ടിരിക്കുന്ന ഭയാനകത ഏതൊരുത്തനെയും അങ്ങേയററം വിറകൊള്ളിച്ചിരിക്കുന്നു. നൂറുകണക്കിനും ആയിരക്കണക്കിനുമാളുകൾ മരിക്കും—എത്രയോ നല്ലയാളുകൾ—"ഞാൻ ഫാസിസത്തെയതിജീവിച്ചു"വെന്ന് അവശേഷിക്കുന്നവർക്ക് പറയുവാൻ കഴിയുന്നതിനുമുമ്പ്.

അതു മാസങ്ങൾക്കപ്പുറത്തെ കാര്യമാണ്. എന്നാൽ അതു ദിവസങ്ങൾക്കപ്പുറത്തെയായി വേഗം മാറും. അവ ഏററവും ക്രൂരമായ ദിവസങ്ങളായിരിക്കും. അവസാനസമരത്തിൻെറ അവസാനനിമിഷത്തിൽ അവസാനത്തെ വെടിയുണ്ടയേററ് അവസാനശ്വാസം വിടുന്ന അവസാനത്തെ പടയാളിയാവുകയെന്നതു് എത്രമാത്രം ദുരന്തമായിരിക്കുമെന്നു ഞാൻ പലപ്പോഴുമാലോചിച്ചിട്ടുണ്ട്. എങ്കിലും ആ അവസാനത്തെ പടയാളിയായി വീഴുവാൻ ഒരുവനുണ്ടായേ കഴിയൂ. ആ അവസാനത്തെ മനുഷ്യനാകുവാൻ എനിക്കു കഴിയുമെന്നറിഞ്ഞാൽ ഇതാ, ഈ നിമിഷത്തിൽതന്നെ ഞാൻ പുറപ്പെടുകയായി.

പാൻക്രാററ്സിൽ എനിക്കു ശേഷിച്ചിരിക്കുന്ന തുച്ഛസമയം ഈ കുറിപ്പുകൾക്കു രൂപംകൊടുക്കുവാൻ സമ്മതിക്കുന്നില്ല. എനിക്കു കൂടുതൽ ചുരുക്കേണ്ടിയിരിക്കുന്നു. ജനങ്ങളിൽ ശ്രദ്ധിക്കുകയും ചരിത്രഘട്ടത്തിൽ ചുരുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അവക്കാണ് ഏററവുമധികം പ്രാധാന്യം.

ജെലിനെക്ക് ദമ്പതികളെപ്പററി വിവരിക്കുവാനാണു ഞാൻ തുടങ്ങിയതു്. സാധാരണകാലങ്ങളിൽ നിങ്ങളവരിൽ ധീരത കണ്ടിട്ടുണ്ടായിരിക്കയില്ല. അത്ര സരളസ്വഭാവികളാണവർ. അറസ്ററുചെയ്ത സമയത്തു് അവർ തലയ്ക്കുമീതേ കൈകൾ പൊക്കി അന്യോന്യം അടുത്തടുത്തുനിന്നു. അയാൾ വിളത്തിരുന്നു. അവളുടെ ചെന്നികൾക്കുതാഴേ തുടുത്തും. അഞ്ചുമിനിട്ടുകൊണ്ട് പോലീസുകാർ ആ മാതൃകാഭവനം തകത്തു തരിപ്പണമാക്കിയതു കണ്ടപ്പോൾ അവളുടെ കണ്ണുകളിൽ കുറച്ചൊരു ഭയപ്പാടുണ്ടായി. അവൾ പതുക്കെ പതിയുടെ നേരേ തിരിഞ്ഞു ചോദിച്ചു:

"എന്താണീ സംഭവിക്കുന്നതു്, ജോ?"

അയാൾ അധികമൊന്നും പറയാറില്ല. വാക്കുകൾക്കുവേണ്ടി തപ്പിത്തടവുകയും സംസാരത്തിൽ സ്വയം ക്ഷോഭിക്കുകയും പതിവായിരുന്നു.

ഇപ്പോഴാകട്ടെ, ക്ലേശമോ ദീനതയോ കൂടാതെ പ്രശാന്തമായി മറുപടി പറഞ്ഞു:

"മേരീ, നമുക്കു മരിക്കുവാൻ പോകാം."

അവൾ പൊട്ടിക്കരഞ്ഞില്ല. നടുങ്ങുകപോലുമുണ്ടായില്ല. ഒരു മനോഹരമായ ചലനത്തോടുകൂടി അവൾ വലതുകൈ താഴ്ത്തി അയാളുടെ കൈ പിടിച്ചമർത്തി. തോക്കിൻെറ വായ്ക്കു മുമ്പിലാണ്. അതാണ് അവളുടെ മുഖത്ത് ആദ്യത്തെയടിയിടിപ്പിച്ചത്. അവൾ കവിൾ തുടച്ച് അക്രമികളെ അടിമുടി നോക്കി. എന്നിട്ടേതാണ്ട തമാശയായി പറഞ്ഞു:

"എന്തൊരഴകുള്ള ചെറുപ്പക്കാർ!" അവൾ സ്വരമുയർത്തിപ്പറഞ്ഞു, "എന്തൊരഴകുള്ള ചെറുപ്പക്കാർ, അതേമാതിരി മൃഗങ്ങളും!"

അവൾ അവരെ ശരിക്കുളന്നുകുറിച്ചു. ഏതാനും മണിക്കൂറുകൾക്കു ശേഷം അടിച്ചു ബോധംകെടുത്തിയ നിലയിൽ ആവരവളെ പരിശോധനാധിപൻെറ മുമ്പിൽനിന്നു പുറത്തേയ്ക്കു കൊണ്ടുപോയി. എന്നാൽ അവക്കൊന്നുംതന്നെ അവളിൽനിന്നു തല്ലി പുറത്തുചാടിക്കുവാൻ കഴിഞ്ഞില്ല. അപ്പോഴോ അതിനുശേഷമോ അവൾ യാതൊന്നുംതന്നെ പുറത്തു വിട്ടില്ല.

വിചാരണചെയ്യുന്നതുകൊണ്ടു ഫലമില്ലാത്തവിധം വിവശനായി ഞാനെൻെറ മുറിയിൽ കിടന്നിരുന്നപ്പോൾ അവക്കെന്തു സംഭവിച്ചുവെന്നു നിശ്ചയമില്ല. എന്നാൽ അവർ ആ സമയത്തു യാതൊന്നുംതന്നെ പറഞ്ഞിട്ടില്ലെന്നറിയാം. എൻെറ വാക്കിനു കാത്തിരിക്കുകയായിരുന്നു. എത്രയോ തവണ കണ്ണിക്കാലിൽ കൈചേർത്തുകെട്ടിച്ച് അയാളെ അന്തമില്ലാതെ മർദ്ദിച്ചിട്ടുണ്ട്. എന്നാൽ ഞാനവിടെയെത്തി ആ വിചാരണയുടെ പടികടന്നു വാഴുവാൻവേണ്ടി സമ്മതിച്ചുകൊടുക്കാമെന്നു കണ്ണുകൊണ്ടാംഗ്യംകാട്ടി മനസ്സിലാക്കുന്നതുവരെ ഒരിക്കലും ഒരക്ഷരംപോലും അയാൾ സംസാരിച്ചില്ല!

അയാളുടെ ഭാര്യ വികാരലോലയും ദയാശീലയുമായിരുന്നു. അറസ്റ്റിനു മുമ്പുതന്നെ അവളെപ്പററി ഞാനറിഞ്ഞിരുന്നതങ്ങനെയാണ്. ജയിൽവാസകാലത്ത് ഒരൊററത്തുള്ളി കണ്ണുനീർപോലും അവളുടെ കണ്ണുകളിൽ ഞാൻ കണ്ടിട്ടില്ല. അവളുടെ വീട് അഭിമാനത്തിൻെറ മർമ്മമായിരുന്നു. എന്നിട്ടും സാമാനങ്ങൾ കൊള്ളചെയ്യുവരെയറിയാമെന്നും അവരെ തങ്ങൾ നിരന്തരം കണ്ണുവെയ്ക്കുന്നുണ്ടെന്നും അവളെ സമാധാനിപ്പി

ക്കവാൻവേണ്ടി പുറത്തുള്ള സഖാക്കളറിയിച്ചപ്പോൾ അവൾ മറുപടി പറഞ്ഞു:

"വീട്ടുസാമാനങ്ങൾ ചെകുത്താൻ കൊണ്ടുപോകട്ടെ. അതിനെപ്പററി ക്ലേശിച്ചു സമയം കളയേണ്ട. അതിനേക്കാളധികം പ്രാധാന്യമേറിയ കാര്യങ്ങൾ ചെയ്യുവാനുണ്ട്. ഇനിയിപ്പോൾ ഞങ്ങളുടെ സ്ഥാനംകൂടി യെടുത്തുകൊണ്ട് നിങ്ങൾ ഇരട്ടിപ്പണി ചെയ്യേണ്ടതുണ്ട്. ആദ്യമായി ഞങ്ങൾക്കിവിടെനിന്നു പുറത്തു കടക്കേണ്ടിയിരിക്കുന്നു. അതു സാധിക്കു കയാണെങ്കിൽ വീടിൻെറ കാര്യം എനിക്കുതന്നെ നോക്കുവാൻ കഴിയും."

ഒരു ദിവസം അവർ ജെലിനെക്ക്ദമ്പതിമാരെ അന്യോന്യം വേർപിരിച്ച് എങ്ങോട്ടോ കൊണ്ടുപോയി. അവരുടെ വിധിയെപ്പററിയെ ന്തെങ്കിലുമൊരു പിടി കിട്ടുവാൻ ഞാൻ വൃഥാ ശ്രമംചെയ്തു. കാരണം, പോലീസിൻെറ കൈകാര്യം കഴിഞ്ഞാൽ ആളുകൾ ഒരായിരം ചുടലകളി ലായി ചിന്നിച്ചിതറി തിരോഭവിക്കുന്ന ഒരു മാർഗ്ഗമുണ്ട്. ഹായ്, ആ ഭയ ങ്കരമായ വിതയിൽനിന്ന് എന്തൊരു വിളയായിരിക്കും ഒരുദിവസം മുളച്ചുപൊങ്ങുക!

അവളുടെ അന്ത്യസന്ദേശം.

"നേതാവെ, പുറത്തുള്ളവരോട് എന്നെപ്പററി വ്യസനിക്കേണ്ടെന്നു പറയൂ. എൻെറ വിധിയെപ്പററിയാരും ഭയപ്പെടേണ്ടതില്ല. ഞാൻ ഒരു തൊഴിലാളിയെന്ന നിലയിൽ എൻെറ കർത്തവ്യം നിറവേററി; അതേപ്രകാരം മരിക്കുകയും ചെയ്യും."

അവൾ വെറുമൊരു വീട്ടുകാരിയായിരുന്നു. വലിയ പഠിപ്പും പദ വിയുമൊന്നുമില്ല. ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ആ ധീരസന്ദേശ ത്തെപ്പററിയറിഞ്ഞിരുന്നതുമില്ല:

"തീർത്ഥയാത്രക്കാരാ, ലാസിഡമോണിയക്കാരോടു പറഞ്ഞേയ്ക്കുക, ഞങ്ങളിതാ നിയമശാസനമനുസരിച്ചു മരിച്ചുകിടക്കുന്നുവെന്ന്."

## വിസ്സഷിൽസഖാക്കൾ

അതേ കെട്ടിടത്തിൽ ജെലിനെക്ക്ദമ്പതിമാരുടെ തൊട്ടടുത്ത മുറിയിൽ താമസിച്ചിരുന്നു. അവരും പേരുകൊണ്ടു ജോസപ്പും മേരിയു മാണ്. ഒരു ചെറിയ ഉദ്യോഗസ്ഥൻെറ കുടുംബം. അയൽക്കാരെ ക്കാൾ അല്പം പ്രായം കൂടും. നസ്ലിയിലെ ഒരുയരംകൂടിയ ചെറുപ്പക്കാ രനാണയാൾ. പതിനേഴാംവയസ്സിൽതന്നെ ഒന്നാംലോകമഹായുദ്ധത്തി

നു പിടിച്ചുവലിച്ചയയ്ക്കപ്പെട്ടു. ഏതാനുമാഴ്ച്ചകൾക്കുശേഷം കാൽമുട്ടുകൾ തകൻ നിലയിൽ മടങ്ങിവന്നു. അതൊരിക്കലും നല്ലപോലെ സുഖപ്പെടുകയുണ്ടായിട്ടില്ല. ബ്രൂണോവിലെ ഒരാശുപത്രിയിൽവെച്ചാണ് അവർ ആദ്യമായി തമ്മിൽ കണ്ടുമുട്ടിയത്. അവൾ അവിടെയൊരു നഴ്സായിരുന്നു. അയാളെക്കാൾ എട്ടുവയസ്സിനു പ്രായം കൂടും; അസുഖകരമായ ഒരു വൈവാഹികജീവിതത്തിൽനിന്നു വിട്ടുനില്ക്കുകയായിരുന്നു. എന്നാലുമങ്ങനെ വരാം, ആ യുവതിയും ദീർഘകായനായ റെയിൽവേക്ലാക്കുമൊന്നിച്ച് സാധാരണ നിഷിദ്ധമായ എന്തിലെങ്കിലും കെണിഞ്ഞുപോയിരിക്കാം.

എന്നെപ്പിടിച്ചതിനെത്തുടൻതന്നെ അയാളും പിടിക്കപ്പെട്ടു. ആദ്യമായി അയാളെയിവിടെക്കണ്ടപ്പോൾ ഞാനൊന്നു നടുങ്ങിപ്പോയി. അയാൾ വല്ലതും പറഞ്ഞുപോയാൽ എന്തൊക്കെയാണു നഷ്ടപ്പെടുക? പക്ഷേ മിണ്ടിയില്ല. അയാൾ ഒരു സ്നേഹിതനു വായിക്കാൻ കൊടുത്ത ഏതാനും രാഷ്ട്രീയലഘുലേഖകൾമൂലമാണ് ഇങ്ങോട്ടു വരുവാനിടയായത്. എന്നാൽ അയാൾ ലഘുലേഖകൾക്കപ്പുറത്തു കടന്നതേയില്ല.

അല്പകാലംമുമ്പ് പൊക്കോർണിയുടെയും വിക്ലോവയുടെയും പിടിപ്പില്ലായ്മമൂലം ശ്രീമതി വിസൂഷിലോവയുടെ സഹോദരീഗൃഹത്തിൽ ഫൊൻസാചെർണി താമസിച്ചിരുന്നുവെന്നു വെളിപ്പെട്ടു. അങ്ങനെ എന്നെ അറസ്ററുചെയ്ത രണ്ടുദിവസത്തിനുശേഷം അവർ ജോവിസൂഷിലിനെ വിസ്തരിച്ചു. ഞങ്ങളുടെ കേന്ദ്രസമിതിയുടെ അവസാനത്തെ പുള്ളിയെപ്പററി എന്തെങ്കിലും തല്ലിപ്പുറത്തുചാടിക്കുവാൻ പററുമോ എന്നു നോക്കി. മൂന്നാംദിവസം അയാൾ നാനൂറാംനമ്പരിൽ വന്നു; വളരെ സൂക്ഷിച്ചു താഴത്തിരുന്നു—അതു മുറിവിൽ മുളകു തേച്ചതുപോലെ വേദനിപ്പിച്ചിരുന്നു. ഉൽക്കണ്ഠയോടും പ്രോത്സാഹനത്തോടുംകൂടി ഞാൻ അയാളുടെ നേരെയൊന്നു നോക്കി. സ്ലീക്കാരൻെറ തുറന്ന രീതിയിൽ തന്നെ അയാൾ മറുപടി പറഞ്ഞു:

"ഞാൻ നിഷേധിക്കുമ്പോൾ അവർ എൻെറ പുറത്തു ചെയ്യുന്ന പണികളെല്ലാം വിഫലമാവുകയാണ്."

എനിക്ക് ആ ദമ്പതികളെപ്പററി നല്ലപോലെയറിയാം—അവർ അന്യോന്യം എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നും ഒന്നോ രണ്ടോ ദിവസത്തേയ്ക്കു വേർപെടുമ്പോൾപോലും അവരെത്രമാത്രം വിരഹദുഃഖമനുഭവിച്ചിരുന്നുവെന്നും നല്ലപോലെയറിയാം. ഇപ്പോൾ മാസങ്ങൾതന്നെ കഴിഞ്ഞുപോയിരിക്കുന്നു. ഏകാന്തത മരണത്തെക്കാൾ മൂന്നിരട്ടി ദുസ്സഹമാ

യിത്തോന്നുന്ന സമയത്ത് മിച്ചിലിയുടെ മുകളിലുള്ള ആ മനോഹരമായ മന്ദിരത്തിൽ അയാളുടെ പത്നി എത്രമാത്രം വ്യസനിച്ചുകൊണ്ട് ഒററയ്ക്കിരിക്കുന്നുണ്ടായിരിക്കും! അവർ അന്യോന്യം തമാശയായി അമ്മക്കുഞ്ഞെന്നും അച്ഛൻ കുഞ്ഞെന്നും വിളിച്ചു വിനോദിച്ചിരുന്ന ആ കൊച്ചു നാടൻ വിനോദകവിതയിലേയ്ക്കു തന്റെ ഭർത്താവിനെ തിരിച്ചുകൊണ്ടുവരുവാൻ അവൾ എത്രമാത്രം ഉപായങ്ങളാലോചിച്ചു കണ്ടുപിടിച്ചിരിക്കണം! എന്നാൽ മുന്നോട്ടു പോകുവാൻ ഒരൊററ വഴിയേ അവൾ കണ്ടെത്തിയുള്ളു—രഹസ്യപ്രവർത്തനം തുടർന്നു നടത്തുക, രണ്ടുപേരുടെയും പണി സ്വയം ചെയ്യുക.

അങ്ങനെ 1943-ലെ നവവത്സരദിനത്തിന്റെ തലേദിവസം അയാൾ ഇരിക്കാറുള്ള സ്ഥലത്ത് അയാളുടെ പടംവെച്ച് അവൾ ഒററയ്ക്കു മേശയ്ക്കരികിലങ്ങനെയിരിക്കയായിരുന്നു. അർദ്ധരാത്രിയുടെ മണിയടിച്ചു. അവൾ തന്റെ കോപ്പ ആ ഒഴിഞ്ഞ സ്ഥാനത്തുള്ള അയാളുടേതിനോടു കൂട്ടിമുട്ടിച്ചു. അയാളുടെ ആരോഗ്യത്തിനും ത്വരിതമായ ആഗമനത്തിനുംവേണ്ടി കുടിച്ചു—വിശേഷിച്ച് അയാൾ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ ജീവിച്ചിരിക്കുവാൻ.

ഒരു മാസത്തിനുശേഷം അവളും അറസ്ററുചെയ്യപ്പെട്ടു. നാന്തറാംനമ്പരിലുണ്ടായിരുന്ന ഞങ്ങളിൽ പലരുമൊന്നു നടുങ്ങി. കാരണം, ഞങ്ങൾക്കു പുറത്തേയ്ക്കു ബന്ധം പുലർത്തുവാനുള്ള ഒരാളായിരുന്നു അവൾ.

അവൾ ഒരൊററവാക്കു പുറത്തുവിട്ടില്ല. അവർ അവളെയടിച്ചില്ല. ഒന്നടിച്ചാൽ പ്രാണൻ പോകത്തക്കവണ്ണം അവൾ അത്രത്തോളം പരവശയായിരുന്നു. പക്ഷേ, മാനസികമായിട്ടാണ് കൂടുതൽ കഠോരമായി മർദ്ദിച്ചത്.

അവളെ പിടിക്കുന്നതിനല്പദിവസങ്ങൾക്കുമുമ്പ് അവർ അവളുടെ ഭർത്താവിനെ പോളണ്ടിൽ വേലയ്ക്കു കൊണ്ടുപോയിരുന്നു. ഇപ്പോൾ പറയുകയാണ്:

“നോക്കു്. ശേഷിയുള്ള ഒരാൾക്കുപോലും ആ ഒരു ജീവിതം എത്ര കഠിനമാണെന്നറിയാമോ? എന്നാൽ നിന്റെ ഭർത്താവൊരു മുടന്തനാണ്. അവനൊരിക്കലും അതു സഹിച്ചുനില്ക്കുവാനാവില്ല. അവൻ അവിടെക്കിടന്നു ചത്തുപോകും. നിനക്കൊരിക്കലും കാണുവാൻ കിട്ടില്ല. പിന്നെ നീയൊരു ഭർത്താവിനെത്തിരഞ്ഞെവിടെപ്പോകും? നിന്റെയീ പ്രായത്തിൽ? അതുകൊണ്ട് ഒന്നുകൂടിയാലോചിക്കു്. അറിയുന്നതെല്ലാം പറഞ്ഞേയ്ക്കു്. എന്നാൽ ഞങ്ങളവനെ കേടുകൂടാതെ തിരിച്ചെത്തിച്ചുതരാം.”

"അദ്ദേഹം അവിടെയെവിടെയെങ്കിലും കിടന്നു മരിച്ചുപോകും? എൻെറ ജോ, പാവപ്പെട്ട ജോ! ആക്ക്ററിയാം എങ്ങനെയുള്ള ഒരു മരണമായിരിക്കുമതു്? അവർ എൻെറ സഹോദരിയെ വധിച്ചു; എൻെറ ഭത്താവിനെ വധിക്കും. ഞാനൊററയ്ക്കു ബാക്കിയാകും. മരണംവരെ ഒററയ്ക്കുതന്നെ. ഈ പ്രായത്തിൽ ആരാണെനിക്കുണ്ടാവുക? എന്നാൽ എനിക്കു് അദ്ദേഹത്തെ രക്ഷിയ്ക്കാം. അവർ തിരിച്ചുകൊണ്ടുവരും—ഒരു വില കൊടുക്കണം. ഇല്ല, ആ വില കൊടുത്താൽപിന്നെ ഞാൻ ഞാനായിരിക്കയില്ല. അങ്ങനെ തിരിച്ചുനേടിയാൽ കിട്ടുന്നതദ്ദേഹത്തെയായിരിക്കയില്ല."

ഒരിക്കലും അവൾ ഒരൊററ വാക്കു പുറത്തു വിടുകയുണ്ടായില്ല.

നാസിപ്പോലീസിൻെറ പേരില്ലാത്ത വാഹനങ്ങളിലൊന്നിൽ അവൾ തിരോഭവിച്ചു. അധികം താമസിയാതെ അവളുടെ ജോ പോളണ്ടിൽ കിടന്നു മരിച്ചുവെന്ന വിവരവും ഞങ്ങൾക്കു കിട്ടി.

## ലീഡ

ഞാൻ ആദ്യമായി ബെക്കാസിൻെറ വീട്ടിലെത്തിയതു് ഒരു സായാഹ്നത്തിലാണു്. ജോസി മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളു; കൂടാതെ ജീവനുള്ള കണ്ണുകളോടുകൂടിയ ഒരു കൊച്ചുജീവിയും. ലീഡ്യെന്നാണവർ വിളിച്ചിരുന്നതു്. ഏതാണ്ടൊരു കൊച്ചുകുട്ടിതന്നെ. അവൾ എൻെറ മീശ കണ്ടു സകൗതുകം തുറിച്ചുനോക്കി. അല്പനേരത്തേയ്ക്കു് അവൾക്കു രസിക്കുവാൻ ഒരു പുതിയ വിചിത്രവസ്തു വന്നുചേന്നിരിക്കുന്നു, അതാണവൾക്കു സന്തോഷം.

ഞങ്ങൾ അതിവേഗത്തിൽ ചങ്ങാതിമാരായി. എനിക്കത്ഭുതം തോന്നി, ഈ കുട്ടിക്കു പത്തൊൻപതുവയസ്സായത്രെ. ജോസിയുടെ അദ്ധസോദരി. തറവാട്ടുപേർ പ്ലാച്ച (ഭീരുവെന്നു ശബ്ദാത്ഥം) യെന്നാണു്. പക്ഷേ, അവൾക്കാ പ്രകൃതിവിശേഷമില്ല. വിനോദനാടകങ്ങളിൽ വലിയ താല്പയ്യമാണു്.

ഞാൻ അവൾക്കു വിശ്വസ്തനായിത്തീൎന്നു. എന്തുതന്നെയായാലും ഞാൻ ഒരു പ്രായംകൂടിയ മനുഷ്യനാണെന്നു ബോധ്യപ്പെടുവാൻ അതെന്നെ സഹായിച്ചു. അവൾ ചെറുപ്പത്തിൻെറ സകല ദുഃഖങ്ങളും സ്വപ്നങ്ങളും എൻെറ മുമ്പിൽ വെളിപ്പെടുത്തി. ചേച്ചിയോടോ ചേട്ടനോടോ (അളിയൻ) തക്കമുണ്ടാകുമ്പോൾ അതിലൊരു തീരുമാനമുണ്ടാക്കുവാൻ

അവൾ എന്റെയടുത്തോടിയെത്തും. സാധാരണ കൊച്ചുപെൺകിടാങ്ങളെപ്പോലെതന്നെ അവൾ മുൻകോപിയായിരുന്നു; ഒടുവിലത്തെ കുട്ടികളെപ്പോലെതന്നെ ദുഷിച്ചവളും.

ആറുമാസം അവിടെ താമസിച്ചതിനുശേഷം ഞാൻ ആ വീട്ടിൽനിന്നു പുറത്തുവന്നപ്പോൾ അവൾ ആദ്യമായി എന്റെകൂടെപ്പോന്നു. ഒരു പ്രായംചെന്ന മുടന്തൻ മകളോടൊന്നിച്ചു നടന്നുപോകുമ്പോൾ ഒററയ്ക്കായാലെന്നപോലെ മാറുള്ളവരുടെ ശ്രദ്ധയ്ക്കു പാത്രമാവുകയില്ല. ഞങ്ങൾ കടന്നുപോകുമ്പോൾ ആളുകൾ എന്നെക്കാളധികം അവളെയാണു തുറിച്ചു നോക്കിയിരുന്നതു്. അതുകൊണ്ടാണു ഞാൻ പുറത്തിറങ്ങിനടക്കുമ്പോൾ അവൾ എന്നോടൊന്നിച്ചു പോരാൻതുടങ്ങിയതു്; എന്റെ ആദ്യത്തെ നിയമവിരുദ്ധസമ്മേളനത്തിനു് അവൾ കൂടെപ്പോന്നതു്. അതുകൊണ്ടാണു് എന്റെ ആദ്യത്തെ രഹസ്യമുറിയിൽ അവൾ കടന്നു പെരുമാറിയതു്. ഇപ്രകാരം—കുററപത്രത്തിൽ പറയുന്നതുപോലെതന്നെ—ഇക്കാലത്തു ഞങ്ങളുടെ ബന്ധം വളൎന്നുവന്നു. അവൾ എന്റെ രഹസ്യസന്ദേശവാഹകയായിത്തീൎന്നു. അതു സന്തോഷത്തോടെ നിൎവ്വഹിക്കുകയും ചെയ്യുന്നു. അതെന്താണെന്നോ അതിന്റെയൎത്ഥമെന്താണെന്നോ ആലോചിച്ചു തലപുണ്ണാക്കാറില്ല. അതു പുതുമയും കൗതുകവുമുള്ള എന്തോ ഒന്നായിരുന്നു. എല്ലാവരും ചെയ്യാത്ത ഒരു വീരകൃത്യത്തിന്റെ രസമുള്ള എന്തോ ഒന്നു്. അതുമാത്രമാണവൾക്കാവശ്യം.

ചെറിയ കാൎയ്യങ്ങൾ മാത്രം ചെയ്തുകൊണ്ടിരുന്ന കാലത്തു് ഞാൻ അതിനെപ്പററി അധികമൊന്നും അവളോടു പറയുവാനാഗ്രഹിച്ചില്ല. പിടിക്കപ്പെടുകയാണെങ്കിൽതന്നെ അവൾക്കു രക്ഷനേടുവാൻ അധികമറിയാതിരിക്കുകയായിരുന്നു നല്ലതു്; ഒരപരാധബോധമുണ്ടാവാതിരിക്കുകയായിരുന്നു നല്ലതു്.

ലീഡ വേഗം വളൎന്നുവന്നു. ജെലിനെക്കു് സഖാക്കൾക്കു് എന്തെങ്കിലുമൊരു ചെറിയ സന്ദേശമെത്തിച്ചുകൊടുക്കുകയെന്നതിൽക്കൂടുതൽ ഉത്തരവാദമുള്ള പ്രവൃത്തികൾ അവളെയേല്പിക്കാമെന്നായി. അതെല്ലാം എന്താണെന്നു് അവളോടു തുറന്നുപറയുവാൻ സമയമായി. ഞാൻ അവളെ പഠിപ്പിക്കുവാൻ തുടങ്ങി. അതു് ഒരു കൃത്യമായ സ്കൂൾതന്നെയായിരുന്നു. അവൾ ആസക്തിയോടും ആനന്ദത്തോടുംകൂടി പഠിക്കുവാൻ തുടങ്ങി. കാൎയ്യത്തിൽ അവൾ അതേ സന്തുഷ്ടയായ ബാലികതന്നെയായിരുന്നു. ഹൃദയലാഘവമുള്ള ഒരു കൊച്ചുകുഴഞ്ഞാട്ടക്കാരി.

പക്ഷേ, ഉള്ളിൽ തരംമാറിയിരുന്നു. അവൾ വളൎന്നു; ഗഹനമായിച്ചിന്തിക്കുവാൻ തുടങ്ങി.

ഈ ജോലിക്കിടയിൽ അവൾ മിറെക്കുമായി പരിചയപ്പെട്ടു. അയാൾ ഇതിനകം വളരെയധികം പ്രവൎത്തിച്ചിട്ടുള്ളവനാണ്. അതെല്ലാം ബോദ്ധ്യപ്പെടത്തക്കവിധം സംസാരിക്കുവാനും അയാൾക്കു കഴിവുണ്ട്. അയാൾ അവളിൽ തികച്ചുമൊരു മതിപ്പുണ്ടാക്കിത്തീൎത്തു. അവൾ ഒരുപക്ഷേ അയാളുടെ സഹജസ്വഭാവത്തെപ്പററി വിധികല്പിക്കുന്നതിൽ പിഴച്ചിരിക്കാം. എന്നാൽ ഞാനും അക്കാൎയ്യത്തിൽ അയാളെ തെററിദ്ധരിച്ചു. അയാളുടെ പ്രവൃത്തിയും പ്രകടമായിക്കണ്ട വിശ്വാസവും അയാളെ മററു യുവാക്കളെക്കാൾ കൂടുതൽ അവളോടടുപ്പിച്ചുവെന്നതാണു പ്രധാനമായ സംഗതി.

പ്രേമം അവളിലതിവേഗം വളൎന്നു; അഗാധമായി വേരൂന്നി.

1942-ൽ ആദ്യകാലത്തുതന്നെ അവൾ പതുങ്ങിപ്പതുങ്ങി പാൎട്ടിയംഗത്വത്തെക്കുറിച്ചു ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. അവളെ അത്രമാത്രം ശങ്കാലുവായി മുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല. അവൾ യാതൊന്നും അത്ര ഗൗരവാവഹമായിഗ്ഗണിച്ചിരുന്നില്ല. ഞാൻ കാൎയ്യത്തിൻെറ തൂക്കംനോക്കി. അവളുടെ ശിക്ഷണം തുടൎന്നുകൊണ്ടിരുന്നു. ഞാൻ പിന്നെയും അവളെ പരീക്ഷിക്കുവാനാഗ്രഹിച്ചു.

1942 ഫെബ്രുവരിയിൽ അവളെ കേന്ദ്രസമിതി നേരിട്ടു പാൎട്ടിയിലേയ്ക്കു തിരഞ്ഞെടുത്തു. ഭയങ്കരമായി മഞ്ഞുവീണിരുന്ന ആ രാത്രിയിൽ ഞങ്ങൾ വീട്ടിലേയ്ക്കു നടക്കുകയായിരുന്നു. സാധാരണയൊരു വാചാലയാണെങ്കിലും അവൾ അന്നു മൗനംപൂണ്ടിരുന്നു. വീട്ടിന്നടുത്തുള്ള ഒരു വയൽ കടന്നപ്പോൾ അവൾ പെട്ടെന്നു നിന്നു. മഞ്ഞുപെയ്യുന്നതുപോലും ചെവികൊണ്ടു കേൾക്കത്തക്ക നിശ്ശബ്ദതയിൽ സാവധാനം പറഞ്ഞു:

"എൻെറ ജീവിതത്തിൽ ഏററവും പ്രാധാന്യമേറിയ ദിവസമാണിതെന്നെനിക്കറിയാം. കാരണം, ഇന്നുമുതൽ ഞാൻ എൻെറയല്ല. എന്തെല്ലാം സംഭവിച്ചാലുംകൊള്ളാം, ഞാൻ നിങ്ങളെ ഒരിക്കലും നിരാശപ്പെടുത്തുകയില്ലെന്നുറപ്പുതരുന്നു."

അതിനുശേഷം വളരെയെല്ലാം സംഭവിച്ചു. അവൾ ഒരിക്കലും ഞങ്ങളെയവഗണിച്ചില്ല.

ഉപരിനേതൃത്വത്തോടുള്ള ഞങ്ങളുടേ ഏററവും രഹസ്യമായ ബന്ധങ്ങളെ അവൾ സംരക്ഷിച്ചുപോന്നു. വിച്ഛേദിക്കപ്പെട്ട ഘടകങ്ങളോടു ബന്ധംവെയ്ക്കുകയും പ്രവൎത്തകന്മാൎക്കു ഭയങ്കരമായ വിപത്തുകളുടെ മുന്നറിയിപ്പു കൊടുക്കുകയും ചെയ്യുകയെന്ന അത്യന്തം ആപൽക്കരവും ശ്രദ്ധാൎഹവുമായ പണികളായിരുന്നു അവൾക്കു്. നേതൃത്വത്തിനു പിശകു പററുമ്പോഴും രഹസ്യസങ്കേതത്തിന് ആപത്തു നേരിടുമ്പോഴും ലീഡ ഒരു മലഞ്ഞതിനെപ്പോലെ വഴുതിവീണ സംഗതികൾ ശരിപ്പെടുത്തും. ചെറിയ കാൎയ്യങ്ങൾ ചെയ്തിരുന്നതുപോലെ സുപ്രധാനകാൎയ്യങ്ങളും സാധാരണമട്ടിൽ ഒരുല്ലാസകരമായ ഹൃദയലാഘവത്തോടുകൂടി അവൾ നിൎവ്വഹിച്ചുവന്നു. അതിന്റെയടിയിൽ ഒരുറച്ച ചുമതലാബോധമുണ്ടായിരുന്നു.

ഞങ്ങളെക്കഴിഞ്ഞു് ഒരു മാസത്തിനുശേഷമാണ് അവളെ അറസ്ററുചെയ്തതു്. മിറെക്ക് സംസാരിച്ചപ്പോൾ അവളെപ്പററിപ്പറഞ്ഞിരുന്നു. അവൾ ചേട്ടനേയും ചേച്ചിയേയും ഒളിവിൽപോയി രക്ഷപ്പെടുവാൻ സഹായിച്ചുവെന്നും അവർ മനസ്സിലാക്കി. ഭയങ്കരമായ പരിണാമങ്ങളുണ്ടാക്കാവുന്ന എന്തോ നിയമവിരുദ്ധപ്രവൃത്തിയാണു താൻ ചെയ്യുന്നതെന്നു സംശയിക്കാത്ത ഹൃദയലാഘവമുള്ള ഒരു ബാലികയുടെ സഹജഭാവം അവൾ കഴുത്തുവെട്ടിച്ചഭിനയിച്ചു.

അവൾക്കു വളരെയധികമറിയാമായിരുന്നു. പക്ഷെ, യാതൊന്നും പുറത്തുവിട്ടില്ല. പിന്നെ ഏററവും പ്രധാനമായ സംഗതി: അവൾ വീണ്ടും ശരിയായി പ്രവൎത്തനം തുടൎന്നിരുന്നു. അവളുടെ സാഹചൎയ്യങ്ങളും സമ്പ്രദായങ്ങളും മാറി. പരിപാടികളിൽ പരിവൎത്തനംവന്നു. എന്നാൽ അവൾ ഏതൊരൎത്ഥത്തിലും കൈകെട്ടിയിരുന്നില്ല. അവൾക്കു പാർട്ടിയോടുള്ള കൎത്തവ്യത്തിൽ മാററംവന്നില്ല. ത്വരിതമായി ചെയ്യുവാൻ തന്നെയേല്പിച്ച കൃത്യങ്ങൾ അവൾ കൃത്യമായി ത്യാഗബുദ്ധിയോടുകൂടി നിറവേററി. പുറത്താരെയെങ്കിലും രക്ഷിക്കുവാൻവേണ്ടി ഒരു വിഷമംപിടിച്ച പരിതഃസ്ഥിതിയെ തരണംചെയ്യേണ്ടതുണ്ടെങ്കിൽ ലീഡ പ്രസന്നവദനയായി അതേറെറടുക്കും. അവൾ പാൻക്രാററ്സിലെ സ്ത്രീവിഭാഗത്തിൽ ഒരു വേലക്കാരിയായി. അവിടെനിന്നയച്ച സന്ദേശങ്ങൾകൊണ്ടു് അവൾ പുറത്തുള്ള എത്രയോ അജ്ഞാതരായ ജനങ്ങളെ പിടികൊടുക്കാതെ രക്ഷപ്പെടുത്തി. ഏതാണ്ടൊരുകൊല്ലത്തിനുശേഷം അവളുടെ സന്ദേശം പിടിക്കപ്പെട്ടു. അങ്ങനെ ആ "ഉദ്യോഗ"മവസാനിപ്പിക്കപ്പെട്ടു.

അവൾ ഇന്നു ഞങ്ങളൊന്നിച്ചു തലസ്ഥാനത്തിലേയ്ക്കു വിചാരണയ്ക്കു പോവുകയാണ്. ഞങ്ങളുടെ സംഘത്തിൽ സ്വാതന്ത്ര്യം സിദ്ധിക്കുന്നതുവരെ ജീവിക്കുമെന്നു തെല്ലെങ്കിലും ന്യായപൂർവ്വമാശിക്കാവുന്ന ഒരൊററവ്യക്തി അവൾ മാത്രമാണ്. അവൾക്കു ചെറുപ്പമാണ്. ഞങ്ങളിവിടെയുണ്ടായില്ലെങ്കിൽ അവളെ കൈവിട്ടുകളയരുത്. അവൾക്കു വളരെയധികം പഠിക്കുവാനുണ്ട്. അവളെ പഠിപ്പിക്കുക. മുരടിക്കുവാനിടകൊടുക്കരുത്. സ്വയം അഹങ്കരിക്കുവാനോ ചെയ്തുകഴിഞ്ഞതുകൊണ്ടു തൃപ്തിപ്പെടുവാനോ അനുവദിക്കരുത്. അവൾ ഏററവുമധികം വിഷമംപിടിച്ച സമരത്തിലും ചെറുത്തുനിന്നിരിക്കുന്നു, തീയിൽചാടി കറകളഞ്ഞ ധീരതയ്ക്കു തെളിവുകാണിച്ചിരിക്കുന്നു.

## എൻെറ കമ്മിസ്സാർ

അയാൾ എൻെറ കഥാപാത്രങ്ങളിൽപെടുന്നില്ല. എന്നാൽ ഒരു സരസചിത്രമാണ്—മററുള്ളവയെക്കാൾ പ്രത്യക്ഷമായി മഹിമയേറിയത്.

ഒരു പത്തുകൊല്ലംമുമ്പ് വിനോറാഡിയിലെ ഫ്ളോറാകഫേയിൽ നിങ്ങൾ പണമെടുത്തു മേശപ്പുറത്തു തട്ടുവാനോ ബില്ലിനുവേണ്ടി പരിചാരകപ്രധാനിയെ വിളിക്കുവാനോ ഭാവിയ്ക്കുമ്പോഴേയ്ക്കും നീണ്ടുമെലിഞ്ഞു കറുത്ത വാലുള്ള വേഷംധരിച്ച ഒരു മനുഷ്യൻ പെട്ടെന്നു നിങ്ങളുടെ മുമ്പിലെത്തും. ഒരു വെള്ളത്തിലെച്ചിലന്തിയെപ്പോലെ ശബ്ദമുണ്ടാക്കാതെ കസേരകൾക്കിടയിലൂടെ കടന്നുവന്നു ബില്ലെഴുതി നിങ്ങളുടെ മുമ്പിൽ വെച്ചുതരും. അയാളുടെ ചലനങ്ങൾ ഇരകാത്തിരിക്കുന്ന മൃഗത്തിൻേറതുപോലെ ത്വരിതവും നിശ്ശബ്ദവുമായിരുന്നു. കണ്ണുകൾ ഒററനോട്ടത്തിൽ സകലതും ഗ്രഹിക്കും. നിങ്ങൾ എന്തുവേണമെന്നു പറയുന്നതിനുമുമ്പു തന്നെ അയാൾ പരിചാരകനെ വിളിച്ചുപറയും: "മൂന്നാംമേശയിൽ ഒരു ക്രീമടിക്കാത്ത വെള്ളക്കാപ്പി." അല്ലെങ്കിൽ "ഇടത്തേ ജനാലയ്ക്കടുത്ത് ഒരു പാസ്ട്രിയും വീപ്പിൾസ്പേപ്പറും." അയാൾ അതിഥികൾക്കൊരു രസികൻ പരിചാരകപ്രധാനിയാണ്; മററു വേലക്കാർക്കൊരു നല്ല ചങ്ങാതിയും.

അന്ന് എനിക്കയാളെപ്പററിയറിഞ്ഞതുകൂടായിരുന്നു. പിന്നീടു വളരെക്കാലം കഴിഞ്ഞു ജെലിനെക്ക്സഹോദരങ്ങളുടെ വീട്ടിൽവെച്ചാണു ഞാൻ അയാളെ പരിചയപ്പെടുന്നത്. അയാൾ അന്നു പെൻസിലിനുപകരം

കൈയിൽ തോക്കെടുത്തു റ്റിടിച്ച് എൻെറനേരെപിടിച്ചു ചൂണ്ടിക്കൊണ്ടു പറഞ്ഞു: "ആ ഒരുവനിലാണ് എനിക്കു കൂടുതൽ താൽപര്യം."

വാസ്തവംപറയുകയാണെങ്കിൽ അന്നുമുതൽ ഞങ്ങൾക്കിരുവക്കും അന്യോന്യം താൽപര്യമായി.

അയാൾ സ്വതേ ബുദ്ധിമാനായിരുന്നു; മററുള്ളവരെക്കാൾ ഒരു വലിയ മെച്ചമുണ്ടായിരുന്നതു് അയാൾ ജനങ്ങളെ മനസ്സിലാക്കിയിരുന്നു വെന്നതാണ്. അതേ കാരണത്താൽ പോലീസിൻെറ കുററാന്വേഷണ വകുപ്പിൽ അയാൾ ഒരു വമ്പിച്ച വിജയമായിരുന്നു. ചെറിയ കുററക്കാരും കൊലപ്പുള്ളികളും അധഃകൃതരും ഒററപ്പെട്ടവരും അയാളുടെ മുമ്പിൽ ഹൃദയംതുറന്നുവെയ്ക്കുവാൻ മടിച്ചിരുന്നില്ല. അവക്കു സ്വന്തം തൊലി രക്ഷിക്കുന്നതിനെപ്പററി മാത്രമാണല്ലോ ചിന്ത. പക്ഷെ, ഈ സ്വാത്മാഭരികൾ അധികം രാഷ്ട്രീയപ്പോലീസിൻെറ പിടിയിൽപ്പെടാറില്ല. പോലീസ് പൊടിക്കൈകൾ തങ്ങൾ പിടിച്ചെടുത്ത ഒരു സാമാന്യക്കാരൻെറനേരെയല്ല, ഇവിടെ കൂടുതൽ മഹത്തായ ഒരു ശക്തിയുടെനേരെയാണ് ഉരസിനോക്കേണ്ടിവരുന്നതെന്നവക്കറിയാം. അടിപെട്ടവരൾപ്പെട്ട സംഘത്തിൻെറ ബുദ്ധിയോടും ബോധ്യങ്ങളോടുമാണ് ഇവിടെയവക്കേററുമുട്ടേണ്ടിയിരിക്കുന്നതു്. വഞ്ചനയ്ക്കും പ്രഹരങ്ങൾക്കും വിശ്വാസങ്ങളെ തകക്കുവാൻ സാദ്ധ്യമല്ല.

ആത്മികമായ ഒരുറച്ച വിശ്വാസവും "എൻെറ കമ്മിസ്സാറി"ൽ നിങ്ങൾ കാണുകയില്ല. ഇനി മററുചിലരിൽ അങ്ങനെ വല്ലതുമുണ്ടെങ്കിൽ അതു കൊള്ളരുതായ്മകൂട്ടിക്കലന്നതായിരിക്കും; ബുദ്ധിപൂവ്വകമായിരിക്കയില്ല, ആളുകളെയോ ആദശ്ശങ്ങളെയോ കുറിച്ചറിയുന്നതായിരിക്കയില്ല. ആകപ്പാടെ അവക്കു വിജയംനേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിൻെറ കാരണം ആദ്യത്തെ ഏതൊരൊളിപ്പോരിനെക്കാളും താരതമ്യംചെയ്യുവാൻ നിവൃത്തിയില്ലാത്തത്ര കൂടുതൽ കടുത്ത പരിതഃസ്ഥിതിയിൽ, കൂടുതൽ പരിമിതമായ പരിധിയിൽകൂടി സമരം വളരെയധികം നീണ്ടുനിന്നുവെന്നതാണ്. റഷ്യൻ ബോൾഷെവിക്കുകാർ സാധാരണ പറയാറുണ്ടു്, ഒരു തികച്ചും നല്ല രഹസ്യപ്രവത്തകനു രണ്ടുകൊല്ലം നിലനില്ക്കുവാൻ കഴിയുമെന്നു്. പരിസരങ്ങൾ ചൂടുപിടിക്കുകയാണെങ്കിൽ അവക്കു മോസ്കോവിൽനിന്നു പെട്രോഗ്രാഡിലേയ്ക്കും പെട്രോഗ്രാഡിൽനിന്നു് ഒഡീസയിലേയ്ക്കും കടക്കാം. അഥവാ പതിനായിരക്കണക്കിലുള്ള പട്ടണവാസികൾക്കിടയിലൊളിച്ചാൽ പിന്നെയാരറിയാനാണ്! ഞങ്ങൾക്കിവിടെ പ്രേഗ്മാത്രമേയുള്ളൂ. പ്രേഗ്, പ്രേഗ്. ഇവിടെ പാതിയിലധികം ജന

ങ്ങൾക്കും ഞങ്ങളെയറിയാം. ശത്രുചാരന്മാരും ഇവിടെത്തന്നെയാണ് അടിഞ്ഞുകൂടിയിരിക്കുന്നത്. അങ്ങനെയെല്ലാമായാലും ഞങ്ങൾ ഇവിടെ കടന്നുകൂടിയിട്ടു കൊല്ലങ്ങൾ പലതുകഴിഞ്ഞു. പോലീസിൻെറ പിടിയിൽപെടാതെ അഞ്ചുകൊല്ലംവരെ ഒളിവിൽ പ്രവർത്തിച്ചിട്ടുള്ള സഖാക്കളുണ്ട്. വളരെയധികം കാര്യങ്ങൾ പഠിച്ചിട്ടുള്ളതുകൊണ്ടാണ ഞങ്ങൾക്കിതു സാധിക്കുന്നത്. അതെ, ശത്രു ശക്തനും ക്രൂരനുമാണെങ്കിലും നശീകരണത്തിൽകവിഞ്ഞു് അധികമൊന്നും പഠിച്ചിട്ടില്ലാത്തതുകൊണ്ടും.

കമ്മ്യൂണിസത്തിൻെറ കടുത്ത ഘാതകരെന്നു പേരുകേട്ടിട്ടുള്ളവരും ആഭ്യന്തരശത്രുവിനോടു സമരം ചെയ്യുന്നതിൽ കാണിച്ച ധീരതയ്ക്കു കറുപ്പും വെളുപ്പും ചേർന്ന നാട വാങ്ങിയവരുമായ മൂന്നുപേർ രണ്ടാംവകുപ്പിൻെറ 'എ' വിഭാഗത്തിലുണ്ട്—ഫ്രീഡ്റിച്ച്, സാൻഡർ, 'എൻെറ കമ്മിസ്സാറ്'യ ജോസഫ്ബോം. എൻെറ കമ്മിസ്സാർ! അവർക്കു ഹിററ്ലരുടെ നാഷണൽ സോഷ്യലിസത്തെപ്പററിയൊന്നും പറയാനില്ല. അവർക്കു തുടർന്നു അതിനെപ്പററിയറിഞ്ഞുകൂടാ. അവർ ഒരു രാഷ്ട്രീയോദ്ദേശത്തോടുകൂടിയല്ല യുദ്ധം ചെയ്യുന്നത്; അവരവർക്കുവേണ്ടി മാത്രം—ഓരോരുത്തനും അവനവൻെറ വഴിക്കാണ്.

കഥയില്ലാത്ത ഒരു ചെറിയ മനുഷ്യനാണെങ്കിലും വല്ലാത്ത ഒരു പരുക്കനാണ സാൻഡർ. അയാൾക്കു പോലീസ്സമ്പ്രദായങ്ങളെപ്പററി മററുള്ളവരെക്കാളധികമറിയാം. പണമിടപാടുകളെപ്പററി അതിൽക്കൂടുതലറിയാം. ആദ്യം അല്പകാലത്തേയ്ക്കു പ്രേഗിൽനിന്നു ബർലിനിലേയ്ക്കു സ്ഥലംമാററപ്പെട്ടുവെങ്കിലും അയാൾക്കു താമസിയാതെ വീണ്ടും തിരിച്ചുപോരാൻ കഴിഞ്ഞു. ജമ്മൻതലസ്ഥാനത്തേയ്ക്കുള്ള മാററം അയാൾക്കൊരിടിച്ചിലായിരുന്നു; ഒരു വലിയ സാമ്പത്തികത്യാഗവും. ഇരുളടഞ്ഞ ആഫ്രിക്കയിലെയോ പ്രേഗിലെയോ ഒരധീശോദ്യോഗസ്ഥൻ ബർലിനിലേക്കാൾ കൂടുതൽ അധികാരശക്തിയുള്ള ഒരു യജമാനനാണ്. അയാൾക്കു തൻെറ സമ്പാദ്യം പെരുപ്പിക്കുവാൻ കൂടുതൽ സൗകര്യമുണ്ട്. സാൻഡർ വലിയ പരിശ്രമിയാണ്. താൻ എത്രമാത്രം ബുദ്ധിമുട്ടുന്നുവെന്നു കാണിക്കുവാൻവേണ്ടി ഭക്ഷണസമയത്തുപോലും ചോദ്യവും വിചാരണയുമാണ്. ഔദ്യോഗികമായ ഈ ജാഗ്രതകാണിക്കലാണ് അയാൾക്കാവശ്യം. അയാൾക്കു കൂടുതൽ അനൗദ്യോഗികതാല്പര്യങ്ങളുണ്ടെന്നു ജനങ്ങൾ കാണരുത്. അയാളുടെ കൈയിൽപെടുന്നവൻെറ കാര്യം കഷ്ടമാണ്. വീട്ടിൽ വല്ല പാസ്സുബുക്കോ ഈടുവെപ്പുകളോ ഉണ്ടെങ്കിൽ പിന്നെ പറയാനുമില്ല. അയാൾ പിന്നെ താമസിയാതെ ചത്തുപോകും.

പണത്തിലാണ് സാൻഡ്ററിൻെറ നോട്ടം മുഴുവൻ. ആ വഴിക്ക്, അയാറം ഏററവുമധികം കൈമിടുക്കുള്ള ജമ്മനുദ്യോഗസ്ഥനാണ്. അക്കാര്യത്തിൽ അയാളുടെ സഹായിയായ ചെക്കുകാരൻ—സ്മോള—അല്പം വ്യത്യസ്തനാണ്. ഒരു മര്യാദക്കള്ളൻ. ഇയാറംക്കു പണം കിട്ടിയാൽ നിങ്ങളുടെ പ്രാണൻ കളയണമെന്നില്ല.

ഫ്രീഡ്റിച്ച് ഇളംമഞ്ഞനിറത്തിൽ മെലിഞ്ഞുയന്ന ഒരു മനുഷ്യനാണ്. ഒരു ക്രൂരമായ പുഞ്ചിരിയും രൗദ്രമായ നോട്ടവും! 1937-ൽ അയാറം ഒരു നാസിപ്പോലീസുചാരനായി ചെക്കോസ്ലോവാക്യയിൽ വന്നു. ഈ ജനകീയരാജ്യത്തിൽ അഭയം നേടിയിരുന്ന ജമ്മൻകമ്മ്യൂണിസ്ററുകാരെ പിടിച്ചുകൊടുക്കുവാൻ. അയാറംക്കു വാസന കൊലയിലാണ്. ആരുടേയും നിരപരാധിത്വം വകവെച്ചുകൊടുക്കുകയില്ല. അയാളുടെ ആപ്പീസിൻെറ ചവിട്ടുപടിയിലെത്തുന്നവരെല്ലാം കുററക്കാർ തന്നെയാണ്. ഭത്താക്കന്മാർ കൂട്ടതടങ്ങലിൽ കിടന്നു മരിച്ചുവെന്നോ കഴുവിലേററപ്പെട്ടുവെന്നോ സ്ത്രീകളോടു പറയുവാൻ അയാറംക്കൊരു താല്പര്യമാണ്. അയാറം ആരെയെങ്കിലും വിചാരണ ചെയ്യുമ്പോറം മേശവലിപ്പിൽനിന്ന് ഏഴു ഭസ്മപ്പാത്രങ്ങളെടുത്തു പുറത്തുകാട്ടിക്കൊണ്ടു പറയും:

"ഈ ഏഴെണ്ണത്തെ ഞാൻ എൻെറ കൈകൊണ്ടടിച്ചു കൊന്നതാണ്. നിന്നെയായിരിക്കും എട്ടാമത്തു്."

ഇപ്പോഴു അയാളുടെ മേശയിൽ എട്ടു പാത്രങ്ങളുണ്ടു്. അയാറം ജാൻസിസ്കയുടെയും കഥകഴിച്ചിരിക്കുന്നു.

അയാറം കേസുകളെപ്പററിയുള്ള കടലാസുകെട്ടുകറം മുമ്പിൽവെച്ചു മറിച്ചുനോക്കിക്കൊണ്ടു പറയും:

"തീരുമാനിച്ചു, കേസ്സവസാനിപ്പിച്ചു."

എന്നാൽ സ്ത്രീകളെ മട്ടിക്കുവാനാണ് ഏററവുമധികം രസം.

സുഖാസക്തി അയാളുടെ പോലീസ്പ്രവത്തനങ്ങളിൽ ഒരു സമ്പാദ്യമാണ്. ഭംഗിയിൽ സംവിധാനംചെയ്ത ഒരു ഭവനം, അഥവാ വിജയകരമായ ഒരു വ്യാപാരം മരണത്തെ ത്വരിതപ്പെടുത്തുമെന്നു തീച്ച. അത്രേയുള്ളൂ.

ചെക്കുകാരനായ സഹായി—നെർജർ—ക്ക് അയാളുടെ തലയുടെ പകുതിയോളമേ പൊക്കമുണ്ടായിരുന്നുള്ളൂ. എന്നാൽ അതു മാത്രമാണ് അവർ തമ്മിലുള്ള വ്യത്യാസം.

എൻെറ കമ്മിസ്സാർ ബോമിനു പണം പിടുങ്ങുന്നതിലോ കൊല ചെയ്യുന്നതിലോ വലിയ വാസനയൊന്നുമില്ല. എന്നുവെച്ച് മററുവരുടേതിനെക്കാൾ ഒട്ടും മുരുങ്ങിയ പട്ടികയല്ല അയാളുടെ കൈവശമുള്ളതു്. ആരൊക്കെയോ ആയിത്തീരുവാനാശവെച്ചുകൊണ്ടിരിക്കുന്ന ഒരു സങ്കല്പജീവിയാണയാൾ. ഒരു പഴയ നാസിപ്പോലീസുകാരൻകൂടിയാണ്. ഏററവും രഹസ്യമായ ഹിററ്ലർ-ബൈറൺസമ്മേളനങ്ങൾ നടക്കുമ്പോൾപോലും അയാൾ 'നെപ്പോളിയൻമുറി'യിൽ പണിയെടുത്തിട്ടുണ്ട്. ബൈറൺ ഹിററ്ലരോടു പറയാൻ വിട്ടുപോയതു ബോം പൂരിപ്പിച്ചുകൊടുക്കും. എന്നാൽ നാട്ടുകാരെയാകെ വേട്ടയാടുവാനും അവരുടെ ജീവന്മരണങ്ങളുടെ നാഥനായിരിക്കുവാനും കുടുംബങ്ങളെ ഒന്നിച്ചു കഴുകയററുന്നതിനു കല്പനയിടുവാനുമുള്ള സൗഭാഗ്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ അതൊക്കെ നിസ്സാരമായിരുന്നു.

അയാൾക്കു തൃപ്തിപ്പെടുവാൻ എപ്പോഴും അത്ര ഭയങ്കരമായിട്ടൊന്നും സംഭവിക്കണമെന്നുണ്ടായിരുന്നില്ല. എന്നാൽ പിന്നീടയാൾക്കു കുറെക്കൂടി മുന്നോട്ടു പോകേണ്ടതിൻെറയാവശ്യം തോന്നി. ആ പോക്കു് തറവാടുകൾ ഒന്നടക്കം കൊന്നൊടുക്കുന്നതിനെക്കാൾ ഭീഷണമായിരുന്നു.

മററുള്ളവരെ പ്രലോഭിപ്പിക്കുവാൻ അയാൾ ഒരു വിപുലമായ ചാരസംഘടന രൂപീകരിച്ചു. ഒരു വമ്പിച്ച നായ്ക്കൂട്ടത്തോടുകൂടി നായാട്ടിനു പുറപ്പെട്ടു വേട്ടയാടിത്തുടങ്ങി. നായാട്ടിൻെറ സുഖമനുഭവിക്കുവാൻവേണ്ടിത്തന്നെയാണു് അയാൾ നായാട്ടു നടത്തിയതു്. വിചാരണ ഒരു രസമില്ലാത്ത വേലയാണയാൾക്കു്. അറസ്ററുചെയ്യുക, പിന്നെ വിധി കാത്തുകൊണ്ടു മുമ്പിൽ നില്ക്കുന്ന തടവുകാരെയങ്ങനെ നോക്കിക്കാണുക—അയാൾക്കു് ഏററവുംവലിയ ഒരു രസമാണതു്. ഒരിക്കലയാൾ, പ്രേഗിലെ ഇരുനൂറു കാറുകാരെയും ബസ്കണ്ടക്റ്റർമാരെയും മോട്ടോർഡ്രൈവർമാരെയും ഒന്നിച്ചു പിടിച്ചു തെരുവിൻെറ നടുവിലൂടെ കൂട്ടമായി നടത്തി. ഗതാഗതം മുഴുവൻ തടഞ്ഞു. ഭീഷണമായ ഒരു സ്തംഭനാവസ്ഥയുളവാക്കി. അയാൾക്കു സന്തോഷമായി! പിന്നീടവരിൽ നൂററമ്പതുപേരെ വിട്ടയച്ചു. ഒരു നൂററമ്പതു കുടുംബക്കാർ അയാളെപ്പററി ഒരു ദയാശീലനെന്നു പറയുമല്ലൊ, തൃപ്തിയായി.

അയാളുടെ സാധാരണകേസുകൾ നിസ്സാരങ്ങളാണു്; പക്ഷേ, കുഴപ്പംപിടിച്ചവയായിരിക്കും, പടൻപിടിച്ചവയായിരിക്കും. എൻെറ കാര്യം ഒന്നു വ്യത്യസ്തമായിരുന്നു. കാരണം അയാൾ എന്നെ പിടിച്ചതു യാദൃച്ഛികമായിട്ടാണു്.

"എനിക്കുള്ളതിൽ ഏററവുംവലിയതാണു നിൻെറ കേസ്സ്"—അയാൾ പലപ്പോഴും ആത്മാത്ഥതയോടുകൂടി എന്നോടു പറയാറുണ്ട്.

തൻെറ പക്കലുള്ള കേസ്സുകളിൽ ഒരെണ്ണം സവ്വപ്രധാനമാണെന്ന ഒരഹംഭാവം അയാൾക്കുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം എൻെറ ജീവിതം അല്പംകൂടി നീണ്ടുപോയതു്.

ഞങ്ങൾ സകല ശക്തിയോടുംകൂടി അന്യോന്യം പൊളിപറഞ്ഞിരുന്നു. ഒരു വിശേഷത മാത്രം: എനിക്കറിയാം അയാൾ പറയുന്നതെല്ലാം പൊളിയാണെന്നു്. അയാൾക്കു ഞാൻ പറയുന്നതങ്ങനെയല്ല. എപ്പോഴെങ്കിലും ഒരു നുണ വെളിച്ചത്തായാൽ പിന്നീടതിനെപ്പററി മിണ്ടാതെ കടന്നുപോയാൽ മതിയെന്നൊരു മൂകമായ വ്യവസ്ഥ ഞങ്ങൾ തമ്മിലുണ്ടായിരുന്നു. അയാൾക്കു സത്യം കണ്ടുപിടിക്കുവാൻ അത്രവലിയൊരുൽക്കണ്ഠയൊന്നുമുണ്ടായിരുന്നില്ലെന്നാണ് എൻെറ ധാരണ. അയാളുടെ വലിയ കേസിൻെറ നിറം കുറഞ്ഞുപോകരുതല്ലോ!

വടിയും കുന്തവും മാത്രമായിരുന്നില്ല അയാളുടെ വിചാരണോപകരണങ്ങൾ. തൻെറ പുള്ളിയെപ്പററിയുള്ള മതിപ്പനുസരിച്ചു ഭീഷണിയേക്കാൾ പ്രലോഭനമുപയോഗിക്കുവാനാണ് അയാളിഷ്ടപ്പെട്ടതു്. ആ ആദ്യരാത്രിയിലെങ്ങാനുമുണ്ടെങ്കിലല്ലാതെ അയാൾ എന്നെയൊരിക്കലും മർദ്ദിച്ചിട്ടില്ല. പ്രക്ഷേ മർദ്ദനമാവശ്യമെന്നു തോന്നുമ്പോൾ അതിനു മററാരെയെങ്കിലും നിയോഗിക്കുകയായിരുന്നു പതിവു്.

അയാൾ മററുള്ളവരെക്കാൾ തികച്ചും കൗതുകാവഹമായ ഒരു സങ്കീർണ്ണജീവിയായിരുന്നു. അയാളുടെ ഭാവന കൂടുതൽ സമ്പന്നമാണ്; അതു് ഉപയോഗിക്കേണ്ടതെങ്ങനെയെന്നുമറിയാം. ഞങ്ങൾ പലപ്പോഴും ബാർണിക്കിലെ ഒരു സങ്കല്പസമ്മേളനത്തിൽ പങ്കെടുക്കുവാൻപോകാറുണ്ട്. അവിടെയൊരു ബിയർത്തോട്ടത്തിലിരുന്നുകൊണ്ടു വഴിയേ കടന്നുപോകുന്ന ജനങ്ങളെ സൂക്ഷിച്ചുനോക്കും. അവരെപ്പററിയാലോചിച്ചുകൊണ്ട് അയാൾ പറയും:

"ഞങ്ങൾ നിന്നെയറസ്ററുചെയ്തു. എന്നിട്ടും നോക്കു്. അവർക്കൊരു മാററവും വന്നിട്ടില്ല. അവർ പതിവുപോലെ സഞ്ചരിക്കുന്നു. പതിവുപോലെ സ്വന്തം കഷ്ടതകളെപ്പററി സങ്കടപ്പെടുകയോ പുഞ്ചിരിയിടുകയോ ചെയ്യുന്നു. നീ ഒരിക്കലും ജീവിച്ചിരുന്നിട്ടേയില്ലെന്നതുപോലെയാണു ലോകം പ്രവത്തിച്ചു മുന്നോട്ടു പോകുന്നതു്. അവരുടെയിടയിൽ തീച്ചയായും നിൻെറ ചില പണ്ടത്തെ വായനക്കാരുണ്ടായിരിക്കും,

അവരിലാരെങ്കിലും നിന്നെപ്പററിയോർത്തു നെററിയിൽ ഒരു ചുളിവെങ്കിലും വീണിട്ടുണ്ടെന്നു നീ വിചാരിക്കുന്നുണ്ടോ?"

ഒരിക്കൽ ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന വിചാരണയ്ക്കുശേഷമായിരിക്കണം, അയാൾ എന്നെ ഒരു വണ്ടിയിൽ കയററി നെറുദാ തെരുവിലൂടെ കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോവുകയായിരുന്നു. വഴിക്കു പറഞ്ഞു:

"നീ പ്രേഗിനെ വളരെ പ്രേമിക്കുന്നുവെന്നെനിക്കറിയാം. നോക്കു, നിനക്കങ്ങോട്ടു തിരിച്ചുപോകുവാനാഗ്രഹമില്ലേ? എത്ര മനോഹരിയാണു പ്രേഗ്! നീ പോയിക്കഴിഞ്ഞാലും അവൾ മനോഹരിയായിത്തന്നെ വിലസിക്കൊണ്ടിരിക്കും!"

അയാൾ ഒരു വശ്യക്കാരൻെറ ഭാഗം മുറയ്ക്കഭിനയിച്ചു. വേനൽക്കാലത്തെ അസ്തമനസന്ധ്യ പ്രേഗിൽ മഞ്ഞുവീഴുന്നതിൻെറ സൂചനയായിട്ടൊന്നു നിശ്വസിച്ചു. അതു പഴുത്തുതുടങ്ങിയ മുന്തിരിങ്ങപോലെ ലഘുനീലവും നനവുള്ളതും മുന്തിരിച്ചാറുപോലെ മാദകവുമായിരുന്നു. ഞാൻ ലോകാവസാനംവരെ അതങ്ങനെ നോക്കിനില്ക്കുവാനാഗ്രഹിച്ചു... എന്നാൽ ഞാൻ കടന്നുപറഞ്ഞു:

"നിങ്ങൾ പോയിക്കഴിഞ്ഞാൽ പ്രേഗ് വളരെയധികം മനോഹരമായിരിക്കും!"

അയാൾ ചെറുതായൊന്നു ചിരിച്ചു; അത്ര കിഴിഞ്ഞ കൂട്ടത്തിലല്ല, വ്യസനഭാവത്തിൽ. പിന്നെപ്പറഞ്ഞു:

"നീ ഒരു ദോഷൈകക്കാരാണു്!"

അയാൾ പലപ്പോഴും ആ സായാഹ്നത്തിലെ സംഭാഷണത്തിലേയ്ക്കു തിരിച്ചെത്താറുണ്ടു്.

"ഞങ്ങൾ ഇവിടെയില്ലാതെയാകുമ്പോൾ......അപ്പോൾ നീ എന്നിട്ടും ഞങ്ങളുടെ വിജയത്തിൽ വിശ്വസിക്കുന്നില്ലേ?"

അയാൾക്കുതന്നെ ആത്മവിശ്വാസമില്ല. അതുകൊണ്ടാണു ചോദിച്ചതു്. ഞാൻ സോവിയററു്യൂണിയൻെറ അജയ്യശക്തിയെപ്പററി വിവരിക്കുമ്പോൾ അയാൾ വളരെ മനസ്സിരുത്തി കേട്ടുകൊണ്ടിരുന്നു. എൻെറ അവസാനപരീക്ഷണങ്ങളിലൊന്നായിരുന്നു അതു്.

## കെട്ടനാടകളുടെ വിശ്രമകാലം

എതിർവശത്തുള്ള മുറിയുടെ വാതിൽക്കൽ കെട്ടനാടകൾ തൂങ്ങിക്കിടക്കുന്നു. സാധാരണപുരുഷന്മാരുടെ കെട്ടനാടകൾ തന്നെ. എനിക്കൊരിക്കലും ഇഷ്ടമില്ലാതിരുന്ന ഒരു സാധനമാണത്. എന്നാൽ ഇന്നു മുറിയുടെ വാതിൽ തുറക്കുമ്പോഴൊക്കെ ഞങ്ങളവയെ സന്തോഷത്തോടെ തുറിച്ചുനോക്കുകയാണ്. കാരണം, അവയിൽ ഒരാശയുടെ നാമ്പു കാണുന്നുണ്ട്.

അറസ്റ്റുചെയ്യുമ്പോൾ അവർ നിങ്ങളെ ഇഞ്ചിഞ്ചായി ചതയ്ക്കുകയോ മരണത്തിലേയ്ക്കുതന്നെയെത്തിക്കുകയോ ചെയ്തുവെന്നു വരാം. എന്നാൽ എപ്പോഴും നിങ്ങളുടെ ടൈയും ബെൽട്ടും കെട്ടനാടയും ആദ്യമായിട്ടഴിച്ചെടുക്കുന്നു. നിങ്ങൾ തൂങ്ങിച്ചാവാതിരിക്കാനാണ്. പക്ഷെ നിങ്ങൾക്കു തൂങ്ങിച്ചാവണമെങ്കിൽ നിങ്ങളുടെ കൈലേസുകൊണ്ടായാലും തരക്കേടില്ല. മല്ലുവേലയ്ക്കോ കൂട്ടതടങ്ങലിലേയ്ക്കോ തൂക്കുമരത്തിലേയ്ക്കോ എവിടേയ്ക്കെങ്കിലും നിങ്ങളെ അയയ്ക്കുവാൻ ഏതെങ്കിലും ഒരു പോലീസ്കോടതി വിധികല്പിക്കുന്നതുവരെ അപായകരങ്ങളായ ആ മാരകായുധങ്ങൾ ജയിലാപ്പീസിൽ സൂക്ഷിക്കപ്പെടുന്നു. പിന്നീടവർ നിങ്ങളെ അകത്തുവിളിച്ച് ഔദ്യോഗികചടങ്ങുകളോടുകൂടി ആ സാധനങ്ങളെല്ലാം മടക്കിത്തരും. എന്നാൽ അവ തടവുമുറിയിലേയ്ക്കു കൊണ്ടുപോയിക്കൂട. മുറിവാതില്ക്കലോ വരാന്തപ്പടിയിലോ തൂക്കിയിടണം. ആ മുറിയിലെ താമസക്കാരിലൊരാൾ ഒരു നിർബ്ബന്ധയാത്രയ്ക്കു വിധേയനായിരിക്കുന്നുവെന്നതിന്റെ പ്രത്യക്ഷലക്ഷ്യമായി നിങ്ങളെയുംകൊണ്ടു വണ്ടി നീങ്ങുന്നതുവരെ അവ അവിടെയങ്ങനെ തൂങ്ങിക്കിടക്കണം.

ഗസ്റ്റീനയ്ക്കു വരാൻപോകുന്ന വിധിയെപ്പറ്റിയറിഞ്ഞ ദിവസം തന്നെയാണ് എതിർവശത്തെ വാതില്ക്കൽ ആ കെട്ടനാടകൾ പ്രത്യക്ഷപ്പെട്ടത്. എതിർവശത്തെ മുറിയിലുള്ള എന്റെ സ്നേഹിതനെയും അവളെപ്പോലെതന്നെ അതേ വണ്ടിയിൽ അടിമവേലയ്ക്കു കൊണ്ടുപോവുകയാണ്. എന്നാൽ ആ യാത്രപുറപ്പെടുന്നതിനു മുമ്പുതന്നെ പെട്ടെന്നു നീട്ടിവെയ്ക്കപ്പെട്ടു. കാരണം, അവരെ വേലയ്ക്കു കൊണ്ടുപോകുന്ന സ്ഥലം ബോംബുവീണു തകൻവെന്നാണ് പറഞ്ഞത്. (ഇതു മറെറാരു ശുഭലക്ഷണമാണ്!) ഇനിയെപ്പോഴാണ് അവർ വിട്ടുപിരിയുകയെന്നാക്കറിയാം—ഇന്നോ നാളെയോ, അടുത്തയാഴ്ചയോ രണ്ടാഴ്ചയ്ക്കുശേഷമോ? അതാ, കെട്ടനാടകൾ എതിർവശത്തു തൂങ്ങുന്നു. ഇനി അവയവിടെക്കാണുന്നിടത്തോളം കാലം ഗസ്റ്റീന പ്രേഗിൽതന്നെയുണ്ടെന്നനുമാനിക്കാം.

അതിനാൽ അവരെ സഹായിച്ചുകൊണ്ടിരുന്ന ചിലരെയെന്നപോലെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി ഞാൻ അവയെ നോക്കിക്കൊണ്ടിരുന്നു. അവ ഒന്നോ രണ്ടോ മൂന്നോ ദിവസത്തെയിട അവൾക്കുണ്ടാക്കിക്കൊടുക്കുന്നു.........ആക്കറിയാം ആ മൂന്നു ദിവസത്തിൻെറയത്ഥമെന്തായിരിക്കുമെന്നു്? ഒരുപക്ഷെ അവയിലൊന്നു് അവൾക്കു മോചനമേകിയേക്കും.

അങ്ങനെയാണു ഞങ്ങളെല്ലാക്കെ ഇവിടെ കഴിച്ചുകൂട്ടുന്നതു്. കഴിഞ്ഞ കൊല്ലം, കഴിഞ്ഞ മാസം, ഇന്നു്, നാളെ—പ്രതീക്ഷനിറഞ്ഞിരിക്കുന്ന നാളെയിലേയ്ക്കാണു് ഞങ്ങളുടെ കണ്ണുകൾ ഉററുനോക്കുന്നതു്. നിങ്ങളുടെ വിധിക്കു മുദ്രവെച്ചുകഴിഞ്ഞിരിക്കാം, നിങ്ങളെ മററന്നാൾ വെടിവെയ്ക്കുമായിരിക്കാം—പക്ഷെ, ആ നാളെയുണ്ടാകാവുന്ന സംഭവവികാസങ്ങൾ! നാളെവരെയൊന്നു ജീവിക്കുക, അപ്പോഴേയ്ക്കും സംഗതികൾ ആകെ മാറിയെന്നുവരാം. കായ്യങ്ങളുടെ ഗതി അത്രമാത്രം അസ്ഥിരമാണു്. നാളെ എന്താണു സംഭവിക്കുകയെന്നാക്കറിയാം!

മനസ്സിൻെറ ഈയവസ്ഥയിൽനിന്നാണു് ഏററവും ബുദ്ധിശൂന്യങ്ങളായ കിംവദന്തികൾ പൊങ്ങുന്നതു്. ഓരോ വാരത്തിലും സമരസമാപ്തിയുടെ പാടലപ്രഭപൂണ്ട എന്തെങ്കിലും കഥകളുണ്ടാകും. ഓരോരുത്തനും ഒരു പുഞ്ചിരിയോടുകൂടി അവ ചെവിക്കുചെവിയായി പകത്തിക്കൊടുക്കുകയും ചെയ്യും. ഓരോ വാരത്തിലും പാൻക്രാററ്സിൽ സന്തോഷകരമായ പുതിയ വാത്തകളുടെ എന്തെങ്കിലും കുശുകുശുപ്പുണ്ടാകും. ഞങ്ങൾ അവ നിഷ്പ്രയാസം വിശ്വസിക്കുകയും ചെയ്യും. നിങ്ങൾ അത്തരത്തിലുള്ള സംഗതികൾ വിശ്വസിക്കുന്നതിനെതിരായി സമരംചെയ്യുന്നു. മിഥ്യാപ്രതീക്ഷകളെ അടിച്ചമത്തുന്നു. കാരണം, അതു വ്യക്തികളുടെ സ്വഭാവത്തിനു കരുത്തുകൂട്ടുകയില്ലെന്നു മാത്രമല്ല, അവസാനം ദൗർബ്ബല്യം വരുത്തുകയും ചെയ്യും. ശുഭാപ്തിവിശ്വാസം അസത്യങ്ങളിൽ കെട്ടിപ്പടുക്കാവുന്നതല്ല, കെട്ടിപ്പടുക്കേണ്ടതുമല്ല; സമരസമാപ്തിയുടെ സ്വാഭാവികമായ ഏകമാഗ്ഗത്തെ സുവ്യക്തമായിക്കാണുവാൻ കഴിയുന്ന സത്യത്തിൽ മാത്രമേ പാടുള്ളു. മൗലികമായ സത്യവിശ്വാസം അവനവനിൽതന്നെയാണു്; ആ ഒരു ദിവസം വിധിനിണ്ണായകമായിരിക്കുമെന്നും നിങ്ങൾക്കു കിട്ടുന്ന ആ ഒരു ദിവസം നിങ്ങൾ വിട്ടുകളയുവാനിഷ്ടപ്പെടാത്ത ജീവിതത്തിൻെറയും നിങ്ങളെ ഭീഷണിപ്പെടുത്തുന്ന മരണത്തിൻെറയും ഇടയ്ക്കുള്ള പരിധിയിൽനിന്നു നിങ്ങളെയുദ്ധരിക്കുന്ന ഒന്നായിരിക്കുമെന്നുള്ള വിശ്വാസവും അങ്ങനെതന്നെ.

ഒരു മനുഷ്യജീവിതത്തിൽ അത്ര വളരെ ദിവസങ്ങളൊന്നുമില്ല. എന്നിട്ടും അതു വേഗത്തിൽ, അതിവേഗത്തിൽ, കഴിയുന്നത്ര വേഗത്തിൽ കടന്നുപോകുവാൻ നിങ്ങളാഗ്രഹിക്കുന്നു. പാഞ്ഞുപോകുന്ന സമയം, പിടികിട്ടാത്ത സമയം, ജീവിതത്തിൻെറ ചോരയൂററിയെടുക്കുന്ന സമയം—അതാണിവിടെ ഒരുവൻെറ ഏററവും വലിയ സുഹൃത്ത്— എന്തൊരു വൈപരീത്യം!

നാളെ ഇന്നലെയായിരിക്കുന്നു, മററന്നാൾ ഇന്നുമായിട്ടുണ്ട്. പിന്നെ അതും കഴിഞ്ഞുപോകുന്നു. എന്നിട്ടും എതിർവശത്തെ മുറിയുടെ വാതില്ക്കൽ കെട്ടുനാടകൾ തൂങ്ങിക്കിടക്കുന്നു.

## അദ്ധ്യായം ആറു്

# 1942-ലെ പട്ടാളനിയമം

മേയ് 27, 1943.

ശരിക്കൊരുകൊല്ലം മുമ്പാണതു്.

അവർ എന്നെ മറ്റൊരു മട്ടനം കഴിഞ്ഞു സിനിമയ്ക്കു കൊണ്ടുവന്നു. ഇതായിരുന്നു ഞങ്ങളുടെ ദിനചര്യ: പാൻക്രാറ്സിൽനിന്നു കൊണ്ടുവരുന്ന ഭക്ഷണം കഴിക്കുവാൻ നാന്നൂറാംനമ്പരിൽനിന്നു കോണിയിറങ്ങി നേരെ താഴോട്ടു്, പിന്നെ വീണ്ടും നാലാംനിലയിലേയ്ക്കു്. എന്നാൽ ഞങ്ങളെ അനുച്ചതിരിഞ്ഞു മുകളിലേയ്ക്കു തിരിച്ചുകൊണ്ടുപോയില്ല.

ഞങ്ങൾ ഇരുന്നു ഭക്ഷണംകഴിക്കുന്നു. ബെഞ്ചുകളിൽ തിങ്ങിയിരിക്കുന്ന തടവുപുള്ളികൾ ധിറുതിപിടിച്ചു കോരിത്തിന്നുകയാണു്. അതിൽ കുറെ മനുഷ്യത്വമൊക്കെ കാണാനുണ്ടു്. നാളെ മരിക്കാൻപോകുന്ന ഞങ്ങൾ പെട്ടെന്നു് അസ്ഥിപഞ്ജരങ്ങളായി മാറുകയാണെങ്കിൽ ഞങ്ങളുടെ മൺപാത്രങ്ങളിൽ കയിലുകൾ കൂട്ടിമുട്ടുന്ന ശബ്ദം അസ്ഥികളുടെ കിലുക്കമായും താടിയെല്ലുകളുടെ കലമ്പലായും മാറും. അതിനെപ്പററിയാരും ചിന്തിക്കുകയോ ശങ്കിക്കുകയോ ചെയ്തിട്ടില്ലെന്നു മാത്രം. ഓരോരുത്തനും ഇനിയൊരാഴ്ചകൂടി, അഥവാ ഒരു മാസമോ കൊല്ലമോകൂടി ജീവിക്കുവാൻവേണ്ടി അവനവന്റെ ശരീരത്തിനു തീററകൊടുക്കുകയാണു്.

എത്താണ്ടൊരു നല്ല കാലാവസ്ഥയാണെന്നു പറയാം. പക്ഷെ പെട്ടെന്നൊരു വിചിത്രമായ കാററു വീശി. അതു തികച്ചും പ്രശാന്തമായിരുന്നു. പാറാവുകാരുടെ മുഖഭാവംകൊണ്ടുമാത്രം എന്തോ അസാധാരണസംഭവം

നടക്കനുണ്ടെന്നൂഹിക്കാം. അവർ ഞങ്ങളെ വിളിച്ചണിനിരത്തി പാൻക്രാററ്സിലേയ്ക്കു കൊണ്ടുപോയി എന്നതാണു തെളിവു്. നട്ടുച്ചനേരത്തു വീണ്ടും പാൻക്രാററ്സിലേയ്ക്കു്! അങ്ങനെ മുമ്പൊരിക്കലുമുണ്ടായിട്ടില്ല. അരദിവസം മുഴുവൻ മറ്റൊന്നുമൊന്നുമില്ല; ഞങ്ങളെല്ലാവരും യാതൊരുത്തരവും കാണാത്ത ചോദ്യങ്ങൾകൊണ്ടുതന്നെ വശംകെട്ടുപോയി. അതൊരീശ്വരാനുഗ്രഹംപോലെ തോന്നി. എന്നാൽ അങ്ങനെയല്ല കാര്യം.

വരാന്തയിൽതന്നെ ഞങ്ങൾ ജനറൽ എലിയാഷിനെ കണ്ടു. (മുമ്പത്തെ സംരക്ഷകസക്കാരിലെ പ്രധാനമന്ത്രിയായിരുന്നു; പിന്നീടു തൂക്കിക്കൊല്ലപ്പെട്ടു.) അദ്ദേഹത്തിൻെറ നേത്രങ്ങൾ പരിഭ്രാന്തങ്ങളായിരുന്നു. എന്നെ പാറാവുകാരുടെ വേലിക്കിടയിലൂടെ കണ്ടു് മുന്നോട്ടുവന്നു മന്ത്രിച്ചു:

"പട്ടാളനിയമമാണു്."

എൻെറ മൂകമായ ചോദ്യത്തിനുത്തരമേകുവാൻ അദ്ദേഹത്തിനവസരം കിട്ടിയില്ല. തടവുകാക്കു് ഏററവും പ്രധാനമായ സന്ദേശവിനിമയങ്ങൾക്കുപോലും നിമിഷംപകുത്ത സമയംമാത്രമാണു ലഭിക്കുന്നതു്.

ഞങ്ങൾ പെച്ചെക്കിൽനിന്നു നേരത്തേതന്നെ മടങ്ങിയതിൽ പാൻക്രാററ്സിലെ പാറാവുകാർ അത്ഭുതപ്പെട്ടു. എന്നെ കൂട്ടിക്കൊണ്ടുപോയ ഒരുവനോടു കേട്ടതെല്ലാം തുറന്നുപറയുവാൻ എനിക്കു വിശ്വാസം തോന്നി. അയാൾ ആരാണെന്നെനിക്കറിഞ്ഞുകൂടാ. വെറുതെ തലകുലുക്കിക്കേട്ടിരുന്നുവെന്നു മാത്രം. അയാൾ പട്ടാളനിയമത്തെപ്പററിയറിഞ്ഞിരിക്കയില്ല. അഥവാ ഞാൻ പറഞ്ഞതു കേട്ടില്ലെന്നും വരാം. എങ്കിലും അയാളോടു സംസാരിച്ചതിൽ ഉള്ളുന്നയ്ക്കാശ്വാസമായി.

എന്തായാലും വൈകുന്നേരം അയാൾ വന്നു് എൻെറ മുറിയിലേയ്ക്കെത്തിനോക്കി:

"നീ പറഞ്ഞതു ശരിയായിരുന്നു. ഹേഡ്രിച്ചിനെ വധിക്കുവാൻ ഒരു ശ്രമം നടന്നു. സാരമായ പരുക്കുപററിയിട്ടുണ്ടു്. പ്രേഗിൽ പട്ടാളനിയമം!"

മറെറാരു മറ്റനത്തിനു കൊണ്ടുപോകുവാൻവേണ്ടി അടുത്തദിവസം ഞങ്ങളെ നടവരാന്തയിലണിനിരത്തി. ഞങ്ങളുടെയിടയിൽ 1941 ഫെബ്രുവരിയിൽ പിടിക്കപ്പെട്ട സഖാവു് വിക്റ്റർസിനെക്കുമുണ്ടായിരുന്നു. അദ്ദേഹം പാർട്ടിയുടെ കേന്ദ്രസമിതിയിൽ ജീവനോടെയിരിക്കുന്ന അവസാനത്തെയംഗമാണു്. ചടച്ചു പൊക്കത്തിൽ ഒരു പട്ടാളവേഷക്കാരനായ

താക്കോൽക്കാരൻ ഒരു വെള്ളക്കടലാസ്സുകഷണം അദ്ദേഹത്തിൻെറ മുമ്പിൽ പിടിച്ചു പറത്തി. അതിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചതു കാണാമായിരുന്നു:

"വിട്ടുതൽകല്പന."

അയാഠം വികൃതമായിച്ചിരിച്ചു.

"അപ്പോഠം നോക്കു്, എട ജൂതാ, നീ ഇതിൽ രക്ഷപ്പെട്ടു. ഇതാ നിൻെറ വിട്ടുതൽകല്പന. കീടങ്ങഠം........." അയാഠം വിക്ടറുടെ തലപോകാറായെന്നു കാണിക്കുവാൻ കഴുത്തിനു ചുററും വിരലോടിച്ചു. 1941-ലെ പട്ടാളനിയമത്തിൽ ആദ്യമായി വധിക്കപ്പെട്ടയാളാണു് ഓട്ടോ സിനെക്കു്. 1942-ലെ പട്ടാളനിയമത്തിൽ ആദ്യത്തെ രക്തസാക്ഷി അദ്ദേഹത്തിൻെറ സഹോദരനായ വിക്ടറും! അവർ അദ്ദേഹത്തെ തട്ടിക്കളയുവാൻ മാത്താസെന്നിലേയ്ക്കു കൊണ്ടുപോയി. അതാണവരുടെ രസകരമായ പ്രകടനം.

പാൻക്രാററ്സ് മുതൽ പെച്ചെക്ക്വരെ അങ്ങോട്ടുമിങ്ങോട്ടുമുള്ള വഴി ആയിരക്കണക്കിൽ തടവുകാക്കു പതിവായിക്കയറുവാനുള്ള കാൽവരിക്കു തുല്യമായിരിക്കുന്നു. ലോറികളിലെ പാറാവുകാർ ഹേഡ്രിച്ചിൻെറ പേരിൽ പകവീട്ടുകയാണു്. അരനാഴിക പോകുമ്പോഴേയ്ക്കും തോക്കിൻ പാത്തികൊണ്ടിടിയേററു നൂറുകണക്കിനു തടവുകാരുടെ മുഖത്തും വായിലുംനിന്നു ചോരയൊഴുകിത്തുടങ്ങും. പതിവായി ഞാനൊന്നിച്ചു യാത്ര ചെയ്യുന്നവക്കു് അല്പമാശ്വാസമുണ്ടു്. കാരണം, എൻെറ താടി അവരുടെ പലപല തമാശപ്രയോഗങ്ങഠംക്കു ലക്ഷ്യമായിരുന്നതിനാൽ മററുള്ളവരെ മർദ്ദിക്കുവാൻ സമയം ചുരുങ്ങും. ലോറിയുലയുമ്പോഠം പാറാവുകാർ ഒരു പിടിവള്ളിയിലെന്നപോലെ എൻെറ മീശയിൽ പിടിച്ചുതൂങ്ങും. അവക്കൊരു രസാവഹമായ നേരമ്പോക്കു്. രാഷ്ട്രീയപരിതഃസ്ഥിതികളനുസരിച്ചു് എൻെറ നേരേ മാറിമാറി വരുന്ന മർദ്ദനവിധാനങ്ങളുടെ അരങ്ങൊരുക്കമായിരുന്നു അതു്. എന്നാൽ അതൊരിക്കലും മാററമില്ലാതെ ഇങ്ങനെയാണവസാനിക്കുക:

"നാളേയ്ക്കു സുബോധം വന്നില്ലെങ്കിൽ നിന്നെ വെടിവെച്ചു കൊല്ലും!"

അതിൽ കൂടുതലായി ഭയപ്പെടുത്തത്തക്കവണ്ണമൊന്നുംതന്നെയില്ല. ഓരോ സായാഹ്നത്തിലും അവർ താഴത്തെയിടനാഴികയിൽ പേരുകഠം വിളിച്ചുപറയുന്നതു കേഠക്കാറുണ്ടു്. അമ്പതു്, നൂറു്, ഇരുനൂറു്—ഇൗ

കണക്കിനാളുകളെ കൈകാലുകൾ കെട്ടി വിണ്ടിയിലിട്ട്, വെട്ടാൻ കൊണ്ടു പോകുന്ന മാടുകളെപ്പോലെ കൊബൈലിസിയിൽ കൂട്ടക്കൊലയ്ക്കു കൊണ്ടു പോകുന്നു. എന്താണവരുടെ കുററം? ഒന്നാമത്ത് അവക്കെതിരായിട്ടൊന്നും തെളിഞ്ഞിട്ടില്ല. പ്രധാന കേസുകളുമായി യാതൊരു ബന്ധവുംകൂടാതെയാണ് അവരെ അറസ്ററുചെയ്തിട്ടുള്ളത്. കുററതലന്വേഷണങ്ങൾക്ക് അവരെക്കൊണ്ടാവശ്യമില്ല. അതുകൊണ്ട് അവരെ തൂക്കിലേററാനുപയോഗിക്കാം. വധത്തിനു രണ്ടുമാസംമുമ്പ് ഒരു സഖാവു മറെറാൻപതുപേരെ വായിച്ചുകേൾപ്പിച്ച ഒരു ഹാസ്യകവിതയാണ് അവരുടെ അറസ്റ്റിനു കാരണം. അവരിപ്പോൾ കൊലയ്ക്കു കൂട്ടുനിന്നതിനു മരണമുറിയിൽ കിടക്കുകയാണ്. രഹസ്യരേഖകൾ വിതരണംചെയ്തുവെന്ന സംശയത്തിൽ ഒരു സ്ത്രീ ആറുമാസംമുമ്പറസ്ററുചെയ്യപ്പെട്ടു. അവൾ അതൊരിക്കലും സമ്മതിച്ചിട്ടില്ല. അവക്കൊരു തെളിവും കിട്ടിയില്ല. അവർ അവളുടെ സഹോദരന്മാരെയും സഹോദരിമാരെയും സഹോദരഭാര്യമാരെയും സഹോദരീഭർത്താക്കന്മാരെയും എല്ലാം പിടിച്ചു കൊല്ലാൻ പോവുകയാണ്. സംശയിക്കപ്പെട്ടവരുടെ കുടുംബങ്ങളെ ഒന്നായടിച്ചു തകർത്തു തുടച്ചുനീക്കുകയാണ് പട്ടാളനിയമത്തിൻെറയുദ്ദേശം. അറിയാതെ അറസ്ററുചെയ്യപ്പെട്ട ഒരു തപാൽശിപായി തന്നെ വിട്ടയയ്ക്കുന്നതു കാത്ത് താഴത്തെയിടനാഴിയിൽ മാറിനില്ക്കുകയായിരുന്നു. അവർ അയാളുടെ പേർ വിളിച്ചു വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെയിടയിലേയ്ക്കു തള്ളിനീക്കി വണ്ടിയിലാക്കിക്കൊണ്ടുപോയി വെടിവെച്ചുകൊന്നു. അടുത്ത ദിവസമാണ് അതൊരു പിശകായിരുന്നുവെന്നു മനസ്സിലാകുന്നത്. അതേ പേരുള്ള മറെറാരുത്തനെ വധിക്കേണ്ടതുണ്ടായിരുന്നു. അതിനാൽ ആ മററവനെയും വധിക്കുന്നു. കാര്യമെല്ലാം ശരിയായി. ശിക്ഷയ്ക്കു വിധേയരാകുന്നവർ അവരുടെ നിയമപ്രകാരംതന്നെ ശിക്ഷാഹരാണോ എന്നന്വേഷിക്കുവാൻ ആരാണു മിനക്കെടുന്നത്? അഥവാ അവരുടെയുദ്ദേശം രാഷ്ട്രത്തെ മുഴുവൻതന്നെ നശിപ്പിക്കലായിരിക്കുമ്പോൾ അതന്വേഷിച്ചിട്ടെന്തു കാര്യം?

അന്നുരാത്രി വളരെ വൈകിയാണ് ഞാൻ വിചാരണകഴിഞ്ഞു മടങ്ങിവന്നത്. താഴത്തു ചുമരിന്നടുത്ത് വ്ളാഡിമിർവഞ്ചുറ—ഭാവനാസമ്പന്നനായ ഒരു ചെക്കുസാഹിത്യകാരൻ—തൻെറ സാമാനങ്ങൾ ഒരു ഭാണ്ഡത്തിലാക്കി കാല്ക്കൽവെച്ചുകൊണ്ടു നില്ക്കുന്നു. അതിൻെറ അത്ഥമെന്താണെന്നെനിക്കു നല്ലപോലെയറിയാം. ഞങ്ങൾ നിമിഷനേരമൊന്നു കൈപിടിച്ചമത്തി. എനിക്കിപ്പോഴും മുകളിലത്തെ വരാന്തയിൽനിന്ന് അദ്ദേഹത്തെക്കാണാം—പതുക്കെയൊന്നു തലകുനിച്ചു വിദൂരതയിലേയ്ക്കു,

ജീവിതത്തിൻെറ മറുകരയിലേയ്ക്ക്, അങ്ങനെയുററുനോക്കിക്കൊണ്ടു നില്ക്കുകയാണ്. അരമണിക്കൂറിനുശേഷം അവർ അദ്ദേഹത്തിൻെറ പേർ വിളിച്ചു.........

അല്പദിവസങ്ങൾക്കുശേഷം മിലോഷ് ക്രാസ്സി—വിപ്ലവത്തിൻെറ ഒരു ധീരയോദ്ധാവ്—അതേ ചുമരിന്നഭിമുഖമായി നില്ക്കുന്നു. കഴിഞ്ഞ വർഷം ഒക്ടോബറിലാണ് അറസ്ററുചെയ്യപ്പെട്ടത്. ഹേമദണ്ഡങ്ങളാലോ ഏകാന്തവാസത്താലോ ഉടവുതട്ടാത്ത ദേഹം. ചുമരിൽനിന്നു പകുതി തിരിഞ്ഞു പിന്നിൽ നില്ക്കുന്ന പാറാവുകാരനെ ശാന്തമായി ട്ടെന്തോ പറഞ്ഞു മനസ്സിലാക്കുകയാണ്. പെട്ടെന്നെന്നെക്കണ്ടു. പുഞ്ചിരിയിട്ടു തലയാട്ടി വിടവാങ്ങി പാറാവുകാരനോടു സംഭാഷണം തുടൎന്നു:

"ഇതു നിങ്ങൾക്കൊരിക്കലും ഗുണകരമായിരിക്കയില്ല. ഞങ്ങളിൽ വളരെപ്പേർ ഇനിയും മരിക്കാൻപോവുകയാണു്. എന്നാൽ അവസാനം നിങ്ങൾ പരാജയപ്പെടും........."

വീണ്ടും ഒരുദിവസമുച്ചയ്ക്കു ഞങ്ങൾ പെച്ചക്ക്മന്ദിരത്തിൻെറ താഴത്തെ നിലയിൽ ഭക്ഷണം കാത്തു നില്ക്കുകയാണ്. അവർ ഏലിയാഷിനെ കൊണ്ടുവരുന്നു. കക്ഷത്തിൽ ഒരു വൎത്തമാനപ്പത്രമുണ്ട്. അദ്ദേഹം അതിനെ ചൂണ്ടിക്കാണിച്ചു പുഞ്ചിരിയിടുകയാണ്. കാരണം, കഴിഞ്ഞ എട്ടുമാസമായി ജയിലിലായിരുന്നിട്ടും ആ വധത്തോടു തനിക്കു ബന്ധമുണ്ടെന്നവർ തെളിയിച്ചിരിക്കുന്നതായി അദ്ദേഹം ആ കടലാസ്സിൽ ഇപ്പോൾ വായിച്ചതാണ്.

"തെമ്മാടിത്തം!" അദ്ദേഹം ഭക്ഷണം കഴിക്കുവാൻ തുടങ്ങി.

ഞങ്ങൾ ശേഷിച്ചവരൊന്നിച്ച് അന്നു വൈകുന്നേരം പാൻക്രാററ്സിലേയ്ക്കു മടങ്ങുമ്പോൾ അദ്ദേഹം അതിനെപ്പററി തമാശപറഞ്ഞിരുന്നു. എന്നാൽ ഒരുമണിക്കൂറിനുശേഷം അവർ അദ്ദേഹത്തെ മുറിയിൽ നിന്നിറക്കി കൊബൈലിസിയിലേയ്ക്കു വണ്ടികയററി.

ശവങ്ങൾ കുന്നുകൂടുകയാണ്. പത്തോ നൂറോകണക്കിലല്ല, ആയിരക്കണക്കിൽ. ചുടുചോരയുടെ പുതുമണം മൃഗങ്ങളുടെ നാസാദ്വാരങ്ങളിൽ കിക്കിളികൂട്ടിക്കൊണ്ടിരിക്കുന്നു. അൎദ്ധരാത്രിക്കുശേഷവും ഞായറാഴ്ചയുമാണ് അവരുടെ "പണി". സകലരും പട്ടാളവേഷത്തിലാണ്. ഇതാണവരുടെ ഉത്സവം, വധോത്സവാഘോഷം! അവർ കൎഷകരെയും തൊഴിലാളികളെയും അദ്ധ്യാപകരെയും എഴുത്തുകാരെയും ഉദ്യോഗസ്ഥന്മാരെയും വധിക്കുന്നു. സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും കൊല്ലുന്നു.

തറവാടുകളാകെ കൊന്നുമുടിക്കുന്നു. ഗ്രാമങ്ങളാകെ ചുട്ടുപൊട്ടിക്കുന്നു. വെടിയുണ്ടകൊണ്ടുള്ള മരണം തന്റെ ഇരകളിൽ യാതൊരു പക്ഷഭേദവും കാണിക്കാതെ വിഷൂചികയെന്നപോലെ ഭൂമിയിൽ തേർവാഴ്ച നടത്തുന്നു.

ഈ ഭീകരാവസ്ഥയിലും ജനങ്ങൾ പിന്നെയും ജീവിക്കുന്നു.

അതു വിശ്വസിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ജനങ്ങൾ പിന്നെയും ജീവിക്കുന്നു; ഉണ്ണുകയുമുറങ്ങുകയും പ്രേമിക്കുകയും പ്രവൎത്തിക്കുകയും മരണത്തോടു ബന്ധപ്പെടാത്ത ഒരായിരം കാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നു. എങ്കിലും അവരുടെ ഹൃദയത്തിനു പിന്നിൽ ഒരു ഭയങ്കരമായ പിടിവലിയുണ്ട്. അവരതു സഹിച്ചുകൊണ്ടിരിക്കുന്നു. അവരതിനു തലകുനിക്കുകയോ അടിപെടുകയോ ചെയ്യുന്നില്ല.

പട്ടാളനിയമം നിലവിലുള്ളപ്പോളൊരിക്കൽ എന്റെ കമ്മിസ്സാർ എന്നെ ബ്രൗണിക്കിലേയ്ക്കു കൊണ്ടുപോയി. മനോഹരമായ ജൂൺ! കായ്ച്ചുനില്ക്കുന്ന നാരകച്ചെടികളുടെയും പൂത്തുനില്ക്കുന്ന പൂവാകമരങ്ങളുടെയും മാധുൎയ്യംകൊണ്ടു മോടിപിടിച്ച മാസം. ഒരു ഞായറാഴ്ച, വൈകുന്നേരമാണ്. വണ്ടി പോകുന്ന വഴി വിട്ടുമാറിനില്ക്കുവാൻ വേണ്ടത്ര വീതിയില്ലാത്ത തെരുവിലൂടെ വിനോദയാത്രക്കാർ തിങ്ങിത്തിമൎത്തു തിരിച്ചുപോയിരുന്നു. അവർ ആഹ്ലാദത്താൽ ആൎത്തുവിളിച്ചിരുന്നു, വെയിലിലും വെള്ളത്തിലും കുളിച്ചും പ്രേമികളുടെ ആലിംഗനമാസ്വദിച്ചും ദിവസം കഴിച്ചതിൽ ആനന്ദവിവശരായിരുന്നു. മരണംമാത്രം അവരുടെ മുഖത്തു കാണാനുണ്ടായിരുന്നില്ല. അതു് അവരുടെയിടയിൽ കടന്നുനടക്കുകയും ഇടയ്ക്കിടയ്ക്കു് ഏതെങ്കിലുമൊരാളുടെനേൎക്കു് ശരം തൊടുക്കുകയും ചെയ്തിരുന്നു. അവർ മുയലുകളെപ്പോലെ ചാടിയോടുകയും കിടന്നുരുളുകയും ചെയ്തിരുന്നു. അതേമാതിരി പാവങ്ങൾ! മുയലുകളെപ്പോലെതന്നെ. കൂട്ടത്തിൽക്കടന്നു് ഒരെണ്ണത്തിനെ പിടിച്ചെടുക്കുകയാണെങ്കിൽ നിമിഷനേരത്തേയ്ക്കു് എല്ലാം ഒരു മൂലയിൽ പതുങ്ങിക്കൂടിനില്ക്കും; താമസിയാതെ വീണ്ടും സുഖദുഃഖസമമിശ്രമായ ജീവിതാനന്ദത്തോടുകൂടി ഓടിപ്പാഞ്ഞുനടക്കുവാൻ തുടങ്ങും.

പെട്ടെന്നു ഞാൻ മതിൽകെട്ടിയടച്ച ജയിൽജീവിതത്തിൽനിന്നു പൊട്ടിയൊഴുകുന്ന മനുഷ്യപ്രവാഹത്തിലേയ്ക്കു മാറപ്പെട്ടു. അതിന്റെ മധുരാസ്വാദനം ആദ്യം എനിക്കു കയ്പായിത്തോന്നി.

എങ്ങനെയും അതങ്ങനെയാകാൻവയ്യാത്തതായിരുന്നു.

ഞാനിവിടെക്കാണുന്നതു ജീവിതമാണ്; ഇപ്പോൾ ഞാൻ വന്നിരിക്കുന്നതും ജീവിതത്തിൽനിന്നാണ്. എന്തൊരു ഭയങ്കരസമ്മർദ്ദം പ്രയോഗിച്ചാലും ജീവിതം നശിപ്പിക്കുക സാദ്ധ്യമല്ല. അതു് ഒരുവശത്തടിക്കുമ്പോൾ നൂറുവശത്താണു പൊട്ടിച്ചിനുന്നതു്. അതാണു ജീവിതം! അതു മരണത്തെക്കാൾ സുശക്തമാണ്. അതു കയ്പ്പുനിറഞ്ഞതായിരിക്കുമോ?

തടവുമുറിയിൽ ഭീകരതയുടെ ഒത്തനടുവിലാണു കിടക്കുന്നതെങ്കിലും ഞങ്ങൾ രാജ്യത്തിലെ മററുള്ളവരുടേതിൽനിന്നു വിഭിന്നമായ വല്ല ധാതുക്കളാൽ സൃഷ്ടിക്കപ്പെട്ടവരാണോ?

പലപ്പോഴും എന്നെ ഒരു പോലീസ്‌ലോറിയിലാണ് വിചാരണയ്ക്കു കൊണ്ടുപോകാറുള്ളതു്. അതിലെ പാറാവുകാരൻെറ പെരുമാററം തരക്കേടില്ലായിരുന്നു. എനിക്കു ജനാലയ്ക്കുലൂടെ തെരുവുകളും പ്രദർശനജാലകങ്ങളും പൂക്കടകളും വഴിയേപോകുന്ന ജനങ്ങളെയും പെണ്ണുങ്ങളെയും കാണാൻ കഴിഞ്ഞിരുന്നു. ഒരുദിവസം ഞാൻ എന്നോടുതന്നെ പറഞ്ഞു, ഒമ്പതുജോഡി സുന്ദരപാദങ്ങളെണ്ണുവാൻ കഴിഞ്ഞാൽ അന്നു ഞാൻ തൂക്കിലേററപ്പെടുകയില്ലെന്നു്! പാദങ്ങളിൽ പ്രകടമായ താല്പയ്യത്തോടുകൂടി അവ നോക്കിക്കാണുവാനും സസൂക്ഷ്മം വരികൾ താരതമ്യപ്പെടുത്തുവാനും പരിശോധിച്ചു തള്ളിക്കളയുവാനും തെരഞ്ഞെടുക്കുവാനുമായിത്തീൎന്ന പിന്നീടെൻെറ പരിശ്രമം—എൻെറ നിശ്ചയപ്രകാരം ജീവിതംതന്നെ അതിനെയാശ്രയിച്ചാണിരിക്കുന്നതെന്ന കാൎയ്യംപോലും വിസ്മരിച്ചു്; വെറുംവരികളാണ്, ജീവിതമല്ല. അതിലടങ്ങിയിരിക്കുന്നതെന്നപോലെ.

സാധാരണമായി വളരെ വൈകിയിട്ടാണ് അവരെന്നെ തടവുമുറിയിലേയ്ക്കു തിരിച്ചുകൊണ്ടുവരിക. ഞാൻ മടങ്ങിവരുമോ എന്നോർത്തു് വെഷെക്ക്ദാദ ഉൽക്കണ്ഠാകുലനായിരിക്കും. അദ്ദേഹം എന്നെ മാറോടണയ്ക്കും. ഞാൻ കേട്ട വർത്തമാനങ്ങൾ, തലേന്നാൾ രാത്രി കൊബൈലിസിയിൽ ആരെയൊക്കെ കൊന്നുവെന്നു്, ഞാനദ്ദേഹത്തോടു പറയും. പിന്നീട് ഉണങ്ങിവരണ്ട സസ്യങ്ങൾകൊണ്ടുണ്ടാക്കിയ ആ വെറുക്കപ്പെട്ട ഭക്ഷണം കഴിക്കുവാൻ ഞങ്ങൾ കുതിച്ചുപായും. രസകരമായ ഒരു പാട്ടു പാടുകയോ കോപവും നൈരാശ്യവും വർദ്ധിക്കുമ്പോൾ അതു മറക്കുവാൻ ഒരുവട്ടം ചൂതുകളിക്കുകയോ ചെയ്യും. അങ്ങനെയാണ് ഞങ്ങൾ വൈകുന്നേരം കഴിച്ചിരുന്നതു്. അതിനിടയ്ക്കു് ഏതു നിമിഷത്തിലും തുറുങ്കിൻെറ വാതിൽ തുറക്കുകയും ഞങ്ങളിലൊരാൾക്കുവേണ്ടി മരണകല്പന മുഴങ്ങുകയും ചെയ്യുമായിരുന്നു:

"നീ, അല്ലെങ്കിൽ നീ, താഴേയ്ക്കിറങ്ങ്. എല്ലാം കൈയിലെടുത്തോ. വേഗം!"

പക്ഷേ ആ കാലഘട്ടത്തിൽ ഞങ്ങളിലാരെയും വിളിച്ചില്ല. ഞങ്ങൾ ആ ഭീഷണമായ കാലത്തെ അതിജീവിച്ചു. ഇപ്പോൾ അതിനെപ്പററി യാലോചിച്ച് ഞങ്ങൾ സ്വന്തം മനോഭാവങ്ങളെക്കുറിച്ചുതന്നെ ആശ്ചര്യപ്പെടുകയാണ്. മനുഷ്യൻ എന്തൊരു വിചിത്രമായ സൃഷ്ടി! അസഹ്യമായതു നമുക്കു സഹിക്കുവാൻ കഴിയുന്നു.

അതസാദ്ധ്യമാണ്. എങ്ങനെയും ജീവിതത്തിൽ വ്യക്തമായ മുദ്രകൾ പതിക്കുന്ന കാലഘട്ടങ്ങളെ തടയുക സാദ്ധ്യമല്ല. അവ ചെറിയ ഫിലിംചുരുളുകളായി മസ്തിഷ്കത്തിലെ മൃദുലചമ്മത്തിനിടയിൽ ഒളിഞ്ഞുകിടക്കുകയും യഥാർത്ഥജീവിതത്തിൽ പിന്നീടെപ്പോഴെങ്കിലും—നാം അത്രകാലം ജീവിച്ചിരിക്കുന്നുവെങ്കിൽ—വിഭ്രാന്തിയുടെ രൂപത്തിൽ നിവൎന്നുകാണുകയും ചെയ്യുന്നു. അഥവാ ഒരുപക്ഷേ മഹനീയമായ ശവകുടീരങ്ങളുടെയോ മനുഷ്യജീവിതത്തിൻെറ ഏററവും വിലപിടിച്ച ബീജങ്ങളിൽനിന്നു മുളച്ച പച്ചപ്പുന്തോപ്പുകളുടെയോ രൂപത്തിലായിരിക്കും!

ഏററവും വിലപിടിച്ച ബീജങ്ങൾ! ഒരുദിവസം അവ മുളച്ചുപൊങ്ങും; ജീവിതത്തിലേയ്ക്കു തഴച്ചുവളരും.

## അദ്ധ്യായം ഏഴ്

# വ്യക്തികളും ചിത്രങ്ങളും—2

### പാൻക്രാററ്സ്

ജയിൽജീവിതം രണ്ടുവിധത്തിലുണ്ട്: ഒന്ന് തുറുങ്കുകൾക്കകത്ത് അടച്ചുപൂട്ടി ലോകത്തിൽനിന്നാകെ തികച്ചും വേർപെട്ടുള്ളത്—എങ്കിലും രഹസ്യമായ കെട്ടുപാടുകളാൽ ലോകത്തോട് ബന്ധപ്പെട്ടുതന്നെയിരിക്കും. മറെറാന്ന തുറുങ്കുകളുടെ മുൻവശത്തെ വരാന്തകളിലെ തുറന്ന ജീവിതം—അസഹ്യമായ പാതിയിരുട്ടിലെ യൂണിഫോറമിട്ട ജീവിതം. അതിന്നകത്തെ ആളുകളെയും രൂപങ്ങളെയും നോക്കുമ്പോൾ തുറുങ്കിനകത്തേക്കാൾ കൂടുതലൊററപ്പെട്ട ജീവിതമാണത്. അതിനെക്കുറിച്ചാണ ഞാനിപ്പോൾ വിവരിക്കുവാൻപോകുന്നത്.

അതിന്നൊരു സ്വന്തമായ തുടക്കമുണ്ട്, സ്വന്തമായ ചരിത്രമുണ്ട്. ഇല്ലെങ്കിൽ ഞാനതിനെപ്പററി പഠിക്കുവാൻ മിനക്കെടുകയില്ലായിരുന്നു. ഞങ്ങൾക്കഭിമുഖമായി തിരിച്ചുവെച്ചിരിക്കുന്ന രംഗവേദിയുടെ മുൻവശം മാത്രമേ ഞാൻ കാണുമായിരുന്നുള്ളു. ആ മുറികൾക്കുള്ളിലെ മനുഷ്യരുടെതലയ്ക്കുമുകളിൽ ഒരനങ്ങാത്ത ഭാരംപോലെയമർന്നിരുന്നതും പുറമേ നോക്കുമ്പോൾ കഠിനവും കീഴമങ്ങാത്തതുമായ അതിൻെറയുപരിതലം മാത്രമേ കാണുമായിരുന്നുള്ളു. ഒരുകൊല്ലം മുമ്പ്, അല്ല ആറുമാസം മുമ്പുപോലും, അങ്ങനെയാണു തോന്നിയിരുന്നത്. ഇന്നാകട്ടെ, എനിക്കു കാണുവാൻ കഴിയുന്നുണ്ട്, ആ പുറംതോട് മുഴുവൻ പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു. ജിജ്ഞാസനിറഞ്ഞ പാവപ്പെട്ട മുഖങ്ങൾ, അഥവാ പാരവശ്യം നിറഞ്ഞ

പരിഹാസ്യമുഖങ്ങൾ ആ വിടവുകളിലൂടെയെത്തിനോക്കുന്നു. എല്ലാവിധത്തിലുള്ള മുഖങ്ങളുമുണ്ടു്. ഓരോന്നും ഓരോ മനുഷ്യജീവിയുടേതാണു്. ഭരണയന്ത്രത്തിന്റെ സമ്മർദ്ദം ആ തമോലോകത്തിലെ ഓരോ അംഗത്തിന്റെമേലും മനുഷ്യത്വത്തിന്റെ ഏതെങ്കിലുമൊരംശമുണ്ടെങ്കിൽ അതു വെളിപ്പെടുത്തുന്ന പരിശോധനാലക്ഷ്യംപോലെ വന്നുപതിക്കുന്നുണ്ടു്. അതു പലപ്പോഴും തീരെ നിസ്സാരമായിരിക്കാം, പക്ഷെ ചിലർക്കു മററുള്ളവരേക്കാൾ വ്യക്തമായി കൂടുതൽ മനുഷ്യത്വമുണ്ടു്. അതിന്റെ തോതു് അവരിൽ വ്യത്യാസങ്ങളുണ്ടാക്കുകയും തരഭേദങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അല്പം ചില തികഞ്ഞയാളുകളെയും നിങ്ങൾക്കിവിടെ കാണാം. ഇവർക്കു മററുള്ളവരുടെ സഹായികളായിരിക്കുവാൻ ഭരണയന്ത്രത്തിന്റെ സമ്മർദ്ദമാവശ്യമായിരുന്നില്ല.

ജയിൽ ഒരു സന്തോഷകരമായ സ്ഥാപനമല്ല. എന്നാൽ ജയിൽമുറികളുടെ മുമ്പിലുള്ള ലോകം അകത്തേക്കാൾ ഇരുളടഞ്ഞതാണു്. കൽത്തുറുങ്കുകൾക്കകത്തു സൗഹാർദ്ദം കുടികൊള്ളുന്നു—എന്തൊരു സൗഹാർദ്ദം! ഇന്നു നിങ്ങളുടെ ജീവൻ എന്റെ കൈയിലോ നാളെ എന്റേതു നിങ്ങളുടെ കൈയിലോ ആയിരിക്കുമ്പോൾ, അനന്തമായ ആപത്തിന്റെ നടുവിൽ യുദ്ധരംഗത്തുവെച്ചുള്ള സൗഹാർദ്ദമാണതു്. ഈ ഭരണയന്ത്രത്തിന്റെ സംരക്ഷകന്മാരിൽ ഇത്തരം മൈത്രി വളരെ വിരളമായേ കാണുകയുള്ളു; അല്ല, തീരെയുണ്ടാകാൻതന്നെ വയ്യ. നീചമായ ചാരവൃത്തിയുടെ ഒരന്തരീക്ഷമാണു് അവരെ വലയംചെയ്തിരിക്കുന്നതു്. അന്യോന്യം സഹതപിക്കുമ്പോൾ ഔദ്യോഗികമായി “സഖാക്കളേ”യെന്നു വിളിക്കുന്നവരെപ്പോലും ഏതു നേരവും കരുതിയിരിക്കേണ്ടതുണ്ടു്. അവരിൽ ഏററവും നല്ലയാളുകൾക്കു കൂട്ടുകെട്ടില്ലാതെ ജീവിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അതു തുറുങ്കിനകത്തുനിന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

വളരെക്കാലത്തേയ്ക്കു ഞങ്ങൾക്കു പരസ്പരം പേരറിഞ്ഞുകൂടായിരുന്നു. അതു സാരമില്ല, ഞങ്ങൾ സ്വന്തനിലയിൽ പരിഹാസപ്പേരുകൾ സങ്കല്പിച്ചിട്ടുണ്ടു്. ചില പേരുകൾ ഞങ്ങളുടെ വകയും മററുചിലവ മുൻഗാമികൾ കണ്ടുപിടിച്ചു ഞങ്ങളുടെ മുറിക്കു പൂർവ്വസ്വത്തായിത്തന്നവയുമായിരുന്നു. അവരിൽ ചിലർ ഓരോ മുറിയിലും വ്യത്യസ്തമായ പേരിൽ വിളിക്കപ്പെട്ടിരുന്നു—ഒരു രണ്ടുംകെട്ട വർഗ്ഗം. കരയിലുമല്ല വെള്ളത്തിലുമല്ല. ഒരു മുറിയിൽ കുറച്ചു കൂടുതൽ കൊടുക്കും, മറേറ മുറിയിലുള്ളവരുടെ മുഖത്തടിക്കും. തടവുകാരോടിടപെടുന്ന ഇത്തരം സന്ദർഭങ്ങളിലാണു് ഒരു മുറിക്കകത്തുള്ളവർക്കു സ്ഥിരമായ അഭിപ്രായങ്ങളുണ്ടാകുന്നതു്; പരിഹാസ

പ്പേരുകൾ കൊടുക്കുവാൻ പ്രചോദനംനൽകുന്ന ഏകപക്ഷാഭിപ്രായങ്ങൾ നല്ലതായാലും ചീത്തയായാലും ഒരേ രീതിയിൽ പ്രകടമായ പ്രത്യേകതകളോടുകൂടിയ പാറാവുകാർക്ക് ചിലപ്പോൾ എല്ലാ മുറികളിലും ഒരേ കുസൃതിപ്പേരുകൾതന്നെ കണ്ടുപിടിച്ചുവെന്നും വരും.

നമുക്ക് ഈ വ്യക്തികളുടെ നേർക്കൊന്നു നോക്കുക. ഈ ചെറിയ രൂപങ്ങളുടെ നേർക്കൊന്നു നോക്കുക. ഇതൊരു യാദൃച്ഛികമായ കൂട്ടമല്ല. ഇതു നാസിസത്തിൻെറ രാഷ്ട്രീയസൈന്യത്തിലെ ഒരു ഭാഗമാണ്; സശ്രദ്ധം തിരഞ്ഞെടുക്കപ്പെട്ടവരാണ്, ഭരണകൂടത്തിൻെറ അടിത്തൂണുകളാണ്. അവയിലാണ് അവരുടെ സമുദായത്തിൻെറ നിലനില്പ്.

## പ്രഥമശുശ്രൂഷകൻ

നേരിയ ശബ്ദവും നീണ്ടുതടിച്ച ദേഹവുമുള്ള എസ്സെസ്സ് റിസർവുകാരനാണ് റിയസ്സ്. അയാൾ റൈൻതീരത്തുള്ള കൊളോണിൽനിന്നു വന്ന ഒരു സ്കൂൾമാസറ്റ്പടിയാണ്. സാധാരണ ജർമ്മൻസ്കൂൾശിപായിമാരെപ്പോലെ അയാൾക്കും പ്രഥമശുശ്രൂഷയിൽ പരിചയം സിദ്ധിച്ചിരുന്നതിനാൽ ഇടയ്ക്കിടയ്ക്കു ജയിൽശുശ്രൂഷയ്ക്കു പകരം നിയോഗിക്കപ്പെട്ടിരുന്നു. ഈ സ്ഥലത്തുവെച്ച് എനിക്കാദ്യമായി ബന്ധപ്പെടാനിടവന്ന മനുഷ്യൻ അയാളാണ്. അയാൾ എന്നെ മുറിയിലേയ്ക്കു വലിച്ചിഴച്ചു കൊണ്ടുപോയി ചാരുപടിയിൽ കിടത്തി മുറിവുകൾ ശുശ്രൂഷിച്ചു മരുന്നു വെച്ചുകെട്ടി. ഒരുപക്ഷേ, വാസ്തവത്തിൽ അയാൾ എൻെറ ജീവനെത്തന്നെ രക്ഷിക്കുവാൻ സഹായിച്ചിരിക്കണം. അതെന്തൊന്നിൻെറ പ്രകടനമായിരിക്കാം? മനുഷ്യത്വത്തിൻെറയോ പ്രഥമശുശ്രൂഷാപരിചയത്തിൻെറയോ? എനിക്കറിഞ്ഞുകൂടാ. എന്നാൽ തികച്ചും നാസിസത്തിൻെറ നഗ്നപ്രകടനമാണിതു്. അറസ്റ്റുചെയ്ത ജൂതന്മാരുടെ പല്ലു തല്ലിക്കൊഴിച്ച് ഉപ്പോ മണലോ കോരി വായിൽ നിറയ്ക്കുക, അതാണ് സകല വേദനകൾക്കും അവരുടെ സിദ്ധൗഷധം!

## സ്മാർട്ടി

വാചാലനും ദയാലുവുമായ ആ നയജ്ഞൻ ചെസ്ലാ ബുദെജോവിസ്സിലെ മദ്യനിർമ്മാണകേന്ദ്രത്തിൽനിന്നു വന്ന ഒരു ഡ്രൈവറായിരുന്നു. അയാൾ ഒരു വിശാലമായ പുഞ്ചിരിയോടുകൂടിയാണ് തടവുമുറിയിലേയ്ക്കു ഭക്ഷണം കൊണ്ടുവരിക. ഒരിക്കലും ഞങ്ങളെയുപദ്രവിക്കാറില്ല. തൻെറ മേലധികാരികൾക്കറിവുകൊടുക്കുന്നതിനെന്തെങ്കിലും നിസ്സാരസംഗതി

ക്കുവേണ്ടി മുറിക്കുപുറത്തു വാതില്ക്കൽ ചെവിയോർത്തുനിന്നു മണിക്കൂറുകൾ കഴിക്കുവാൻ അയാൾക്കു സാധിക്കുമെന്നൊരിക്കലും നിങ്ങൾ വിശ്വസിക്കില്ല.

## കോക്ലർ

അയാളും ബുദെജോവിസ്സിലെ മദ്യനിർമ്മാണകേന്ദ്രത്തിൽ ഒരു തൊഴിലാളിയായിരുന്നു. സുഡാൻപ്രദേശങ്ങളിൽനിന്നു വന്ന ധാരാളം ജർമ്മൻ തൊഴിലാളികൾ ഇവിടെയുണ്ട്. മാർക്സ് ഒരിക്കലെഴുതുകയുണ്ടായി: "തൊഴിലാളി ഒരു വ്യക്തിയെന്ന നിലയ്ക്കു ചിന്തിക്കുന്നതോ പ്രവർത്തിക്കുന്നതോ പ്രധാനമല്ല. ഒരു വർഗ്ഗമെന്ന നിലയ്ക്കു് അതിൻെറ ചരിത്രപരമായ കടമ നിറവേററുവാൻ എന്തു ചെയ്യണമെന്നതാണു പ്രധാനം." ഞങ്ങൾ ഇവിടെക്കാണുന്നവർക്കു തങ്ങളുടെ വർഗ്ഗത്തിൻെറ കടമയെപ്പററിയാതൊന്നുമറിഞ്ഞുകൂട. തങ്ങളുടെ വർഗ്ഗത്തിൽനിന്നു പറിച്ചുനീക്കി അതിനെതിർവശത്തു നിറുത്തപ്പെട്ടിരിക്കയാണവർ. ആദർശപരമായി ആകാശത്തിൽ തൂങ്ങിനില്ക്കുന്നു—അവസാനം ചിലപ്പോൾ ശാരീരികമായും തൂങ്ങിനില്ക്കുന്നു!

സുഖമായ ഒരു ജീവിതമാർഗ്ഗം നേടുവാൻവേണ്ടിയാണ് അയാൾ നാസിവർഗ്ഗത്തിൽ ചേർന്നതു്. പക്ഷേ പരിതഃസ്ഥിതികൾ പ്രതീക്ഷയെക്കാൾ പരിതാപകരമായി വന്നിരിക്കുന്നു. അതിനുശേഷം അയാളുടെ പുഞ്ചിരിയസ്തമിച്ചു. അയാൾ ഒരു നാസിവിജയത്തിനുവേണ്ടി പന്തയം കെട്ടി. എന്നാൽ ആ പന്തയം ഒരു ചത്ത കുതിരയ്ക്കുവേണ്ടിയായിരുന്നു വന്നിരിക്കുന്നു. അയാളുടെ മനഃസ്ഥൈര്യം നശിച്ചു. ഇടനാഴികളിൽ രാത്രികാലത്തു് ശബ്ദമുണ്ടാക്കാത്ത ചെരിപ്പിട്ടുലാത്തുമ്പോൾ അയാൾ അറിയാതെതന്നെ തൻെറ ദുരന്തചിന്തകളുടെ പാട്ടുകൾ വിളക്കുനിഴലുകളിലെ പൊടികളിൽ വിട്ടുപോകാറുണ്ട്.

"സകലതും നാറുന്നതു്." അയാൾ അവയിലൊന്നിനെപ്പററി കവിതാഭംഗിയോടെയെഴുതി ആത്മഹത്യചെയ്യുവാൻപോലും ആലോചിച്ചു.

പകൽസമയത്തു് അയാൾ തൻെറ ധൈര്യം നിലനിറുത്തുവാൻ വേണ്ടിമാത്രം ധൃതിയിൽ വികൃതമായി കൂക്കിവിളിച്ചുകൊണ്ട് തടവുകാരെയും പാറാവുകാരെയും ഒന്നിച്ചാട്ടിത്തെളിക്കും.

## റോസ്ലർ

മെലിഞ്ഞുയർന്ന ശരീരത്തോടും പതിഞ്ഞു പരുത്ത ശബ്ദത്തോടും കൂടിയ റോസ്ലർ ആത്മാർത്ഥമായി ചിരിക്കാൻകഴിയുന്നവരായി ഇവി

ടെയുള്ള അല്പംചിലരിലൊരാളാണ്. ജാബ്ളോനെററ്സിൽനിന്നു വന്ന ആ നെയ്ത്തുതൊഴിലാളി പലപ്പോഴും ഞങ്ങളുടെ മുറിയിൽ വന്നു വളരെനേരം സംസാരിച്ചുകൊണ്ടിരിക്കും:

"ഞാനെങ്ങനെയിവിടെയെത്തിയെന്നോ? പത്തുകൊല്ലമായി എനിക്കു കൃത്യമായി തൊഴിലൊന്നുമുണ്ടായിരുന്നില്ല. ആഴ്ച്ചയിൽ ഇരുപതു ക്രൗൺ കിട്ടിയാൽതന്നെ ഒരു കുടുംബം മുഴുവൻ എങ്ങനെ കഴിയാനാണ്? അപ്പോഴാണ് അവർ വന്നുപറയുന്നത്, തങ്ങളുടെ കൂടെപ്പോന്നാൽ എനിക്കു ജോലിതരാമെന്ന്. ഞാൻ അവരുടെകൂടെ പോയി. അവരെനിക്കു ജോലിതന്നു എനിക്കും മററെല്ലാവക്കും ചുരുക്കത്തിൽ ഭക്ഷണത്തിനും കിടപ്പിനുമുള്ള വകയായി. ഞങ്ങൾക്കു വീണ്ടും ജീവിക്കാറായി. സോഷ്യലിസം? കൊള്ളാം, അതിത്ര മെച്ചപ്പെട്ടതല്ല. ഞാൻ വിചാരിച്ചിരുന്നതു വ്യത്യസ്തമായിട്ടാണ്. എന്നാലിപ്പോൾ ഞങ്ങളുടെ സ്ഥിതി മുമ്പത്തെക്കാൾ നന്നായിരിക്കുന്നു.

"അങ്ങനെയല്ലേ? പിന്നെ യുദ്ധം? ഞാൻ യുദ്ധമാഗ്രഹിച്ചിട്ടില്ല. ഞാൻ മററുള്ളവർ മരിക്കണമെന്നാഗ്രഹിച്ചിട്ടില്ല. ഞാൻ എനിക്കു ജീവിക്കണമെന്നു മാത്രമേ ആഗ്രഹിച്ചിട്ടുള്ളൂ.

"എന്തു്? ഞാനിഷ്ടപ്പെട്ടാലുമില്ലെങ്കിലും യുദ്ധത്തെ സഹായിക്കുകയാണെന്നോ? ഞാനെന്തു ചെയ്യട്ടെ! ഞാൻ ഇവിടെയാരെയെങ്കിലും ഉപദ്രവിച്ചിട്ടുണ്ടോ? ഞാൻ പോയാൽ എൻെറ സ്ഥാനത്തു വേറെയാളുകൾ വരും. ഒരുപക്ഷെ കൂടുതൽ കൊള്ളരുതാത്തവർ. അതാരെയെങ്കിലും സഹായിക്കുമോ? യുദ്ധത്തിനുശേഷം ഞാൻ ഫാക്ടറിയിലേയ്ക്കു തിരിച്ചു പോകും.

"ആർ ജയിക്കാൻപോകുന്നുവെന്നാണു നിങ്ങൾ വിചാരിക്കുന്നതു്? ഞങ്ങളല്ലേ? അതോ നിങ്ങളോ? എന്നാൽ പിന്നെയെന്തായിരിക്കും ഞങ്ങളുടെ കഥ?

"ഞങ്ങളുടെയവസാനം? അതു തീരെ മോശമാണ്. ഞാൻ മരിച്ചാണു വിചാരിച്ചിരുന്നതു്."

അയാൾ പിന്നെയൊന്നും കേൾക്കാൻ നില്ക്കാതെ കാലു നീട്ടിവെച്ചു മുറിയിൽനിന്നു കടന്നുപോവുകയാണ്.

അരമണിക്കൂറിനുശേഷം ഒരു പുതിയ ചോദ്യവുമായി വീണ്ടും വരും:

"സോവിയററുയൂണിയനിലെ സ്ഥിതി വാസ്തവത്തിലെങ്ങനെയാണ്?"

## "അതു്"

ഒരുദിവസം പ്രഭാതത്തിൽ പെച്ചെക്ക് മന്ദിരത്തിലേയ്ക്കു വിചാരണ യ്ക്കുകൊണ്ടുപോകുന്നതിനെ കാത്തു ഞങ്ങൾ പാൻക്രാറ്റ്സ് ജയിലിലെ മദ്ധ്യവരാന്തയിൽ നില്ക്കുകയായിരുന്നു. പിന്നിൽ എന്താണു നടക്കുന്ന തെന്നു കാണാതിരിക്കാൻവേണ്ടി ഞങ്ങൾ ചുമരിന്നഭിമുഖമായി ചേർന്നുനി ല്ക്കണമെന്നാണു നിയമം. അന്നുരാവിലെ ഞാനൊരു പുതിയ ശബ്ദം കേട്ടു:

"എനിക്കൊന്നും കാണണ്ട. എനിക്കൊന്നും കേൾക്കണ്ട. നിനക്കെ ന്നെയറിഞ്ഞുകൂടാ—പക്ഷേ നിനക്കെന്നെയറിയാറാകും."

ഞാൻ ചിരിച്ചു. ഈ സമയത്തു് "നല്ല പട്ടാളക്കാരൻ സ്റ്റ്വീക്ക്" എന്ന നാടകത്തിലെ പാവപ്പെട്ട വിദൂഷകൻ "ലഫ്ടിനൻറ് ഡൂബി" ൻെറ ആ വാക്കുകൾ ഇങ്ങനെയുച്ചരിച്ചതു തികച്ചും സ്ഥാനത്തായിരുന്നു. ഇതുവരെ ആർക്കും അത്രയുറക്കെ ആ തമാശ തട്ടിവിടുവാൻ ധൈര്യമുണ്ടാ യിട്ടില്ല. എൻെറ വരാന്തയിൽനിന്നു കൂടുതൽ പരിചയക്കാരനായ ഒരു കൂട്ടുകാരൻ ചൂണ്ടുവിരൽകൊണ്ടു് എന്നെ വ്യക്തമായ ഒരു കുത്തുകുത്തി. ചിരി നിറുത്തുവാൻ എനിക്കുള്ള നിർദ്ദേശമായിരുന്നു അതു്. എനിക്കു തെറ്റിയിരിക്കാം. അതൊരു തമാശയായിട്ടല്ല കരുതപ്പെട്ടിരുന്നതു്. അതു തമാശയായിരുന്നില്ലതാനും. ഞങ്ങൾ പിന്നിൽകേട്ട ശബ്ദം പട്ടാ ളവേഷംധരിച്ച ഒരു ചെറിയ ജീവിയുടെ സ്വരൂപത്തിൽനിന്നായിരുന്നു. സ്പഷ്ടമാണു്, അതിനു സ്റ്റ്വീക്കിനെപ്പററിയൊന്നുംതന്നെയറിഞ്ഞുകൂടായി രുന്നു. ആത്മീയമായി എന്തോ ബന്ധമുള്ളതുകൊണ്ടായിരിക്കാം അതു ഡൂബിനെപ്പോലെ സംസാരിച്ചിരുന്നതു്. 'വിത്തൻ' എന്നു വിളിച്ചാൽ അതു വിളികേട്ടിരുന്നു. വിത്തൻ എന്ന പേരിൽ ചെക്കോസ്ലാവാക്യൻ സൈന്യത്തിലെ ഒരുയൻന്ന പട്ടാളോദ്യോഗസ്ഥനായി വളരെക്കാലം ജോ ലിനോക്കിയിട്ടുണ്ടു്. അയാൾ പറഞ്ഞതു ശരിയായിരുന്നു. ഞങ്ങൾ ക്കയാളെ നന്നായിപ്പരിചയപ്പെടാൻ കഴിഞ്ഞു. അന്യപുരുഷൻ ഏക വചനത്തിൽ "അതു്" എന്നല്ലാതെ ഞങ്ങൾ അയാളെക്കുറിച്ചു മറെറാരു വിധത്തിൽ ഒരിക്കലും സംസാരിച്ചിട്ടില്ല. പരമാർത്ഥംപറയുകയാണെങ്കിൽ പാൻക്രാററ്സിലെ ഭരണയന്ത്രത്തിൻെറ നെടുംതൂണുകളിലൊന്നായ, വങ്ക ത്തത്തിൻെറയും വമ്പത്തത്തിൻെറയും പ്രാകൃതത്തിൻെറയും കൊള്ളരുതാ യ്മയുടെയും ആ സമൃദ്ധമായ സമ്മിശ്രത്തിനു് ഒരോമനക്കുസൃതിപ്പേരു കണ്ടുപിടിക്കുവാനുള്ള പരിശ്രമത്തിൽ ഞങ്ങളുടെ കല്പനാകൗശലം പരാ ജയപ്പെട്ടതിൻെറ ഫലമായിരുന്നു അതു്.

പോച്ചയടിക്കുന്നവരും പിടിച്ചുകയറുന്നവരുമായ ഹ്രസ്വകായന്മാരെ ഏററവും മുഖ്യമായ സ്ഥാനത്തു മുറിവേല്പിക്കുവാൻ വിചാരിക്കുമ്പോൾ ഞങ്ങൾ പറയും, "വിരലോളമില്ലാത്ത മുറിമുണ്ടന്മാർ" എന്ന്. തന്റെ ഹ്രസ്വമായ രൂപത്തെപ്പററി പരിതപിക്കുന്നവൻ മാനസികമായി എത്രമാത്രം ഹ്രസ്വനായിരിക്കണം! വിത്തൻ വ്യഥയനുഭവിച്ചു. ശരി, അയാൾ മാനസികമായോ ശാരീരികമായോ തന്നെക്കാൾ വലിയവരായ സകലരോടും പകപോക്കി—അതായത് സകലരോടുംതന്നെ.

അടികൊണ്ടല്ല, അയാൾക്കതിനുള്ള ശേഷിയില്ല. ഒററിക്കൊടുക്കലും അവമാനപ്പെടുത്തലുംകൊണ്ടാണ്. എത്രയോ തടവുകാർക്ക് അയാളുടെ കെട്ടുകഥകൾമൂലം ആരോഗ്യം നഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്—കാരണം, നിങ്ങളുടെ കാർഡിലെഴുതിയിരിക്കുന്ന കുറിപ്പാണ് ലോകത്തിൽ വ്യത്യസ്തതകളുണ്ടാക്കുന്നത്. നിങ്ങൾ പാൻക്രാററ്സിൽനിന്ന് ഒരു കൂട്ടത്തടങ്ങലിലേയ്ക്കു പോകുമോ അതോ എന്നെങ്കിലും പാൻക്രാററ്സിൽനിന്നു പുറത്തുകടക്കാൻതന്നെ സാധിക്കുമോ എന്നതെല്ലാം.

തന്നിൽതന്നെ വളരെയധികം മതിപ്പോടുകൂടി അയാളൊററയ്ക്കു നടവരാന്തയിലൂടെ ലാത്തുമ്പോൾ, അതൊരു തമാശയുള്ള കാഴ്ചയാണ്. ആരും കാണാനില്ലെങ്കിലും അയാളങ്ങനെ ധാടിപൂണ്ടു നടക്കും. ആരെയെങ്കിലും കണ്ടുമുട്ടുമ്പോൾ വലിപ്പത്തിനുവേണ്ടി എവിടെയെങ്കിലും ചാടിക്കയറും. ഞങ്ങളിലാരെയെങ്കിലും വിചാരണചെയ്യുമ്പോൾ അയാൾ ഒരു കസേരയുടെ കൈയിലാണു കയറിയിരിക്കുക. അങ്ങനെയിരിക്കുമ്പോൾ നിങ്ങളേക്കാൾ തലയല്പം പൊങ്ങിനില്ക്കുമെന്നുമാത്രം കരുതി ഒരുമണിക്കൂർവേണമെങ്കിൽ അവിടെ വിഷമിച്ചിരിക്കും. ഞങ്ങൾ ക്ഷൗരംചെയ്യുന്ന സമയത്താണ് അയാളുടെ തവണയെങ്കിൽ ഒരു കല്പടിയിന്മേൽ കയറിയായിരിക്കും നില്പ്. അല്ലെങ്കിൽ ഒരു ബെഞ്ചിന്മേൽ കയറി നിവർന്നുനടന്നുകൊണ്ടു തന്റെ പ്രിയപ്പെട്ട വായ്ത്താരികൾ വിളിച്ചുപറയും:

"എനിക്കൊന്നും കാണണ്ട, എനിക്കൊന്നും കേൾക്കണ്ട. നിനക്കെന്നെയറിഞ്ഞുകൂട........."

രാവിലത്തെ വ്യായാമസമയത്ത് മററുള്ളവരേക്കാൾ നാലിഞ്ചു കൂടുതൽ പൊക്കംകിട്ടാൻവേണ്ടി അയാൾ മുററത്തെ ഒരു ചെറിയ പുൽത്തകിടിയിൽ സ്ഥാനംപിടിക്കും. ഒരു രാജകീയപ്രൗഢിയോടെയായിരിക്കും ഒരു മുറിയിൽ കടക്കുന്നത്. ഉടൻ ഉചിതമായ ഒരുയരത്തിൽനിന്നു പരിശോധിക്കുവാൻവേണ്ടി ഒരു കസേരയിൽ ചാടിക്കയറും.

അയാറം മഹാവിദൂഷകനാണ്. എന്നാൽ സക്കാറാപ്പീസുകളിലെ സകല വങ്കന്മാരെയുംപോലെതന്നെ മനുഷ്യൻെറ ജീവനോടടുക്കുമ്പോറം തികച്ചും ഭയങ്കരൻമാണ്. അയാളുടെ വിഡ്ഢിത്തത്തിൽ "കൊതുകിൽ നിന്നൊട്ടകത്തെ സൃഷ്ടിക്കുന്ന" ഒരു സാമത്ഥ്യം ഒളിഞ്ഞുകിടപ്പുണ്ട്. ഒരു കാവൽപ്പട്ടിയുടെ ജോലിയല്ലാതെ അയാറംക്കൊന്നുമറിഞ്ഞുകൂട. അതു കൊണ്ടു നിയമങ്ങളിൽനിന്നു വല്ലപ്പോഴുമുണ്ടാകുന്ന നിസ്സാരമായ വ്യതിയാനം ഗുരുതരമായ എന്തോ ഒന്നായിത്തീരാറുണ്ട്. അയാളുടെ സ്വന്തം താൻപ്രമാണിത്തത്തോടു കിടപിടിക്കുന്ന എന്തോ ഒന്ന്. ജയിൽനിയമങ്ങളുടെയും കല്പനകളുടെയും ഓരോ ലംഘനത്തെയും അയാറം താനൊരു പ്രമാണിയാണെന്ന ബോധത്തെ പുഷ്ടിപ്പെടുത്തുന്ന രീതിയിൽ വ്യാഖ്യാനിക്കുന്നു. അയാളുടെ കുററാരോപണങ്ങളിൽ എത്രമാത്രം സത്യാവസ്ഥയുണ്ടെന്നന്വേഷിക്കുവാനാരാണുള്ളത്?

## സ്മെറേറാൺസ്

സ്മെറേറാൺസിൻെറ മാംസളമായ ശരീരവും മങ്ങിയ മുഖവും വികാരമില്ലാത്ത കണ്ണുകളും നാസിപ്പടയാളികളെക്കുറിച്ചുള്ള ഗ്രോസിൻെറ ഹാസ്യചിത്രങ്ങളുടെ പ്രതിരൂപങ്ങളാണ്. അയാറം കിഴക്കൻപ്രഷ്യയുടെ ലിത്വേനിയൻസീമാപ്രദേശത്തു നിവസിച്ചിരുന്ന ഒരു പശുക്കറവക്കാരനായിരുന്നു. എന്നാൽ ആ ശാന്തജീവികളുടെ സ്വഭാവവിശേഷങ്ങളൊന്നുംതന്നെ അയാളിൽ പതിഞ്ഞിട്ടുണ്ടായിരുന്നില്ലെന്നതാണു വിശേഷത. മുകളിലത്തെ നിലയിൽ ജമ്മൻഗുണഗണങ്ങളുടെ ഒരു മൂത്തീകരണമായിട്ടാണ് അയാറം കരുതപ്പെട്ടിരുന്നത്—കഠിനഹൃദയനും ശീഘ്റഗതിയും കൈക്കൂലിക്കു വഴങ്ങാത്തവനുമായ ഒരു മനുഷ്യൻ. ഇടനാഴിയിൽ കണ്ടുമുട്ടുന്ന കലവറക്കാരോട്, കൊടുക്കുന്നതിൽക്കൂടുതൽ ഭക്ഷണസാധനങ്ങളാവശ്യപ്പെടാത്ത അല്പം ചിലരിലൊരുവൻ. പക്ഷേ......

ഏതോ ഒരു ജമ്മൻശാസ്ത്രജ്ഞൻ—ആരെന്നെനിക്കിപ്പോറം ഓമ്മയില്ല—ഒരിക്കൽ ജന്തുക്കളുടെ ബുദ്ധിശക്തിയെ അവയുച്ചരിക്കുവാൻ കഴിയുന്ന വാക്കുകളുടെയെണ്ണംകൊണ്ടളന്നുനോക്കുകയുണ്ടായി. ഈ വ്യവസ്ഥാനത്തിൽ വീട്ടുപൂച്ചയാണ് ജന്തുക്കളിൽ ഏററവും ബുദ്ധികുറഞ്ഞതെന്ന് അദ്ദേഹം തീരുമാനിച്ചു. അതിനു നൂററിയിരുപത്തിയെട്ടു വാക്കുകറം മാത്രമേ ഉച്ചരിക്കുവാൻ കഴിഞ്ഞുള്ളുവെന്നു തോന്നുന്നു. എന്നിട്ടും പൂച്ച സ്മെറേറാൺസിനോടു താരതമ്യപ്പെടുത്തുമ്പോറം എന്തൊരു ബുദ്ധിശാലിയാണെന്നോ! അയാളിൽനിന്നു നാലുവാക്കിൽ കൂടുതൽ പാൻക്രാററ്സിലുള്ളവർ ഒരിക്കലും കേട്ടിട്ടില്ല:

"നീ ഒന്നു പുറത്തേയ്ക്കു നോക്കു്."

ആഴ്ചയിൽ രണ്ടോ മൂന്നോ തവണ അയാൾക്കു മുറമാറ്റമുണ്ടു്. ഓരോതവണയും അയാൾ വിഷമിക്കുകയാണു്. എന്നിട്ടും ഏതുനേരവും തന്റെ നിസ്സാരപണിപോലും ഗതികെട്ടവിധം കുഴപ്പിക്കുകയും ചെയ്യും. ഒരിക്കൽ വാതിലൊന്നും തുറന്നിടാത്തതിനു ജയിൽസൂപ്രണ്ടു് അയാളെ ശകാരിക്കുന്നതു ഞാൻ കാണുവാനിടയായി. ആ മാംസപിണ്ഡം അതിന്റെ കുറുംകാലുകളിൽ നിന്നുകൊണ്ടു മുന്നോട്ടും പിന്നോട്ടുമാടി. അയാളുടെ ബുദ്ധികെട്ട തല കുറച്ചുകൂടി മുമ്പിലേയ്ക്കു നീണ്ടു. അയാളുടെ കാതുകൾ അപ്പോൾകേട്ട കല്പന ഒന്നുകൂടിയുച്ചരിക്കുവാൻ ചെയ്ത കഠിനശ്രമത്തിൽ കടവായ് കീഴോട്ടിറങ്ങി......പിന്നെ പെട്ടെന്നു് ആ ഹിമാലയൻസത്വം ഒരു സൈറൻപോലെയലറി നടുവരാന്തകളിലെങ്ങും പരിഭ്രമം വരുത്തി. എന്താണിതൊക്കെയെന്നു് ആളുകൾക്കു മനസ്സിലായില്ല. ജനാലകൾ അടഞ്ഞുതന്നെ കിടന്നിരുന്നു. സ്റ്റെറോൺസിന്റെ തൊട്ടടുത്തുള്ള രണ്ടു തടവുകാരുടെ മൂക്കിൽനിന്നു ചോരചാടുവാനും തുടങ്ങി. അതായിരുന്നു അയാളുടെ പോംവഴി.

അതായിരുന്നു അയാളുടെ സമ്പ്രദായം. കണ്ടവരെയെല്ലാം തല്ലും. ചിലപ്പോൾ തല്ലിക്കൊല്ലുകയുംചെയ്യും. അയാൾക്കതേയറിഞ്ഞുകൂടൂ. മറ്റൊന്നുമറിഞ്ഞുകൂട. ഒരിക്കൽ ഒരു മുറിയിൽ കടന്നു് ഒരുത്തന്റെമേൽ കൈവെയ്ക്കുകയുണ്ടായി. സ്വതേ സുഖക്കേടുകാരനായിരുന്ന തടവുകാരൻ ഞരമ്പുപിണഞ്ഞു നിലത്തുവീണു. സ്റ്റെറോൺസ് ആ സാധുവിന്റെ മരണപ്പിടച്ചിലിനൊത്തു മററുള്ളവരെക്കൊണ്ടൊരു കാൽമടക്കിക്കസർത്തു നടത്തിച്ചു. രോഗി ബലംനശിച്ചു തളർന്നപ്പോൾ ഞരമ്പുപിണക്കമവസാനിച്ചു. സ്റ്റെറോൺസ് ഒരു വിളുത്ത പുഞ്ചിരിയോടുകൂടി ചറതിക്കു കൈകൊട്ടുത്തു് ഒരു വിഷമസന്ധി തരണംചെയ്യുന്നതിൽ തനിക്കുണ്ടായ സാഫല്യത്തെ പരിശോധിച്ചുകൊണ്ടങ്ങനെ നിന്നുപോയി.

അയാൾ ഒരു തനി കാട്ടുമനുഷ്യനായിരുന്നു. അവർ പലതും പഠിപ്പിക്കുവാൻ നോക്കിയതിൽ ഒരൊററ സംഗതിമാത്രമേ അയാൾക്കോർമ്മ നിന്നുള്ളു. ഒരുവിധം പ്രശ്നങ്ങൾക്കൊക്കെ അടികൊണ്ടു പരിഹാരം നേടാം.

അവസാനം ഈ ജീവിയിലും എന്തോ ഒന്നു പൊട്ടിപ്പുലന്നു. ഒരു മാസംമുമ്പാണു്, അയാളും കേ—യും ജയിലിന്റെ സ്വീകരണമുറിയിലായിരുന്നു. കേ— പരിതഃസ്ഥിതികളെപ്പററി നിരന്തരം സുദീർഘമായി വിസ്തരിച്ചു പറയുകയുണ്ടായി. വളരെക്കഴിഞ്ഞതിനുശേഷമാണു് സ്റ്റെ

റോൺസിനു മനസ്സിലാവാൻ തുടങ്ങിയത്. പിന്നീടയാം അവിടെ നിന്നെണീററുനിന്ന് ആപ്പീസിൻെറ വാതിൽ തുറന്നു നടവരാന്തയിലേയ്ക്കു സൂക്ഷിച്ചുനോക്കി. തികഞ്ഞ നിശ്ശബ്ദത. നിശീഥിനിയുടെ നിശ്ചലതയിൽ, ആ ജയിൽ നിദ്രയിലാണ്ടിരുന്നു. അയാം വാതിലടച്ചു. ശ്രദ്ധിച്ചു തഴുതിട്ടുപൂട്ടി. പതുക്കെ ഒരു കസേരയിൽ ചെന്നുവീണു.

"അപ്പോം നിങ്ങളെന്തു വിചാരിക്കുന്നു......?"

അയാം താടികൂ കൈകൊട്ടത്തിരിക്കുകയാണ്. ആ ഭീമകായത്തിലുള്ള ലോലപ്രാണനിൽ ഒരു ഭീഷണമായ ഭാരം വന്നുകൂടിയിട്ടുണ്ട്. വളരെനേരം അങ്ങനെയിരുന്നു. പിന്നീടു തലപൊക്കി നിരാശനായി പ്പറഞ്ഞു:

"നിങ്ങം പറഞ്ഞതാണു ശരി. ഞങ്ങംക്കു ജയിക്കാനാവില്ല......"

കഴിഞ്ഞ ഒരുമാസമായി പാൻക്രാററ്സിൽ സ്മെറോൺസിൻെറ പോർവിളി കേട്ടിട്ടില്ല. പുതിയ തടവുകാക്ക് അയാളുടെ മുഷ്ടിയുടെ ഘനമറിഞ്ഞുകൂട!

## ജയിൽഡയറക്ടർ

ഒരു ചെറിയ സൈന്യവിഭാഗത്തിൻെറ നായകനായിരുന്ന ആ കുട്ടിഹിററ്ലർ ഉദ്യോഗവേഷത്തിലായാലും അല്ലെങ്കിലും എപ്പോഴും മോടിയിൽ വസ്ത്രം ധരിച്ച് കണ്ടാൽ തരക്കേടില്ലാത്തവനാണ്. ആത്മസംതൃപ്തി തികച്ചുമുണ്ട്. നായ്ക്കളിൽ വലിയ ഭ്രമമാണ്; നായാട്ടിലും സ്ത്രീകളിലും താൽപര്യമുണ്ട്—പക്ഷെ അതു ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല.

അയാളുടെ സ്വഭാവത്തിൻെറ മറുവശങ്ങം—അവ പാൻക്രാററ്സിനെ തികച്ചും ബാധിക്കും—അയാളുടെ അസഭ്യതയും സംസ്കാരഹീനമായ പാരുഷ്യവുമാണ്. സ്വന്തം പദവി രക്ഷിക്കുന്നതിനുവേണ്ടി ആരെയും ബലികഴിക്കുവാൻ മടിയില്ലാത്ത ഒരു തനി നാസിപ്പുത്തൻപ്രമാണി. പോളണ്ടിൽനിന്നു വന്നവനാണ്. അർത്ഥമെന്തെങ്കിലുമാകട്ടെ, സോപ്പയെന്നാണു പേര്. അയാം ഇരുമ്പുവേല പഠിച്ചുകൊണ്ടിരുന്നതാണെന്നു പറയപ്പെടുന്നു. എന്നാൽ ആ വിശുദ്ധമായ തൊഴിലിൻെറ യാതൊരടയാളവും അയാളിലവശേഷിച്ചിരുന്നില്ല. ഹിററ്ലരെ സേവിക്കാൻ തുടങ്ങുകയും മുഖസ്തുതിയും ചതിപ്പണിയുംകൊണ്ട് ഇന്നത്തെ പദവി നേടുകയും ചെയ്തിട്ടു വളരെക്കാലമായി. ഇപ്പോം ജയിൽഡയറക്ടറാണ്. സ്വന്തം പദവി സംരക്ഷിക്കുവാൻവേണ്ടി ഏതൊരു സൂത്രം പ്രയോഗിക്കു

വാനും മടിയില്ല. തടവുകാരായാലും കൊള്ളാം, സ്വന്തം കൂട്ടുകാരായാലും കൊള്ളാം, കുട്ടികളായാലും മുതിർന്നവരായാലുംകൊള്ളാം, അയാൾക്കു മററുള്ളവരെപ്പററി ഒരനുഭൂതിയും പരിഗണനയുമില്ല. പാൻക്രാററ്സിലെ ഉദ്യോഗസ്ഥന്മാക്കു നാസീസത്തിൽ വലിയൊരനുഭൂതിയൊന്നുമില്ല. എന്നാൽ സോപ്പയെപ്പോലെ അത്ര തികച്ചും ഒരനുഭൂതിയുടെ നിഴൽ പോലും തീണ്ടിയിട്ടില്ലാത്ത ഒരാൾ വേറെയില്ല. അയാൾ ആകപ്പാടെ വിലകല്പിച്ചിട്ടുള്ള മനുഷ്യൻ ജയിൽഡോക്ടരും പോലീസെജമാനനുമായ വീസ്നരാണ്. എന്നാൽ ആ ബന്ധവും അന്യോന്യമുള്ളതായിട്ടുതോന്നിയിട്ടില്ല.

സോപ്പയ്ക്കു തന്നെപ്പററിമാത്രമേ ചിന്തയുള്ളു. അയാൾ തനിക്കു വേണ്ടി മാത്രമാണു ഭരണാധികാരം വഹിക്കുന്നതു്. തനിക്കുവേണ്ടിമാത്രമായി അവസാനനിമിഷംവരെ ഭരണകൂടത്തോടു കൂറുകാണിക്കുകയും ചെയ്യും. മറെറന്തെങ്കിലും മുക്തിമാർഗ്ഗങ്ങളാലോചിക്കായ്കയില്ല. പക്ഷേ ഒന്നുംതന്നെയില്ലെന്നു മനസ്സിലായിരിക്കുന്നു. നാസിസത്തിൻെറ നാശം അയാളുടെ സ്വന്തം നാശമായിരിക്കും. അതു് അയാളുടെ സമൃദ്ധമായ ജീവിതത്തിന്നൊരറുതിവരുത്തും. അയാളുടെ ശോഭനമായ സൗധം തകത്തുകളയും. അതു് തൂക്കിക്കൊല്ലപ്പെട്ട ചെക്കുകാരുടെ വസ്ത്രങ്ങൾപോലുമുപയോഗിക്കുവാൻ ഒരിക്കലും മടിച്ചിട്ടില്ലാത്ത അയാളുടെ സ്വന്തം മോടി അവസാനിപ്പിക്കും.

അതെ, അതായിരിക്കും അയാളുടെയവസാനം.

## ജയിൽ ഡോക്ടർ

പോലീസ്മേധാവിയായ വീസ്നർ—പാൻക്രാററ്സ് രംഗമണ്ഡപത്തിലെ ഒരസാധാരണരൂപമാണ്. ഇവിടെ പലപ്പോഴും അയാളുടെ സാന്നിദ്ധ്യം അസ്ഥാനത്താണെന്നു നിങ്ങൾക്കു തോന്നും—എന്നാലും അയാളെ കൂടാതെ പാൻക്രാററ്സിനെപ്പററിയാലോചിക്കുകപോലും സാദ്ധ്യമല്ല. അയാൾ ആശുപത്രിയിലില്ലെങ്കിൽ ഇടവരാന്തകളിലൂടെ ആടിയാടി കുറിയ കാലുകൾകൊണ്ടു പരതിയിഴഞ്ഞുപോകുന്നതു കാണാം; സ്വയം പിറുപിറുത്തുകൊണ്ടും ചുററുപാടുമുള്ള സകലതും ശ്രദ്ധിച്ചുകൊണ്ടും—ശ്രദ്ധിച്ചുകൊണ്ടുതന്നെ. കഴിവുള്ളത്ര വിവരങ്ങൾ ശേഖരിക്കുവാനായി അങ്ങുമിങ്ങും ചുററിനടക്കുന്ന ഒരു വിദേശിയുടെ ഛായയുണ്ടയാൾക്കു്. ഒരു ചാരപ്രാവിനെപ്പോലെ ശാന്തതയോടും വേഗതയോടുംകൂടി അയാൾ താഴിൽ താക്കോൽ തിരുകി മുറി തുറക്കുന്നു. അയാൾക്കൊരു ശുഷ്കമായ ഫലിതമുണ്ടു്. ആ സമയത്തു അർത്ഥംവെച്ചു പലതും പറയും-

പക്ഷെ നിങ്ങൾക്കു പിടികൂടുവാൻതക്ക യാതൊന്നുമുണ്ടായിരിക്കയില്ല. മററുള്ളവരോടടുത്തുകൂടും, എന്നാൽ ഇങ്ങോട്ടടുക്കുവാൻ ആരെയുമനുവദിക്കയില്ല. അയാൾ വളരെയെല്ലാം കാണും. പക്ഷെ അതെല്ലാം കൊട്ടിഗ്ഘോഷിച്ചുകൊണ്ടു നടക്കുകയും മററുള്ളവരെ കുററപ്പെടുത്തുകയും ചെയ്യുകയില്ല. ഒരു മുറിയിൽ കടക്കുമ്പോൾ പുകപറക്കുന്നതു കണ്ടാൽ ചീററിക്കൊണ്ട് ശബ്ദമുണ്ടാക്കിപ്പറയും:

"കൊള്ളാം," പിന്നെ ചുണ്ടൊന്നനക്കി നനയ്ക്കും. "പുകവലിയാണു തുറുങ്കിനകത്ത്." ഒന്നുകൂടി ചുണ്ടു നനച്ചു പറയും, "കർശനമായി വിരോധിക്കപ്പെട്ടത്."

എന്നാൽ അയാളതു മേലാളുക്കെഴുതുകയില്ല. എന്തോ ഒരു വലിയ വേദനയുടെ വിഷമംകൊണ്ടെന്നപോലെ അയാളുടെ മുഖം എപ്പോഴും ചുളിഞ്ഞും പരവശപ്പെട്ടുമിരിക്കും. ഈ ഭരണകൂടത്തോട്—അതിൻെറ മർദ്ദനത്തിനിരയായവരെ സദാസമയം ശുശ്രൂഷിച്ചുകൊണ്ട് അതിനെത്തന്നെയാണ് അയാൾ സേവിക്കുന്നതെങ്കിലും—തനിക്കു യാതൊരുകാര്യവുമുള്ളതായിട്ടയാൾ കരുതുന്നില്ലെന്നു വ്യക്തമാണ്. അയാൾ ഈ ഭരണകൂടത്തെ വിശ്വസിക്കുന്നില്ല, ഇതു ശാശ്വതമായിരിക്കുമെന്നു വിശ്വസിക്കുന്നില്ല, ഒരിക്കലും വിശ്വസിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെയാണ് അയാൾ തൻെറ കുടുംബത്തെ ബ്രസ്‌ലോവിൽനിന്നു പ്രേഗിലേയ്ക്കു മാററാത്തതു്. ഒരു പിടിച്ചടക്കിയ നാട്ടിൽചെന്നു കൈയിട്ടുവാരുവാനുള്ള ആ സന്ദർഭം തലസ്ഥാനത്തിലെയുദ്യോഗസ്ഥന്മാരിൽ ചുരുക്കംചിലർമാത്രമേ കൈവെടിഞ്ഞിട്ടുള്ളു. എന്നാൽ ഭരണകൂടത്തിനെതിരായി സമരംചെയ്യുന്ന സാമാന്യജനങ്ങളോടൊപ്പമെന്തെങ്കിലും ചെയ്യുവാൻ അയാൾക്കു സാദ്ധ്യമല്ല. അയാൾ ഒരു കക്ഷിയിലേയ്ക്കു ചാഞ്ഞുനില്ക്കുകയില്ല.

കൃത്യനിഷ്ഠയോടും സത്യസന്ധതയോടുംകൂടി അയാൾ എന്നെ പരിചരിച്ചിട്ടുണ്ട്. മിക്കവാറുമെല്ലാരോഗികളോടുമങ്ങനെതന്നെയാണ് പെരുമാററം. കണക്കിലധികം മർദ്ദനമേററവരെ, വീണ്ടും മർദ്ദനത്തിനു പിടിച്ചുകൊണ്ടുപോകുന്നതിനെ അയാൾ കർശനമായി വിരോധിക്കാറുണ്ട്. ഒരു പക്ഷെ അയാളുടെ മനസ്സാക്ഷിയെ സാന്ത്വനിപ്പിക്കുവാനായിരിക്കാം. ചിലപ്പോൾ കൂടുതലാവശ്യമുള്ള സന്ദർഭങ്ങളിൽ അയാൾ തൻെറ സഹായം നിഷേധിക്കും. ഒരുപക്ഷെ അയാൾ വല്ലാതെ ഭയപ്പെടുന്ന സന്ദർഭങ്ങളിലായിരിക്കും അതു്.

ഇന്നത്തെ അധികാരശക്തിയുടെയും നാളത്തെ സംഭവ്യതയുടെയും നടുക്ക് ഒററയ്ക്കു ഭയപ്പെട്ടുനില്ക്കുന്ന ഒരു മാതൃകാനാഗരികനാണയാൾ. ഒരു പോംവഴിക്കുവേണ്ടി സകലസ്ഥലത്തുമന്വേഷിക്കുന്നുണ്ട്. പക്ഷേ ഒന്നും കണ്ടുകിട്ടുന്നില്ല. ഒരു പെരുച്ചാഴിയല്ല, വലയിൽ കുടുങ്ങിപ്പോയ ഒരു ചുണ്ടെലി.

ഗതികെട്ടവിധം കുടുങ്ങിപ്പോയത്.

"ഫ്ളിങ്ക്"

ഇത് ഒരു ശകലചിത്രമല്ല, എന്നാൽ ഒരു പൂർണ്ണചിത്രവുമല്ല രണ്ടിനുമിടയ്ക്കൊന്ന്. അയാൾക്കു തന്റെ വ്യക്തിത്വത്തിനു മിഴിവു നൽകത്തക്ക വീക്ഷണഗതിയൊന്നുമില്ല.

അത്തരക്കാർ രണ്ടുണ്ടിവിടെ: തങ്ങൾ വഴുതിവീണിരിക്കുന്ന വിപത്തിനെപ്പററി ആദ്യം വെറുതെ ഭയപ്പെടുകയും പിന്നീടു കരകയറുവാൻ മാർഗ്ഗമാരായുകയും ചെയ്യുന്ന മൃദുലഹൃദയരായ സാധാരണക്കാർ. അവർ മാനസികമായ ഒരു പിൻതുണയന്വേഷിക്കുന്നു. കാരണം, അവർ സ്വാവലംബികളല്ല. അവർ അവലംബമന്വേഷിക്കുന്നത് അന്തഃപ്രേരണകൊണ്ടാണ്, പ്രത്യക്ഷബോധംകൊണ്ടല്ല. അവർ നിങ്ങൾക്കു സഹായം ചെയ്യുന്നതു നിങ്ങളിൽനിന്നു സഹായം പ്രതീക്ഷിച്ചുമാത്രമാണ്. അത്തരക്കാരെ സഹായിക്കേണ്ടതാണ്, ഇന്നായാലും നാളെയായാലും.

പാൻക്രാററ്സിലെ ജമ്മനുദ്യോഗസ്ഥന്മാരിലാകെക്കൂടി സമരമുന്നണിയിൽ പോയിട്ടുള്ളവർ ഈ രണ്ടുപേർ മാത്രമാണ്:

ഹഃനാവർ, സ്റ്റോജ്മോവിൽനിന്നു വന്ന ഒരു തുന്നൽക്കാരനാണ്. മഞ്ഞുകടിമൂലം കിഴക്കൻയുദ്ധരംഗത്തുനിന്നു നേരത്തെതന്നെ മടങ്ങിവന്നു. അയാൾ തന്നത്താൻ ഒരു വിദ്യയൊപ്പിച്ചങ്ങനെ വന്നതാണ്. "യുദ്ധം ജനങ്ങൾക്കുള്ളതല്ല." അയാൾ സ്ക്വീക്കിന്റെ ശൈലിയിൽ തത്വചിന്തനംചെയ്യും, "അതിൽ എനിക്കൊരു കാര്യവുമില്ല."

ഫോഫർ ബാററക്കമ്പനിയിൽ ജോലിചെയ്തിരുന്ന ഒരുല്ലാസശീലനായ ചെറുപ്പക്കാരനായിരുന്നു. ഫ്രാൻസിൽ പടയ്ക്കുപോയതാണ്. ഒരു കയററം കിട്ടാനുള്ള വഴിയുണ്ടായിട്ടുകൂടി പട്ടാളസേവനം മതിയാക്കി തിരിച്ചുപോന്നു. അയാൾ ദിവസംപ്രതി ചെന്നുചാടാറുള്ള കുഴപ്പങ്ങൾ—അവ ധാരാളമായിരുന്നുതാനും—സകലത്തുമോർത്തു കൈവീശിക്കൊണ്ടു ഒരു ശബ്ദം പുറപ്പെടീക്കും, "ഓ, ഷ്—!"

ഈ രണ്ടുപേരും തങ്ങളുടെ വിധിയിലും വിചാരങ്ങളിലും ഒരേ മാതിരിതന്നെയായിരുന്നു. എങ്കിലും ഹോഫർക്കായിരുന്നു ആ രണ്ടു പേരിൽ ഭയം കുറവും മിഴിവു കൂടുതലും. തികഞ്ഞ വ്യക്തിത്വവും അയാൾക്കായിരുന്നു. മിക്ക മുറികളിലും അയാൾക്കു നൽകിയിരിക്കുന്ന കുസൃതിപ്പേരാണു "ഫ്ളിങ്ക്."

അയാൾ തവണയ്ക്കുവരുന്ന ദിവസം തടവുമുറികളെല്ലാം പ്രശാന്തമാണ്. നിങ്ങൾക്കിഷ്ടംപോലെയെന്തും ചെയ്യാം. അയാൾ വല്ലപ്പോഴും നിങ്ങളുടെനേക്കു ശബ്ദമുയർത്തിയാൽതന്നെ ഉടൻ കണ്ണു ചിമ്മിക്കാണിക്കും; അതു നിങ്ങൾക്കു ബാധകമല്ല, തൻെറ കൃത്യനിർവഹണത്തിലുള്ള ഗൗരവത്തെപ്പററി ഇൻസ്പെക്ടരെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടിയാണതു്. പക്ഷെ അയാളുടെ ഗൗരവാഭിനയം വിഫലമാകും. അയാൾക്കാരെയും അതു ബോദ്ധ്യപ്പെടുത്തുവാൻ കഴിയുകയില്ല. അതിനാൽ ആഴ്ചയൊന്നുംതന്നെ ശിക്ഷ കൂടാതെ കടന്നുപോകാറില്ല.

"ഓ, ഷ്—!" അയാൾ കൈയ്യുംവീശിയൊരു നടകൊടുക്കും. ഒരു തടങ്ങൽപാറാവുകാരനെന്നതിനെക്കാൾ ഒരു ചെറുപ്പുകുത്തിയുടെ ചുമതലാബോധമില്ലാത്ത ചെറുപ്പക്കാരൻസഹായകനെന്ന നിലതന്നെയാണയാൾക്കിപ്പോഴും പ്രിയം. ചിലപ്പോൾ തടവുമുറികളിലെ കുട്ടികളോടുകൂടി ചുമരിന്നരികിലിരുന്നു് ഉല്ലാസവും ആവേശവും പൂണ്ടു പെനികളിക്കുന്നതായിക്കാണാം. അടുത്ത നിമിഷത്തിൽ മുറിപരിശോധനയ്ക്കുവേണ്ടി തടവുകാരെയെല്ലാം നടുവരാന്തയിലേയ്ക്കാട്ടിത്തെളിച്ചുകൊണ്ടുപോകും. പരിശോധന കൂടുതൽ സമയം നീണ്ടുനില്ക്കുന്നുവെങ്കിൽ, കൗതുകമുണ്ടെങ്കിൽ നോക്കിക്കോളൂ, അയാൾ മേശയ്ക്കരികിലിരുന്നു കൈകളിൽ തല വെച്ചുകൊണ്ടുറങ്ങുന്നതു കാണാം. ബഹുസുഖമായി ശാന്തമായിട്ടുറങ്ങും. അയാൾ ഇവിടെ മേലധികാരികളിൽനിന്നു സുരക്ഷിതനാണ്. കാരണം, തടവുകാർ നോക്കിയിരുന്നു വിപത്തിൻെറ വരവുണ്ടെങ്കിൽ മുന്നറിയിപ്പു കൊടുത്തുകൊള്ളും. അയാൾക്കു ജോലിസമയത്തുറങ്ങാതെ നിവൃത്തിയില്ല. കാരണം, അയാൾ ലോകത്തിലേററവുമധികം സ്നേഹിക്കുന്ന പെൺകുട്ടി രാത്രിയിൽ സൈ്വരം കെടുത്തിക്കൊണ്ടിരുന്നു.

നാസിസം വിജയിക്കുമോ, അതോ പരാജയപ്പെടുമോ? "ഓ, ഷ്—? ഈ ചാട്ടക്കളി എന്നെന്നും തുടർന്നുകൊണ്ടിരിക്കുക സാദ്ധ്യമാണെന്നാണോ നിങ്ങളുടെ വിചാരം?"

അയാൾ അവരുടെ കൂട്ടത്തിൽ, തന്നെ കണക്കാക്കാറില്ല. അതൊരു തമാശയാണ്. അയാൾക്ക് ആ കൂട്ടത്തിൽ ചേരുന്നതിഷ്ടമല്ല, അയാൾ അവരിൽപെട്ടവനല്ല! ഏതെങ്കിലും വകുപ്പിലേയ്ക്കു നിങ്ങൾക്കൊരു രഹസ്യമായ കുറിപ്പെത്തിക്കേണ്ടതുണ്ടെങ്കിൽ ഫ്ളിങ്ക് അതിൻെറ മുമതലയേറെറടുക്കും. കൂട്ടതലാളുകൾക്കു ജീവനാശം വരാതിരിക്കാൻ വേണ്ടി നിങ്ങൾക്കാരെയെങ്കിലും പറഞ്ഞു ബോധ്യപ്പെടുത്തേണ്ടതുണ്ടെങ്കിൾ ഫ്ളിങ്ക് നിങ്ങളെ അയാളുടെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി വാതില്ക്കൽ കാവൽനില്ക്കും—പോലീസിനെ കബളിപ്പിച്ച തെരുവുപിള്ളേരുടെയഭിമാനത്തോടുകൂടി. വേണ്ടത്ര കരുതിയിരിക്കുവാൻ നിങ്ങൾക്കയാളെ തക്കിച്ചു ബോധ്യപ്പെടുത്തേണ്ടിവരും. ആപത്തിൻെറ നടുവിലും അയാൾ അതിനെപ്പററിയത്ര ഗൗനിക്കാറില്ല. താൻ ചെയ്യുന്ന നന്മയുടെ യഥാത്ഥഗൗരവത്തെപ്പററി അയാൾക്കൊരു ബോധവുമില്ല. തൻെറ കഴിവനുസരിച്ചു പ്രവത്തിക്കുന്നത് അയാൾക്കൊരാശ്വാസമാണെന്നുമാത്രം. എന്നാൽ അതു ശരിയായ വളച്ചയെ വിഘാതപ്പെടുത്തുകയാണ്.

അയാൾക്കിനിയും ഒരു തികഞ്ഞ വ്യക്തിത്വമായിട്ടില്ല. പക്ഷേ അതിലേയ്ക്കു വളൻകൊണ്ടിരിക്കുന്നുണ്ട്.

## കോളിൻ

പട്ടാളനിയമക്കാലത്തെ ഒരു സായാഹ്നം. എന്നെ മുറിയിലേയ്ക്കു കൊണ്ടുവന്ന പാറാവുകാരൻ എൻെറ കീസകൾ പത്തുക്കെയൊന്നു പരിശോധിക്കുവാൻ നോക്കി:

"എങ്ങനെയിരിക്കുന്നു?" അയാൾ പിറുപിറുത്തു.

"എനിക്കറിയില്ല. നാളെയെന്നെ വെടിവെയ്ക്കുമെന്നു കേട്ടു."

"അതുകേട്ടു പേടിച്ചുവോ?"

"ഞാനതു കരുതിയിരുന്നതാണ്."

അയാൾ എൻെറ കോട്ടിൻെറ തുറവശത്തുടെ യാന്ത്രികമായൊന്നു കൈയോടിച്ചു.

"അവരതു ചെയ്യും. ഒരുപക്ഷേ നാളെയല്ലായിരിക്കാം, പിന്നെ വല്ലപ്പോഴും. അഥവാ ഇല്ലെന്നും വരാം. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ.....ഒരുങ്ങിയിരിക്കുന്നതാണു നല്ലതു്......"

പിന്നീടയാൾ മൗനംപൂണ്ടു.

"അഥവാ അവരങ്ങനെ ചെയ്കയാണെങ്കിൽ ആരെയെങ്കിലും വല്ലതും അറിയിക്കണമെന്നുണ്ടോ? അല്ലെങ്കിൽ......വല്ലതും എഴുതണമെന്നുണ്ടോ? ഇന്നങ്ങു പ്രസിദ്ധീകരിക്കുവാനല്ല, മനസ്സിലായോ? പിന്നെയെന്നെങ്കിലും. എങ്ങനെ നിങ്ങളിവിടെയെത്തി, ആരെങ്കിലും കുഴിയിൽ ചാടിച്ചതാണോ, ചിലരൊക്കെയെങ്ങനെ പെരുമാറി, അങ്ങനെ നിങ്ങൾക്കറിവുള്ളതു നിങ്ങളൊന്നിച്ചു നശിക്കാതിരിക്കാൻവേണ്ടി."

എനിക്കു് എഴുതണമെന്നുണ്ടോയെന്നു്. എൻെറ ഏററവുംവലിയ താല്പര്യം മററെന്തായിരുന്നു?

ഒരു നിമിഷത്തിനുള്ളിൽ അയാൾ കടലാസ്സും പെൻസിലും കൊണ്ടുവന്നു. ഏതൊരുത്തൻ പരിശോധിച്ചാലും കണ്ടുപിടിക്കാൻ കഴിയാത്തവിധം ഞാനതു ഭദ്രമായൊളിപ്പിച്ചുവെച്ചു.

പക്ഷെ ഞാനതു വളരെക്കാലത്തേയ്ക്കു കൈകൊണ്ടു തൊട്ടില്ല!

സത്യമായിരിക്കാൻവയ്യാത്ത ഒരു മഹാഭാഗ്യമായിരുന്നു അതു്. എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അറസ്ററുചെയ്തു് ഏതാനുമാഴ്ചകൾക്കകത്തു് ഈ ഇരുളടഞ്ഞ കെട്ടിടത്തിനുള്ളിൽ നിങ്ങളുടെ നേരേ ഗർജ്ജിക്കുകയും നിങ്ങളെ മർദ്ദിക്കുകയും ചെയ്യുന്നവരുടെ വേഷത്തിൽ ഒരു മനുഷ്യനെക്കാണുകയെന്നതു്, അതെ, ഒരു മനുഷ്യനെക്കാണുകയെന്നതു്, നിങ്ങൾക്കു കൈതരികയും ഇതിനെയെല്ലാം അതിജീവിക്കുന്നവരോടു്—അതിജീവിക്കാത്തവരോടുംകൂടി—ഒരു നിമിഷമെങ്കിലും സംസാരിക്കുവാൻ സഹായിക്കുകയും ചെയ്യുന്ന ഒരു ചങ്ങാതിയെ കണ്ടുപിടിക്കുകയെന്നതു്, അത്യന്തം അത്ഭുതാവഹമായ സംഗതിയാണു്. തൂക്കിലേറുവാനുള്ള പേരുകൾ വിളിക്കുമ്പോൾ ചോര കുടിച്ചു മത്തുപിടിച്ചവരുടെ നടുവിലും ഉറക്കെ കരയുവാനാഗ്രഹമുണ്ടെങ്കിലും ശബ്ദം പുറപ്പെടീക്കാൻ കഴിയാത്തവിധം തൊണ്ടയടഞ്ഞവരുടെയിടയിലും, ഇത്തരം സന്ദർഭങ്ങളിൽ ഒരു ചങ്ങാതിയെക്കണ്ടുകിട്ടുക—ഇല്ല, അതു വിശ്വസിക്കുവാൻ വയ്യ. അതു സത്യമല്ലെങ്കിൽതന്നെ ചുരുക്കത്തിൽ ഒരു താക്കീതെങ്കിലുമാണു്. ഈയൊരു പരിതഃസ്ഥിതിയിൽ എന്നെപ്പോലെയുള്ള ഒരു മനുഷ്യൻെറ നേരേ സ്വമനസ്സാൽ കൈ നീട്ടണമെങ്കിൽ ആ മനുഷ്യനു് എത്രമാത്രം മനക്കരുത്തുണ്ടായിരിക്കണം! എന്തൊരു ധൈര്യം!

ഏകദേശം ഒരു മാസം കഴിഞ്ഞു. പട്ടാളനിയമം റദ്ദായിപ്പോയി. അട്ടഹാസങ്ങളവസാനിച്ചു. ആ ഭയങ്കരനിമിഷങ്ങൾ സ്മരണകളായി

മാറി. പിന്നെയും ഒരു സായാഹ്നം. ഒരു മർദ്ദനത്തിനുശേഷം അടുത്ത പാറാവുകാരനൊന്നിച്ച് ഞാൻ വീണ്ടും മുറിയിലേയ്ക്കു വരികയാണ്.

"ഞാൻ കാണുന്നുണ്ട്, നിങ്ങൾ വിജയിച്ചിരിക്കുന്നു. എല്ലാം ശരിപ്പെട്ടില്ലേ?" അയാൾ വളരെയുൽസുകനായിക്കാണപ്പെട്ടു.

എനിക്കു മനസ്സിലായി എന്താണതിൻെറയത്ഥമെന്ന്. ആ ചോദ്യം എന്നെ വല്ലാതെയിളക്കി. അതു് അയാളുടെ ആത്മാത്ഥതയെപ്പററി മററന്തിനെക്കാളുമധികം എനിക്കു ബോധ്യപ്പെടുത്തിത്തന്നു. അതു ചോദിക്കുവാൻ ധാമ്മികമായ യോഗ്യതയുള്ള ഒരാൾ മാത്രമേ അതു ചോദിക്കുമായിരുന്നുള്ളൂ. ആ നിമിഷംമുതൽ ഞാൻ അയാളെ വിശ്വസിച്ചു; അയാൾ ഞങ്ങളിലൊരാളായിരുന്നു.

പ്രഥമദൃഷ്ടിയിൽ അയാൾ ഒരു വിചിത്രമനുഷ്യനാണ്. ഒററയ്ക്കു നടവരാന്തയിലൂടെയങ്ങനെ നടക്കും, ശാന്തനായി വായടച്ചു സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടങ്ങനെ. അയാൾ ഒരിക്കലും ഒച്ചയിടുന്നതു നിങ്ങൾ കേട്ടിരിക്കയില്ല, ഒരുവനെയും അടിച്ചു തകക്കുന്നതു നിങ്ങൾ കണ്ടിരിക്കയില്ല.

"അടുത്ത തവണ സ്മെററാൺസ് ഈ വഴിക്കു നോക്കുമ്പോൾ എന്നെയൊന്നടിച്ചോളൂ." എൻെറ അടുത്ത മുറിയിലുള്ളവർ അയാളുടെ ആത്മരക്ഷയ്ക്കുവേണ്ടി സ്വല്പമൊന്നു കരുതിയിരിക്കുവാൻ ഉപദേശിച്ചതാണ്.

"അതിൻെറയാവശ്യമില്ല." അയാൾ തലയാട്ടിപ്പറഞ്ഞു.

ചെക്കുഭാഷയിലല്ലാതെ അയാൾ ഒന്നും സംസാരിക്കുന്നതു കേട്ടിട്ടില്ല. അയാളെ സംബന്ധിച്ച സകലതും അയാൾ മററുള്ളവരെക്കാൾ വ്യത്യസ്തനാണെന്നു കാണിച്ചിരുന്നു. എന്നാൽ അതെന്തുകൊണ്ടാണെന്നു നിങ്ങൾക്കു പറയുവാൻ കഴിയില്ല. അവക്കും അതു തോന്നിയിരുന്നു. എന്നാൽ കാരണത്തിൽ കൈചൂണ്ടുവാൻ അവക്കു കഴിഞ്ഞിട്ടില്ല.

അയാളെ ആവശ്യമുള്ളിടത്തെല്ലാം കാണാം. വഴക്കും കുഴപ്പവുമുള്ളിടത്തെല്ലാം അയാൾ സമാധാനം സ്ഥാപിക്കുന്നു. ആളുകൾ അലസരാകുമ്പോൾ അയാൾ അവക്കുത്തേജനംനൽകുന്നു. പുറത്തുള്ളവരുടെ ജീവൻ അപകടത്തിൽപെടുകയും അവരെ രക്ഷിക്കുവാനുള്ളവരോടു ഞങ്ങളുടെ ബന്ധമററുപോവുകയും ചെയ്യുമ്പോൾ അയാൾ ഒരു പുതിയ ബന്ധം സ്ഥാപിക്കുന്നു. അയാൾ കായ്യങ്ങളുടെ കെട്ടുപാടുകൾക്കടിപ്പെട്ടുപോകാറില്ല. ഒരു വിസ്തൃതമായ തോതിൽ ചിട്ടയായി ജോലിചെയ്യുകയാണ്.

"ഇതൊന്നും പുത്തനല്ല. ആദ്യംതന്നെ ഇത്ര മനസ്സിലാക്കിക്കൊണ്ടാണു ഞങ്ങൾ നാസിപ്പട്ടാളത്തിൽ ചേർന്നതു്!"

നാം ഇതുവരെ പറഞ്ഞിരുന്ന പാറാവുകാരൻ എഡോൾഫ് കോളിൻസ്റ്റി മെറേവിയയിലെ ഒരു പഴയ ചെക്കുതറവാട്ടിൽപെട്ടയാളാണ്. സ്വയം ഒരു ജർമ്മൻകാരനെന്ന ഭാവത്തിൽ ആദ്യമായി ഫ്രാഡെക്ക് ക്രാലോവിലും പിന്നീട പാൻക്രാററ്സിലും ചെക്കുതടവുകാൎക്കു കാവൽ നില്ക്കുന്ന ഒരു ഉദ്യോഗത്തിനപേക്ഷിച്ചു. അയാളെപ്പററിയറിഞ്ഞിരുന്നവൎക്ക് ഇതൊരു വേദനാജനകമായ ചിന്തയ്ക്കു വിഷയീഭവിച്ചിരിക്കണം. നാലുകൊല്ലത്തിനുശേഷം ജർമ്മൻജയിൽസൂപ്രണ്ട് കോളിൻസ്റ്റിയുടെ നേരെ മുഷ്ടിചുരുട്ടി ഭീഷണിപ്പെടുത്തി:

"നിൻെറ ചെക്കുശീലം ഞാനടിച്ചുപറപ്പിക്കും."

അരങ്ങിനല്പം വൈകി. സൂപ്രണ്ടിനു തെററുപററിയിരിക്കുന്നു. കോളിൻസ്റ്റിയുടെ ചെക്കുശീലം മാത്രമല്ല, അയാളുടെ മനുഷ്യത്വംകൂടി അടിച്ചുപറപ്പിക്കേണ്ടിവരും. ശത്രുവിൻെറ അണികൾക്കകത്തു നിന്നുകൊണ്ട് അവരോടു സമരംചെയ്യുവാനും സമരംചെയ്യുന്ന മററുള്ളവരെ സഹായിക്കുവാനുംവേണ്ടി ബോധപൂൎവ്വം മുന്നിട്ടുചെന്നു മറുപക്ഷത്തുചേൎന്ന മനുഷ്യനാണയാൾ. നിരന്തരമായ വിപത്തുകൾ അയാളുടെ ആശയത്തെ ബലപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്.

## ഞങ്ങളുടെയാളുകൾ

1943 ഫെബ്രുവരി പതിനൊന്നാംതീയതി രാവിലെ എന്തുകൊണ്ടോ ഉണ്ടാക്കിയ കറുത്ത പാനകത്തിനു പകരം അവർ ഞങ്ങൾക്കു കൊക്കോ കൊണ്ടുവന്നെങ്കിൽ ആ വിചിത്രസംഭവം ഞങ്ങൾ ശ്രദ്ധിക്കുമായിരുന്നുവെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അന്നു രാവിലെ മറെറാരു വിശേഷസംഭവമുണ്ടായി. ഞങ്ങളുടെ മുറിക്കുമുമ്പിൽ ഒരു ചെക്കുപോലീസുവേഷം ചുററിമാറുന്നതു കണ്ടു. അതങ്ങുമിങ്ങും ചുററിമാറിയതേയുള്ളു. ഉയൎന്ന ബൂട്സും കറുത്ത കാലുറയുമിട്ട ഒരു ചുവടുമാത്രമാണ് ഞങ്ങൾക്കു കാണുവാൻ കഴിഞ്ഞതു്. ഒരു കടുംനീലനിറത്തിലുള്ള കുപ്പായമിട്ട ഒരു കൈ താഴിലുയൎത്തി ഞാങ്ങി തുറുങ്കിൻെറ വാതിൽ തുറന്നിടുകയും ഉടൻ മറയുകയുംചെയ്തു. അതെല്ലാം അത്ര വേഗതയിലാണു നടന്നതു്. ഒരു കാൽമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് അങ്ങനെയൊന്നു കണ്ടെന്നുപോലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

പാർക്കാററ്സിൽ ഒരു ചെക്കപോലീസുകാരൻ! ആ ഒരു സംഗതിയിൽനിന്ന് എന്തെല്ലാം പടന്നുപിടിച്ച നിഗമനങ്ങളിലാണ് ചെന്നെത്തുവാൻ വയ്യാത്തത്?

രണ്ടുമണിക്കൂർ നേരമായി ഞങ്ങളതിനെപ്പററി ആലോചിക്കുകയായിരുന്നു. തുറുങ്കുവാതിൽ വീണ്ടും തുറന്നു. ഒരു ചെക്കപോലീസ് തൊപ്പി അകത്തേയ്ക്കുത്തിനോക്കി. ഞങ്ങളുടെ അത്ഭുതംകണ്ടു പുഞ്ചിരിയിട്ടുകൊണ്ട് ആ മുണ്ടുകൾ പറഞ്ഞു:

"ഒഴിവു്."

ഇപ്പോൾ പിശകൊന്നുമായിരിക്കയില്ല. വരാന്തയിലുള്ള പച്ച-നരയൻ ജർമ്മൻപാറാവുവേഷങ്ങൾക്കിടയിൽ ഞങ്ങൾക്കു സമുജ്ജ്വലമായിത്തോന്നിയ പല കറുത്ത പുള്ളികൾ—ചെക്കപോലീസുദ്യോഗസ്ഥന്മാർ—പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിൻെറ അർത്ഥമെന്തായിരിക്കും? അവർ എന്തു തരക്കാരായിരിക്കും? എന്തു തരക്കാരായാലും അവർ ഇവിടെ വന്നിരിക്കുന്നുവെന്ന വാസ്തവംതന്നെ സംഗതി വ്യക്തമാക്കിത്തരുന്നുണ്ടു്. ഒരു ഭരണകൂടം അതിൻെറ ഏററവും സൂചേതനമായ യന്ത്രത്തിലേയ്ക്കു്, അതിൻെറ താങ്ങായിട്ടുള്ള സർവ്വപ്രധാനമായ ഘടകത്തിലേയ്ക്കു്, അതു കീഴടക്കുവാനാഗ്രഹിക്കുന്ന ജനവിഭാഗത്തിലുള്ളവരെത്തന്നെ സ്വീകരിക്കുന്നുവെന്നു വരുമ്പോൾ അതിൻെറ അവസാനം എത്രമാത്രമടുത്തിരിക്കണം? കുറച്ചു പട്ടാളക്കാരുടെയെണ്ണംകിട്ടുവാൻവേണ്ടി പോലീസ് ശക്തിയെ ദുർബ്ബലമാക്കുവാൻപോലും തയാറാകുമ്പോൾ സമരമുന്നണിയിൽ എത്രമാത്രമാൾക്ഷാമം നേരിട്ടിരിക്കണം! ഈ കണക്കിൽ ആ ഭരണകൂടത്തിന് എത്രകാലം നിലനില്പാശിക്കാമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്?

തീർച്ചയായും ജർമ്മൻപാറാവുകാരേക്കാൾ കൂടുതൽ ഭൂഷിച്ച രീതിയിൽ പെരുമാറാവുന്നവരെയും തങ്ങളുടെ വിജയത്തിലുള്ള ജാഗ്രതയും വിശ്വാസവും നശിച്ചവരെയും തിരഞ്ഞുപിടിച്ചുതന്നെയായിരിക്കും ഇങ്ങോട്ടയച്ചിരിക്കുന്നതു്. എന്നാൽ ജർമ്മൻകാർക്കു പകരം ചെക്കുപോലീസുകാരെ നിയമിച്ചിരിക്കുന്നുവെന്ന ഒരേയൊരു വസ്തുതതന്നെ അവസാനമടുത്തുവെന്നതിന് അനിഷേധ്യമായ തെളിവാണു്.

അങ്ങനെയാണു ഞങ്ങൾ വാദിച്ചതു്.

അവരാകട്ടെ, ആദ്യം ഞങ്ങളുദ്ദേശിച്ചതിനെക്കാൾ വളരെയധികം പേരുണ്ടായിരുന്നു. സംഗതിയിതാണ്: ആ യന്ത്രത്തിന്റെ കാര്യം പരുങ്ങലിലായിരിക്കുന്നു. ചുരുക്കത്തിൽ അതിനെ രക്ഷിക്കുവാനുള്ള പണിക്കാർക്കുപോലും വേണ്ടത്രയാളുകൾ അതിന്റെ കീഴിലില്ല!

ആദ്യമായി ഫെബ്രുവരി പതിനൊന്നാംതീയതിയാണ് ഞങ്ങൾ ചെക്കുവേഷങ്ങൾ പാൻക്രാററ്സിൽ കണ്ടത്. അടുത്ത ദിവസംതന്നെ അവയ്ക്കുള്ളിലെ ആളുകളോട് ഞങ്ങൾ പരിചയപ്പെടുവാൻ തുടങ്ങി.

അവരിലൊരുവൻ കയറിവന്ന് അസ്വസ്ഥമായി ഉമ്മറപ്പടിയിൽ കാലെടുത്തുവെച്ചുകൊണ്ട് മുറിയിലെയ്ക്കുത്തിനോക്കുന്നു. പിന്നീട് നാലു കാലും പൊക്കി സർവ്വശക്തിയുമെടുത്തു കുതിച്ചുചാടുന്ന ഒരാട്ടിൻകുട്ടിയെപ്പോലെ പെട്ടെന്നൊരു ധൈര്യമവലംബിച്ച് ഞങ്ങളുടെ നോട്ടത്തിനു മറുപടി തരുന്നു:

"കൊള്ളാം, നമുക്കെങ്ങനെയിരിക്കുന്നു കൂട്ടരേ?"

ഞങ്ങൾ ഒരു മന്ദഹാസംകൊണ്ടു പ്രത്യുത്തരം കൊടുക്കുന്നു. അയാളും പുഞ്ചിരിയിടും. പിന്നെ പൊട്ടിപ്പുറപ്പെടുകയാണ്:

"ഞങ്ങളോടു പരിഭവിക്കരുത്. ഞാൻ പറയുന്നതു വിശ്വസിക്കുക. നിങ്ങളെയിങ്ങനെ കാത്തു നോക്കിയിരിക്കുന്നതിനെക്കാൾ പുറത്തെങ്ങാനും നിരത്തിൽ തെണ്ടിത്തിരിയാനാണു ഞങ്ങൾക്കിഷ്ടം. ഞങ്ങൾക്കിതു ചെയ്യാതെ നിവൃത്തിയില്ല. എന്നാൽ പക്ഷെ—ഒരുപക്ഷെ ഇതുകൊണ്ടു വല്ല ഗുണവും കിട്ടിയാലോ......"

അവരുടെ പാൻക്രാററ്സിലേയ്ക്കുള്ള വരവിനെപ്പററിയും അവരെക്കുറിച്ചുതന്നെയും ഞങ്ങളെന്താണു വിചാരിച്ചതെന്നു പറഞ്ഞപ്പോൾ അയാൾക്കു സന്തോഷമായി. അങ്ങനെ ആദ്യനിമിഷംമുതല്ക്കുതന്നെ ഞങ്ങൾ പരിചയപ്പെട്ടു. വിറെറക്ക് ആയിരുന്നു അത്—സരളനും സഹൃദയനുമായ ഒരു ചെറുപ്പക്കാരൻ, ആ ആദ്യത്തെ പുലരിയിൽ ഞങ്ങളുടെ തുറുങ്കിനു മുമ്പിൽ ചുററിനടന്ന ആദ്യത്തെയാൾ.

രണ്ടാമൻ ടൂമയായിരുന്നു, ഒരു പഴയ ചെക്കുപോലീസുകാരന്റെ തനിമാതൃകയാണ്. പരുക്കനും ശബ്ദക്കാരനുമാണെങ്കിലും സ്വഭാവം കൊണ്ടു നല്ലവനാണ്—റിപ്പബ്ളിക്കൻ ജയിലുകളിൽ ഞങ്ങൾ "പോപ്പ്" എന്നു വിളിച്ചിരുന്നതരത്തിൽപ്പെട്ടയാൾ. തന്റെ നിലയിൽ അസാധാരണമായ യാതൊന്നും അയാൾ കണ്ടില്ല. നേരേമറിച്ച് അയാളതു തികച്ചും

ശരിയെന്നു കരുതിയിരുന്നു. അയാളുടെ സ്വന്തം രീതിയനുസരിച്ച് പതിവുള്ള പരുക്കൻഫലിതങ്ങൾ പൊട്ടിച്ചുകൊണ്ട് സമാധാനം പാലി ക്കുകയോ ലംഘിക്കുകയോ ചെയ്യും. കുറേ റൊട്ടിയോ സിഗററോ ജയിൽമുറിയിലേയ്ക്കു കൊണ്ടുവന്ന് ആരോടെങ്കിലും എന്തിനെയെങ്കിലും പററി സംസാരിച്ചു സമയംകളയും—രാഷ്ട്രീയസ്ഥിതിയൊഴിച്ച്. പാററ വൃജോലിയെപ്പററി തനിക്കുള്ള ധാരണ ഇതാണെന്ന സംഗതി മറച്ചുവെ യ്ക്കാതെ അതെല്ലാം തികച്ചും സ്വാഭാവികതയോടുകൂടി അയാൾ ചെയ്തു കൊണ്ടിരുന്നു. അതിനുകിട്ടിയ ആദ്യത്തെ അധിക്ഷേപം അയാളെ കൂടുതൽ സശ്രദ്ധനാക്കിയെങ്കിലും സ്വഭാവത്തിൽ മാററം വരുത്തിയില്ല. അയാൾ എന്നിട്ടും പഴയ പോലീസുകാരൻ "പോപ്പു"തന്നെ. നിങ്ങൾ അയാളോടു വലിയ കാര്യമൊന്നും ചോദിക്കുവാൻ ഒരിക്കലും ധൈര്യപ്പെ ടില്ല. എന്നാൽ അയാളുടെ സാന്നിധ്യത്തിൽ നിങ്ങൾക്കു സ്വതന്ത്രമായി ശ്വസിക്കാം.

മൂന്നാമത്തെ ചെക്കുപോലീസുകാരൻ മിഴിച്ചുകൊണ്ടു മൂകനായി ഒന്നും കാണാതെ നടുവരാന്തകളിൽ നടന്നിരുന്നു. തന്നെ സമീപിക്കു വാനുള്ള ശ്രമങ്ങളെപ്പററി ശ്രദ്ധവെയ്ക്കുകയില്ല.

"ഈ ഒരുവനെ തെരഞ്ഞെടുത്തതിൽ അവക്കു വളരെയൊന്നും കിട്ടാനില്ല." ഒരാഴ്ചക്കാലം അയാളെ നിരീക്ഷണംചെയ്തതിനുശേഷം ദാദ പറഞ്ഞു. "അവരിലെല്ലാവരിലുംവെച്ച് ഏററവും പിഴയാണിയാൾ."

"അഥവാ ഏററവും മിടുക്കൻ." വാദത്തിനുവേണ്ടിമാത്രം ഞാൻ പറഞ്ഞു. നിസ്സാരസംഗതികളിൽപ്പോലും എതിരഭിപ്രായം പ്രകടിപ്പി ക്കുന്നതു ജയിൽജീവിതത്തിന്റെ ഒരു ഹൃദ്യമായ വശമാണ്.

രണ്ടാഴ്ചയ്ക്കുശേഷം ആ നിശ്ശബ്ദജീവി ഉദ്യോഗമുറയുടെ അതിർത്തി ലംഘിച്ച് പതുക്കെയൊരു കണ്ണടച്ചാംഗ്യംകാണിച്ചതായിട്ടെനിക്കു തോന്നി. ഞാൻ അതേ അടയാളംകൊണ്ടു മറുപടികൊടുത്തു. അത്തര മൊരു സൂചനയ്ക്കു ജയിലിനകത്ത് ഒരായിരം അർത്ഥങ്ങളുണ്ട്. എന്നാൽ ഒന്നും സംഭവിച്ചില്ല. എനിക്കു തെററുപററിയതായിരിക്കാം.

ഒരു മാസം കഴിഞ്ഞപ്പോൾ കാര്യമെല്ലാം വ്യക്തമായി. ഒരു ചിത്ര ശലഭം മുട്ടപൊട്ടി പുറത്തുവരുന്നതുപോലെ അത്ര പെട്ടെന്നാണതു സംഭ വിച്ചത്. മിഴിച്ചുനോക്കിക്കൊണ്ടിരുന്ന പുഴു പൊട്ടിത്തകന്ന് ഒരു ജീവ നുള്ള സത്വം പുറത്തുവന്നിരിക്കുന്നു. അതൊരു ചിത്രശലഭമല്ല, മനുഷ്യ നായിരുന്നു!

"നിങ്ങൾ സ്മാരകസ്തംഭങ്ങൾ പണിയുന്നു!" എൻെറ പാത്രചിത്രങ്ങളിൽ പലതിനെയുംപററി ദാദ പറഞ്ഞതാണ്. അതുതന്നെയാണ് ഞാൻ ചെയ്യാനാഗ്രഹിക്കുന്നത്, ഇവിടെയും പുറത്തും നെറിവോടും ചുണയോടുംകൂടി പോരാടുകയും നിലംപതിക്കുകയും ചെയ്തിട്ടുള്ള സഖാക്കളുടെ സ്മരണയെ നിലനിറുത്തുവാൻവേണ്ടി. എന്നാൽ ഏററവും വിഷമംപിടിച്ച സാഹചര്യങ്ങളിലും ഒട്ടും കുറയാത്ത ധൈര്യത്തോടും വിശ്വാസത്തോടുംകൂടി ഞങ്ങളെ സഹായിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നവക്കുവേണ്ടിയും സ്മാരകസ്തംഭങ്ങൾ പണിയുവാൻ ഞാനാഗ്രഹിക്കുന്നു. കോളിൻസ്കിയെപ്പോലെയും ഈ ചെക്കുപോലീസുകാരനെപ്പോലെയുമുള്ള വ്യക്തികളെ പാൻക്രാററ്സിലെ പ്രേതഗൃഹകളിൽനിന്നു ജീവിതത്തിൻെറ വെളിച്ചത്തിലേയ്ക്കു കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. അവരുടെ പ്രതാപത്തിനുവേണ്ടിയല്ല, മററുള്ളവക്കൊരു മാതൃക കാണിക്കുവാൻവേണ്ടി. എന്തുകൊണ്ടെന്നാൽ മാനുഷികമായ കത്തവ്യം ഈ യുദ്ധത്തോടുകൂടിയവസാനിക്കുകയില്ല. ബഹുജനങ്ങൾ തികച്ചും മനുഷ്യത്വമാജ്ജിക്കുന്നതുവരെ മനുഷ്യരായിരിക്കുവാൻ ധൈര്യംതന്നെ വേണം.

ജറോസ്ലാവ് ഹോറ എന്ന പോലീസുകാരൻെറ കഥ വളരെ ചെറുതാണ്. പക്ഷെ ഒരു സമ്പൂണ്ണമനുഷ്യൻെറ ജീവിതകഥ അതിൽ കാണാം.

രാജ്യത്തിൻെറ ഒരകന്ന മൂലയാണു റദ്നിക്കോ. ഒരു മനോഹരമായ പ്രദേശം. പക്ഷെ ശൂന്യവും ദരിദ്രവുമാണ്. അയാളുടെയച്ഛൻ കഷ്ടപ്പെട്ടു ജീവിതം കഴിച്ചിരുന്ന ഒരു കണ്ണാടിപ്പണിക്കാരനായിരുന്നു. തൊഴിലുള്ളപ്പോൾ അത്യദ്ധ്വാനം. നാട്ടിൽ തൊഴിലില്ലായ്മ വന്നപ്പോൾ പൊരിഞ്ഞ പട്ടിണിയും. ഈയവസ്ഥ ഒന്നുകിൽ ഒരുവനെ മുട്ടുകുത്തിക്കുകയോ, അല്ലെങ്കിൽ ഒരു നല്ല ലോകത്തെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ അവൻെറ തലയെകത്തുകയോ ചെയ്യുന്നു. ഒരു നല്ല ലോകത്തിൽ വിശ്വസിക്കുവാനും അതിനുവേണ്ടി പടവെട്ടുവാനും അയാളുടെ അച്ഛൻ ഒരു കമ്മ്യൂണിസ്ററുകാരനായി.

ചക്രങ്ങൾക്കു ചുററും ഒരു ചെമപ്പുനാട കെട്ടിക്കൊണ്ട് കുട്ടിയായ ജർദ മേയ്ദിനത്തിലെ സൈക്കിൾറാലിയിൽ പങ്കെടുത്തു. അയാൾ ആ ചെമപ്പുനാട അവിടെയിട്ടേച്ചുപോന്നില്ല. പിന്നീട് സ്റ്റോഡാക്കമ്പിനിയിൽ ആദ്യമായി ജോലികിട്ടിയപ്പോൾ കടവുശാലയിൽ പണിക്കുപോകുമ്പോഴും അയാൾ അതു കൈവശമെവിടെയോ സൂക്ഷിച്ചു കൂടെക്കൊണ്ടുപോയിരുന്നു.

തൊഴിലില്ലായ്മക്കുഴപ്പം വന്നു, പിന്നീടു സൈനികസേവനം, അതിനുശേഷം പോലീസിൽ ഒരുദ്യോഗം കിട്ടാനുള്ള സന്ദർഭം. ഇക്കാലത്തെല്ലാം ആ കൈവശമുണ്ടായിരുന്ന ചെമപ്പുനാട എന്തുചെയ്യുകയായിരുന്നുവെന്നെനിക്കറിഞ്ഞുകൂടാ—ഒരുപക്ഷേ എവിടെയെങ്കിലും ചുരുട്ടിവെച്ചിരുന്നിരിക്കാം, ഒരുപക്ഷേ അദ്ധ്വവിസ്മൃതിയിലാണ്ടുകിടന്നിരിക്കാം—എന്നാൽ നഷ്ടപ്പെട്ടുപോയില്ല.

ഒരുദിവസം അയാൾ പാർക്രാററ്സിൽ ജോലിക്കു നിയമിക്കപ്പെട്ടു. കോളിൻസ്കിയെപ്പോലെ മുൻകൂട്ടി നിശ്ചയിച്ച ഒരു ലക്ഷ്യത്തോടുകൂടി സ്വമനസ്സോടെയല്ല അയാൾ വന്നതു്. എന്നാൽ ആദ്യമായി ഒരു തടവുമുറിയിലേയ്ക്കു നോക്കിയപ്പോൾ അയാൾക്കു് ഒരു ലക്ഷ്യത്തെപ്പററി ബോധമുണ്ടായി. ചെമപ്പുനാട ചുരുൾ നിവന്നു.

ആദ്യമായിത്തന്നെ അയാൾക്കു തൻെറ പ്രവർത്തനരംഗത്തെപ്പററിയൊന്നു നിരീക്ഷണംചെയ്യുവാനുണ്ടായിരുന്നു. എങ്ങനെയാണു്, എവിടെനിന്നാണു് തുടങ്ങേണ്ടതു് എന്നതിനെക്കുറിച്ചുള്ള ഗുരുതരമായ ചിന്തയിൽ അയാളുടെ മുഖം മിഴിച്ചുനോക്കിയിരുന്നു. അയാൾ രാഷ്ട്രീയപ്രവർത്തനം തൊഴിലായി സ്വീകരിച്ചവനല്ല. നാട്ടുകാരുടെ ഒരു വിനീതനായ പുത്രൻമാത്രം. പൈതൃകമായ പരിചയം അയാൾക്കുണ്ടു്. സ്വഭാവത്തിൻെറ ഒരുറച്ച വിത്തു്. അതിനു ചുററും അയാളുടെ തീരുമാനം രൂപം പൂണ്ടു. എന്തുചെയ്യണമെന്നാലോചിച്ചുറച്ചപ്പോൾ മിഴിച്ചുനോക്കിക്കൊണ്ടിരുന്ന പുഴു പൊട്ടി മനുഷ്യശലഭം പുറത്തുവന്നു.

അയാൾ അകത്തു നോക്കിയാൽ നല്ല മനുഷ്യനായിരുന്നു. ശുദ്ധനും ഹൃദയാലുവുമായ മനുഷ്യൻ. ലജ്ജാശീലമുണ്ടെങ്കിലും പൗരുഷവുമുണ്ടു്. ആവശ്യമെന്നുകണ്ടതെന്തും ചെയ്യാൻ ധൈര്യമുണ്ടു്. ചെറുതും വലുതുമായ കാര്യങ്ങൾ ആവശ്യമുള്ളതുകൊണ്ടു് അയാൾ രണ്ടും ചെയ്യുന്നു. ആർഭാടമൊന്നുംകൂടാതെ, ശാന്തതയോടെ സശ്രദ്ധം ചിന്തിച്ചു നിർഭയം പ്രവർത്തിക്കുന്നു. അതെല്ലാം അത്ര നൈസർഗ്ഗികമാണയാൾക്കു്. ഉള്ളിൽതന്നെ നിയതമായ പ്രചോദനമാണയാൾക്കു്. അങ്ങനെയാണു ചെയ്യേണ്ടതു്. അതിനെക്കുറിച്ചു പിന്നെയെന്തിനു പറയുന്നു?

എല്ലാമങ്ങനെതന്നെ. ഇന്നു് എത്രയോ മനുഷ്യാത്മാക്കളെ രക്ഷിച്ചു നേട്ടങ്ങളെണ്ണുവാൻ കഴിയുന്ന ഒരു വ്യക്തിയുടെ സമ്പൂർണ്ണചരിത്രമാണിതു്. പാർക്രാററ്സിൽ ഒരാൾ തൻെറ മാനുഷികമായ കടമ നിറവേററിയതിനാൽ ആ ജനങ്ങൾ ഇന്നു പുറത്തു ജീവിക്കുകയും പ്രവർത്തിക്കുകയും ചെ

യ്യുന്നുണ്ട്. അയാൾക്കവരെയോ അവർക്കയാളെയോ അറിഞ്ഞുകൂട. അവർക്ക് കോളിൻസ്കിയെപ്പററിയുമറിഞ്ഞുകൂട. എന്നാൽ പിന്നീടവർക്കു പരിചയപ്പെടുവാൻ കഴിയുമെന്നു ഞാനാശിക്കുന്നു. ഈ രണ്ടു പ്രവർത്തകന്മാർ അതിവേഗം പരസ്പരം പരിചയപ്പെട്ടു. തങ്ങൾക്കു സേവനത്തിനു ലഭിച്ച സന്ദർഭങ്ങൾ ഏററവും നന്നായിട്ടുപയോഗിക്കുകയുംചെയ്തു.

അവരുടെ ദൃഷ്ടാന്തമോമ്മിക്കുക. തങ്ങളുടെ തല സ്വന്തം നിയന്ത്രണത്തിലും ഹൃദയം ശരിയായ സ്ഥാനത്തും വെച്ചുകൊണ്ട് രണ്ടും തികച്ചുമുപയോഗപ്പെടുത്തിയ രണ്ടാളുകളുടെ ദൃഷ്ടാന്തം.

## ദാദാസ്റ്റൊറിപ്പ

പച്ച-നരയൻ വേഷത്തിലുള്ള പാറാവുകാരൻ കോളിൻസ്കി, കടുംനീലവേഷത്തിലുള്ള ചെക്കുപോലീസുകാരൻ ഹോറ, ചകിണ്ട വെള്ളവേഷത്തിലുള്ള ജയിൽസൂക്ഷിപ്പുകാരൻ ദാദാസ്റ്റൊറിപ്പ—ഈ മൂന്നുപേരെ സന്ദർഭവശാൽ ഒന്നിച്ചു കാണുകയാണെങ്കിൽ സൗഹൃദത്തിൻെറ ഒരു സജീവചിത്രമായിക്കഴിഞ്ഞു. ചുരുക്കമായിട്ടേ അവരെയൊന്നിച്ചു കാണാൻ കഴിയുകയുള്ളു—വളരെ ചുരുക്കമായിട്ടു്. കാരണം തെളിവാണ്, അവർ ഒന്നാണെന്നതുതന്നെ.

“വിശേഷിച്ചു വിശ്വസിക്കാവുന്നവരും അച്ചടക്കമുള്ളവരും മററുള്ളവരിൽനിന്നു കർശനമായി വേർപെട്ടവരു”മായ തടവുകാരെക്കൊണ്ടുമാത്രം ശുചീകരണം, ഭക്ഷണവിതരണം തുടങ്ങിയ ജോലികൾ വാർഡുകളിൽ ചെയ്യിക്കുവാൻ ജയിൽനിയമങ്ങൾ അനുവദിച്ചിരുന്നു. അതു നിയമത്തിൻെറ വകുപ്പാണ്; ഒരു മൃതിയടഞ്ഞ വകുപ്പ്—ദയനീയമായി മൃതിയടഞ്ഞതു്. അപ്രകാരമുള്ള വേലക്കാരില്ല, ഒരിക്കലുമുണ്ടായിട്ടില്ല. ഒരു നാസിജയിലുമുണ്ടായിട്ടില്ല. ഇവിടത്തെ വേലക്കാർ സ്പർശിനികളാണ്, ജീവിക്കുവാൻവേണ്ടി സ്വതന്ത്രമായ ലോകത്തോടു സമ്പർക്കം പുലർത്തുവാനും മററുള്ളവരോടു വാർത്താവിനിമയം നടത്തുവാനും തടവുമുറികളിൽ കിടക്കുന്ന ജയിൽസമുദായം പുറത്തേയ്ക്കു നീട്ടുന്ന സ്പർശനാവയവങ്ങളാണ്. ചില സന്ദേശങ്ങൾ വിച്ഛേദിക്കപ്പെട്ടതിനെത്തുടന്ന് കണ്ടുപിടിച്ച രഹസ്യക്കുറിപ്പുകൾക്കുവേണ്ടി എത്രയോ ജോലിക്കാർക്ക് തങ്ങളുടെ ജീവൻ വിലകൊടുക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ അതേ ആപൽക്കരമായ ജോലി തുടരുവാൻ ജയിൽസമുദായത്തിൻെറ നിയമം നിർദ്ദയം അവരുടെ പിൻഗാമികളോടാവശ്യപ്പെടുന്നു. ഭീരുക്കളായാലും ധീരന്മാരായാലും അവർ സമുദായത്തിനുവേണ്ടി പണിയെടുക്കുവാൻ നിർബ്ബന്ധിതരാണ്.

എല്ലാ രഹസ്യപ്രവർത്തനത്തിലുമെന്നപോലെ ഇവിടെയും ഒരുവൻ ഭയപ്പെടുകയാണെങ്കിൽ കൂടുതലപകടമാണെന്നുമാത്രം; ഉടനല്ലെങ്കിൽ പിന്നീടു കഥയവസാനിക്കുമെന്നു മാത്രം.

എതിർപ്പിനെയടിച്ചമർത്തുവാൻ നിയോഗിക്കപ്പെട്ടവരുടെ കൈകൾകൊണ്ടുതന്നെ നേരിട്ടു നടത്തുന്ന ഏററവും ശക്തിയേറിയ രഹസ്യപ്രവർത്തനമാണിതു്—പാറാവുകാരുടെ കൺമുമ്പിൽ, അവർ നിശ്ചയിക്കുന്ന സ്ഥാനങ്ങളിൽ, ശത്രുവിൻെറ മുറുക്കമേറിയ ചട്ടക്കൂടിനുള്ളിൽ, ഏററവും വിഷമംപിടിച്ച പരിതഃസ്ഥിതികളിൽ നിന്നുകൊണ്ടു്. നിയമവിരുദ്ധപ്രവർത്തനങ്ങളെപ്പററി പുറത്തുവെച്ചു പഠിച്ചതൊന്നും ഇവിടെ മതിയാവുന്നില്ല. മുമ്പു ചെയ്തിടത്തോളംതന്നെയല്ല, അതിൽ കൂടുതലും പ്രവർത്തിക്കേണ്ടതുണ്ടു്.

പുറത്തു് നിയമവിരുദ്ധപ്രവർത്തനത്തിൻെറ വിദഗ്ദ്ധന്മാരുണ്ടു്, ഇവിടെ വേലക്കാരുടെയിടയിലുമുണ്ടു് അത്തരക്കാർ. കാഴ്ചയിൽ ശാന്തനും വിനീതനുമാണെങ്കിലും ഒരു മത്സ്യത്തെപ്പോലെ ഗതിവേഗമുള്ള ഒരൊന്നാംകിടവിദഗ്ദ്ധനാണു് ദാദാസ്റ്റോറിപ്പ. പാറാവുകാർ അയാളെ പ്രശംസിക്കും!

“നോക്കു, എന്തൊരു പരിശ്രമി. നിയമങ്ങൾക്കെതിരായി യാതൊന്നും പ്രവർത്തിക്കാതെ കർത്തവ്യത്തിൽമാത്രം ശ്രദ്ധാലുവായ ഒരു സേവകൻ!”

അവർ അയാളുടെ മാതൃകയെ പിൻതുടരുവാൻ മററുള്ളവരോടു പറയുന്നു.

അതെ, അയാളുടെ മാതൃകയെ പിൻതുടരുക! തടവുകാർ ആഗ്രഹിക്കുന്നതുപോലെ മററുള്ളവർക്കൊരു മാതൃകാപുരുഷനാണയാൾ. ജയിൽസമുദായത്തിൻെറ ഏററവും സുശക്തവും വികാരലോലവുമായ സ്പർശിനിയാണയാൾ.

ഓരോ മുറിയിലും ആരാണെന്നയാൾക്കറിയാം. പുതിയതായി വരുന്ന ഓരോരുത്തനെപ്പററിയും അതതു നിമിഷംമുതലറിയാം. ഇവിടെ വന്നതെങ്ങനെ, ബന്ധമുള്ളവരാരെല്ലാം, പുറത്തുള്ള പെരുമാററമെപ്രകാരം, കൂട്ടുകാരുടെ സ്വഭാവമെന്തു്—എല്ലാമറിയാം. അയാൾ ആ കേസുകളെപ്പററി പഠിക്കുകയും അവയെല്ലാം വ്യാഖ്യാനിക്കുവാൻ പരിശ്രമിക്കുകയുംചെയ്യുന്നു. പുറത്തുള്ളവരോടു ബന്ധം പുലർത്തുവാനും ഇടയ്ക്കു

സാരവത്തായ ബോധനങ്ങൾ നൽകുവാനാഗ്രഹിക്കുന്നുവെങ്കിൽ അതു് വളരെ പ്രാധാന്യമേറിയതാണ്.

അയാൾക്ക ശത്രുവിനെയുമറിയാം. ഓരോ പാറാവുകാരനെപ്പററിയും ഒരു സശ്രദ്ധമായ പഠനം നടത്തും; ഓരോരുത്തൻെറയും സ്വഭാവങ്ങൾ, പ്രബലവും ദുർബലവുമായ വശങ്ങൾ, അയാളിൽനിന്നു കരുതിവെയ്ക്കേണ്ട കാര്യങ്ങൾ, അയാളെയുപയോഗപ്പെടുത്താവുന്ന സംഗതികൾ, അയാളെ പററിക്കുകയോ പിഴപ്പിക്കുകയോ ചെയ്യാനുള്ള മാർഗ്ഗങ്ങൾ—സകലതിനെപ്പററിയും. പാറാവുകാരുടെ സ്വഭാവചിത്രങ്ങൾ മിക്കവെയ്യും ഞാനുപയോഗപ്പെടുത്തിട്ടുള്ളതു് സ്റ്റൊറിപ്പുദാദ പറഞ്ഞുതന്ന വിവരങ്ങളാണ്. അയാൾക്കു് അവയെല്ലാമറിയാം. അവരെപ്പററി കൃത്യമായും ഭംഗിയായും വർണ്ണിക്കാൻ കഴിയും. ഇടനാഴികളിൽ സ്വതന്ത്രമായി സഞ്ചരിക്കുവാനും തൻെറ ജോലി സഫലമായിച്ചെയ്യുവ നമാഗ്രഹിക്കുന്ന ഒരുവന് അതു വളരെ പ്രധാനമാണ്.

എന്നാൽ എല്ലാററിലുമുപരിയായി സ്റ്റൊറിപ്പയ്ക്കു തൻെറ കർത്തവ്യമെന്തെന്നറിയാം. ഓരോ നിമിഷത്തിലും ഒരു കമ്യൂണിസ്ററുകാരനായിരിക്കണമെന്നും "കാര്യം മുറപോലെ നടക്കട്ടെ"യെന്നു കരുതി കൈകെട്ടിയിരിക്കുവാൻ സ്ഥലമോ സമയമോ ഇല്ലെന്നുമറിയാവുന്ന ഒരു കമ്യൂണിസ്ററുകാരനാണയാൾ. ഏററവുംവലിയ വിപത്തിൻെറ നടുവിലും ഏററവും കനത്ത സമ്മർദ്ദത്തിൻെറയടിയിലുമാണ് അയാൾ തനിക്കു പററിയ സ്ഥാനം കണ്ടുപിടിച്ചതെന്നു പറയേണ്ടതുണ്ട്. അയാൾ ഇവിടെ വച്ചു വളരുകകൂടിച്ചെയ്തിരിക്കുന്നു.

അയാൾ വലിഞ്ഞുനീളുകയും ചുരുണ്ടുകൂടുകയും ചെയ്യും. ഓരോ ദിവസത്തിലും ഓരോമണിക്കൂറിലും പുതിയപുതിയ രീതികൾ ആവശ്യമായിവരുന്നവിധത്തിൽ പുതിയപുതിയ പരിതഃസ്ഥിതികളുണ്ടാകും. അവയൊക്കെ അയാൾ ക്ഷണനേരംകൊണ്ടു സമർത്ഥമായി കണ്ടുപിടിക്കുന്നു. ഒരു നിമിഷത്തിൻെറയൊരംശം മാത്രമേ ചിലപ്പോൾ കിട്ടുകയുള്ളു. അതുമതി, അയാൾ ഒരു തടവുമുറിയുടെ വാതില്ക്കൽ മുട്ടി ദർശനദ്വാരത്തിലൂടെ ശ്രദ്ധിച്ചു തയാറാക്കിയ ഒരു സന്ദേശം ശ്രവിക്കുകയും ഇടനാഴിയുടെ മറുതലയ്ക്കലുള്ള മുറിയിൽ അതു കൃത്യമായും വ്യക്തമായും എത്തിച്ചുകൊടുക്കുകയും ചെയ്യുവാൻ ഒരു പാറാവുകാരൻ കോണിയിറങ്ങി പകരക്കാരൻ കയറിവരുന്നതിനിടയ്ക്കുള്ള നിമിഷമേയുള്ളു. അയാൾ നല്ല ശ്രദ്ധയും മനസ്സാന്നിദ്ധ്യവുമുള്ളവനാണ്. അയാളുടെ കൈകളിലൂടെയാണ് നൂറുകണക്കിൽ കുറിപ്പുകൾ ജയിലറകളിൽനിന്നു പുറത്തുപോന്നി

ട്ടുള്ളതു്. ഒരെണ്ണം പിടിക്കപ്പെട്ടിട്ടില്ല. സംശയിക്കപ്പെട്ടുകപോലുമുണ്ടായിട്ടില്ല.

ആരാണുപകടത്തിലായിട്ടുള്ളതെന്നും ആക്രാണു പുറത്തെ പരിതഃസ്ഥിതികളെപ്പററിപ്പ്രത്താവേശംകൊടുക്കേണ്ടതെന്നും സഹജബോധംകൊണ്ടു് അയാൾക്കറിയാം. നൈരാശ്യത്തോടു പടവെട്ടുവാൻ മനക്കരുത്താവശ്യമാകുമ്പോൾ ആരെയാണു തൻെറ പൈതൃകനയനങ്ങളാൽ പ്രത്യേകമൊന്നു നോക്കി പ്രോത്സാഹിപ്പിക്കേണ്ടതെന്നു് അയാൾക്കറിയാം. അടുത്ത പട്ടിണിശിക്ഷയുടെ കാലാവധിയതിജീവിക്കുവാൻ ശക്തി സമ്പാദിക്കുന്നതിനുവേണ്ടി ആക്രാണു് ഒരുകോരിക കൂടുതൽ വിളമ്പിക്കൊടുക്കേണ്ടതെന്നു് അയാൾക്കറിയാം. സമഗ്രമായ പരിചയംകൊണ്ടും സ്വന്തം മൃദുലവികാരങ്ങൾകൊണ്ടും അത്തരം സംഗതികൾ അയാൾ മനസ്സിലാക്കുന്നു—പിന്നെയോരോ കാര്യത്തിലും ആവശ്യമുള്ളതു പ്രവൎത്തിക്കുകയായി.

അതാണു ദാദാസ്റ്റോറിപ്പ്. ഒരു പ്രബലനും നിർഭയനുമായ പടയാളി. ഒരു യഥാൎത്ഥമനുഷ്യൻ.

ഒരിക്കൽ ഇതു വായിക്കുന്നവൎക്കു് അയാളെ ഒരു മനുഷ്യനെന്ന നിലയ്ക്കു മാത്രമല്ല, മറ്റുകരുടെ ചേരിയിൽ നിന്നുകൊണ്ടു് അവരേല്പിച്ച പണിയെല്ലാം മർദ്ദിതരുടെ സേവനമാക്കി മാററിയ ഒരു മാതൃകാപുരുഷനായ വേലക്കാരനെന്ന നിലയ്ക്കും കാണുവാൻ കഴിയുമെന്നു ഞാനാശിക്കുന്നു. "സ്റ്റോറിപ്പുദാദ ഒരാൾമാത്രമേ ഇവിടെയുള്ളു. എന്നാൽ അതേ ലക്ഷ്യത്തോടെ അയാളെക്കാൾ ഒട്ടും കുറവല്ലാത്ത സേവനമനുഷ്ഠിക്കുന്ന വ്യത്യസ്തമനുഷ്യവൎഗ്ഗക്കാർ വേറെയും ഇവിടെയുണ്ടു്. പാൻക്രാററ്സിലും പെച്ചെക്ക്മന്ദിരത്തിലുമുള്ള അത്തരക്കാരെ മുഴുവൻ ചിത്രീകരിക്കണമെന്നു് എനിക്കാശയുണ്ടായിരുന്നു. എന്നാൽ ഞാൻ ഖേദിക്കുന്നു, വളരെക്കുറച്ചു മണിക്കൂറുകൾ മാത്രമേ ബാക്കിയുള്ളു. "വളരെച്ചുരുക്കിയാണു പാടിയതെങ്കിലും നീണ്ടാൾ ജീവിക്കുന്ന ഗാനം" മുഴുവനാക്കുവാൻ സമയമില്ല.

അതിനാൽ അല്പംചില പേരുകൾക്കൂടി, ന്യായമായി സ്മരിക്കേണ്ടവലതിൽ ചില മാതൃകകൾക്കൂടി, എടുത്തുപറയുവാനേ സമയമുള്ളു.

"രണെക്ക്"—ജോസഫ് ടെറിംഗൽ പെച്ചെക്ക്മന്ദിരത്തിൻെറ ചരിത്രത്തോടും അതിനകത്തെ ഞങ്ങളുടെ സമരങ്ങളോടും വളരെയധികം ബന്ധപ്പെട്ട കഠിനപ്രകൃതിയും ക്ഷോഭസ്വഭാവിയും ത്യാഗശീലനു

മായ ഒരു മനുഷ്യനാണ്. അയാളുടെ ഒരിക്കലും വിട്ടുപിരിയാത്ത സഹൃദയനായ ചങ്ങാതി ജോ ബർവിട്ടവും അതേവിധംതന്നെ.

ഡോക്ടർ മിലോഷ്നെദ്വേദ് ഓസ്വീസിമിൽവെച്ച് തടവുകാരായ സഖാക്കൾക്കുവേണ്ടി ദിവസംപ്രതി ജീവൻകളഞ്ഞു സേവനം നടത്തിയ ഒരു സുമുഖനും മഹാശയനുമായ ചെറുപ്പക്കാരനാണ്.

എർണാസ്റ്റ് ലോറൻസ്—അയാൾ സ്വന്തം സഖാക്കളെ കുഴിയിലിറക്കുവാൻ കൂട്ടാക്കായ്കയാൽ അയാളുടെ പതി കഴുവിലേററപ്പെട്ടു—തൻെറ ചങ്ങാതിമാരായ നാന്നൂറാംനമ്പരിലെ വേലക്കാരെയും തടങ്ങൽ സമുദായത്തെയും രക്ഷിക്കുവാൻവേണ്ടി മരണംവരിച്ച ഒരു മനുഷ്യനാണ്.

വഷേക്ക്റസ്കു അടക്കാൻകഴിയാത്ത, അതിശയകാരിയായ, ഫലിതവാസനയുള്ളവനാണ്.

ആനീവിക്കോവ മൗനിയും ത്യാഗത്തിൻെറ മൂർത്തീകരണവുമാണ്. പട്ടാളനിയമക്കാലത്തു തൂക്കിലേററപ്പെട്ടു.

സ്പ്രിങ്ങർ, ആ സുമുഖനും സമർത്ഥനുമായ "ഗ്രന്ഥാലയക്കാരൻ" ആവശ്യമുള്ള കാര്യങ്ങൾക്കൊക്കെ പുതിയപുതിയ വഴികൾ കണ്ടുപിടിക്കും.

ബിലെക്ക്, ആ വിഞ്ചുപയ്യൻ.........

ഇവയെല്ലാം ഉദാഹരണങ്ങൾ മാത്രമാണ്; മാതൃകകൾമാത്രം. വലുതോ ചെറുതോ ആയ വ്യക്തികൾ. പക്ഷെ എപ്പോഴും വാസ്തവത്തിലുള്ള വ്യക്തികൾ—ഒരിക്കലും കേവലം ചിത്രങ്ങളല്ല.

## അദ്ധ്യായം എട്ട്

# ചരിത്രത്തിൻെറ ഒരു ശകലം

ജൂൺ 9, 1943.

എൻെറ മുറിക്കുമുമ്പിൽ ഒരു ബെൽട്ടു തൂങ്ങിക്കിടക്കുന്നു. എൻെറ ബെൽട്ട്! അടുത്ത ഭാവിയിൽ ഒരു വണ്ടി നീങ്ങുമെന്നതിൻെറ സൂചന. ഒരുപക്ഷേ രാത്രിയിൽ അവരെന്നെ ഒരു വിചാരണയ്ക്കു നാസിത്തലസ്ഥാനത്തേയ്ക്കു കൊണ്ടുപോകും—പിന്നെയങ്ങനെ. കാലം എൻെറ ജീവിതമാകുന്ന റൊട്ടിയുടെ അവസാനത്തെ തൊണ്ടിൽനിന്ന് ഒടുവിലത്തെ വായ് കടിച്ചെടുക്കുകയാണ്. പാൻക്രാററ്സിൽ നാനൂററിപ്പതിനൊന്നു ദിവസങ്ങൾ അതിശയനീയമായ വേഗതയിൽ കടന്നുപോയി. ഇനിയെത്ര ദിവസങ്ങളുണ്ട്? എങ്ങനത്തെ ദിവസങ്ങൾ? എവിടെയായിരിക്കും അവ ഞാൻ കഴിച്ചുകൂട്ടുക?

എങ്ങനെയും, മറെറവിടെയായാലും എനിക്കെഴുതുവാൻ സൗകര്യമുണ്ടായിരിക്കയില്ല. അതിനാൽ ഇതെൻെറയവസാനമൊഴിയായിരിക്കും. ചരിത്രത്തിൻെറ ഒരു ശകലം. അതിൻെറ അവസാനം ജീവിച്ചിരിക്കുന്ന സാക്ഷി ഇപ്പോൾ ഞാൻതന്നെയാണ്.

1941 ഫെബ്രുവരിയിൽ ചെക്കോസ്ലോവാക്യൻ കമ്യൂണിസ്ററു പാർട്ടിയുടെ കേന്ദ്രസമിതിയെ ഒന്നിച്ചറസ്ററുചെയ്തു—ഞങ്ങൾ പെട്ടുപോകുമ്പോൾ ആ സ്ഥാനമേറെറടുക്കുവാൻ തയ്യാറായി നിന്നിരുന്ന രണ്ടാമത്തെ നേതൃസംഘത്തെയും അതിനോടൊന്നിച്ചുതന്നെ. അവിചാരിതമായി അങ്ങനെയൊരടി പെട്ടെന്നു ഞങ്ങൾക്കു പററിയതെങ്ങനെ

യെന്നു് ഇനിയും വ്യക്തമായിട്ടില്ല. ഒരുപക്ഷേ ഒരു ദിവസം ജർമ്മൻ രഹസ്യപ്പോലീസുമേധാവികളെപ്പിടിച്ചു വിസ്തരിക്കുമ്പോൾ അതു വെളിപ്പെട്ടേയ്ക്കും. പെച്ചെക്ക്മന്ദിരത്തിൽ ഒരു വേലക്കാരനായിരിക്കുമ്പോൾ രഹസ്യമറിയുവാൻ ഞാൻ വൃഥാശ്രമംചെയ്തു. തീർച്ചയായും അതിൽ ചില ഒററുപണികളുണ്ടായിരുന്നു. വളരെയധികം നോട്ടക്കുറവും. രണ്ടുകൊല്ലത്തെ വിജയകരമായ രഹസ്യപ്രവർത്തനം സഖാക്കളുടെ ജാഗ്രത കുറച്ചിരുന്നു. നിയമവിരുദ്ധസംഘടന കൂടുതൽ വിപുലമായി വളർന്നു—പുതിയ പ്രവർത്തകന്മാരെ നിരന്തരം അകത്തേയ്ക്കെടുത്തുകൊണ്ടിരുന്നു, എന്തെങ്കിലും സംഭവിക്കുന്നെങ്കിൽ മുൻപന്തിയുടെ പിൻതുടർച്ചയ്ക്കുവേണ്ടി വളരെയധികംപേരെ കരുതലായി നിറുത്തിയിട്ടു പിന്നെയും. ഞങ്ങളുടെ സെല്ലുകളുടെ സംഘടന കൃത്യമായി നിയന്ത്രിക്കുവാൻ സാദ്ധ്യമല്ലാത്തവിധം കെട്ടുപിണഞ്ഞതായിത്തീർന്നു. ഞങ്ങളുടെ കേന്ദ്രത്തിൻെറനേരേയുള്ള പ്രഹരം വളരെക്കാലംമുമ്പുതന്നെ വ്യക്തമായി തയാറെടുത്തിട്ടുള്ളതും കരുതി പ്രയോഗിച്ചിട്ടുള്ളതുമാണ്. ശത്രു സോവിയററുയൂണിയനെയാക്രമിക്കുവാനൊരുങ്ങിയപ്പോൾതന്നെ അതു വന്നുവീഴുകയുംചെയ്തു.

ഞങ്ങളിലെത്രപേരെ അവർ കെണിപ്പെടുത്തിയെന്നു് ആദ്യമെനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. സാധാരണവ്യവസ്ഥയനുസരിച്ചു് ഞാൻ മററുള്ളവരിൽനിന്നു ബന്ധംകിട്ടുന്നതിനെ പ്രതീക്ഷിച്ചിരുന്നു, പക്ഷേ വെറുതെ. ഒരുമാസമങ്ങനെ കഴിഞ്ഞപ്പോൾ കുറെ ദൂരവ്യാപകമായ എന്തോ സംഭവിച്ചിട്ടുണ്ടെന്നും പുറത്തുനിന്നിങ്ങോട്ടു ബന്ധംകിട്ടുന്നതിനെ മാത്രം കാത്തിരിക്കാൻവയ്യെന്നും വ്യക്തമായി. അങ്ങനെ ഞാൻ അങ്ങോട്ടു ബന്ധംവെയ്ക്കുവാൻ പരിശ്രമിച്ചുതുടങ്ങി. അതുപോലെതന്നെ മററുള്ളവരും.

ആദ്യമായി ഞാൻ കണ്ടെത്തിയതു് മദ്ധ്യബൊഹീമിയൻവിഭാഗാദ്ധ്യക്ഷനായ ഹൊൻസാവിസ്റ്റോച്ചിലിനെയാണ്. അയാൾക്കു മുൻകൈയെടുത്തു പ്രവർത്തിക്കുവാനുള്ള സാമർത്ഥ്യം വേണ്ടത്രയുണ്ടായിരുന്നു. പാർട്ടിക്കൊരു പത്രമില്ലാതെ വരരുതെന്നു കരുതി "രുദേ പ്രവോ"വിൻെറ പ്രസിദ്ധീകരണം പുതുക്കുവാനുള്ള കരുക്കളും കരുതിയിരുന്നു. ഞാൻ ഒരു മുഖപ്രസംഗമെഴുതി. എന്നാൽ ബാക്കിയുള്ളവ ഞാൻ കണ്ടിരുന്നില്ല. ആ ലേഖനങ്ങളെല്ലാം ചേർത്തു "രുദേ പ്രവോ" എന്ന പേരിലല്ല, ഒരു "മേയ് പത്ര"മായി പ്രസിദ്ധീകരിക്കുവാനാണു ഞങ്ങൾ നിശ്ചയിച്ചതു്. മററുള്ള പാർട്ടികളും തുടർച്ചയായ പത്രികകൾക്കുപകരം ഇത്തരം ഒററവെടിപ്പത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പിന്നീടുള്ള മാസങ്ങൾ ഞങ്ങൾ ഒളിപ്രവൎത്തനത്തിനുവേണ്ടി വിനി യോഗിച്ചു. അടി ഭയങ്കരമായിരുന്നുവെങ്കിലും അതിനു പാർട്ടിയെ കൊല്ലു വാൻ കഴിഞ്ഞില്ല. പിടിക്കപ്പെട്ട നേതാക്കന്മാരുടെ സ്ഥാനത്ത് നൂറു നൂറു പുതിയ പ്രവൎത്തകന്മാർ വന്നു ചുമതലകളേറെറടുത്തു. അവരുടെ പുതിയ ശക്തിയും ഭക്തിയും മൂലസംഘടനയിൽ എന്തെങ്കിലും ദൗർബ്ബ ല്യമോ പരാജയബോധമോ നിഷ്ക്രിയത്വമോ കടന്നുകൂടുന്നതു തടഞ്ഞു നിറുത്തി. പക്ഷെ കേന്ദ്രസംഘടനയുണ്ടായിരുന്നില്ല. സോവിയററുറഷ്യ യുടെനേരേ പ്രതീക്ഷിതമായ ശത്രുവിൻെറയാക്രമണം നടക്കുന്ന സുപ്ര ധാനനിമിഷത്തിൽ ഏകീകൃതവും സുസംഘടിതവുമായ നേതൃത്വമുണ്ടാ വില്ലെന്നതായിരുന്നു ഒളിപ്രവൎത്തനത്തിലെയപകടം.

ഒരു രഹസ്യഘടകത്തിൽനിന്നു പ്രസിദ്ധീകരിച്ച "റുദേ പ്രവോ"വി ൻെറ ഒരു ലക്കത്തിൽ ഒരു തഴക്കംചെന്ന രാഷ്ട്രീയപ്രവൎത്തകൻെറ കൈ എനിക്കു കാണുവാൻ കഴിഞ്ഞു. ഞങ്ങളുടെ ഒററപ്പത്രം അത്രയ്ക്കു ഫല പ്രദമായില്ലെന്നു ഖേദപൂൎവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എന്നാൽ അതിൽ, സഹകരിക്കുവാൻ ഒരാളുണ്ടെന്നു മററുള്ളവർ കണ്ടു. അങ്ങനെ ഞങ്ങളുടെ രണ്ടു ഗ്രൂപ്പുകൾ പരസ്പരബന്ധത്തിനുള്ള പരിശ്രമത്തിലേൎപ്പെട്ടു.

അതു് ഒരു കൊടുങ്കാട്ടിനകത്ത് ഒരാളെത്തിരയുന്നതുപോലെയായി രുന്നു. ഒരു ശബ്ദം കേൾക്കും, ഞങ്ങൾ അതു കണ്ടുപിടിക്കാൻ പുറപ്പെടു കയായി. അപ്പോൾ ശരിയായ ശബ്ദം വളരെപ്പുതുകെ തികച്ചും മറെറാ രിടത്തുനിന്നാണു കേൾക്കുന്നത്. ഞങ്ങളുടെ വമ്പിച്ച നാശങ്ങൾ, പാർട്ടിയിലുള്ള സകലരെയും കെണിയിൽ വീഴാതെ ശ്രദ്ധിച്ചിരിക്കുവാൻ നല്ലപോലെ ജാഗ്രതപ്പെടുത്തി. പഴയ കേന്ദ്രസമിതിയിലെ രണ്ടുപേൎക്കു പരസ്പരം കണ്ടുമുട്ടുവാൻവേണ്ടി സകലവിധ പരീക്ഷണങ്ങളെയും കടന്നു പോവുകയും തങ്ങൾക്കു വിശ്വാസമുള്ള ആ രണ്ടുപേരിൽതന്നെ ആരും വഞ്ചകനായി മാറിയിട്ടില്ലെന്നും ചതിക്കു വട്ടംകൂട്ടുകയല്ലെന്നും തികച്ചും ബോദ്ധ്യപ്പെടുവാൻവേണ്ടി ഉണ്ടാക്കിവെച്ച പലപല തടസ്സങ്ങളെ തട്ടി നീക്കുകയും ചെയ്യേണ്ടിവന്നു. ഞാൻ ആരെയാണന്വേഷിക്കുന്നതെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടെന്നതായിരുന്നു ഏററവും വലിയ ദുർഘ ടം—തന്നോടു ബന്ധപ്പെടുവാൻ ശ്രമിക്കുന്നതാരാണെന്ന് അയാൾക്കുമറി ഞ്ഞുകൂട.

അവസാനം ഞങ്ങൾ രണ്ടുപേരെയും അറിയുകയും ഞങ്ങൾക്കു വേണ്ടിയുറപ്പുകൊടുക്കുവാൻ സാധിക്കുകയും ചെയ്യുന്ന ഒരാളെ കണ്ടുകിട്ടി.

ഒരു നല്ല ചെറുപ്പക്കാരൻ, ഡോക്റ്റർ മിലോഷ് നെദ്‌വേദ്. അയാൾ ഞങ്ങളുടെ ആദ്യസന്ദേശവാഹകനായി. അയാളെ ഞാൻ കണ്ടെത്തിയതു വെറും യാദൃച്ഛികമായിട്ടാണ്. 1941 ജൂൺ മദ്ധ്യത്തിൽ എനിക്കു സുഖക്കേട പിടിപെട്ടു. ഡോക്റ്റർ നെദ്‌വേദിനെ കണ്ടുപിടിച്ച് ഞാനൊളിച്ചുതാമസിച്ചിരുന്ന ബക്സാസ് കുടുംബത്തിലേയ്ക്കു വിളിച്ചുകൊണ്ടുവരുവാൻ ഞാൻ ലീഡയെ പറഞ്ഞയച്ചു. അയാൾ ഉടൻ വന്നെത്തി. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മേയ് പത്രത്തിൽ മുഖപ്രസംഗമെഴുതിയ മനുഷ്യനെപ്പററി അറിയുവാൻ ഒരാൾ തന്നോടാവശ്യപ്പെട്ട സംഗതി അയാൾ വളരെയധികം കരുതലോടെ വെളിപ്പെടുത്തി. അതു ഞാനായിരിക്കുമെന്ന് അയാൾക്കു സംശയമുണ്ടായിരുന്നില്ല. എന്തെന്നാൽ എന്നെ അറസ്ററുചെയ്തിട്ടുണ്ടെന്നും ഒരുപക്ഷേ തൂക്കിലേററിക്കഴിഞ്ഞിരിക്കുമെന്നുമാണ് മറുവശത്തുള്ള മെമ്പർമാർ നിശ്ചയിച്ചിരുന്നതു്.

1941 ജൂൺ 22-ാംതീയതി ഹിററ്ലർ സോവിയററുയൂണിയനെ ആക്രമിച്ചു. അന്നു വൈകുന്നേരംതന്നെ അതു ചെക്കോസ്ലോവാക്യയിൽ ഞങ്ങളെ എങ്ങനെ ബാധിക്കുമെന്നു വിശദീകരിച്ചുകൊണ്ട് ഫൊൻസാവിസ്റ്റോച്ചിലും ഞാനുംകൂടി ഒരു ലഘുലേഖയിറക്കി. അവസാനം ജൂൺ 30-ാംതീയതി ഞാൻ ചിരകാലമായിട്ടന്വേഷിച്ചിരുന്നയാളെ കണ്ടുമുട്ടി. അയാൾ ഞാൻ നിർദ്ദേശിച്ച മേൽവിലാസംനോക്കി വന്നു. എന്തെന്നാൽ താൻ ആരെയാണു കാണാൻപോകുന്നതെന്ന് അയാൾക്കറിയാമായിരുന്നു. എന്നിട്ടും അയാളാരാണെന്നു ഞാനറിഞ്ഞില്ല. വേനല്ക്കാലത്തെ ഒരു രാത്രി. പൂത്തുനില്ക്കുന്ന പൂവാകമരങ്ങൾ വായുമണ്ഡലത്തിൽ പരിമളം പരത്തിയിരുന്നു. പ്രേമികളുടെ സമ്മേളനത്തിനു പററിയ ഒരു രാത്രി! ആരും സംസാരിക്കുന്നതിനുമുമ്പ് ഞങ്ങൾ ജനാലവിരി മൂടിയിട്ടു. ഞാൻ വിളക്കുകൊളുത്തി. ഞങ്ങൾ അന്യോന്യം ആലിംഗനംചെയ്തു. ഫൊൻസാസിക്കയായിരുന്നു അതു്!

1941 ഫെബ്രുവരിയിൽ, കേന്ദ്രസമിതി മുഴുവൻ പിടിക്കപ്പെട്ടിരുന്നില്ല, ഒരേയൊരു മെമ്പർ സ്വതന്ത്രനായിട്ടുണ്ടായിരുന്നു—നസിക്ക! എറെക്കാലമായി എനിക്കയാളെ പരിചയമുണ്ട്. അല്പവററ താല്പര്യമാണ്. എന്നാൽ ഇപ്പോൾ ഞങ്ങളൊന്നിച്ചേറെറടുത്ത ജോലിക്കിടയിൽ മാത്രമാണ് അന്യോന്യം നല്ലപോലെയറിയുന്നതു്. കൊഴുത്തുകുറിച്ച ദേഹം, എപ്പോഴും പുഞ്ചിരിയിടും. ഒരു നല്ല മാമ—എന്നാൽ പാർട്ടിപ്രവർത്തനത്തിൽ ഭക്തിയും ദൃഢതയുമുള്ളവനാണ്. നിർണ്ണായകമായ ബുദ്ധിയാണ്, വിട്ടുവീഴ്ചയില്ല. തനിക്കു നിർദ്ദേശിച്ചിട്ടുള്ള ജോലി

യല്ലാതെ മറെറാന്നും അയാൾക്കറിഞ്ഞുകൂട; അറിയാനൊരാശയുമില്ല. കർത്തവ്യം നിറവേററുവാൻവേണ്ടി മറെറല്ലാം നിഷേധിക്കും. അയാൾ ജനങ്ങളെയും ജനങ്ങൾ അയാളെയും സ്നേഹിച്ചിരുന്നു. എന്നാൽ അവരുടെ വീഴ്ച്ചകളുടെ നേരേ കണ്ണടച്ചിട്ട് ഒരിക്കലും അയാൾ ആളുകളെ വിലയ്ക്കുവാങ്ങിയിട്ടില്ല.

ഒരു തീരുമാനത്തിലെത്തുവാൻ കുറച്ചു നിമിഷമേ വേണ്ടിവന്നുള്ളു. പിന്നെ കുറച്ചു ദിവസത്തിനുള്ളിൽ പുതിയ നേതൃത്വത്തിലെ മൂന്നാമത്തൊരാളെക്കൂടിയെനിക്കറിയുവാൻ സാധിച്ചു. മേയ്മാസംമുതൽ സിക്കയ്ക്കു ബന്ധം പുലർത്താൻ കഴിഞ്ഞിരുന്ന ഹൊൻസാചെർണി. സുഭഗനും സുദീർഘകായനുമായ ഒരു ചെറുപ്പക്കാരൻ. ജനങ്ങളുടെ നേരേ അതിശയനീയമായ പെരുമാററം. സ്പെയിനിൽ സമരം ചെയ്തിട്ടുണ്ട്. യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ നാസിജർമ്മനിയിലൂടെ കടന്ന് ശ്വാസകോശത്തിൽ ഒരു പരുക്കേററ നിലയിൽ നാട്ടിൽ മടങ്ങിയെത്തി. അയാൾ എപ്പോഴും ഏതാണ്ടൊരു പട്ടാളക്കാരൻതന്നെയായിരുന്നു. രഹസ്യപ്രവർത്തനത്തിൽ നല്ല തഴക്കവും പ്രതിഭയും മുൻകൈയെടുക്കുന്ന പ്രകൃതിയുമുണ്ടായിരുന്നു.

വാശിയേറിയ സമരത്തിലൂടെ കടന്നുപോന്ന മാസങ്ങൾ ഞങ്ങളെ കറയററ സഖാക്കളാക്കിത്തീർത്തു. സ്വഭാവത്തിലും പ്രത്യേകപരിശീലനത്തിലുമുള്ള കുറവുകൾ ഞങ്ങൾ അന്യോന്യം പരിഹരിച്ചിരുന്നതായി തോന്നി. യഥാർത്ഥവാദിയും ക്ലേശകരമായ കർക്കശക്കാരനും വാക്കുകളാൽ വഴിപിഴയ്ക്കാത്തവനുമായ സിക്കയായിരുന്നു സംഘാടകൻ. ഓരോ റിപ്പോർട്ടിനെപ്പററിയും അതിന്റെ മുഴുവൻ പ്രാധാന്യം മനസ്സിലാക്കുന്നതുവരെ തുളച്ചുകയറിയാലോചിക്കും. ഓരോ നിർദ്ദേശത്തെയും പ്രായോഗികമായും ദയാപൂർവ്വകമായും പരിശോധിക്കും. എന്നാൽ ഘടകത്തിന്റെ തീരുമാനമോരോന്നും സുദൃഢമായി നിർവ്വഹിക്കുകയുംചെയ്യും.

ചെർണിക്ക് അട്ടിമറിയുടേയും ആയുധവിപ്ലവത്തിനുള്ള ഒരുക്കങ്ങളുടെയും ചുമതലയായിരുന്നു. അയാൾ സൈനികഭാഷയിൽ ചിന്തിക്കും, പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കും, വിപുലമായ അടിസ്ഥാനത്തിൽ വമ്പിച്ച തോതിൽ ആസൂത്രണംചെയ്യും, ക്ഷീണമില്ലാതെ പണിയെടുക്കും, പുതിയ സഖാക്കളെയും പുതിയ വിഭവങ്ങളെയും പിടിക്കുന്നതിൽ വിജയിക്കുകയും ചെയ്യും.

ഞാൻ സ്വന്തം ഘ്രാണശക്തിയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രക്ഷോഭകനും പത്രപ്രവർത്തകനുമായിരുന്നു. ചിലപ്പോഴൊ

ക്കെ കുറച്ചൊരു സങ്കല്പജീവിയായിരിക്കും. ഐക്യവും പൊരുത്തവും വേണമെന്നെനിക്കു നിർബ്ബന്ധമായിരുന്നു.

ഞങ്ങളുടെ പ്രവൃത്തിവിഭജനം ജോലിയിലല്ല, ഉത്തരവാദത്തിൽ ത്രമായിരുന്നു. എല്ലാവക്കും കൂടിയാലോചിക്കുവാൻ പ്രയാസമായിരുന്നതിനാൽ സ്വതന്ത്രമായ പ്രവൃത്തിയോ തീരുമാനമോ ആവശ്യമായി വരുമ്പോഴൊക്കെ ഞങ്ങളെല്ലാവരും പരസ്പരം മററുള്ളവരുടെ വകുപ്പുകളിൽ ചുമതലയെടുക്കുകയും ഒരുകൈ നോക്കുകയും ചെയ്യേണ്ടിയിരുന്നു. ഫെബ്രുവരിയിൽ പാർട്ടിക്കു പററിയ പ്രഹരംമൂലം ഞങ്ങളുടെ സകല ബന്ധങ്ങളും മുറിഞ്ഞിരുന്നു. ഒരിക്കലും അവയെല്ലാം തികച്ചും ശരിപ്പെടുത്തുക സാധ്യമായിരുന്നില്ല. സംഘടനയുടെ ചില ഭാഗങ്ങൾ അതേപടി തകർന്നുപോയിരുന്നു. മററുചിലവ വീണ്ടും പടുത്തുകെട്ടിയെങ്കിലും അവയോടു ബന്ധപ്പെടുവാൻ സാധ്യമായിരുന്നില്ല. പിന്നീടു ഞങ്ങൾക്കു ബന്ധമുണ്ടാക്കാൻ കഴിയുന്നതുവരെ പല ഫാക്റ്ററിസെല്ലുകളും പല സ്ഥലത്തെ മുഴുവൻ സംഘടനയും വളരെ മാസങ്ങളോളം ഒററപ്പെട്ടു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ കേന്ദ്രവർത്തമാനപ്പത്രം അവർക്കു കിട്ടുന്നുണ്ടെന്നു വിശ്വസിക്കുകയും അതിൽ നിർദ്ദേശിച്ചിട്ടുള്ള പൊതുനയം അവരനുസരിക്കുന്നുണ്ടെന്നുറപ്പിക്കുകയും ചെയ്യുവാനേ നിർവ്വാഹമുണ്ടായിരുന്നുള്ളു.

താമസിക്കുവാൻ സ്ഥലംകൂടിയില്ലാത്ത പരിതഃസ്ഥിതിയിൽ പ്രവർത്തനം നടത്തുക പ്രയാസമായിരുന്നു. പണ്ടത്തെ താമസസ്ഥലങ്ങൾ മിക്കവയും ശത്രുവിൻെറ നോട്ടത്തിൽപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ അവിടമൊന്നും ഉപയോഗപ്പെടുത്തുവാൻ സാധിച്ചില്ല. ഒന്നാമതായി പണമില്ല. റേഷൻകാർഡില്ലാതെ ഭക്ഷണംകിട്ടാനും നിവൃത്തിയില്ല. കാർഡു വാങ്ങിയാൽ കള്ളി വെളിച്ചത്തു വരും. സോവിയററുയൂണിയൻ ആക്രമിക്കപ്പെട്ടതിനാൽ സമരത്തിൽ സജീവമായി പങ്കെടുക്കേണ്ട സന്ദർഭത്തിൽ, അടിയുറപ്പിക്കുവാനും കെട്ടിപ്പടുക്കുവാനും വളരെയധികം വൈകിയ സന്ദർഭത്തിൽ, ഞങ്ങൾക്കു് ഈവക വൈഷമ്യങ്ങളെല്ലാം തരണം ചെയ്യാനുണ്ടായിരുന്നു.

അക്രമികൾക്കെതിരായി ആഭ്യന്തരരംഗത്തുനിന്നു സമരം ചെയ്യുകയാണു ഞങ്ങളുടെ ജോലി; ശത്രുവിൻെറ സാദ്ധ്യതയെ തകക്കുന്ന ചെറിയചെറിയ സമരങ്ങൾ; ഞങ്ങളുടെ സ്വന്തം ബലംകൊണ്ടു മാത്രമല്ല, ജനതയുടെ സർവ്വശക്തികളും സംഭരിച്ചു്. 1939 മുതൽ 1941 വരെയുള്ള പ്രാരംഭകാലഘട്ടങ്ങളിൽ ജർമ്മൻപോലീസിന്നെതിരായിട്ടു മാത്ര

മല്ല, നാട്ടുകാരോട്ട ബന്ധപ്പെട്ടുകൂടിയാണ് പാർട്ടി രഹസ്യപ്രവത്തനങ്ങളിലേർപ്പെട്ടിരുന്നതു്. ശത്രുവിൻെറ രക്തപങ്കിലമായ മർദ്ദനത്തെ ചെറുത്തുനിന്നുകൊണ്ട്, അക്രമികാംക്കെതിരായി സംഘടനയെ സുദൃഢമാക്കുകയും സമ്പൂണ്ണമായി പടുത്തുകെട്ടുകയും അതേസമയത്തു് നാട്ടുകാരുടെ വിശ്വാസമാജ്ജിക്കുകയും, പാർട്ടിക്കു ചെയ്യേണ്ടതുണ്ടായിരുന്നു. അതായതു്, യാതൊരു പാർട്ടിയിലും പെടാത്ത ജനങ്ങളെ സമീപിക്കുകയും സ്വാതന്ത്ര്യത്തിനുവേണ്ടി സമരംചെയ്യാൻ തയ്യാറുള്ള ഏതൊരാളെയും വിളിച്ചുകൂട്ടുകയും ഒന്നിച്ചു പടയ്ക്കിറങ്ങാൻ ജനങ്ങാംക്കാഹ്വാനം കൊടുക്കുകയും പിന്നെയും സംശയിച്ചു നില്ക്കുന്നവരോട്ട നേരിട്ടിടപെടുകയും ചെയ്യേണ്ടതുണ്ടായിരുന്നു.

1941 സെപ്റ്റംബറായപ്പോഴേയ്ക്കും ഞങ്ങളുടെ ശിഥിലമായ സംഘടന പുനഃസ്ഥാപിതമായെന്നു പറയാൻവയ്യെങ്കിലും ചുരുക്കത്തിൽ എത്രയോ ഗണ്യമായ ചുമതലകാം ഏറെറടുക്കാൻ പര്യാപ്തമായ ഒരുറച്ച മൂലഘടകം ഞങ്ങാംക്കുണ്ടെന്നു പറയാറായി. പാർട്ടിയുടെ പ്രക്ഷോഭണങ്ങാം ബഹുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. നശീകരണപ്രവത്തനം പടന്നുപിടിച്ചു. സകല ഫാക്ടറികളിലും പണിമുടക്കു തുടങ്ങി. സെപ്റ്റംബർ അവസാനത്തിൽ അവർ ഹേഡ്രിച്ചിനെ ഞങ്ങളുടെ പിന്നാലെ വിട്ടു.

പട്ടാളനിയമത്തിൻെറ പ്രഥമഘട്ടം കൂടുതൽ സജീവമായ ഞങ്ങളുടെ ചെറുത്തുനില്പിനെ തകക്കുവാൻ പര്യാപ്തമായില്ല. അതു ഞങ്ങളെ മർദ്ദിപ്പിച്ചുവെന്നതു ശരി, പാർട്ടിയുടെമേൽ പുതിയ മുറിവുകളേല്പിക്കുകയും ചെയ്തു. പ്രേഗ് ജില്ലാ യുവജനസംഘടനകാംക്കാണ് ഏററവും പരിതാപകരമായ പ്രഹരമേററതു്. പാർട്ടിയിലെ വിലപ്പെട്ട നേതാക്കന്മാർ പലരും പിടിക്കപ്പെട്ടു. ജാൻക്രേച്ചി, ഷ്ടാൻസൽ, മിലോഷ് ക്രാസ്നി—അങ്ങനെ പലരും.

ഓരോ പ്രഹരമേല്ക്കുമ്പോഴും പാർട്ടിയെ നശിപ്പിക്കാൻ സാദ്ധ്യമല്ലെന്നു കൂടുതൽ വ്യക്തമാകുന്നതു നിങ്ങാം കണ്ടു. ഓരോ പ്രവത്തകൻെറയും സ്ഥാനം ശൂന്യമാകുമ്പോഴും, അതിൻെറ പൂത്തീകരണം സംശയിക്കപ്പെടുന്നുവെങ്കിലും രണ്ടും മൂന്നുമാളുകളാണ് പുതിയതായി തൽസ്ഥാനത്തു കയറിവരുന്നതു്.

പുതുവഷമായപ്പോാം ഞങ്ങാം വീണ്ടും ശക്തിമത്തായ ഒരു പുതിയ സംഘടന കെട്ടിപ്പടുത്തു. 1941 ഫെബ്രുവരിയിലുണ്ടായിരുന്ന

സംഘടനയോളം ദൂരവ്യാപകമായിരുന്നില്ലെങ്കിലും വിധിനിർണ്ണായകമായ സമരത്തിൻെറ വെല്ലുവിളിയെ നേരിടുവാൻ അതു തികച്ചും പര്യാപ്തമായിരുന്നു. ഞങ്ങളൊക്കെ പണിയിൽ പങ്കെടുത്തുവെങ്കിലും ഹൊൻസാസിക്കയ്ക്കായിരുന്നു പ്രധാനസ്ഥാനം.

ഞങ്ങളുടെ പ്രസിദ്ധീകരണവേലയുടെ തെളിവുകൾ തട്ടിൻപുറങ്ങളിലും നിലവറക്കുണ്ടുകളിലും സഖാക്കളുടെ ഒളിച്ചുവെച്ചിരിക്കുന്ന കടലാസുപെട്ടികളിലും കാണാം. അതൊന്നുമിവിടെപ്പറഞ്ഞിട്ടാവശ്യമില്ല.

ഞങ്ങളുടെ പത്രങ്ങൾ പാർട്ടിയംഗങ്ങളുടെയിടയിൽ മാത്രമല്ല, വിസ്തൃതമായ തോതിൽ നാട്ടുകാരുടെ വിതരണവും വായനയും നടത്തിയിരുന്നു. അവ പരസ്പരം ബന്ധപ്പെടാതെയുള്ള പല നിഗൂഢമായ "സാങ്കേതികകേന്ദ്ര"ങ്ങളിൽനിന്നും അച്ചടിച്ചോ കല്ലച്ചിലെഴുതിയോ ധാരാളമായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഒരൊററ പ്രസിദ്ധീകരണഘടകത്തിനും മററു ഘടകങ്ങൾ എവിടെയെന്നോ അവയിൽ ജോലിചെയ്യുന്നതാരെന്നോ നിശ്ചയമുണ്ടായിരുന്നില്ല. അവയ്ക്കുള്ള നിർദ്ദേശങ്ങളോ ലേഖനങ്ങളോ എവിടെനിന്നാണു വരുന്നതെന്ന് ആർക്കുമറിഞ്ഞുകൂടായിരുന്നു. അവരെല്ലാവരും യുദ്ധകാലപരിതഃസ്ഥിതിയിലെ ആവശ്യമനുസരിച്ച്, മനുഷ്യസാദ്ധ്യമായ വേഗതയോടെ പണിയെടുത്തു. ഉദാഹരണത്തിന്, 1942 ഫെബ്രുവരി 23-ാംതീയതി സഖാവു സ്റ്റാലിൻ പട്ടാളത്തിനു നൽകിയ പൊതുസൈനികസന്ദേശം ഞങ്ങൾ പ്രസിദ്ധീകരിക്കുകയും 24-ാംതീയതി വൈകുന്നേരമായപ്പോഴേയ്ക്കും വായനക്കാരുടെ കൈകളിലെത്തുകയും ചെയ്തു. അച്ചടിക്കാർ അതിശയനീയമായി വേലചെയ്തു. അതേമാതിരിതന്നെ ഡോക്ടർമാരുടെ സാങ്കേതികഘടകവും "ഹിററ്ലർക്കെതിരായ ലോകം" എന്ന പേരിൽ സ്വന്തം പത്രം പ്രസിദ്ധീകരിച്ചിരുന്ന മറെറാരു ഘടകവും. മററുള്ളവർ അപകടത്തിലാകാതിരിക്കാൻവേണ്ടി മിക്ക പത്രങ്ങൾക്കും ലേഖനങ്ങൾ തയാറാക്കിയതു ഞാൻതന്നെയായിരുന്നു. എന്നെ അറസ്ററുചെയ്ത സമയംമുതൽ അയാൾ ചുമതലയേറെറടുത്തു. ഇപ്പോഴും അതു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഓരോ ജോലിയിലും കഴിയുന്നത്ര ചുരുക്കമാളുകളെമാത്രം ബന്ധപ്പെടുത്തത്തക്കവിധം ഒരൊതുക്കമുള്ള യന്ത്രമാണു ഞങ്ങളുണ്ടാക്കിയത്. സന്ദേശങ്ങളെത്തിക്കുവാനുള്ള കെട്ടുപിണഞ്ഞ ചങ്ങലസമ്പ്രദായം ഞങ്ങൾ വേണ്ടെന്നുവെച്ചു. 1941 ഫെബ്രുവരിയിൽ അതിനു കമ്മററിയെ രക്ഷിക്കാൻ കഴിഞ്ഞില്ല. മാത്രമല്ല, അതു വാസ്തവത്തിൽ വഞ്ചനാ

വിപത്തു വർദ്ധിപ്പിക്കുകയാണു ചെയ്തിരുന്നത്. പുതിയ ചിട്ടങ്ങളിലോരോരുത്തനെയും വ്യക്തിപരമായി കൂടുതൽ തുറന്നുവിട്ടുവെങ്കിലും യന്ത്രത്തെയാകെ ഒരു സുരക്ഷിതമായ സ്ഥിതിയിലെത്തിച്ചു. ഫെബ്രുവരിയിലെന്നപോലെ ഇനിയൊരടി പാർട്ടിയെ തകർക്കുവാൻ പാടില്ല.

ഇങ്ങനെ ഞാനറസ്ററുചെയ്യപ്പെട്ടപ്പോഴും കേന്ദ്രസമിതി സാധാരണമട്ടിൽ പ്രവർത്തിച്ചുവന്നു. എൻെറ പകരക്കാരൻ എൻെറ സ്ഥാനത്തുവന്നു. അടുത്ത ചങ്ങാതിമാർക്കുപോലും ആൾമാററത്താൽ വ്യത്യാസമനുഭവപ്പെടാൻ കഴിഞ്ഞില്ല.

**1942** മേയ് **27**-ാംതീയതി ഫോൺസാസിക്കയെ അറസ്ററുചെയ്തു. അതും തീരെയവിചാരിതമായിട്ടായിരുന്നു. ഹേഡ്രിച്ചിനെ കൊന്നതിൻെറ പിറേറദിവസം രാത്രി ശത്രുസംഘങ്ങൾ പ്രേഗിലാസകലം കൊള്ളനടത്തിക്കൊണ്ടു തിമർത്തുകയറി. സ്ട്രേഷോവൈവിസിൽ സിക്ക ഒളിച്ചു താമസിച്ചിരുന്ന വീട്ടിലും അവർ കയറിച്ചെന്നു. കൈവശമുള്ള രേഖകളെല്ലാം കൃത്രിമപ്പേരുകളിലായിരുന്നതിനാൽ അയാൾ അടങ്ങിയിരുന്നുവെങ്കിൽ അകപ്പെടുകയില്ലായിരുന്നു. തനിക്കഭയംനൽകിയ നല്ലവീട്ടുകാരുടെ ജീവൻ അപകടത്തിലാകുന്നതിനിഷ്ടമില്ലാതിരുന്നതിനാൽ അയാൾ രണ്ടാംനിലയിലെ ഒരു ജനലിൽക്കൂടെ പുറത്തുചാടി രക്ഷപ്പെടുവാൻ ശ്രമിച്ചു. അയാൾ താഴെവീണു. നെട്ടെല്ലിനു ഗുരുതരമായ പരുക്കുപററി. അവർ അയാളെ ഒരു ജയിലാശുപത്രിയിലേയ്ക്കു കൊണ്ടുപോയി തങ്ങൾ ആരെയാണു പിടികൂടിയതെന്ന് അവർക്കും ഒരു പിടികിട്ടിയില്ല. പതിനെട്ടുദിവസത്തെയന്വേഷണവും ഫോട്ടോഗ്രാഫുകൾ താരതമ്യപ്പെടുത്തലും കഴിഞ്ഞ് ആളെ മനസ്സിലാക്കിയപ്പോൾ ആ മരണാസന്നനിലയിൽതന്നെ പെച്ചെക്ക്മന്ദിരത്തിലേയ്ക്കു മർദ്ദനത്തിനു കൊണ്ടുവന്നു. അയാളെ കാണിക്കുവാൻ അവരെന്നെ അകത്തു കൊണ്ടുചെന്നപ്പോൾ അവിടെവെച്ച് അവസാനമായി ഞങ്ങൾതമ്മിൽ കണ്ടു. ഞങ്ങൾ കൈപിടിച്ചുകുലുക്കി. അയാളുടെ കനിവാർന്ന വിശാലമായ പുഞ്ചിരി എൻെറനേരേ പ്രകാശിച്ചു:

"കരുതിയിരിക്കണം ജൂലോ!"

അയാളിൽനിന്ന് അത്രമാത്രമാണ് അവർ കേട്ടിട്ടുള്ളത്. മറെറാരു വാക്ക് ഒരിക്കലും അയാൾ പറഞ്ഞിട്ടില്ല. ഏതാനുമടികൾ മുഖത്തു വീണപ്പോൾ അയാൾക്കു ബോധംകെട്ടു. രണ്ടുമണിക്കൂറിനുള്ളിൽ കഥയും കഴിഞ്ഞു.

മേയ് 29-ാംതീയതി അയാളുടെ അറസ്റ്റിനെപ്പററി ഞാനറിഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങളുടെ സുശ്രീറികൾ നല്ലപോലെ പണിയെടുത്തിരുന്നു. ആ വഴിക്ക് അടുത്ത പരിപാടികളെക്കുറിച്ച് കഴിയുന്നത്ര നന്നായിട്ടാലോചിച്ചു തീരുമാനമെടുത്തിരുന്നു. അതു പിന്നീട് ഹൊൻസാ ചെർണി ശരിവെയ്ക്കുകയുംചെയ്തു. അതായിരുന്നു പാർട്ടിക്കുവേണ്ടി ഞങ്ങളൊന്നിച്ചുചെയ്ത അവസാനത്തെ തീരുമാനം.

ഹൊൻസാചെർണി 1942-ൽ വേനൽക്കാലത്താണ് അറസ്ററു ചെയ്യപ്പെട്ടത്. ഇത്തവണ അതു സന്ദർഭവശാൽ പററിയതല്ല, അയാളോട് നേരിട്ടു ബന്ധംവെച്ചിരുന്ന ജാൻപൊക്കോർണിയുടെ കുററകരമായ ഒരച്ചടക്കലംഘനത്തിൻെറ ഫലമായിരുന്നു. പൊക്കോർണി ഘടകത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെപ്പോലെ പെരുമാറിയില്ല. ഒട്ടേറെ മണിക്കൂറുകൾ തുടർച്ചയായി ഭേദ്യംചെയ്തപ്പോൾ—വളരെ കഠിനമായ മർദ്ദനമായിരുന്നു തീർച്ച, എന്നാൽ അതല്ലാതെ മറെറന്തായിരുന്നു അയാൾ പ്രതീക്ഷിച്ചത്?—അയാൾ വിവശനായിപ്പോയി. ചെർണിയെ സന്ദർശിച്ച വീടിൻെറ വിലാസം അവർക്കു പറഞ്ഞുകൊടുത്തു. അവിടംമുതൽ അവർ ഹൊൻസയെ തിരഞ്ഞുനടന്നു. അല്പദിവസങ്ങൾക്കു ശേഷം അയാൾ നാസിപ്പോലീസിൻെറ പിടിയിലാവുകയുംചെയ്തു.

അയാളെ കൊണ്ടുവന്നപ്പോഴും ആളെയറിയുവാൻവേണ്ടി എന്നെയവർ വലിച്ചിഴച്ചു കൊണ്ടുചെന്നു.

"നിനക്കിവനെയറിയാമോ?"

"ഇല്ല, എനിക്കറിഞ്ഞുകൂട."

അയാളും എന്നെയറിയുമെന്നു സമ്മതിച്ചില്ല. തുടർന്നുള്ള ചോദ്യങ്ങൾക്കുത്തരം പറയാനും വിസമ്മതിച്ചു. അയാളുടെ പഴയ പരുക്കു വലിയ മർദ്ദനത്തിൽനിന്നു രക്ഷിച്ചു. അയാൾക്കു ബോധക്ഷയം വന്നു. രണ്ടാംതവണ മർദ്ദനത്തിനു കൊണ്ടുപോകുന്നതിനുമുമ്പ് ഞങ്ങൾ ചുററുപാടുകൾ മനസ്സിലാക്കി അയാളെ വേണ്ടവഴിക്കു നയിച്ചു.

അവർക്കൊന്നുംതന്നെ അയാളിൽനിന്നു കിട്ടുകയുണ്ടായില്ല. അയാളുടെ മൗനം ഭഞ്ജിക്കുവാൻ വല്ല പുതിയ തെളിവും കിട്ടുന്നതുകാത്തു വളരെയധികംകാലം തടവിൽതന്നെ പാർപ്പിച്ചു. എന്നിട്ടും ചെർണിയിൽനിന്നൊന്നും ചോർത്തിയെടുക്കുവാൻ കഴിഞ്ഞില്ല.

ജയിൽജീവിതം അയാൾക്കു മാററംവരുത്തിയില്ല. അയാൾ എല്ലാ സമയത്തും ചൊടിയും ചൊടിചൊടുക്കും ധീരതയുമുള്ളവനായിരുന്നു.

സ്വന്തം ഭാവി മരണത്തിലേയ്ക്കു നേരേ ചൂണ്ടിയിരിക്കുമ്പോൾ എപ്പോഴും മററുള്ളവക്കു ഭാവിയിലേയ്ക്കുള്ള വഴി ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു.

ഏപ്രിൽ അവസാനമായപ്പോൾ അയാളെ പെട്ടെന്നൊരു ദിവസം പാൻക്രാററ്സിൽനിന്നു കൊണ്ടുപോയി. എവിടേയ്ക്കെന്നെനിക്കറിഞ്ഞുകൂട. ഇവിടെയുണ്ടാകുന്ന ഇത്തരം ആകസ്മികമായ തിരോധാനം എപ്പോഴും അശുഭസൂചകമാണ്. ഒരുപക്ഷേ എനിക്കു തെററിയിരിക്കാം, എന്നാൽ ഇനിയൊരിക്കലും ഹൊൻസാചെർണിയെ കാണുമെന്ന പ്രതീക്ഷയില്ല.

ഞങ്ങൾ എപ്പോഴും മരണത്തിന്റെ കണക്കു നോക്കിക്കൊണ്ടിരിക്കയാണ്. നാസിപ്പോലീസിന്റെ പിടിയിൽപെടുകയെന്നതിന്റെയത്ഥം മരണംതന്നെയാണെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾ പിടിക്കപ്പെട്ടതിനു ശേഷവും ഞങ്ങളുടെ സ്വന്തം ജീവനെയും മററുള്ളവരെയും സംബന്ധിച്ചിടത്തോളം അതനുസരിച്ചുതന്നെയാണു പ്രവത്തിച്ചിട്ടുള്ളതു്.

എന്റെ സ്വന്തം നാടകം അതിന്റെ അവസാനരംഗത്തോടടുക്കുകയായി. ആ അവസാനം എനിക്കെഴുതുവാൻവയ്യ. അതെന്തായിരിക്കുമെന്ന് എനിക്കിപ്പോഴുമറിഞ്ഞുകൂട. ഇതു് ഇനിയൊരു നാടകമല്ല; ജീവിതമാണ്.

വാസ്തവമായ ജീവിതത്തിൽ കാഴ്ചക്കാരില്ല. നിങ്ങളെല്ലാവരും ജീവിതത്തിൽ പങ്കെടുക്കുന്നു.

അതാ, അവസാനരംഗത്തിലെ യവനിക പൊങ്ങുന്നു!

ഞാൻ നിങ്ങളെയെല്ലാവരെയും സ്നേഹിച്ചു. സ്നേഹിതരേ, കരുതലായിരിക്കുക!

ജൂൺ 9, 1943. ജൂലിയസ് ഫ്യൂച്ചിക്

---

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 1207 FUC:K    Acc. No. 84897

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

ന07
FUC.K

84897

ഫ്യൂച്ചിക്ക് ജൂലിയസ്.

കൊലമരത്തിൽ-
- നിന്നുള്ള കുറിപ്പുകൾ.

KOTTAYAM PUBLIC LIBRARY

Call No M07 FUC.K Acc. No 84897

Author ഫ്യൂചിക് (ജൂലിയസ്)

Title കൊലമരത്തിൽ നിന്നുള്ള കുറിപ്പുകൾ.

Indic Digital Archive Foundation

gpura.org